# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂൺ 27, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 1

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**2022 ജൂൺ 27, തിങ്കൾ**

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി കവിത ഉണ്ണിത്താൻ**

ചീഫ് എഡിറ്റർ
**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## അംഗങ്ങൾ

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
17. ശ്രീമതി സി. കെ. ആശ (വൈക്കം) (എസ്.സി.)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി)(എസ്.ടി)
25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)
26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)
28. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)
29. ശ്രീമതി ദെലീമ (അരൂർ)
30. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
31. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
32. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ)(എസ്.സി)
33. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
34. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
35. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
36. ഡോ. കെ. ടി. ജലീൽ (തവനൂർ)
37. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)
38. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
39. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
40. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)
41. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)
42. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
43. ശ്രീ. വി. ജോയി (വർക്കല)
44. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി)(എസ്.ടി)
45. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
46. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
47. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)
48. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)
49. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ)(എസ്.സി)
50. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)
51. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)
52. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)
53. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

54. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)
55. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)
56. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
57. ശ്രീ. മാണി സി. കാപ്പൻ (പാല)
58. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)
59. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
60. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
61. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)
62. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)
63. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
64. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)
65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
66. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)
67. ശ്രീ. എം. മുകേഷ് (കൊല്ലം)
68. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക)(എസ്.സി)
69. ഡോ. എം. കെ. മുനീർ (കൊടുവള്ളി)
70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
72. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)
73. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)
74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)
78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)
79. ശ്രീ. പി. പ്രസാദ് (ചേർത്തല)
80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
82. ശ്രീമതി യു. പ്രതിഭ (കായംകുളം)
83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)
84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര)(എസ്.സി)
85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
86. ശ്രീ. പി. ടി. എ. റഹീം (കുന്നമംഗലം)
87. ശ്രീ. എ. രാജ (ദേവികുളം)(എസ്.സി)
88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
89. ശ്രീ. കെ. രാജൻ (ഒല്ലൂർ)
90. ശ്രീ. പി. രാജീവ് (കളമശ്ശേരി)
91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)
92 ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)
93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)
94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)
97. ശ്രീമതി കെ. കെ. രമ (വടകര)
98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)
99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി) (എസ്.സി)
101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)
102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)
103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)
104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)
106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്)(എസ്.സി)
107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്)(എസ്.സി)
109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)
112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)
114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)
116. ശ്രീ. വി. ശിവൻകുട്ടി (നേമം)
117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)
118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്) (എസ്.സി)
119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)
120. ഡോ. സുജിത് വിജയൻപിള്ള (ചവറ)
121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)
122. ശ്രീ. പി. പി. സുമോദ് (തരൂർ) (എസ്.സി)
123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)
126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)
129. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
130. ശ്രീമതി ഉമ തോമസ് (തൃക്കാക്കര)
131. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ (വൈപ്പിൻ)
132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)
133. ശ്രീമതി വീണാ ജോർജ് (ആറന്മുള)
134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)
137. ശ്രീ. എം. വിൻസെന്റ് (കോവളം)
138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)
139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)
140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

# വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി**

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ്  നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ന്യൂനപക്ഷക്ഷേമം

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ: കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി**

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. അഹമ്മദ് ദേവർകോവിൽ: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. ആന്റണി രാജു: ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ

സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി: മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. കെ. കൃഷ്ണൻകുട്ടി: വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്: പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ: പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ: മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി**

വനം

വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ: സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി**

സഹകരണം

രജിസ്ട്രേഷൻ

**ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

# SECRETARIAT OF THE KERALA LEGISLATURE

## NOTIFICATION

No.10149/Table-1/2022/Leg. Thiruvananthapuram, 9th June,2022.

In exercise of the powers conferred by Clause (1) of Article 174 of the Constitution of India, the Governor of the State of Kerala hereby summons the Fifteenth Kerala Legislative Assembly to meet for its Fifth Session at 09.00 a.m. on Monday, 27th June, 2022 in the Assembly Chamber, Legislature Complex, Thiruvananthapuram.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (1)-ാം ഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനഞ്ചാം കേരള നിയമസഭ അതിന്റെ അഞ്ചാം സമ്മേളനത്തിലേയ്ക്കായി 2022 ജൂൺ 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00-ന് തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിലുള്ള നിയമസഭാ ചേംബറിൽ സമ്മേളിക്കുന്നതാണെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു.

By Order of the Governor,

KAVITHA UNNITHAN,<br>
Secretary-in-Charge,<br>
Kerala Legislative Assembly.

# ഉള്ളടക്കം

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. ചരമോപചാരം**

പി. ജെ. തോമസ്, തലേക്കുന്നിൽ ബഷീർ, എം. പി. ഗോവിന്ദൻ നായർ, കെ. ശങ്കരനാരായണൻ, യു. എസ്. ശശി, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, എസ്. ത്യാഗരാജൻ, പ്രയാർ ഗോപാലകൃഷ്ണൻ എന്നിവരുടെ നിര്യാണം

**III. ചെയർമാന്മാരുടെ പാനൽ**

**IV. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം
അനുസരിച്ചുള്ള കടലാസുകൾ

**V. റിപ്പോർട്ടുകളുടെ സമർപ്പണം**

2022-2023 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ട്

**VI. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ.

(ii) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ.

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### 2022 ജൂൺ 27, തിങ്കൾ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 1

---

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2022 ജൂൺ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ...... ചോദ്യം നമ്പർ (*1)

ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ

1 (*1)ശ്രീ. എം. മുകേഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മാർഗ്ഗവും വിമാനത്താവളം, റെയിൽവേ എന്നിവവഴിയും ലഹരിക്കടത്ത് വർദ്ധിച്ചുവരുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപാരം അസാദ്ധ്യമാകുന്നതരത്തിൽ എക്സൈസ് സേനയുടെ പ്രവർത്തനം ആധുനീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തും മയക്കുമരുന്ന് ഉപയോഗവും വ്യാപാരവും കൂടുതലുള്ളതായി പറയപ്പെടുന്ന കോളനികളിലും പോലീസുമായി ചേർന്ന് നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(സി) അതിർത്തി ചെക്ക്പോസ്റ്റുകളിൽ സദാസമയവും പ്രവർത്തിക്കുന്ന ക്യാമറകൾ സ്ഥാപിക്കുന്നതിനും പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിമുക്തി മിഷന്റെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, (എ) സംസ്ഥാനത്തേയ്ക്കുള്ള ലഹരിക്കടത്ത് തടയുന്നതിനായി വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും റെയ്ഡുകളും ശക്തിപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും റെയിൽ മാർഗ്ഗമുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി റെയിൽവേ പോലീസുമായി ചേർന്ന് ട്രെയിനുകളിലും കടൽമാർഗ്ഗമുള്ള ലഹരിക്കടത്ത് തടയുന്നതിനായി കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നീ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് തീരപ്രദേശങ്ങളിലും കടലിലും പട്രോളിംഗും പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. കൂടാതെ കസ്റ്റംസ് വിഭാഗവുമായി ചേർന്നും അവശ്യഘട്ടങ്ങളിൽ പരിശോധന നടത്തിവരുന്നു. (.........ബഹളം........)

<u>മി. സ്പീക്കർ:</u> എന്താണിത്? ഇത് ചോദ്യോത്തരവേളയാണ്. (.........ബഹളം........) ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിക്കരുത്. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം.

(ശ്രീ. രാഹുൽ ഗാന്ധി, എം.പി.-യുടെ വയനാട്ടുള്ള ഓഫീസ് ആക്രമിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബാനറും പ്ലക്കാർഡുകളുമുയർത്തി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ:</u> ഇത് ചോദ്യോത്തരവേളയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലിരിക്കണം. (.........ബഹളം........) ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യോത്തരവേള നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. പ്ലക്കാർഡുകളും ബാനറും ഉയർത്തുന്നത് സഭാ ചട്ടങ്ങൾക്കെതിരാണ്. ബാനറും പ്ലക്കാർഡുകളും മാറ്റണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. ചോദ്യോത്തരവേളയ്ക്കുശേഷം മറ്റ് കാര്യങ്ങൾ പരിഗണിക്കാം. ബഹുമാനപ്പെട്ട അംഗങ്ങളുടെ നോട്ടീസ് ചെയറിന്റെ പരിഗണനയിലുണ്ട്. (.........ബഹളം........)

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, (ബി) ഉണ്ട്. സംസ്ഥാന എക്സൈസ് വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും മദ്യ-

മയക്കുമരുന്ന് വില്പനയും ഉപഭോഗവും നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കോളനികളിലും പരിസരങ്ങളിലും പോലീസ് വകുപ്പുമായി ചേർന്ന് നിരവധി പരിശോധനകൾ നടത്തിയിട്ടുണ്ട്. കോളനികളിലും പരിസരങ്ങളിലും ലഹരി ഉപയോഗവും അതിനെത്തുടർന്നുണ്ടാകുന്ന കുറ്റകൃത്യങ്ങളും തടയുന്നതിനായി മുൻകരുതൽ പരിശോധനയും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നു.

(സി) ഉണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി പ്രധാനപ്പെട്ട 22 എക്സൈസ് ചെക്കുപോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സദാസമയവും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ വാഹന പരിശോധന നടത്തിവരുന്നു. വനാതിർത്തികളിൽ വനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിവരുന്നു.

(ഡി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉല്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷന്റെ കീഴിൽ വിവിധ വകുപ്പുകളെയും

സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ്തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. +

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഒരു മിനിട്ട് നിർത്തണം. (.........ബഹളം........) (ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റുനിന്നു.) ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിൽ ഇരിക്കണം. സഭാദ്ധ്യക്ഷൻ എഴുന്നേറ്റുനിന്നാൽ അംഗങ്ങൾ ഇരിക്കണമെന്നതാണ് സഭാ ചട്ടം. എല്ലാ അംഗങ്ങളും ഇരിക്കണം. ശ്രീ. എം. നൗഷാദ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ എല്ലാപേരും ഇരിക്കണം. (.........ബഹളം........) ബഹുമാനപ്പെട്ട അംഗങ്ങൾ സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് നടുത്തളത്തിന് സമീപംവന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ഭരണപക്ഷാംഗങ്ങൾ ട്രഷറി ബഞ്ചിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭ അല്പസമയത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ ബാക്കി ഭാഗം റദ്ദ് ചെയ്യുകയും രാവിലെ 9.04-ന് സഭ നിർത്തിവയ്ക്കുകയും ചെയ്തു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണം

2 (*2) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ആയിരം റേഷൻകടകൾ കേരള-സ്റ്റോർ എന്ന പേരിൽ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റാനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

(എ&ബി) പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാനസൗകര്യം വിപുലപ്പെടുത്തി വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് 'കെ-സ്റ്റോർ' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കുപുറമെ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/- രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉല്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയുമെന്നതിനുപുറമെ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത

പദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെയും ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ടുവരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.

3. റേഷൻകടകളുടെ 02 കി.മീ. ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന നൽകും.

കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിൽനിന്നും കുറഞ്ഞത് 05

റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) റേഷൻ വിതരണം സുതാര്യമായും അഴിമതിരഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റേഷൻ വിതരണം സുതാര്യമായും അഴിമതിരഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം
2. ഇ-പോസ് മെഷീനുകളുടെ ഉപയോഗം
3. വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം
4. 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി
5. ശക്തമായ പരിശോധനാ സംവിധാനം
6. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായ നടപടി സ്വീകരിക്കൽ
7. എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച രണ്ടുമണി മുതൽ മൂന്നുമണി വരെ റേഷൻ മേഖലയുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതി ഫോണിലൂടെ കേട്ട് പരിഹാരം കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

ഇതിനുപുറമെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കൽ, എല്ലാ ഗോഡൗണിലും സി.സി.ടി.വി. നിരീക്ഷണം ഏർപ്പെടുത്തൽ എന്നിവ പുരോഗമിച്ചുവരുന്നു. കൂടാതെ, തൂക്കത്തിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

പതിവ് പരിശോധനകൾക്കുപുറമെ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2022 ഏപ്രിൽ, മേയ് മാസങ്ങളിൽ യഥാക്രമം 7860, 7052 റേഷൻ കടകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) ഭക്ഷ്യധാന്യ കമ്മി നേരിടുന്ന കേരളത്തിന് പര്യാപ്തമായ അളവിൽ ഭക്ഷ്യധാന്യം അനുവദിക്കാതിരിക്കുകയും അധിക വിഹിതമായി നൽകിയിരുന്ന ഗോതമ്പ് നിർത്തലാക്കുകയും ചെയ്തത് ഭക്ഷ്യക്ഷാമത്തിനും വിലക്കയറ്റത്തിനും കാരണമാകാനിടയുള്ളതിനാൽ അധിക വിഹിതം

പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

മാനദണ്ഡങ്ങൾക്കനുസരിച്ച് ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരം ഉറപ്പുവരുത്തുക, ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് അനുയോജ്യമായ വിധത്തിൽ അരിയുടെ സ്റ്റോക്ക് ക്രമീകരിക്കുക എന്നീ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് കേരളത്തിന് ടൈഡ് ഓവർ വിഹിതമായി പ്രതിമാസം ലഭിച്ചുകൊണ്ടിരുന്ന 6459.074 മെ.ടൺ ഗോതമ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയത്. ഇതിനുപുറമെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധികവിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽനിന്നും ഗോതമ്പ് പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. നിർത്തലാക്കിയ ഗോതമ്പ് വിഹിതത്തിന് പകരമായി അരി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൊതുവിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പുവിതരണം ഇതോടെ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. നിർത്തലാക്കിയ ഗോതമ്പിനുപകരം അരി ലഭ്യമാക്കുമെന്നതിനാൽ ഭക്ഷ്യക്ഷാമമുണ്ടാകാൻ ഇടയില്ലെങ്കിലും ഗോതമ്പിന്റെയും ഗോതമ്പുല്പന്നങ്ങളുടെയും വിലവർദ്ധനവിന് ഇത്

കാരണമായേക്കും. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ലക്ഷം കാർഡുടമകൾക്ക് ഇനി മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നു.

ജീവിതശൈലീ രോഗങ്ങൾ കാരണം ഭക്ഷണത്തിനായി ഗോതമ്പിനെ ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ടെന്നത് ഒരു വസ്തുതയാണ്.

നിർത്തലാക്കിയ ടൈഡ് ഓവർ വിഹിതം ഗോതമ്പ് അടിയന്തരമായി പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2022 മേയ് 20-ന് ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

## കേരള സ്റ്റോറുകൾ

3 (*3) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല സൗകര്യങ്ങൾ വിപുലപ്പെടുത്തി സംസ്ഥാനത്തെ റേഷൻ കടകൾ കേരള സ്റ്റോറുകളാക്കി മാറ്റുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എന്തൊക്കെ സേവനങ്ങളും ഉല്പന്നങ്ങളുമാണ് കെ-സ്റ്റോറുകളിൽ ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാനസൗകര്യം വിപുലപ്പെടുത്തി വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള സേവനങ്ങൾക്കുപുറമെ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/- രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ

കഴിയുമെന്നതിനുപുറമെ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കടയായിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്ന റേഷൻ വ്യാപാരികൾക്ക് മുൻഗണന.

3. 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി 837 ലൈസൻസികൾ സ്വമേധയാ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിൽനിന്നും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ്

ലക്ഷ്യമിടുന്നത്.

(സി) റേഷൻ കടകൾ വിപുലപ്പെടുത്തി കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കരട് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി 837 ലൈസൻസികൾ സ്വമേധയാ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. പ്രസ്തുത കടകൾക്ക് കെ-സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്തി പട്ടിക അന്തിമമാക്കുന്നതാണ്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) താല്പര്യമറിയിച്ച ലൈസൻസികൾക്ക് കടകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സർക്കാർതലത്തിൽ സഹായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഒരു റേഷൻകടയിൽ രണ്ടുമാസത്തെ ഭക്ഷ്യധാന്യങ്ങൾ

സംഭരിക്കുവാനുള്ള സ്ഥലസൗകര്യം വേണമെന്നാണ് സർക്കാർ കാണുന്നത്. കെ-സ്റ്റോർ പദ്ധതിയുമായി ബന്ധപ്പെട്ട് റേഷൻകടകളുടെ വൈവിദ്ധ്യവത്കരണ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളിൽനിന്നും സർക്കാർ ഗ്യാരണ്ടി നൽകി 2 ലക്ഷം രൂപ വരെ റേഷൻവ്യാപാരികൾക്ക് വായ്പ നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഈ പദ്ധതിയിൽ അംഗമാകുന്ന റേഷൻ വ്യാപാരികൾക്ക് ബാങ്കുകളുടെ സഹായത്തോടെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

## സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം

4 (*4) ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്ഥാപനങ്ങൾക്ക് അവർ സൃഷ്ടിക്കുന്ന തിക്കും തിരക്കും കാരണമുണ്ടാകുന്ന ഗതാഗത തടസ്സം, സുരക്ഷാ വിഷയങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി പോലീസുകാരുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നുണ്ടോ; ഇത്തരം ആവശ്യങ്ങൾ

വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്ഥാപനങ്ങളുടെ സുരക്ഷയൊരുക്കുന്നത് പോലീസിൽ അർപ്പിതമായ ചുമതലയല്ല. സംസ്ഥാനത്തെ സുപ്രധാന സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കും സുരക്ഷ നൽകുന്നതിനായി പോലീസിന്റെ കീഴിൽ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF) നിലവിലുണ്ട്. SISF-ന്റെ സേവനം വിട്ടുനൽകുന്നതിന് നിശ്ചിത തുക പ്രസ്തുത സ്ഥാപനം പോലീസ് വകുപ്പിന് നൽകേണ്ടതാണ്. സ്വകാര്യസ്ഥാപനങ്ങൾക്ക് പോലീസിന്റെ സേവനം സൗജന്യമായി നൽകി വരുന്നില്ല. അതേസമയം പോലീസ് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള ക്രമസമാധാനപാലനം, ഗതാഗത തടസ്സങ്ങൾ പരിഹരിക്കൽ തുടങ്ങിയ അർപ്പിത ചുമതലകൾ പോലീസ് നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) ക്രമസമാധാനപാലനമൊഴികെ മതപരമായ ആഘോഷങ്ങൾ ഉൾപ്പെടെയുള്ള അവസരങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സേനയ്ക്കുപകരം നിശ്ചിത ഫീസ് ഈടാക്കി സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം വിട്ടുനൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

പോലീസ് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പോലീസിന്റെ അർപ്പിത

ചുമതലകൾക്കല്ലാതെ ദീർഘമായ കാലയളവിലേയ്ക്ക് പോലീസിന്റെ സുരക്ഷ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുന്ന സന്ദർഭത്തിൽ SISF-ലെ നിരക്കിൽ വ്യവസായ സുരക്ഷാസേനയെ വിന്യസിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പൊതുജന താത്പര്യമില്ലാത്തതും വ്യക്തി അധിഷ്ഠിതവും സ്ഥാപന അധിഷ്ഠിതവുമായ ആവശ്യങ്ങൾക്ക് പോലീസ് സേനയ്ക്കുപകരം സംസ്ഥാന വ്യവസായ സുരക്ഷാ സേനയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിലൂടെ ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട ചുമതലകളിൽ പോലീസ് സേനയ്ക്ക് കൂടുതൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വ്യവസായ സുരക്ഷാസേന പോലീസ് സേനയുടെ തന്നെ ഭാഗമാണ്. കൊച്ചി മെട്രോ, റിസർവ് ബാങ്ക് ഉൾപ്പെടെ വിവിധ ബാങ്കുകൾ എന്നിവയ്ക്ക് ഈ സേനയുടെ സേവനം വിട്ടുനൽകുന്നുണ്ട്. സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കായി കിൻഫ്ര, KSIDC തുടങ്ങിയവ ഒരുക്കുന്ന വ്യവസായ പാർക്കുകളിലേക്കുൾപ്പെടെ ആവശ്യമായ സുരക്ഷ നൽകുന്നതിന് ഈ സേനയെ വിനിയോഗിക്കാനാകുമെന്നതാണ് ഏറ്റവും പ്രധാനമായ നേട്ടം. അതുവഴി കൂടുതൽ തൊഴിലവസരങ്ങളും

പോലീസ് സേനയിൽ സൃഷ്ടിക്കപ്പെടും. ഇപ്രകാരം ആവശ്യാനുസരണം വിന്യസിക്കുന്നതിനായി ആദ്യഘട്ടത്തിൽ 1000 തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## ഏറ്റവും സന്തുഷ്ട സംസ്ഥാനം പുരസ്കാരം

5 (*5) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സാമൂഹിക ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ട് സമസ്ത മേഖലകളിലെയും വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കുള്ള അംഗീകാരമായി ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ എന്തെല്ലാമാണ്?

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിവിധ ദേശീയ, അന്തർദേശീയ പുരസ്കാരങ്ങളുടെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പുരസ്കാരങ്ങൾ |
|---|---|
| 1 | നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം |

| ക്രമ നമ്പർ | പുരസ്കാരങ്ങൾ |
| --- | --- |
| 2 | 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം. |
| 3 | നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡൈമൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളം. |
| 4 | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം. |
| 5 | അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ. |
| 6 | ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം |
| 7 | കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0 ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്. |
| 8 | ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന് |
| 9 | രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ് |
| 10 | കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം |
| 11 | മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു. |
| 12 | വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം. |
| 13 | കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്. |

| ക്രമ നമ്പർ | പുരസ്കാരങ്ങൾ |
|---|---|
| 14 | പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം. |
| 15 | പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ്. ഇന്ത്യ) 11-ാമത് നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്. |
| 16 | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം. |
| 17 | നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ |
| 18 | ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021-ൽ കേരളം ഭാരത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി പ്രഖ്യാപിച്ചു. |
| 19 | പുരപ്പുറ സോളാർ പദ്ധതിക്ക് EQ International Magazine പുരസ്കാരം. |
| 20 | ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം. |
| 21 | ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം |
| 22 | ക്ഷയരോഗ നിവരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം. |

(ബി) ഇന്ത്യ ടുഡെ മാഗസിൻ നടത്തിയ സർവ്വേയിൽ 2021-ൽ രാജ്യത്തെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് പുരസ്കാരം നേടാനായത് ക്ഷേമ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിക്കുള്ള അംഗീകാരമായി

കണക്കാക്കുന്നുണ്ടോ?

ഉണ്ട്; സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമനിർമ്മാണത്തിനും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കി വരുന്നു.

കെ-ഫോൺ ശൃംഖലയുടെ ഭാഗമായി 140 നിയമസഭാമണ്ഡലങ്ങളിലായി ഓരോ മണ്ഡലത്തിലും ബി.പി.എൽ.

വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തലസൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും.

(സി) കേന്ദ്ര സർക്കാർ നയങ്ങളുടെയും ഇടപെടലിന്റെയും ഫലമായി സംജാതമായിട്ടുള്ള സാമ്പത്തിക ഞെരുക്കത്തിനിടയിലും അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപം ആകർഷിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വൻകിട അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള

വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങി വിവിധ മേഖലകളിലേക്കുള്ള 50,000 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് കിഫ്ബി വഴി 2016-ൽ സർക്കാർ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇതിനോടകം 70,762 കോടി രൂപയുടെ 962 വൻകിട പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. വ്യവസായ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് കൊണ്ടുവരുന്നതിനായി നിയമനിർമ്മാണത്തിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള വിശദമായ പദ്ധതി തയ്യാറാക്കിവരുന്നു.

കെ-ഫോൺ ശൃംഖലയുടെ ഭാഗമായി 140 നിയമസഭാ മണ്ഡലങ്ങളിലായി ഒരോ മണ്ഡലത്തിലും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്ക് വീതം സംസ്ഥാനത്തൊട്ടാകെ 14000 കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനി രൂപവത്കരിച്ചു. ടൂറിസം, പശ്ചാത്തലസൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സഹായിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഒരു അനുബന്ധ കമ്പനിയായ റെസ്റ്റ് സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുപോലെ മറ്റ് അനുബന്ധ കമ്പനികളും രൂപീകരിച്ചുകൊണ്ട് പ്രവാസി നിക്ഷേപത്തിന് വഴിയൊരുക്കും.

## സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കാനുള്ള നടപടികൾ

6 (*6) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ലോകോത്തര നിലവാരത്തിലുള്ള അതിവിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് എയിംസ്

സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നിങ്ങനെ 13 ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIIMS അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC (Kerala State Industrial Development Corporation)-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന്

ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ഈ ആവശ്യം അവതരിപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. 22-09-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്ക് അയച്ച അർദ്ധ ഔദ്യോഗിക കത്തിൽ AIIMS-നുള്ള അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

AIIMS സ്ഥാപിക്കുന്നതിലേയ്ക്കായി KSIDC-യുടെ പക്കലുള്ള സ്ഥലം ആരോഗ്യവകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേയ്ക്കായുള്ള നടപടി ത്വരിതഗതിയിൽ

സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കിനാലൂർ-കാന്തലാട് വില്ലേജിലുൾപ്പെട്ട 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08-02-2022-ലെ സ.ഉ.(സാധാ) നം.565/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ 18-05-2022-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കിനാലൂരിലെ നിർദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിന് ഡി.എം.ഇ.-യുടെ കൈവശമുള്ള ഭൂമി അനിവാര്യമായതിനാൽ നിർദിഷ്ട ഭൂമി ആരോഗ്യ വകുപ്പിലേയ്ക്ക് അടിയന്തരമായി കൈമാറുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തുന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ വയനാട്ടിൽ മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മെഡിക്കൽ കോളേജ് നിലവിലില്ലാത്ത ജില്ലകളിൽ മെഡിക്കൽ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പദ്ധതിയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ വയനാട് ജില്ലയിൽ ഒരു സ്വകാര്യ മെഡിക്കൽ കോളേജ് നിലവിലുള്ളതിനാൽ മേൽ പദ്ധതിയിൻകീഴിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിക്കുവാൻ കഴിയില്ലെന്ന് 01-11-2021-ലെ U.14017/109/2021-ME-II നമ്പർ കത്ത് മുഖാന്തരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ വെളിപ്പെടുത്തൽ

7 (*7) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മജിസ്ട്രേറ്റ് കോടതിയിൽ മൊഴി നൽകിയ സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ സ്വാധീനിച്ച് മൊഴി മാറ്റാൻ ഒരു മുൻ മാധ്യമ പ്രവർത്തകൻ ഇടനിലക്കാരനായി സ്വാധീനം ചെലുത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഇടനിലക്കാരൻ ഒത്തുതീർപ്പ് ശ്രമം നടത്തുന്നതിനിടയിൽ വിജിലൻസ് മേധാവിയുമായി നിരവധി തവണ സംസാരിച്ച് എന്നത് വസ്തുതയാണോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന് ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ വിജിലൻസ് മേധാവിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഇടനിലക്കാരൻ ഒത്തുതീർപ്പ് ശ്രമം നടത്തുന്നതിനിടയിൽ എ.ഡി.ജി.പി. ലോ ആൻഡ് ഓർഡറുമായി നിരവധി തവണ സംസാരിച്ചുവെന്ന സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ വെളിപ്പെടുത്തൽ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(എ-ഡി) അത്തരമൊരു പരാതി ലഭിച്ചിട്ടില്ല.

## പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം

8 (*8) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയാകും വിധം സംസ്ഥാനത്തെ പൊതുവിതരണ രംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം, 97.99 ശതമാനം വരെയുള്ള ആധാർ സീഡിംഗ്, One Nation One Ration Card പദ്ധതി, പോക്കറ്റിൽ സൂക്ഷിക്കാവുന്ന പി.വി.സി. റേഷൻ കാർഡ്, കുറ്റമറ്റതും കർശനവുമായ പരിശോധനാ സംവിധാനം, കൃത്യമായ ഗുണനിലവാര പരിശോധന, പരിശോധനയിലൂടെ അനർഹരെ കണ്ടെത്തി അർഹരായവർക്ക് മുൻഗണനാ കാർഡും ചികിത്സാ

ആനുകൂല്യങ്ങളും ലഭ്യമാക്കിയത് സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റപ്പെട്ട Transgenders, തെരുവിൽ കഴിയുന്നവർ, വാടക വീട്ടിൽ കഴിയുന്നവർ എന്നിവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം മാറ്റിയത് തുടങ്ങി രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ പൊതുവിതരണ വകുപ്പ് നടത്തി വരുന്നത്.

സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി മുഖേന റേഷൻ എത്തിച്ചുവരുന്നു. 2013-ലെ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ നിരീക്ഷണവും വിലയിരുത്തലും നടത്തേണ്ട സംസ്ഥാന ജില്ല-താലൂക്ക് റേഷൻകടതല വിജിലൻസ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി.

ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ മികവുറ്റ പ്രവർത്തനമാണ് നടന്നുവരുന്നത്. പൊതുവിതരണ മേഖലയിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ്, റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളും അപേക്ഷകളും മന്ത്രിതലത്തിൽ അടിയന്തരമായി പരിഹരിക്കുന്നതിന് സംഘടിപ്പിച്ചിട്ടുള്ള ഫോൺ ഇൻ

പരിപാടി, കേരളത്തിലെ ജനങ്ങൾക്ക് പ്രിയങ്കരമായ ജയ, സുരേഖ ഇനത്തിൽപ്പെട്ട അരി റേഷൻകടകളിലൂടെ വിതരണം ചെയ്തത്, പച്ചരിയുടെ വിഹിതം വർദ്ധിപ്പിച്ചത് എന്നിവയെല്ലാംതന്നെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി വൈവിദ്ധ്യവത്കരണത്തിലൂടെ റേഷൻകടകളെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണരംഗം വിപ്ലവകരമായ മാറ്റത്തിന് സാക്ഷിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഗോത്രവർഗ്ഗ മേഖലകളിൽ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഒറ്റപ്പെട്ട മലയോരമേഖലകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് 'സഞ്ചരിക്കുന്ന റേഷൻകടപദ്ധതി' നടപ്പിലാക്കിവരുന്നു. വനം, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ 115 ആദിവാസി കോളനികളിൽ റേഷൻ വിതരണം നടത്തിവരുന്നു. 2021-22 കാലയളവിൽ

ഇതിനായി 23,85,371/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഒരു കോടി രൂപ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശ്യംഖലയിലെ ആശാസ്യമല്ലാത്ത പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാസംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്കുപുറമെ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order 2021 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിനായി എഫ്.പി.എസ്. മൊബൈൽ എന്ന സംവിധാനം നിലവിലുണ്ട്.

ഉത്സവ സീസണുകളിൽ പൊതു വിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നു.

(ഡി) ആദിവാസി മേഖലകളിലെ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്ന പദ്ധതിയായ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് 115 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തിവരുന്നു. ഓരോ ജില്ലയിലെയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള

അനുമതി നൽകി വരുന്നു.

## പൊതുവിതരണ രംഗത്തെ ഓൺലൈൻ സേവനങ്ങൾ

9 (*9) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതയ്ക്കൊപ്പം ഉപഭോക്തൃ നന്മ കൂടി ലക്ഷ്യമാക്കി സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ ഭദ്രതയ്ക്കൊപ്പം ഉപഭോക്തൃ നന്മയും കൂടി ലക്ഷ്യമാക്കി 21-02-2022-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 4/2022/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ വകുപ്പിന്റെ പേര് 'പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ' എന്നും പൊതുവിതരണ ഡയറക്ടറുടെയും കമ്മീഷണറുടെയും തസ്തികകൾ സംയോജിപ്പിച്ച് 'പൊതുവിതരണ-ഉപഭോക്തൃകാര്യ കമ്മീഷണർ' എന്നും പുനഃനാമകരണം ചെയ്യുകയുണ്ടായി. ഉപഭോക്താക്കൾക്ക് പരാതികൾ ഓൺലൈനായി

രജിസ്റ്റർ ചെയ്യുന്നതിന് ഇ-ദാഖിൽ സംവിധാനം (e-Daakhil) നടപ്പിലാക്കി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പരാതിക്കാർക്ക് ഉപഭോക്തൃ കമ്മീഷനിൽ സൗജന്യ നിയമസഹായം നൽകുന്നതിനുള്ള സെൽ രൂപീകരിക്കുകയുണ്ടായി. തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. NSS (നാഷണൽ സർവ്വീസ് സ്കീം)-മായി സഹകരിച്ച് സംസ്ഥാനത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലൂടെ ഉപഭോക്തൃ ബോധവൽക്കരണം സമൂഹത്തിന്റെ എല്ലാ തട്ടുകളിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾക്കും തുടക്കമിട്ടിട്ടുണ്ട്.

(ബി) പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകാൻ ഇ-സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വൈവിദ്ധ്യവൽക്കരണത്തിലൂടെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ-സ്റ്റോറുകളിൽ ഇ-സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സ്മാർട്ട് റേഷൻ കാർഡുകളിലൂടെ ശബരി ഉല്പന്നങ്ങൾ കൂടി ലഭ്യമാകുന്നവിധം ഗ്രാമീണ മേഖലയിൽ ആയിരം റേഷൻകടകൾ കെ-സ്റ്റോറുകളായി നവീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്മാർട്ട് റേഷൻ കാർഡുകളിലൂടെ ബാങ്കിംഗ്, യൂട്ടിലിറ്റി പേയ്മെന്റ് സേവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) സ്മാർട്ട് റേഷൻ കാർഡുകളുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ അധിക സേവനങ്ങൾ ലഭ്യമാക്കി കെ-സ്റ്റോറുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. RFP (Request for Proposal)-യിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ദേശസാത്കൃത ബാങ്കിന്റെയും റേഷൻ മേഖലയിലെ സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റെയും സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്. ആയതിനുള്ള RFP പ്രസിദ്ധീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ-സ്റ്റോർ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി 5000/- രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം

മുതലായവയോടൊപ്പം ശബരി ഉല്പന്നങ്ങളും വിപണനം ചെയ്യുവാൻ ആലോചിച്ചുവരുന്നു.

ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ ആധുനികവൽക്കരണം

10 (*10) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിന്തുടർന്നുവരുന്ന ഉദാരവൽക്കരണ സാമ്പത്തിക നയത്തിന്റെ ഫലമായി സാർവത്രിക പൊതുവിതരണ സമ്പ്രദായം തകരുകയും രാജ്യത്താകെ വിലക്കയറ്റവും ഭക്ഷണക്ഷാമവും രൂക്ഷമാകുമ്പോൾ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സാധനങ്ങൾ ലഭ്യമാക്കുന്നതിനും ഭക്ഷ്യ-പൊതുവിതരണ രംഗത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു

വിപണി വിലയിൽനിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറുവർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണിവിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നൽകിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക്

പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20/- രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ, വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നു.

(ബി) ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ നിലവിലെ സംവിധാനങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതുവഴി എന്തൊക്കെ മാറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- എൻഡ് റ്റു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം എന്നിവ മുഖമുദ്രയായുള്ള ഭക്ഷ്യഭദ്രതാ നിയമം 2013, 01-11-2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി.

- റേഷൻ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള വെബ്-പോർട്ടൽ സംവിധാനം ആരംഭിച്ചു.

- 97.99 ശതമാനം ആധാർ സീഡിംഗ് നടപ്പിലാക്കി.

- എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ചു. ഇതിലൂടെ ഗുണഭോക്താക്കളുടെ ബയോമെട്രിക് പരിശോധന നടത്തി യഥാർത്ഥ

ഉപഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞു.

- സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും ഒരു ഏകീകൃത മാതൃക നടപ്പിലാക്കി.
- സപ്ലൈകോയുടെ പർച്ചേസ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്ന സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കി.
- കേന്ദ്ര ഏജൻസികളിൽനിന്നും നേരിട്ട് പർച്ചേസ് നടത്തുന്ന സംവിധാനം നടപ്പിലാക്കി.
- ഓൺലൈൻ വിപണനം, ഹോം ഡെലിവറി സംവിധാനം എന്നിവ സപ്ലൈകോ മുഖേന നടപ്പിലാക്കി.

## സ്വർണ്ണക്കടത്ത് കേസ് സംബന്ധിച്ച പ്രസ്താവന

11 (*11) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ മുഖ്യപ്രതിയെ മുന്നിൽ നിർത്തി

പ്രതിപക്ഷ കക്ഷികൾ സംസ്ഥാനത്ത് കലാപശ്രമം നടത്തുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് തയ്യാറാകുമോ;

(ബി) ഒരു പ്രതിപക്ഷ പാർട്ടി നേതാവ് സ്വർണ്ണക്കടത്ത് കേസിലെ പ്രതിക്ക് സംരക്ഷണമൊരുക്കുമെന്ന് പരസ്യപ്രസ്താവന നടത്തി കുറ്റവാളികളെ സംരക്ഷിക്കാൻ മുതിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കണക്കിലെടുത്ത് നിയമനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

(എ&ബി) സ്വർണ്ണ കള്ളക്കടത്ത് കേസിലെ ഒരു പ്രതി മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെത്തുടർന്ന് ഗൂഢാലോചന ആരോപിച്ചുകൊണ്ട് ഡോ. കെ.ടി. ജലീൽ എം.എൽ.എ. പരാതി നൽകിയിരുന്നു. അതേത്തുടർന്ന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120(B) IPC പ്രകാരവും അഡ്വ. സി. പി. പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. നിലവിൽ അന്വേഷണം തിരുവനന്തപുരം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ്

നടത്തുന്നത്. അന്വേഷണത്തിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-ക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിലെ രണ്ട് സഹമന്ത്രിമാർ വാർത്താ സമ്മേളനത്തിലൂടെ പ്രസ്താവന നടത്തി അന്വേഷണ ഏജൻസികളെ വഴി തെറ്റിച്ചുവിടാൻ നടത്തിയതായി പറയപ്പെടുന്ന ശ്രമം ഗൗരവത്തിലെടുത്ത് അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിയമനടപടിയുടെ സാധ്യത പരിശോധിക്കുകയും ചെയ്യുമോ?

സംസ്ഥാന സർക്കാർ ഇക്കാര്യം ആലോചിച്ചിട്ടില്ല.

## സ്വർണ്ണക്കടത്ത് കേസ് പ്രതിക്കെതിരെയുള്ള ഗൂഢാലോചന കേസിന്മേൽ അന്വേഷണം

12 (*12) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി 2016-ൽ നടത്തിയ വിദേശ സന്ദർശനത്തിനിടെ കറൻസി കടത്തിയെന്ന സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അത്തരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോടതിയിൽ 164 സ്റ്റേറ്റ്മെന്റ് നൽകിയ സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിക്കെതിരെ സംസ്ഥാന പോലീസ് ഗൂഢാലോചന ആരോപിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഒരു വർഷം വരെ തടവ് ലഭിക്കാവുന്ന ഗൂഢാലോചന ആരോപിച്ച കേസിൽ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ?

(ബി&സി) സ്വർണ്ണകള്ളക്കടത്ത് കേസിലെ പ്രതിയായ വനിത മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെത്തുടർന്ന് ഡോ. കെ. ടി. ജലീൽ എം.എൽ.എ. നൽകിയ പരാതിയിന്മേൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ. സി. പി. പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടീമിന്റെ മേൽനോട്ട ചുമതല ക്രൈം

ബ്രാഞ്ച് എ.ഡി.ജി.പി.-ക്കാണ്. നിലവിൽ കേസ് അന്വേഷണാവസ്ഥയിലാണ്.

## സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട വെളിപ്പെടുത്തലുകൾ

13 (*13) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട് പ്രതി നടത്തിയ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സ്വർണ്ണ കള്ളക്കടത്ത് കസ്റ്റംസ് അന്വേഷിച്ച വിഷയമാണ്.

(ബി) പുതിയ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഗൂഢാലോചന നടന്നതായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) സ്വർണ്ണക്കടത്ത് കേസിലെ പ്രതികളെ രക്ഷിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരും ചില ഇടനിലക്കാരും ഒത്തുപ്രവർത്തിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഗൂഢാലോചന ആരോപിച്ചുകൊണ്ട് ഡോ. കെ. ടി. ജലീൽ

എം.എൽ.എ. നൽകിയ പരാതിയിന്മേൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ. സി. പി. പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടീമിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-ക്കാണ്. നിലവിൽ കേസ് അന്വേഷണാവസ്ഥയിലാണ്.

<u>ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന</u>

14 (*14) <u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യ വിഷബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT)എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച്

പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

വഴിയോര കച്ചവടക്കാർ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവ കേന്ദ്രീകരിച്ച് വിൽപ്പനയ്ക്കായി വച്ചിട്ടുള്ള ഉപ്പിലിട്ട പഴവർഗ്ഗങ്ങൾ (മാങ്ങ, പൈനാപ്പിൾ, നെല്ലിക്ക മുതലായവ) വിൽക്കുന്ന കടകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യവശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ

സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിച്ച് പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡോക്യുമെന്ററി ബോധവൽക്കരണത്തിന്റെ ഭാഗമായി സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലബോറട്ടറികൾ മുഖേന പ്രദർശിപ്പിച്ച് വരുന്നു. സിവിൽ സപ്ലൈസ് വകുപ്പിന്റെ ആവശ്യപ്രകാരം പൊതുജന ബോധവൽക്കരണത്തിനായി ടി ഡോക്യുമെന്ററിയുടെ പകർപ്പ് നൽകിയിട്ടുണ്ട്. കൂടാതെ, 'SNF@School', 'Model Grama Panchayath' തുടങ്ങിയ പദ്ധതികളിൽ ടി ഡോക്യുമെന്ററി പൊതുജന ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധനം സൃഷ്ടിക്കുന്നതിനായി 'SNF@School' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിയിലൂടെ പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യ സംരംഭകരെയും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ (Food Safety on wheels) പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു.

(ബി) നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നിയമപ്രകാരമുള്ള ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം

രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റായ foscos.fssai.gov.in മുഖാന്തരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽനിന്നും ലൈസൻസ്/രജിസ്ട്രേഷൻ നൽകി വരികയും ചെയ്യുന്നു. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരുവർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തിക്കുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തിക്കുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മത്സ്യം, മാംസം എന്നിവയുടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്നൊരു പദ്ധതിക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 22-06-2022 വരെ

5549 മത്സ്യ പരിശോധനകൾ നടത്തുകയും 2797 സർവ്വെയ്ലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 17283 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പല ഹോട്ടലുകളിൽനിന്നും മാംസം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുകയും അവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മാംസം അടങ്ങിയ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2022 മേയ് മാസം മുതൽ നാളിതുവരെ 5605 പരിശോധനകൾ നടത്തുകയും 548 സർവ്വെയ്ലൻസ് സാമ്പിളുകളും 119 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യ യോഗ്യമല്ലാത്ത 436 കിലോഗ്രാം പാചകം ചെയ്തതും അല്ലാത്തതുമായ മാംസം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ടോൾ ഫ്രീ നമ്പർ മുഖേനയും അല്ലാതെയും (E-mail, CMO Portal മുഖേന നേരിട്ട് ലഭ്യമാകുന്ന

പരാതികൾ) ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തുന്നത് കൂടാതെ സ്റ്റാറ്റ്യൂട്ടറി പരിശോധനകളും മോശപ്പെട്ട രീതിയിൽ ഭക്ഷണം പാചകം ചെയ്യുന്ന ഹോട്ടലുകൾക്ക് അത് മെച്ചപ്പെടുത്തുന്നതിനുള്ള നോട്ടീസ് നൽകുകയും ഫൈൻ ഈടാക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ ഒരു വർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്.

ഹോട്ടൽ ജീവനക്കാർക്കും ഭക്ഷ്യ സംരംഭകർക്കും മെച്ചപ്പെട്ട രീതിയിലുള്ള ശുചിത്വപൂർണ്ണമായ രീതിയിൽ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു.

## പോലീസ് സേനയുടെ ആധുനികീകരണം

15 (*15) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ ആധുനികീകരണവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദമാക്കുമോ?

പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 149.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 154.57 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കേരള പോലീസ് ഡാറ്റാ സെന്റർ ആരംഭിക്കുന്നതിനും സബ് ഡിവിഷണൽ ഓഫീസുകൾ സ്മാർട്ട് സ്റ്റാൻഡേർഡ് ആക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 12 പോലീസ് സ്റ്റേഷനുകൾക്കും പത്തനംതിട്ട വനിതാ പോലീസ്

സ്റ്റേഷനും 2022-23 സാമ്പത്തിക വർഷം 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിച്ചിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്കനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ, കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/തൃശ്ശൂർ സിറ്റി/കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക

വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിലെത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് 'തുണ' എന്ന സിറ്റിസൺ പോർട്ടൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in

Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകിവരുന്നു.

തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR) കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ ഇത്തരം ക്യാമറകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുള്ളതുമാണ്. സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന CCTV Surveillance സിസ്റ്റത്തിനുപുറമെ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തനസജ്ജമായി വരുന്നു. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി.

ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

മയക്കുമരുന്നുപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം വാഹനങ്ങൾ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 06 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, പിങ്ക് കൺട്രോൾ റൂമിനായി 07 LMV എന്നിവ വാങ്ങിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാധിത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്. Control Room/ഹൈവേ

പട്രോൾ/പോലീസ് സ്റ്റേഷൻ വെഹിക്കിളുകളിൽ ഘടിപ്പിക്കുന്നതിനായി 140 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജ്ജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങിയിട്ടുണ്ട്.

(ബി) കുറ്റവാളികളെ കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം സംബന്ധിച്ച് വിശദമാക്കുമോ?

സേനാ നവീകരണത്തിന്റെ ഭാഗമായി പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ബൃഹത് പദ്ധതിയായ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റംസ് (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. എൻ.സി.ആർ.ബി. വിഭാവനം ചെയ്ത് Wipro കമ്പനി ദേശീയതലത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ള 'Core Application Software' (CAS) കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നും സംസ്ഥാന പോലീസിന് ലഭിച്ചിരുന്നു.

പ്രസ്തുത സോഫ്റ്റ്‌വെയർ നവീകരണത്തിനായി ആവശ്യപ്പെട്ടപ്പോൾ യാതൊരു വിധ നവീകരണവും നിലവിൽ നടത്താൻ പദ്ധതിയില്ലെന്നുള്ള മറുപടി എൻ.സി.ആർ.ബി.-യിൽനിന്നും ലഭിച്ചിരുന്നു. തുടർന്ന് CCTNS

State Empowered Committee നിലവിലുള്ള കോർ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ (CAS) മികച്ച സവിശേഷതകളോടെയും എളുപ്പത്തിലുള്ള ഉപയോഗം ഉറപ്പ് വരുത്തുന്ന രീതിയിലും ഏറ്റവും ആധുനികവുമായ രീതിയിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സോഫ്റ്റ് വെയറിലും അനുബന്ധ ഉപകരണങ്ങളിലും ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയ ഒരു സോഫ്റ്റ് വെയർ Integrated Core Policing System (iCoPS) എന്ന പേരിൽ രൂപകല്പന ചെയ്തു. ഒരേ കുറ്റവാളികളെയും കുറ്റങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ്വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ്വെയറുകളെയെല്ലാം ഒരു പൊതുവായ സോഫ്റ്റ്വെയറിനുകീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വമാണ് iCoPS ലക്ഷ്യം വയ്ക്കുന്നത്.

iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്,

എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

Integrated Core Policing System (iCoPS)-ൽ പുതുതായി കൂട്ടിച്ചേർത്ത സർവ്വീസായ ക്രിമിനൽ ഗ്യാലറി ഉപയോഗിച്ച് കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ അറിയുന്നതിനും അവരെ മോണിറ്റർ ചെയ്യുന്നതിനും സാധിക്കും. ഒരു കുറ്റവാളിയുടെ തത്സ്ഥിതി (ജയിലിൽ/ജാമ്യത്തിൽ/ശിക്ഷ കാലാവധി കഴിഞ്ഞു/പരോളിൽ) വിവരങ്ങൾ വളരെ വേഗത്തിൽ അറിയുവാൻ കഴിയും. കൂടാതെ സംശയിക്കുന്ന ഒരു വ്യക്തി മുമ്പ് ഏതെങ്കിലും കേസിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഒരു കുറ്റവാളി കേരളത്തിലെ മറ്റേതെങ്കിലും പോലീസ് സ്റ്റേഷനുകളിലെ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളാണോയെന്നും അത്തരം കുറ്റകൃത്യങ്ങളുടെ ആസൂത്രണ രീതിയും സഹകുറ്റവാളികളുടെ വിവരങ്ങളും സഹായം നൽകുന്നവരുടെ വിവരങ്ങളും മനസ്സിലാക്കുന്നതിനും iCoPS മുഖേന കണ്ടെത്തുവാൻ സാധിക്കും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോട്ടോ ഉപയോഗിച്ച് കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള സംവിധാനവും (Face Recognition System) ഇതിൽ

ലഭ്യമാണ്. പ്രസ്തുത സംവിധാനം മുഖേന ഏത് സ്ഥിരം കുറ്റവാളിയെയും കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനും വളരെ പെട്ടെന്ന് തിരിച്ചറിയുന്നതിനും സഹായകമാണ്.

(സി) സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാന പോലീസിൽ രൂപീകരിച്ച പ്രത്യേക വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി 17-03-2022-ലെ സർക്കാർ ഉത്തരവ് (കൈ.) നം.51/2022/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

## ലൈഫ് ഭവന പദ്ധതി

16 (*16) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായി വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 2,96,487 വീടുകളുടെ നിർമ്മാണം 20-06-2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 5 ഭവനസമുച്ചയങ്ങളിലായി 219 പേർക്ക് ഫ്ലാറ്റ് നൽകിയിട്ടുണ്ട്. ലൈഫ് രണ്ടാംഘട്ടത്തിൽ ലഭിച്ച അപേക്ഷകളുടെ ഫീൽഡുതല പരിശോധനയും ഒന്നാംഘട്ട അപ്പീലും പൂർത്തീകരിച്ചു. 2022 ആഗസ്റ്റ് 16-ന് അന്തിമ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കും.

(ബി) പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ജനകീയ പങ്കാളിത്തത്തോടെ ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭൂരഹിത ഭവനരഹിതർക്കായി ഇടുക്കി ജില്ലയിലെ അടിമാലി ലൈഫ്

ഭവനസമുച്ചയത്തിൽ 167-ഉം തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ 21-ഉം തിരുവനന്തപുരം മണ്ണന്തലയിൽ എൻ.ജി.ഒ. യൂണിയൻ മുഖേന നിർമ്മിച്ച ഭവനസമുച്ചയത്തിൽ 7-ഉം എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭയിലെ ഭവനസമുച്ചയത്തിൽ 12-ഉം എറണാകുളം കീഴ്മാട് ഗ്രാമപഞ്ചായത്തിലെ ഭവനസമുച്ചയത്തിൽ 12-ഉം കുടുംബങ്ങളുടെ പുനരധിവാസം ഇതിനോടകം ഉറപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ 39 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭൂ-ഭവനരഹിത പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടുകൂടി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി 'മനസ്സോടിത്തിരി മണ്ണ് ' എന്ന പേരിൽ വിപുലമായ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായി ഭൂ-ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കാൻ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലൈഫ് മിഷൻ ഭൂ-ഭവനരഹിത പുനരധിവാസത്തിനായി ജനകീയ പങ്കാളിത്തത്തോടുകൂടി ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ് ' ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. 06-02-2022-ലെ സ.ഉ. (അച്ചടി) നമ്പർ

11/2022/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഭൂ-ഭവനരഹിതർക്ക് ഭൂമി ആർജ്ജിക്കുന്നതിനായി സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനതല അദ്ധ്യക്ഷന്മാർ ചെയർമാനായും സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി ക്യാമ്പയിനിൽ കേരളത്തിലെ സാമൂഹിക/സാംസ്കാരിക/ ജനപ്രതിനിധികളുടെ സഹകരണവും ലഭ്യമാകുന്നുണ്ട്.

"മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഇതുവരെ 13 ജില്ലകളിലായി 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 12 സ്ഥലങ്ങൾ (1076.754 സെന്റ് ) ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 33 സ്ഥലങ്ങൾ (696.807 സെന്റ്) വാഗ്ദാനം ചെയ്തിട്ടുമുണ്ട്.

(ഡി) നിർദ്ധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിർദ്ധന വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം ലൈഫ് പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല.

## സ്വർണ്ണ കള്ളക്കടത്ത് കേസ്

17 (*17) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതികളുമായി ഒത്തുതീർപ്പ് ചർച്ചകൾ നടത്തുന്ന രീതിയിൽ നിയമവാഴ്ച തകരാൻ ഇടയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇടനിലക്കാരുമായി വിജിലൻസ് ഡയറക്ടർ നിരവധി തവണ സംസാരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്വർണ്ണ കള്ളക്കടത്ത് കേസ് പ്രതികളുമായി ഒത്തുതീർപ്പ്

ചർച്ചകൾ നടന്നതായി പറയപ്പെടുന്ന സംഭവത്തിൽ ഉന്നതതല ഗൂഢാലോചനയുണ്ടോയെന്ന് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ-സി) സ്വർണ്ണ കള്ളക്കടത്ത് തടയുവാനും കേസ്സെടുക്കാനും അധികാരമുള്ള ഏജൻസി കസ്റ്റംസ് വകുപ്പാണ്. ഇത് കേന്ദ്ര ലിസ്റ്റിലെ വിഷയവുമാണ്. ഇക്കാര്യത്തിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥരാരും അവിഹിതമായി ഇടപെട്ടതായ ഒരു സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം ഏതെങ്കിലും സംഭവം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## സ്വർണ്ണക്കടത്ത് കേസ് പ്രതികളുടെ വെളിപ്പെടുത്തൽ

18 (*18) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) നയതന്ത്രബാഗേജ് വഴി സ്വർണ്ണക്കള്ളക്കടത്ത് നടത്തിയ കേസിലെ പ്രതികളുടെ വെളിപ്പെടുത്തലിൽനിന്നും അവരെ

പിന്തിരിപ്പിക്കുവാൻ ചില ഇടനിലക്കാർ പ്രവർത്തിച്ചുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

നയതന്ത്രബാഗേജ് വഴിയുള്ള സ്വർണ്ണക്കള്ളക്കടത്ത് കസ്റ്റംസ് അന്വേഷിച്ച് തുടർനടപടി സ്വീകരിച്ച കേസാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും ഇടനിലക്കാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥരാണ് നടപടി സ്വീകരിക്കേണ്ടത്.

(ബി) ഇവർക്ക് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സഹായം ലഭിച്ചിരുന്നോ?

ഏതെങ്കിലും തരത്തിൽ ഇത്തരം സഹായം ലഭ്യമായെന്ന് കണ്ടാൽ ശക്തമായ നടപടി സ്വീകരിക്കും.

(സി) എങ്കിൽ സഹായം നൽകിയ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്ന് മാറ്റിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബാധകമല്ല.

## ഭക്ഷ്യ വിഭവങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി

19 (*19) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഭക്ഷ്യ വിഷബാധ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തുടനീളം ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തി വന്നുകൊണ്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ആയതിന്റെ ഭാഗമായി 'ഓപ്പറേഷൻ ഷവർമ്മ', 'ഓപ്പറേഷൻ മത്സ്യ' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജലജന്യരോഗങ്ങൾ തടയുന്നതിനും ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ശാക്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ

നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഭക്ഷ്യ വിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. ഭക്ഷ്യസുരക്ഷയുമായി

ബന്ധപ്പെട്ട ടോൾഫ്രീ പരാതികൾക്ക് അടിയന്തര സ്വഭാവത്തിൽ പരിഹാരം കാണുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ടുള്ള പ്രത്യേക സ്ക്വാഡ് പ്രവർത്തിപ്പിച്ച് വരുന്നു.

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടികൾ മുഖേന പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.Transfat, Blissful Hygienic Offerings to God, Food Fortification, Hygiene Rating, Eat Right Campus, Eat Right Caterer, Clean Fresh Fruits and Vegetable Market, Clean and Safe Meat Campaign, Clean Street Food Hub തുടങ്ങിയ പദ്ധതികളിലൂടെ പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കുടിവെള്ളവും മറ്റ് ഭക്ഷ്യ വസ്തുക്കളും പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനവും സജ്ജമാക്കിയിട്ടുണ്ട്.

വകുപ്പ് നടത്തുന്ന IEC പ്രവർത്തനങ്ങളിലൂടെയും മറ്റ് ബോധവൽക്കരണ പരിപാടികളിലൂടെയും പ്രോസസ്ഡ് ഭക്ഷ്യ പദാർത്ഥങ്ങളിലെ ഉപ്പ്, പഞ്ചസാര, ട്രാൻസ്ഫാറ്റ് എന്നിവയുടെ അളവ് കുറയ്ക്കുന്നതിനുള്ള കൃത്യമായ നിർദ്ദേശങ്ങൾ ഭക്ഷ്യസംരംഭകർക്ക് നൽകിവരുന്നു. ദൈനംദിന

പരിശോധനകളുടെ ഭാഗമായി ഭക്ഷ്യ ഉല്പാദന, വിതരണ, വില്പന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും കർശന പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി നടത്തിയ പരിശോധനകളുടെ ഭാഗമായി 'ഓപ്പറേഷൻ ഷവർമ്മ' എന്ന പേരിൽ 5605 പരിശോധനകളും ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 214 സ്ഥാപനങ്ങളെ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്പ്പിക്കുകയും ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കാതെ രജിസ്ട്രേഷൻ മാത്രം എടുത്തിരുന്ന 145 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനിൽനിന്നും ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 678 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും 548 സർവ്വെയ്ലൻസ് സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

'ഓപ്പറേഷൻ മത്സ്യ'-യുടെ ഭാഗമായി 22-06-2022 വരെ 5549 പരിശോധനകൾ നടത്തുകയും 2378 സർവ്വെയ്ലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 17283 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് കടകളിലും മറ്റും വിൽക്കുന്ന ജ്യൂസുകളുടെ പരിശോധനകളുടെ ഭാഗമായി 1757 പരിശോധനകൾ നടത്തുകയും ആയതിൽ മതിയായ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത 9 സ്ഥാപനങ്ങൾ അടപ്പിക്കുകയും 66 സർവ്വെയ്ലൻസ് സാമ്പിൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. 160 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 73 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും പഴകിയ 1008 ലിറ്റർ പാൽ, 88 കിലോ പഴവർഗ്ഗങ്ങൾ എന്നിവ നശിപ്പിക്കുകയും 5 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

RUCO (Repurpose Used Cooking Oil) സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 525 പരിശോധനകൾ നടത്തുകയും 250 സർവ്വെയ്ലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 124 സാമ്പിളുകൾ Total Polar Compound Monitor വഴി ടെസ്റ്റ് ചെയ്യുകയും 13 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 96 ലിറ്റർ ഉപയോഗിച്ച എണ്ണ നശിപ്പിക്കുകയും ചെയ്തു.

(ബി) ലൈസൻസും ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം

ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്.

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുക്കാതെ സംസ്ഥാനത്ത് പല സ്ഥാപനങ്ങളും ഭക്ഷണ പദാർത്ഥങ്ങൾ സംസ്ഥാനത്ത് വിൽപന നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നോട്ടീസ് നൽകിയ ശേഷം പിഴചുമത്തുകയോ, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നു. ലൈസൻസ് നേടുന്നതുവരെ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈസൻസും ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള

ഭക്ഷണം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷ കാലയളവിൽ 51313 സ്ഥാപനങ്ങൾ പരിശോധിക്കുകയും 10512 സാമ്പിളുകൾ ശേഖരിക്കുകയും 6646 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 1,00,71,250/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(സി) പലവ്യഞ്ജനങ്ങൾ, മത്സ്യ-മാംസാദികൾ എന്നിവ മായമില്ലാത്തവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

പലവ്യഞ്ജനങ്ങൾ, മത്സ്യ-മാംസാദികൾ എന്നിവ മായമില്ലാത്തവയാണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മായം ചേർക്കൽ തടയുന്നതിന്റെ ഭാഗമായി തുടർച്ചയായ പരിശോധനകൾ നടത്തുകയും സ്റ്റാറ്റ്യൂട്ടറി/സർവ്വെയ്‌ലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരുവർഷ കാലയളവിൽ പലവ്യഞ്ജനങ്ങൾ, മത്സ്യ-മാംസാദികൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 51313 സ്ഥാപനങ്ങൾ പരിശോധിക്കുകയും 10512 സാമ്പിളുകൾ ശേഖരിക്കുകയും 6646 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 1,00,71,250/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. 2021 മേയ് മുതൽ നാളിതുവരെ ഭക്ഷ്യയോഗ്യമല്ലാത്ത 23514 കിലോഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പല ഹോട്ടലുകളിൽനിന്നും മാംസം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കുകയും അവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മാംസം അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2022 മേയ് മാസം മുതൽ നാളിതുവരെ 5605 പരിശോധനകൾ നടത്തുകയും 548 സർവ്വയിലൻസ് സാമ്പിളുകളും 119 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യ യോഗ്യമല്ലാത്ത 436 കിലോഗ്രാം പാചകം ചെയ്തതും അല്ലാത്തതുമായ മാംസം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## സ്വർണ്ണക്കടത്ത് കേസ് പ്രതിക്കെതിരെയുള്ള വിജിലൻസ് നടപടി

20 (*20) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട്ടെ താമസസ്ഥലത്തുനിന്നും വിജിലൻസ് സംഘം ബലമായി പിടിച്ചുകൊണ്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഒരു കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കണമെന്ന് ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഈ കേസിൽ പാലിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വിജിലൻസ് അന്വേഷണത്തിലുള്ള കേസുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്യുന്നതിനുമുമ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ തീയതി അടങ്ങുന്ന വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

(ഡി) തിരുവനന്തപുരം വിജിലൻസ് വിംഗ് അന്വേഷിക്കുന്ന ലൈഫ്

മിഷൻ കേസിൽ സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയെ പാലക്കാട് വിജിലൻസ് വിംഗ് അറസ്റ്റ് ചെയ്യുകയും ഫോൺ പിടിച്ചെടുക്കുകയും ചെയ്തത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല. നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് ഫോൺ ബന്തവസ്സിലെടുത്തിട്ടുള്ളത്. ഇത് കോടതിയിൽ ഹാജരാക്കി ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയുണ്ടായി.

<u>കുടുംബാരോഗ്യ കേന്ദ്രങ്ങൾ</u>

21 (*21) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>:
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>:
<u>ശ്രീ. തോമസ് കെ. തോമസ്</u>:
<u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ പ്രാഥമിക

ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതിയും വിശദാംശങ്ങളും അറിയിക്കുമോ?

സംസ്ഥാനത്തെ പൊതു ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മപരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി പ്രകാരം മൂന്ന് ഘട്ടങ്ങളായി എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി 2017-18 സാമ്പത്തിക വർഷം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും ആയതിൽ 166 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ പി.എച്ച്.സി. ഇരവിപുരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ബാക്കിയുള്ള 3 എണ്ണത്തിന്റെ (ആലപ്പുഴ ജില്ലയിലെ പി.എച്ച്.സി. തലവടി, പി.എച്ച്.സി. നീലംപേരൂർ, എറണാകുളം ജില്ലയിലെ തൃക്കാക്കര പി.എച്ച്.സി.)

പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+ ഈ സ്ഥാപനങ്ങളിൽ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. രണ്ടാം ഘട്ടമായി 2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കുകയും ആയതിൽ 387 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 37 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 80 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+ ഈ സ്ഥാപനങ്ങളിൽ 1000 അധികം തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. മൂന്നാം ഘട്ടമായി 2019-20 സാമ്പത്തിക വർഷത്തിൽ നാഷണൽ ഹെൽത്ത് മിഷന്റെ (NHM) ഫണ്ട് ഉപയോഗിച്ച് 212 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 23 എണ്ണത്തിന്റെ പണികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 9 എണ്ണത്തിന്റ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 180 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ 152 ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്കുതല ഫാമിലി സെന്ററുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെടുമ്പോൾ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ?

പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ് ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പുമുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ ദിശാബോർഡ് പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയും ലഭ്യമാക്കി വരുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6 മണിവരെ ആക്കി ഉയർത്തി മെച്ചപ്പെട്ട ലബോറട്ടറി സേവനത്തിലൂടെ പ്രാഥമിക തലത്തിൽ രോഗനിർണ്ണയം നടത്തുവാനും ജീവിതശൈലീ രേഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കാനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും നടത്തുന്ന ജീവിതശൈലീരോഗങ്ങൾക്കുള്ള ക്ലിനിക്ക് വഴി കൂടുതൽ പേരുടെ ജീവിതശൈലീരോഗങ്ങൾ കണ്ടുപിടിക്കാനും ചികിത്സ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്.

## സർക്കാർ ആശുപത്രികളിലെ മരുന്ന് വിതരണം

22 (*22) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾക്ക് ക്ഷാമം നേരിടുന്ന സാഹചര്യമുണ്ടായിട്ടില്ല. 2021-22 ദർഘാസിലൂടെ വിതരണക്കാരെ ലഭിക്കാത്ത ഇനങ്ങളിൽ അത്യന്താപേക്ഷിതമായ ഇനങ്ങൾ കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി മുഖേന സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. വിതരണം ചെയ്യാത്തതും സ്റ്റോക്ക് ലഭ്യതക്കുറവുമൂലം കെ.എം.എസ്.സി.എൽ.-ൽനിന്നും അവശ്യ മരുന്നുകൾ ലഭ്യമാകാതെ വരുന്ന ഘട്ടത്തിൽ അവശ്യമരുന്നുകൾ ലോക്കൽ പർച്ചേസ്, KASP,

RSBY, RBSK, JSSK, TRIBAL FUND, HDS FUND തുടങ്ങി വിവിധ സ്കീമുകളിലൂടെ രോഗികൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെയും ജില്ലാ മരുന്ന സംഭരണകേന്ദ്രങ്ങളിലെയും സ്റ്റോക്ക് കണക്കിലെടുത്ത് അതനുസരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള വിതരണാനുമതി 2022 മേയ് മാസത്തിൽ നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള മരുന്നുകൾ ജൂലൈ മാസത്തോടെ ലഭ്യമാകുന്നതാണ്.

(ബി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2022 മാർച്ച് മാസത്തിൽ പൂർത്തീകരിക്കേണ്ട ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

2022-23 സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ 2022 മേയ് മാസത്തിലാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. 2020, 2021 വർഷങ്ങളിൽ നോൺ കോവിഡ് രോഗികളുടെ എണ്ണം ആശുപത്രികളിൽ വളരെ കുറവായിരുന്നതിനാൽ നോൺ കോവിഡ് അസുഖങ്ങൾ ചികിത്സിക്കാൻ വേണ്ടി സംഭരിച്ച മരുന്നുകൾ 2021 വർഷം അവസാനം വരെയും ആശുപത്രികളിൽ ലഭ്യമായിരുന്നു. ഇത്തരത്തിൽ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണെന്ന സാഹചര്യത്തിലാണ് 2022-23-ൽ

ദർഘാസ് നടപടികൾ മേയ് മാസത്തിൽ പൂർത്തീകരിക്കാനിടയായത്.

(സി) സാങ്കേതികകാരണങ്ങളുടെ പേരിൽ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക കാരണങ്ങളാൽ ജീവൻരക്ഷാ മരുന്നുകൾക്ക് ദൗർലഭ്യം നേരിടുകയോ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. വരുംവർഷങ്ങളിൽ മരുന്ന് സംഭരണ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അവശ്യമരുന്നുകൾ സംഭരിക്കുന്നതിനുവേണ്ടി വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നത് മുതൽ മരുന്നുകൾ സമയബന്ധിതമായി ആശുപത്രികളിൽ എത്തിക്കുന്നതുവരെയുള്ള പ്രക്രിയ പൂർത്തീകരിക്കുന്ന തീയതി നിജപ്പെടുത്തിക്കൊണ്ടുള്ള സംഭരണ വിതരണം വ്യക്തമാക്കുന്ന കലണ്ടർ ഉടൻ പ്രാബല്യത്തിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

## ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റ നിയന്ത്രണം

23 (*23) ശ്രീ. വി. ജോയി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി പറയാമോ:

(എ) രാജ്യത്ത് വിലക്കയറ്റം വർദ്ധിക്കുന്ന സാഹചര്യത്തിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

രാജ്യത്ത് വിലക്കയറ്റം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ നിരക്കിൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിൽനിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ സാധനങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ

തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ വിപണി വിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവഴിച്ച് എല്ലാ റേഷൻ കാർഡുടമകൾക്കുമായി 11.5 കോടിയോളം സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് വിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത്

വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും ശക്തമായ പരിശോധനകൾ നടത്തിവരുന്നു.

(ബി) വിലക്കയറ്റം തടയാൻ സപ്ലൈകോ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയെത്രയെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി സൗജന്യകിറ്റുകൾ വിതരണം ചെയ്ത വകയിൽ 2020-21 സാമ്പത്തിക വർഷം 3760.84 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 1743.82 കോടി രൂപയും ചേർത്ത് ആകെ 5504.66 കോടി രൂപ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്.

(സി) നിരന്തരമായ വാഹന ഇന്ധന വില വർദ്ധനവിനും പാചക വാതക വില വർദ്ധനവിനും പുറമെ ഭീമമായ തോതിൽ മണ്ണെണ്ണ വില വർദ്ധിപ്പിച്ചതും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതും മത്സ്യത്തൊഴിൽ മേഖലയിൽ ഉൾപ്പെടെ ഗുരുതര പ്രത്യാഘാതം സൃഷ്ടിക്കുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. സംസ്ഥാനത്ത് 14432 മത്സ്യബന്ധന യാനങ്ങൾക്ക്

പെർമിറ്റുകൾ പുതുക്കി നല്കിയിട്ടുണ്ട്. 10 HP (Horse Power) വരെയുള്ള യാനങ്ങൾക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും 10 മുതൽ 15 HP വരെയുള്ളവയ്ക്ക് 600 ലിറ്റർ മണ്ണെണ്ണയും 15 HP-ക്ക് മുകളിലുള്ളവയ്ക്ക് 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ആകെ 100776 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിനായി അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നടപ്പുസാമ്പത്തിക വർഷത്തിൽ നോൺ സബ്സിഡി മണ്ണെണ്ണയുടെ ആദ്യപാദ വിഹിതമായി 2160 കിലോലിറ്റർ മണ്ണെണ്ണയാണ് ലഭിച്ചിട്ടുള്ളത്. മത്സ്യബന്ധന മേഖലയ്ക്ക് അനുവദിക്കുന്നതിനായി 22584 കിലോ ലിറ്റർ മണ്ണെണ്ണ കൂടി മേയ് മാസത്തിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക വർഷം ജനവരി മാസത്തിൽ ലിറ്ററിന് 50/- രൂപയായിരുന്ന മണ്ണെണ്ണ വില ജൂൺ മാസത്തിൽ 88/- രൂപയായി ഉയർന്നിട്ടുണ്ട്.

<u>വിവാഹ ധൂർത്തും ആർഭാടവും തടയാൻ നടപടി</u>

24 (*24) <u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>)

സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നതിനായി സംസ്ഥാന വനിതാകമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നതിനായി സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി കേരള വനിതാകമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വിവാഹ ധൂർത്തും ആർഭാടവും മൂലമുള്ള സാമൂഹിക പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വനിതാ ശിശുവികസന വകുപ്പ് ആവിഷ്കരിച്ച 'കനൽ' കർമ്മ പദ്ധതി, ലിംഗപദവി അസമത്വം മാറ്റി ലിംഗ പദവി സമത്വം കൊണ്ടുവരാനായി യുവാക്കളെ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ആയതുവഴി സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുവാനും

ലക്ഷ്യമിടുന്നു. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികളെ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽകരിക്കുന്നതിന്റെ ഭാഗമായി ജെണ്ടർ റിലേഷൻസ് ആൻഡ് വിമെൺ ലെജിസ്ലേഷനുകളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ലിംഗസമത്വം, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിറുത്തലാക്കുന്നത്, വിവാഹധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുമുണ്ട്. സ്ത്രീധനം എന്ന സാമൂഹ്യ തിന്മക്കെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണം പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാകമ്മീഷൻ നടത്തിവരുന്നു. കൂടാതെ വനിതാകമ്മിഷന്റെ

തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി വരുന്നു.

(സി) സ്ത്രീ സുരക്ഷക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ എന്നിവ നേടിയെടുക്കുന്നതിന് സ്ത്രീ സമൂഹത്തെ പര്യാപ്തമാക്കാൻ കഴിയുന്ന വിധം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

## പാർട്ടി ഓഫീസുകൾക്കെതിരെയുള്ള അക്രമം

25 (*25) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ഭരണപക്ഷ രാഷ്ട്രീയ കക്ഷിയുടെയും അവരുടെ യുവജന സംഘടനയുടെയും പ്രവർത്തകർ മുഖ്യ പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തകർക്കെതിരെയും ഓഫീസുകൾക്കെതിരെയും വ്യാപകമായ അക്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

വ്യാപകമായ അക്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനത്ത് പ്രമുഖ ഭരണപക്ഷ പാർട്ടിയുടെ യുവജന സംഘടനാ പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന ആക്രമണത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത സംഭവത്തിലെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് പോലീസിന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ Crime No. 613/2022 U/s 143, 147, 149, 427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

(സി) പയ്യന്നൂരിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി

പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ഇക്കാര്യം ഉന്നയിച്ചുള്ള പരാതിൽ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ 456/2022 u/s 143, 147, 148, 452, 427, 341, 506 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) പ്രമുഖ ട്രേഡ് യൂണിയൻ സംഘടനയുടെ കൊടിമരം നശിപ്പിക്കാൻ ശ്രമിച്ചത് തടഞ്ഞ എസ്.ഐ.-യ്ക്ക് ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയിലെ യുവജന സംഘടനാ പ്രവർത്തകരുടെ മർദ്ദനമേറ്റ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇതിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

പോലീസിന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട് കണ്ടാലറിയാവുന്ന പത്തോളം പ്രതികൾക്കെതിരെ പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം നം.767/2022 u/s 143, 147, 149, 153, 188, 341, 324, 353 of IPC & 117(e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതാന്വേഷണം നടത്തി വരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ മേഖല

26 (*26) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ തോമസ് കെ. തോമസ്:

<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>) സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

(ബി) മെഡിക്കൽ, പാരാമെഡിക്കൽ, നേഴ്സിംഗ് യോഗ്യതകളുള്ളവരുടെ ആവശ്യകത മനസ്സിലാക്കി പ്രസ്തുത മേഖലകളിൽ കൂടുതൽ സർക്കാർ-സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ബന്ധപ്പെട്ട കൗൺസിലുകൾ/സർവ്വകലാശാലകൾ/ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് മുതലായവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണ രീതിയിൽ പ്രവർത്തന സജ്ജമാണെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിലെ മെഡിക്കൽ, ഡെന്റൽ, പാരാമെഡിക്കൽ, നേഴ്സിംഗ് എന്നീ വിഭാഗങ്ങളിലുള്ള കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകി വരുന്നുണ്ട്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്വാശ്രയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകളിൽ സീറ്റ് വർദ്ധനവിനുള്ള അനുമതിയും നൽകി വരുന്നുണ്ട്. കൂടാതെ സർക്കാർ മേഖലയിലെ MBBS, PG കോഴ്സുകൾക്കും സീറ്റ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, കോന്നി സർക്കാർ മെഡിക്കൽ കോളേജുകളിൽ MBBS അഡ്മിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഇൻസ്പെക്ഷൻ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി. ആരംഭിക്കുകയും വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ ബോയ്സ് ടൗണിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യലിറ്റി/സൂപ്പർസ്പെഷ്യലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി. കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി കോഴ്സുകളുടെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ പാരിപ്പള്ളി, മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി സർക്കാർ മേഖലയിൽ നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക്

തുടക്കം കുറിക്കുകയും ചെയ്തു.

(സി) മെഡിക്കൽ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

1. എല്ലാ മെഡിക്കൽ കോളേജുകളിലും ലാബ് സൗകര്യങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ കേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. എല്ലാ മെഡിക്കൽ കോളേജിലും കാഷ്വാലിറ്റി സംവിധാനം ആധുനികവത്കരിക്കുന്നതിനും എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. എല്ലാ മെഡിക്കൽ കോളേജിലും ഇമേജിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച MRI, CT, Digital X-ray എന്നിവ ഒരു കോംപ്ലക്സിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസിലെ അപെക്സ് ട്രോമാ ആൻഡ് എമർജൻസി ലേണിംഗ് സെന്ററിനെ സൗത്ത് ഇന്ത്യയിലെ തന്നെ

മികച്ച ട്രെയിനിംഗ് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. എല്ലാ പ്രമുഖ മെഡിക്കൽ കോളേജുകളിലും ഫാമിലി മെഡിസിൻ, ജെറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. എല്ലാ മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത്, ഇ-സഞ്ജീവനി, ഇ-ഓഫീസ് എന്നിവയുടെ സേവനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ എല്ലാ ആശുപത്രികളിലും ടെലിമെഡിസിൻ സംവിധാനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. വയോജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി എല്ലാ മെഡിക്കൽ കോളേജുകളിലും ജെറിയാട്രിക് വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

11. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാഷ്വാലിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. പഴയ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെയറും ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാമും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13. ഫലപ്രദമായ രീതിയിൽ എല്ലാ ആശുപത്രികളിലും മാലിന്യസംസ്കരണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം

27 (*27) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) തുടരെയുള്ള ഇന്ധനവിലവർദ്ധനവും കേന്ദ്രനയങ്ങളും കാരണം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ പ്രതിരോധിക്കാൻ വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിൽനിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു.

പ്രസ്തുത സബ്സിഡി സാധനങ്ങളുടെ വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കി

വരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതു വിപണി വിലയിൽനിന്നും 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവസീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത്

വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നു.

(ബി) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ജി.പി.എസ്. ട്രാക്കിംഗ് സംസ്ഥാനമൊട്ടാകെ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. സംസ്ഥാനത്തുടനീളമുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (എഫ്.സി.ഐ.), സി.എം.ആർ. മില്ലുകൾ എന്നിവിടങ്ങളിൽനിന്നും റേഷൻ ഭക്ഷ്യധാന്യങ്ങൾ NFSA ഡിപ്പോകളിലേയ്ക്ക് വിട്ടെടുക്കുന്നതിനും തുടർന്ന് NFSA ഡിപ്പോകളിൽനിന്നും റേഷൻ ഡിപ്പോകളിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് ജി.പി.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. Vehicle Tracking Fleet Management System (VTFMS) സോഫ്റ്റ്വെയറിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ നീക്കം

നിരീക്ഷിക്കുന്നതിനുള്ള ഈ പ്രോജക്റ്റിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിൽ 15-03-2022-നും തൃശ്ശൂർ ജില്ലയിൽ 22-04-2022-നും നിർവഹിച്ചിട്ടുള്ളതാണ്. നിലവിൽ 390 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്. വാടകയ്ക്കെടുത്തിട്ടുള്ള വാഹനങ്ങളുടെ ഫ്ലീറ്റ് എൻറോൾമെന്റ്, നിലവിലെ ലൊക്കേഷൻ ട്രാക്കിംഗ്, ട്രിപ്പുകളുടെ ഷെഡ്യൂളിംഗ്, റൂട്ട് വ്യതിചലനം അല്ലെങ്കിൽ യാത്രയ്ക്കിടെ അനാവശ്യമായി നിർത്തൽ എന്നിവയെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് അറിയിപ്പ് നൽകൽ, ജിയോഫെൻസിംഗ്, റൂട്ട് ഹിസ്റ്ററി പ്ലേബാക്ക്, വാഹന ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ ഈ സംവിധാനത്തിന്റെ ഭാഗമാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ആണ് ഈ സംവിധാനം തയ്യാറാക്കുന്നത്.

(സി) ആദിവാസി ഊരുകളിലും കോളനികളിലും റേഷൻ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സമൂഹത്തിലെ ഒറ്റപ്പെട്ട മലയോരമേഖലകളിൽ താമസിക്കുന്ന ആദിവാസി/ഗോത്രവർഗ്ഗ മേഖലകളിലും കോളനികളിലും റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ 'സഞ്ചരിക്കുന്ന

റേഷൻകട' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി മേഖലകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി 2017-ൽ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയുണ്ടായി. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻകടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുകയെന്നതാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 115 ആദിവാസി ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻകടയുടെ പ്രയോജനം എത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിദൂര പ്രദേശങ്ങൾ ഉൾപ്പെടുന്ന ആദിവാസി ഊരുകളിലും കോളനികളിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോയുടെ 21 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

## ലൈഫ് പദ്ധതി

28 (*28) ശ്രീമതി ദെലീമ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറുദിന പരിപാടികളിലൂടെ ലൈഫ് പദ്ധതിയിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ; പദ്ധതിലക്ഷ്യം നേടാനായോയെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ പ്രഖ്യാപിച്ച രണ്ട് നൂറു ദിന പരിപാടികളിലൂടെ 32,875 വീടുകൾ ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിച്ചു. ഒന്നാം നൂറ് ദിന പരിപാടിയിലൂടെ 12,067 വീടുകളും രണ്ടാം നൂറുദിന പരിപാടിയിലൂടെ 20,808 വീടുകളും പൂർത്തീകരിച്ചുകൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. ഒന്നും രണ്ടും 100 ദിന പരിപാടികളിലൂടെ പൂർത്തീകരിച്ച വീടുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ലൈഫ് പദ്ധതിയിലൂടെ നാളിതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. നാളിതുവരെ ലൈഫ് മിഷൻ മുഖേന 2,96,487 വീടുകളുടെ നിർമ്മാണം 20-06-2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 2,62,131 വീടുകൾ മുൻസർക്കാരിന്റെ കാലത്തും 34,356 വീടുകൾ ഈ സർക്കാരിന്റെ കാലത്തുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഗുണഭോക്താക്കളെ നിർണ്ണയിക്കുന്ന പ്രക്രിയ പൂർത്തിയായോയെന്നും അറിയിക്കുമോ?

ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലൂടെ 2016-21 കാലയളവിൽ 2,62,131 ഗുണഭോക്തൃ കുടുംബങ്ങൾക്ക് ഭവന നിർമ്മാണാനുകൂല്യം നൽകിയിട്ടുണ്ട്. 2021-26 കാലയളവിൽ ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷണിച്ചതിൻപ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരാരുംതന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പുന:പരിശോധനയ്ക്കും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം വാർഡ്സഭ/ ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

<u>നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം</u>

29 (*29) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20

ശതമാനം വരെ വിലക്കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' എന്ന പേരിൽ പൊതു വിപണി വിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി 5600 കോടി രൂപ ചെലവിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകളാണ് കഴിഞ്ഞ 2 വർഷത്തിനിടെ വിതരണം ചെയ്തത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ മേയ് മാസത്തിലെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വില സൂചിക ഏപ്രിൽ മാസത്തിലെ 5.1-ൽ നിന്നും മേയ് മാസത്തിലെത്തുമ്പോൾ 4.82 ആയി

കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി 7.04 ആയിരിക്കെയാണ് കേരളത്തിന്റെ മികച്ച പ്രകടനം ശ്രദ്ധേയമാകുന്നത്. രാജ്യത്തെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മൂന്നു ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 15.88 ശതമാനം എത്തി നിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വിലക്കയറ്റ സൂചിക 5.1 ശതമാനം മാത്രമാണ്. ദേശീയതലത്തിൽ വിലക്കയറ്റം കുതിച്ചുയരുമ്പോഴും കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താനായത് എൽ.ഡി.എഫ്. സർക്കാർ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുകൊണ്ടാണ്.

## ശബരിമല വിമാനത്താവളം

30 (*30) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതി സംബന്ധിച്ച സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിമാനത്താവളത്തിനായുള്ള ടെക്നോ-എക്കണോമിക്,

പരിസ്ഥിതി ആഘാത പഠനങ്ങൾ സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അഭിപ്രായങ്ങൾക്ക് വിശദീകരണം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇതിന്മേലുള്ള തുടർനടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) വിമാനത്താവളം സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; തടസ്സങ്ങൾ നീക്കി വിമാനത്താവള നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

(എ-ഡി) ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതി സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. ഇതിന്മേൽ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (എ.എ.ഐ.) എന്നീ ഏജൻസികൾ നടത്തിയ നിരീക്ഷണങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ട്. വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം

ടെക്നോ-എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് പുതുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പുതുക്കിയ റിപ്പോർട്ട് വൈകാതെ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കും.

ചെറുവള്ളി എസ്റ്റേറ്റിൽ ഏകദേശം 2263.18 ഏക്കർ ഭൂമിയിലാണ് വിമാനത്താവളം വിഭാവനം ചെയ്തിട്ടുള്ളത്. 3500 മീറ്റർ നീളമുള്ള റൺവേ സാധ്യമാകുന്ന തരത്തിലുള്ള വിമാനത്താവള മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായ ശേഷം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനമുൾപ്പെടെ ബാക്കിയുള്ള നടപടികളുടെ വിശദമായ സമയരേഖയും കർമ്മപദ്ധതിയും തയ്യാറാക്കുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചവറ ടൈറ്റാനിയം-നീണ്ടകര ദേശീയ പാതയിലുണ്ടായ റോഡപകടങ്ങൾ

1 (1) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയപാതയിൽ ഈ വർഷമുണ്ടായ റോഡപകടങ്ങളിൽ പതിമൂന്ന് പേർ

മരിക്കുകയും മുപ്പതിലധികം പേർ ഗുരുതരാവസ്ഥയിൽ കഴിയുകയും ചെയ്യുന്നവെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പ്രദേശത്ത് അപകടങ്ങൾ കുറയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ചവറ ടൈറ്റാനിയം ജംഗ്ഷൻ മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയപാതയിൽ ഈ വർഷമുണ്ടായ റോഡപകടങ്ങളിൽ 11 പേർ മരണപ്പെടുകയും മുപ്പതോളം പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചവറ ടൈറ്റാനിയം മുതൽ നീണ്ടകര പാലം വരെയുള്ള ദേശീയ പാതയിലെ അപകടങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും വാഹന പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ ദേശീയപാതയിൽ മതിയായ വെളിച്ച സംവിധാനമുള്ള സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും സ്കൂളുകൾക്ക് സമീപവും ട്രാഫിക് നിയന്ത്രണത്തിനായി പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും നിയോഗിക്കുകയും ഹൈവേയിൽ കൂടുതൽ അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## ഓൺലൈൻ ഫയൽ അന്വേഷണം

2 (2) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെയും മറ്റു വിവിധ വകുപ്പുകളിലെയും ഓൺലൈൻ ഫയൽ അന്വേഷണത്തിനുള്ള സോഫ്റ്റ്‌വെയർ മൊബൈൽ ഫ്രണ്ട്‌ലിയല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ ഫയലുകളുടെ സ്ഥിതി അറിയുന്നതിനായി സോഫ്റ്റ്‌വെയർ മൊബൈൽ ഫ്രണ്ട്‌ലി ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

(എ&ബി) ഫയലുകളുടെ തൽസ്ഥിതി അറിയുന്നതിനുള്ള സിറ്റിസൺ പോർട്ടലിന്റെ  പഴയ വേർഷൻ മൊബൈൽ ഫ്രണ്ട്‌ലി ആയിരുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സ്മാർട്ട് ഡിവൈസുകളിൽ കൂടി സിറ്റിസൺ പോർട്ടൽ യൂസർ ഫ്രണ്ട്‌ലി ആക്കണമെന്ന് പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനോട് (NIC) ആവശ്യപ്പെടുകയും തൽഫലമായി പുതിയ വേർഷൻ നിലവിൽ വന്നപ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളതുമാണ്.

<u>പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള എംപ്ലോയ്മെന്റ് സെൽ</u>

3 (3) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം പരിശോധിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി പൊതുഭരണ വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന എംപ്ലോയ്മെന്റ് സെൽ-ബി നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവുപ്രകാരമാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത സെൽ ഏത് സാഹചര്യത്തിലാണ് നിർത്തലാക്കിയതെന്നും നിർത്തലാക്കിയതുമൂലം സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സെൽ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി &സി) ബാധകമല്ല.

<u>സർക്കാർ ഓഫീസുകളിലെ ഫയൽ തീർപ്പാക്കൽ</u>

4 (4) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥരുമായി മുഖ്യമന്ത്രി ചർച്ചചെയ്യുകയും മന്ത്രിസഭ ഇക്കാര്യങ്ങൾ പരിഗണിക്കുകയും ചെയ്തിരുന്നു. ഫയലുകൾ തീർപ്പാക്കുന്നതിന് 2022 ജൂൺ 15 മുതൽ സെപ്തംബർ 30 വരെ നീണ്ടുനിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിന് എല്ലാ വകുപ്പുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി 04-06-2022-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## സർക്കാർ സേവനങ്ങൾക്കുള്ള കാലതാമസം

5 (5) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് ലഭിക്കേണ്ട വിവിധ സർക്കാർ സേവനങ്ങളിൽ നിലവിലുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ മൂലം കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ലഘൂകരിക്കുന്നതിനും ജനങ്ങളുടെ സേവകൻ എന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലയിൽ വിവിധ സർക്കാർ ഓഫീസുകൾ മുഖേന ലഭിക്കേണ്ട സേവനങ്ങൾ ആവശ്യമുള്ളവർക്ക് ജീവനക്കാർ വീടുകളിലെത്തി നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/ സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും തീരുമാനിച്ചുകൊണ്ട് 13-08-2021-ലെ ജി.ഒ. (എം.എസ്.) നം.19/2021/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും

അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസ് സന്ദർശിക്കാതെതന്നെ ജനങ്ങളിലേയ്ക്ക് സേവനങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും സർക്കാർ സേവനങ്ങൾക്കായി ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കി സേവനം ലഭ്യമാക്കുന്നതിനും ചില വകുപ്പുകളുടെ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റെസിഡൻസ് സർട്ടിഫിക്കറ്റ്, മൈനോറിറ്റി സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്, one and the same certificate, ബന്ധുത്വ സർട്ടിഫിക്കറ്റ്, കുടുംബ അംഗത്വ സർട്ടിഫിക്കറ്റ്, ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മിശ്രവിവാഹ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ് - ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ആഭ്യന്തര വകുപ്പ് അറ്റസ്റ്റേഷൻ എന്നീ 12 ഇനം സേവനങ്ങൾ ലഘൂകരിക്കുന്നതിനും പൗരന്മാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികളുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും 07-10-2021-ലെ

GO(P)No.1/2021/PIE&MD സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനാവശ്യകാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാനും സമയബന്ധിതമായി സേവനങ്ങൾ ആവശ്യക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി കാരണങ്ങൾ വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250/- രൂപ നിരക്കിൽ അതിന്റെ ആകെ തുക 5000/- രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500/- രൂപയിൽ കുറയാത്തതും 5000/- രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ, മതിയായ കാരണമില്ലാതെ ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ചവരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കുമെതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.

<u>കെ-റെയിൽ പദ്ധതി</u>

6 (6) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കെ-റെയിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നാലുമണിക്കൂറിൽ സഞ്ചാരം സാധ്യമാക്കുന്ന അർദ്ധ അതിവേഗ ഇരട്ട റെയിൽപാതയാണ് സിൽവർ ലൈൻ. മണിക്കൂറിൽ 200 കിലോമീറ്റർ പരമാവധി വേഗത്തിൽ

സഞ്ചരിക്കുന്ന ഈ പാതയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഐ.റ്റി പാർക്ക്, മെട്രോ, എയർപോർട്ട് എന്നിവിടങ്ങളിൽ കൂടിയും സിൽവർ ലൈൻ കണക്ടിവിറ്റി ഉണ്ടാകും. പുത്തൻ പൊതുഗതാഗത സൗകര്യങ്ങൾ സൃഷ്ടിച്ച് സംസ്ഥാനത്തെ നിലവിലുള്ള റെയിൽവേ സ്റ്റേഷനുകൾ ഉപയോഗിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടും. റോ-റോ സർവ്വീസ് ഫെസിലിറ്റിയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ചരക്കുനീക്കത്തിലുണ്ടാകുന്ന മാറ്റവും കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. പ്രസ്തുത സർവ്വീസ് വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും. ഇത് സംസ്ഥാനത്തെ രൂക്ഷമായ ഗതാഗതത്തിരക്ക് മാത്രമല്ല ദിനംപ്രതി വർദ്ധിക്കുന്ന റോഡപകടങ്ങളും കുറയ്ക്കും. പ്രതിദിനം തുടക്കത്തിൽ 79,930 യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലെ വികസനത്തിനുപരി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ഇത് ആക്കം കൂട്ടും. സാമൂഹിക നേട്ടങ്ങൾ കൂടി കണക്കിലെടുത്തുള്ള പദ്ധതിയുടെ സാമ്പത്തിക വരുമാന നിരക്ക് (EIRR) 24.04 ശതമാനമാണ്. തുടക്കത്തിൽ 29

ട്രെയിനുകളാണ് സർവ്വീസ് നടത്തുക. 25 ടൺ ആക്സിൽ ലോഡിൽ രൂപകൽപന ചെയ്തിരിക്കുന്ന ഈ പാതയ്ക്ക് പാസഞ്ചർ ട്രെയിനുകളെയും ഗുഡ്സ് ട്രെയിനുകളെയും വഹിക്കുവാൻ ശേഷിയുണ്ടാകും. 74 ശതമാനം ഭൂപ്രതലത്തിലൂടെയും 26 ശതമാനം ആകാശപാത അല്ലെങ്കിൽ തുരങ്കപാതയായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നൂറു ശതമാനം ഹരിതോർജ്ജമാണ് ഈ പദ്ധതിക്കായി ഉപയോഗിക്കുന്നത്.

(ബി) പദ്ധതിക്കായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്നും ഇത് എപ്രകാരം കണ്ടെത്തുമെന്നും വ്യക്തമാക്കുമോ?

വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ഇതിൽ തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്കുപുറമെ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരുന്നത്. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുന്നത്. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,265 കോടി രൂപ ഹഡ്കോ, കിഫ്ബി,

ഐ.ആർ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് സമാഹരിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർ ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസനമാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും; എന്തിനാണ് തുക ചെലവാക്കിയത് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ?

സിൽവർ ലൈൻ പദ്ധതിയുടെ നിക്ഷേപ പൂർവ്വ പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുന്നതിനുള്ള തത്വത്തിലുള്ള അനുമതി റെയിൽവേ ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ വായ്പാസ്വരൂപണവുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ പദ്ധതി കേന്ദ്ര സാമ്പത്തികകാര്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മന്ത്രാലയത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എന്തിനാണ് തുക ചെലവാക്കിയത് എന്നുമുള്ള വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) പദ്ധതിക്കായി കുടിയൊഴിപ്പിക്കേണ്ടി വരുന്നവരുടെ എണ്ണം, ഏറ്റെടുക്കേണ്ട സ്ഥലവിസ്തൃതി, പുനരധിവാസത്തിന് ചെലവഴിക്കേണ്ട തുക എന്നിവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

സാമൂഹികാഘാതപഠനം പൂർത്തിയായതിനുശേഷം മാത്രമെ കുടിയൊഴിപ്പിക്കേണ്ടി വരുന്നവരുടെ എണ്ണം ലഭിക്കുകയുള്ളൂ. ഡി.പി.ആർ. പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലവിസ്തൃതി 1383 ഹെക്ടറാണ്. പുനരധിവാസത്തിനുള്ള പദ്ധതി പൂർത്തിയായാൽ മാത്രമെ കൃത്യമായ തുകയുടെ വിവരം ലഭിക്കുകയുള്ളൂ.

ഒറ്റപ്പാലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

7 (7) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവൃത്തികളുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ഔദ്യോഗിക വാഹനങ്ങൾക്കുള്ള ബഡ്ജറ്റ് തുക

8 (8) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർ, ഉദ്യോഗസ്ഥർ, ഗവർണർ എന്നിവർക്കായി എത്ര ഔദ്യോഗിക വാഹനങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അനുവദിച്ച തുകയിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം ഇനി ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിന് ആരെല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് പി.എസ്.സി. ഓഫീസിന് സ്വന്തം കെട്ടിടം

9 (9) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പി.എസ്.സി. ഓഫീസിന് ഭൂമി ലഭ്യമായിട്ടും സ്വന്തം കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസിന് ആധുനിക കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കെട്ടിടം നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം 30 വർഷത്തെ പാട്ടത്തിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

## സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവനം

10 (10) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ പ്രത്യേകിച്ച് സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ പലപ്പോഴും തകരാറിലാകുന്നതുമൂലം സേവനം ലഭ്യമാക്കാൻ വലിയ കാലതാമസവും തടസ്സങ്ങളുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളൊരുക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാന സർക്കാർ ഓഫീസുകളിലെ ഓൺലൈൻ സേവന സൗകര്യങ്ങൾ നിലവിൽ മികച്ച രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ സോഫ്റ്റ്‌വെയർ, സെർവർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വേളയിലും ഹാർഡ്‌വെയർ തകരാർ ഉണ്ടാകുന്ന സന്ദർഭങ്ങളിലും ചിലപ്പോൾ വളരെ ചെറിയ സമയത്തേയ്ക്ക് തടസങ്ങളുണ്ടായേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ അവ കഴിയുന്നതും വേഗം പരിഹരിക്കുവാനും പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ കാലവിളംബം കൂടാതെ ലഭ്യമാക്കുവാനും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട വിധത്തിലുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനായി

സോഫ്റ്റ്‌വെയറുകളും ഹാർഡ്‌വെയറുകളും ആവശ്യാനുസരണം സമയബന്ധിതമായി നവീകരിച്ചുവരുന്നു.

<u>സൂപ്പർ ന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ നിയമനാംഗീകാരം</u>

11 (11) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ സൂപ്പർന്യൂമററിയായി സർക്കാർ നിയമനം ലഭിച്ചത് എത്ര ഭിന്നശേഷിക്കാർക്കാണെന്ന് അറിയിക്കാമോ?

16-08-1999 മുതൽ 31-12-2003 വരെ കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷിക്കാർക്ക് 18-05-2013-ലെ സ.ഉ.(അച്ചടി) നം. 40/13/സാ.നീ.വ. പ്രകാരം സൃഷ്ടിച്ച സൂപ്പർ ന്യൂമററി തസ്തികകളിൽ ഉൾപ്പെടുത്തി 2677 ഭിന്നശേഷിക്കാർക്ക് സൂപ്പർ ന്യൂമററിയായി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇവരുടെ നിയമനം ഇതേവരെ സ്ഥിരീകരിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

18-05-2013-ലെ സ.ഉ.(പി) നം.40/13/സാ.നീ.വ. പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചാണ് നിയമനം നൽകുന്നതിന് ഉത്തരവായിരുന്നത്. പ്രസ്തുത നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ഇതുമൂലം അർഹമായ ശമ്പള ആനുകൂല്യമോ പ്രൊമോഷനോ ഇവർക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് നിയമനാംഗീകാരം വൈകുന്നതെന്ന് അറിയിക്കാമോ?

03-02-2016-ലെ സ.ഉ.(പി) നം. 1/2016/സാ.നീ.വ. പ്രകാരം സൂപ്പർന്യൂമററി തസ്തികകളിൽ പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ സർവീസ് ആനുകൂല്യങ്ങൾ സ്പഷ്ടീകരിച്ചിട്ടുണ്ട്. 18-05-2013-ലെ സ.ഉ. (പി) നം. 40/13/സാ.നീ.വ. പ്രകാരം നിയമിതരായവർക്ക് സ്ഥിര ജീവനക്കാരെപ്പോലെ സീനിയോറിറ്റി, പ്രൊബേഷൻ പൂർത്തീകരണം, സ്ഥാനക്കയറ്റം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. ഈ ഉത്തരവുപ്രകാരം ടി ജീവനക്കാർ സർവ്വീസിൽനിന്നും വിരമിക്കുന്ന മുറയ്ക്ക് ഇവർക്കായി സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തിക ഇല്ലാതാകുന്ന തരത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്.

(ഡി) അടിയന്തരമായി നിയമനാംഗീകാരം നൽകുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഇത്തരം ജീവനക്കാർക്ക് 03-02-2016-ലെ സ.ഉ. (പി) നം. 01/16/സാ.നീ.വ. പ്രകാരമുള്ള ആനുകൂല്യങ്ങളല്ലാതെ പുതുതായി ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## മിശ്രവിവാഹ ദമ്പതികളുടെ സ്ഥലം മാറ്റം സംബന്ധിച്ച്

12 (12) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരായ മിശ്രവിവാഹ ദമ്പതികൾക്ക് സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമടങ്ങുന്ന 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവിലെ ഖണ്ഡിക 11-ൽ പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പ്രകാരമുള്ള സ്ഥലംമാറ്റം അതത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങളിൽ മിശ്രവിവാഹിതരെ പതിനാലാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)+

## സർവീസ് ചട്ടം ലംഘിച്ച് പുസ്തകരചന

13 (13) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസ് ചട്ടം ലംഘിച്ച് പുസ്തകം എഴുതിയതിന് വിജിലൻസ് മുൻ ഡയറക്ടർ ജേക്കബ് തോമസിനെതിരെ ക്രിമിനൽ കേസും വകുപ്പുതല നടപടികളും സർക്കാർ സ്വീകരിച്ചിരുന്നോ; ഇതുസംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ ചട്ടങ്ങളുടെയും വകുപ്പുകളുടെയും അടിസ്ഥാനത്തിലാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൻപ്രകാരം എന്തൊക്കെ കുറ്റങ്ങളാണ് മുൻ വിജിലൻസ് ഡയറക്ടർ ചെയ്തതായി കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ&ബി) സ്വീകരിച്ചിരുന്നു. 1966-ലെ Police-Forces (Restriction of Rights) Act-ലെ Section 3-ന്റെ ലംഘനം നടന്നതായി കണ്ടതിനാൽ ടി നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള ക്രിമിനൽ നടപടിയും 1968-ലെ All India Service (Conduct) Rules-ന് വിരുദ്ധമായി പ്രവർത്തിച്ചുവെന്ന് കണ്ടതിനാൽ 1969-ലെ All India Service (Discipline & Appeal) Rules-ലെ Rule 8 പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയുമാണ് മുൻ വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസ് IPS-നെതിരെ ആരംഭിച്ചിട്ടുള്ളത്.

(സി) സമാന സ്വഭാവമുള്ള മറ്റൊരു രചനയായ 'അശ്വത്ഥാമാവ് വെറും

ഒരു ആന'യുടെ രചയിതാവും നിലവിലെ കായിക യുവജനക്ഷേമ സെക്രട്ടറിയുമായ എം. ശിവശങ്കറിനെതിരെ സർക്കാർ ഏതെങ്കിലും ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) പുസ്തക രചനയുമായി ബന്ധപ്പെട്ട് എം. ശിവശങ്കർ ഏതെങ്കിലും തരത്തിലുള്ള മുൻകൂർ അനുമതി സർക്കാരിൽനിന്നും നേടിയിരുന്നോ; ഇല്ലെങ്കിൽ ടിയാൾക്കെതിരായി നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ജേക്കബ് തോമസിനെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് അടിസ്ഥാനമാക്കിയിരുന്ന ചട്ടങ്ങൾ എം. ശിവശങ്കറിന്റെ കാര്യത്തിൽ ബാധകമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ രണ്ടു കേസുകളും കൈകാര്യം ചെയ്യുന്നതിലുണ്ടായ വൈരുദ്ധ്യം ഇല്ലാതാക്കുന്നതിന് സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി&ഇ) പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് എം. ശിവശങ്കർ സർക്കാരിൽനിന്നും മുൻകൂർ അനുമതി നേടിയിരുന്നില്ല. All India Service (Conduct) Rules-ന്റെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി

സ്വീകരിക്കുന്നതാണ്. രണ്ട് ഉദ്യോഗസ്ഥരുടെ കാര്യത്തിലും 1968-ലെ All India Service (Conduct) Rules-ലെ വ്യവസ്ഥകളാണ് ബാധകം.

മുഖ്യമന്ത്രിയുടെ ദുബായ് സന്ദർശനം

14 (14) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രി എത്ര തവണ ദുബായ് സന്ദർശിച്ചിട്ടുണ്ട്; ഓരോ യാത്രയുടെയും ഉദ്ദേശ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2016 മുതൽ നാളിതുവരെ മുഖ്യമന്ത്രി അഞ്ചുതവണ ദുബായ് സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത സന്ദർശനങ്ങളെല്ലാം തന്നെ ഔദ്യോഗികമായിരുന്നു.

(ബി) ഓരോ ദുബായ് സന്ദർശനത്തിലും മുഖ്യമന്ത്രി പങ്കെടുത്ത പരിപാടികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

2016 ഡിസംബർ മാസത്തിൽ യു.എ.ഇ. സന്ദർശിച്ച മുഖ്യമന്ത്രി

ഷാർജയിലെ ഇന്ത്യൻ സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്യുകയും യു.എ.ഇ.-യിലെ വിവിധ പ്രവാസി കേരളീയ സംഘടനകൾ സംഘടിപ്പിച്ച യോഗങ്ങളിൽ പങ്കെടുക്കുകയും പ്രവാസി മലയാളികളുമായി സംവദിക്കുകയും ചെയ്തു. 2018-ലെ പ്രളയ കെടുതികളിൽനിന്നും സംസ്ഥാന പുനർനിർമ്മാണം സാധ്യമാക്കുന്നതിനായി പ്രവാസി കേരളീയരുടെ സാമ്പത്തിക-സാങ്കേതിക സഹകരണം അഭ്യർത്ഥിക്കുന്നതിന് 2018 ഒക്ടോബർ മാസത്തെ യു.എ.ഇ. സന്ദർശനം സഹായകമായി.

2019 ഫെബ്രുവരിയിൽ ദുബായിൽ നടന്ന ലോക കേരള സഭയുടെ പ്രാദേശിക സമ്മേളനത്തിൽ മുഖ്യമന്ത്രി പങ്കെടുത്തിരുന്നു. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ പ്രവാസി സംരംഭകർക്ക് പരിചയപ്പെടുത്തുന്നതിനായി ഇന്ത്യൻ ബിസിനസ് ആൻഡ് പ്രൊഫഷണൽ കൗൺസിൽ 2019 ഒക്ടോബറിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യമന്ത്രി പങ്കെടുത്തു.

2022 ഫെബ്രുവരിയിലെ ദുബായ് സന്ദർശന വേളയിൽ യു.എ.ഇ. വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം, ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം, യു.എ.ഇ.

ഉപപ്രധാനമന്ത്രിയും ധനമന്ത്രിയും ദുബായ് ഉപഭരണാധികാരിയുമായ ഷെയ്ഖ് മഖ്തൂം ബിൻ മുഹമ്മദ് റാഷിദ് അൽ മഖ്തൂം, ദുബായ് സിവിൽ ഏവിയേഷൻ പ്രസിഡന്റുമായ ഷെയ്ഖ് അഹമ്മദ് ബിൻ സഈദ് അൽ മഖ്തൂം തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ദുബായിൽ നടന്ന വേൾഡ് എക്സ്പോ 2020-ലെ കേരള പവലിയൻ ഉദ്ഘാടന ചടങ്ങിൽ അബുദാബി രാജകുടുംബാംഗവും യു.എ.ഇ. ക്യാബിനറ്റ് മന്ത്രിയുമായ ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, യു.എ.ഇ. അന്താരാഷ്ട്ര വ്യാപാര വകുപ്പുമന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സിയൂദി എന്നിവരും മറ്റ് പ്രധാന വ്യക്തിത്വങ്ങളും പങ്കെടുത്തു. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടി വിദേശ നിക്ഷേപകരെ ഉൾപ്പെടെ എത്തിക്കുന്നതിനായി ദുബായിലെ ഒബ്റോയി ഹോട്ടലിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ രാജ്യാന്തര വ്യവസായികളുമായി മുഖ്യമന്ത്രി സംവദിക്കുകയുണ്ടായി. യു.എ.ഇ. സർക്കാർ/സ്വകാര്യ മേഖലകളിൽനിന്ന് നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് സ്വാഗതം ചെയ്യാനും മെച്ചപ്പെട്ട വ്യവസായ സൗഹൃദാന്തരീക്ഷമൊരുക്കുന്ന കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ മുൻകയ്യെടുക്കുന്നതിനുമായി അബുദാബി രാജകുടുംബാംഗവും യു.എ.ഇ. ക്യാബിനറ്റ് മന്ത്രിയുമായ ഷെയ്ഖ് നഹ്യാൻ

ബിൻ മുബാറക് അൽ നഹ്യാനുമായി ചർച്ച നടത്തുകയുണ്ടായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായി സംസ്ഥാന സർക്കാർ നടത്തിയ പ്രധാന ഇടപെടലുകൾ, ലഭ്യമായ നിക്ഷേപ അവസരങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ഇന്ത്യൻ ബിസിനസ് ആൻഡ് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിച്ച യോഗത്തിലും പങ്കെടുക്കുകയുണ്ടായി. വാണിജ്യ വ്യവസായ രംഗത്തെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അബുദാബി ചേംബറിന്റെ ഉന്നതതല സംഘം കേരളം സന്ദർശിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. 2022 ഫെബ്രുവരി 5-ന് ദുബായിലെ പ്രവാസി സംഘടനകളും ലോക കേരള സഭാ അംഗങ്ങളും നോർക്കയും ചേർന്ന് ദുബായിലെ അൽ നാസ്സർ ലിഷർ ലാൻഡിൽ വച്ച് മുഖ്യമന്ത്രിക്ക് സ്വീകരണവും പ്രവാസി സംഗമവും എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തതും മുഖ്യമന്ത്രി ആയിരുന്നു. 2022 ഫെബ്രുവരി 4-ന് വേൾഡ് എക്സ്പോ 2020-ലെ കേരള പവലിയന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി.

(സി) 2016-ലെ ദുബായ് യാത്രയുടെ സമയത്ത് മുഖ്യമന്ത്രി എടുക്കാൻ മറന്ന ബാഗേജ് പിന്നീട് യു.എ.ഇ. കോൺസുലേറ്റിലെ നയതന്ത്ര

പ്രതിനിധിയുടെ കൈവശം ദുബായിൽ എത്തിച്ച് നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ ബാഗേജ് എടുക്കാൻ മറന്നിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത ബാഗേജിൽ കറൻസി കടത്തിയെന്ന സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ വെളിപ്പെടുത്തൽ വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ?

ചോദ്യം ഉദിക്കുന്നില്ല.

പദ്ധതികൾ നടപ്പാക്കാനുള്ള കാലതാമസം

15 (15) ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രകടന പത്രികയിൽ ഉറപ്പ് നൽകിയിരുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ വിവേചനം കൊണ്ടും ചില ശക്തികളുടെ ഇടപെടൽ കൊണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ പ്രകടന പത്രികയിൽ ഉറപ്പുനൽകിയിരുന്ന പദ്ധതികൾ

കൃത്യമായ ആസൂത്രണത്തിലൂടെയും സമയബന്ധിതമായും നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും യഥാസമയത്ത് സ്വീകരിച്ച് ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. ജനങ്ങളുടെ ഉന്നമനത്തിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ തന്നെയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ആദ്യപടിയായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു നൂറുദിന പദ്ധതികളാണ് പ്രഖ്യാപിച്ച് പൂർത്തീകരിച്ചിട്ടുള്ളത്. ആരുടേയും വിവേചനം കൊണ്ടും ചില ശക്തികളുടെ ഇടപെടൽ കൊണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നത് ഒഴിവാക്കാനുള്ള നടപടികൾ ഇതുവരെയും കൃത്യമായി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ കേന്ദ്ര ഭരണസഖ്യ അനുകൂലകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സമാന രീതിയിലുള്ള ബൃഹത് പദ്ധതികൾ അനുവദിച്ചത് പരിശോധിച്ചിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ മൊത്തവികസനത്തിനുതകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള ലക്ഷ്യം വിജയകരമായി ഈ സർക്കാർ പൂർത്തീകരിച്ചുവരികയാണ്. കേന്ദ്ര ഭരണസഖ്യ അനുകൂലകക്ഷികൾ

ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സമാനരീതിയിലുള്ള ബൃഹത് പദ്ധതികൾ അനുവദിച്ചത് ഈ സംസ്ഥാനത്തിന് ഗുണകരമാണെങ്കിൽ അത് യഥാസമയം അനുവദിച്ച് കിട്ടുന്നതിന് കേന്ദ്രസർക്കാരിൽ വേണ്ട രീതിയിൽ സമ്മർദ്ദം ചെലുത്തി ഫലപ്രദമായ രീതിയിൽ നേടിയെടുക്കുന്നതിനുള്ള നയമാണ് സർക്കാർ സ്വീകരിച്ചുപോരുന്നത്.

(സി) ഇത്തരത്തിൽ രാഷ്ട്രീയ വ്യത്യാസത്തിന്റെ പേരിൽ ജനോപകാരപ്രദമായ സിൽവർ ലൈൻ പോലുള്ള പദ്ധതികൾക്ക് ചിലർ തടസ്സം നിൽക്കുന്നതിനെതിരെയും ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഏത് പ്രതിസന്ധിയെ അതിജീവിച്ചും പൂർത്തീകരിക്കുന്നതിനായും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഈ സർക്കാർ ജനങ്ങളുടെ ഉന്നമനത്തിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള പദ്ധതികൾ തന്നെയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ജനോപകാരപ്രദമായ വൻകിട പദ്ധതികൾ നടപ്പിലാക്കി ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഏത് പ്രതിസന്ധിയെ അതിജീവിച്ചും പൂർത്തീകരിക്കുന്നതിൽ സർക്കാർ ഒട്ടും പിന്നോട്ടുപോയിട്ടില്ല. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി സമയക്രമത്തിൽ

നടപ്പിലാക്കിയതുതന്നെ ഏറ്റവും വലിയ ഉദാഹരണം. രാഷ്ട്രീയ വ്യത്യാസത്തിന്റെ പേരിൽ ജനോപകാരപ്രദമായ സിൽവർ ലൈൻ പോലുള്ള പദ്ധതികൾക്ക് ചിലർ തടസ്സം നിൽക്കുന്നതിനെ അവബോധന ക്ലാസ്സുകളിലൂടെയും ജനങ്ങളിലേയ്ക്ക് നേരിട്ടിറങ്ങി ഭാവിതലമുറയ്ക്ക് ഉണ്ടാക്കാൻ പോകുന്ന ഗുണഫലങ്ങൾ മനസ്സിലാക്കികൊടുത്തതുമാണ് സർക്കാർ നേരിട്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ഈ കാര്യത്തിൽ ജനങ്ങളിൽ നല്ല രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചു. കൂടാതെ, എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് പ്രഖ്യാപിച്ചതും ലഭിക്കാൻ പോകുന്നതുമായ എല്ലാ പുരോഗമന പദ്ധതികളും ആസൂത്രണത്തോടെയും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി

16 (16) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിൽക്കുന്ന വീടിന്റെ ഭിത്തി ഇടിഞ്ഞ് അപകടകരമായ അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപകടകരമായ പ്രസ്തുത സ്ഥലത്ത് അടുത്ത

മഴയ്ക്കുമുമ്പ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. ക്രിസ്തുദാസ് എന്നയാളുടെ വീടിന്റെ ഭിത്തിയിൽ വിള്ളലുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലവും പഴക്കം ചെന്ന ഷീറ്റിട്ട വീടും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വടക്കുവശത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും ടിയാളുടെ വസ്തുവിന് സമാന്തരമായി നിന്നിരുന്നതുമായ 25 സെന്റ് സ്ഥലത്ത് 2017-ൽ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ പോലീസ് സ്റ്റേഷൻ നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി ഏകദേശം 8 അടിയോളം താഴ്ചയിൽ മണ്ണ് നീക്കം ചെയ്തതിന്റെ ഫലമായിട്ടാണ് വീടിന് വിള്ളലുകൾ സംഭവിച്ചത്. വീടിന് സംരക്ഷണഭിത്തി നിർമ്മിച്ച് നൽകണമെന്ന മാറനല്ലൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം 16-10-2021-ൽ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് മാറനല്ലൂർ പഞ്ചായത്ത് സെക്രട്ടറി കത്ത് മുഖേന കൈമാറിയിരുന്നു. തുടർന്ന് കേരളാ പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിക്കുകയും

ചെറുകിട മരാമത്ത് പ്രവൃത്തികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ഉക്രെയിനിലെ വിദ്യാർത്ഥികളുടെ തുടർപഠനം

17 (17) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉക്രെയിനിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന് ചേർന്നിട്ടുള്ള മലയാളി വിദ്യാർത്ഥികളുടെ തുടർപഠനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉക്രൈനിൽനിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്രസർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പി.എസ്.സി. വഴിയുള്ള നിയമനം

18 (18) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2022 ജൂൺ വരെ എത്ര ഉദ്യോഗാർത്ഥികൾക്ക്

പി.എസ്.സി. വഴി നിയമന ശിപാർശ നൽകിയിട്ടുണ്ട്; സംസ്ഥാന, ജില്ല തലത്തിൽ എത്ര നിയമനങ്ങൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2022 ജൂൺ വരെ 1,85,792 (ഒരു ലക്ഷത്തി എൺപത്തിയയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന സംസ്ഥാന, ജില്ലാതലത്തിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## ഇടുക്കി പാക്കേജ്

19 (19) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ സമഗ്ര മേഖലകളിലുമുള്ള വികസനം ഉറപ്പ് വരുത്തുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇടുക്കി ജില്ലയുടെ സാമൂഹിക-സാമ്പത്തിക വികസന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാന

സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇടുക്കി പാക്കേജിനായി 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 22-01-2021-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ 18-03-2022, 19-03-2022 എന്നീ തീയതികളിൽ സംസ്ഥാന ആസൂത്രണ ബോർഡിലെ മെമ്പർ (കൃഷി വിഭാഗം), ചീഫ് (കൃഷി വിഭാഗം) എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സമഗ്രയോഗം ചേരുകയുണ്ടായി. ഇതുസംബന്ധിച്ച് ഇടുക്കി ജില്ലാകളക്ടർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിക്കുകയും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരികയുമാണ്. ജില്ലാ വികസന കമ്മീഷണറുടെ നേതൃത്വത്തിൽ ഇടുക്കി പാക്കേജിന്റെ സുഗമമായ നിർവ്വഹണത്തിന് ഒരു പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് രൂപീകരിക്കുന്നതിന് ചർച്ചകൾ

പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2022 ജൂലൈ മാസത്തോടെ പാക്കേജിന്റെ ഈ വർഷത്തെ പരിപാടിക്ക് അന്തിമരൂപം നൽകാനാകും.

(ബി) എത്ര രൂപയുടെ പാക്കേജാണ് ഇതുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിരുന്നത്; നാളിതുവരെ എത്ര രൂപ അനുവദിച്ചെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഇടുക്കി പാക്കേജിനായി പ്രഖ്യാപിച്ച തുക ഘട്ടംഘട്ടമായി വരും സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകളിലൂടെയാണ് ചെലവഴിക്കുന്നത്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമെ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23-ൽ 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>കോന്നി നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ</u>

20 (20) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം ആരംഭിച്ചവയുടെയും മറ്റുള്ളവയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) കോന്നി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വയനാട് പാക്കേജ് തുടർനടപടികൾ

21 (21) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ 7000 കോടി രൂപയുടെ വയനാട് പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ട് ഇതേവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വയനാട് ജില്ലയുടെ സാമൂഹിക-സാമ്പത്തിക വികസന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവയെ സംയോജിപ്പിച്ചാണ് സംസ്ഥാന സർക്കാർ പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പാക്കേജിന്റെ തുടർ പ്രവർത്തനങ്ങൾക്കായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് 22-11-2021-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചിട്ടുള്ളതാണ്. പാക്കേജിനായി പ്രഖ്യാപിച്ച തുക ഘട്ടംഘട്ടമായി വരും സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകളിലൂടെ ചെലവഴിക്കും. 2021-22 സാമ്പത്തിക വർഷത്തിൽ ഈ പാക്കേജിനായി പ്രത്യേക ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമെ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ ഏറ്റെടുക്കുന്നതിന് 2022-23 ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിൽ അഭിമുഖീകരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

നിലവിൽ പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് 26-04-2022-ന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുമായി സമഗ്രയോഗം ചേരുകയുണ്ടായി. കൂടാതെ വയനാട് ജില്ലാകളക്ടർ സമർപ്പിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിക്കുകയും മുൻഗണനാക്രമം നിശ്ചയിച്ചിട്ടുള്ളതും പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരികയുമാണ്.

മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

22 (22) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മാവേലിക്കര മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധം ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

23 (23) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പദ്ധതികളും ഏത് ഘട്ടത്തിലാണ്; എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്; ടെണ്ടർ നടപടികളിൽ ഇരിക്കുന്നവയെത്ര എന്നിവ സംബന്ധിച്ച് വിശദാംശം നൽകാമോ;

(സി) മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുക എത്രയാണ്; വിശദാംശം നൽകാമോ;

(ഡി) റീബിൽഡ് കേരള പദ്ധതിയിൽ അനുവദിച്ചതും എന്നാൽ

നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-ഡി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

വയ്യാറ്റുപുഴ-പോതീപ്പാട് റോഡ് വികസന പദ്ധതി

24 (24) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട വയ്യാറ്റുപുഴ-പോതീപ്പാട് റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി പുറപ്പെടുവിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ വിശദമായ പദ്ധതി രേഖ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്.

(സി) പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) വയ്യാറ്റുപുഴ-പോതീപ്പാട് റോഡ് പുനർനിർമ്മാണം റീബിൽഡ് കേരളയ്ക്കുകീഴിൽ ഏറ്റെടുക്കേണ്ടതുണ്ടോയെന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

<u>കോങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

25 (25) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

(എ-സി) കോങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.+

## കോന്നി നിയോജകമണ്ഡലത്തിലെ പുനർനിർമ്മാണ പദ്ധതികൾ

26 (26) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട കോന്നി നിയോജകമണ്ഡലത്തിലെ സീതക്കുഴി-ഗുരുനാഗപ്പൻമണ്ണ്, കൊല്ലംമുക്ക്-പറയൻകോട്-മണ്ണാറ്റിൽപ്പടി, കുന്നിട-വട്ടംകുന്നിൽ എന്നീ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

സീതക്കുഴി-ഗുരുനാഗപ്പൻമണ്ണ്, കൊല്ലംമുക്ക്-പറയൻകോട്-മണ്ണാറ്റിൽപ്പടി, കുന്നിട-വട്ടംകുന്നിൽ എന്നീ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ/ ഡാറ്റ കളക്ഷൻ നടത്തുന്നതിന് തദ്ദേശസ്വയംഭരണ-പി.എം.യു.-വിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ജോലികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഈ റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല.

## നെന്മാറ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

27 (27) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെന്മാറ മണ്ഡലത്തിലെ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇവ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നെന്മാറ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതികൾ

28 (28) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണെന്നും ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങളും അവയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു.+

## സുസ്ഥിര വികസനം

29 (29) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ പിന്നിലാക്കി നീതി ആയോഗിന്റെ വിലയിരുത്തൽ പ്രകാരം സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ തുടർച്ചയായി മൂന്നാം തവണയും സംസ്ഥാനത്തെ ഒന്നാം സ്ഥാനത്തെത്തിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ലഭ്യമാകുന്ന വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും സുസ്ഥിര വികസനം സാധ്യമാക്കി എല്ലാവരിലേയ്ക്കും വികസനത്തിന്റെ ഗുണഫലങ്ങളെത്തിയെന്ന് ഉറപ്പാക്കുന്നതിന് സർക്കാർ അതീവ ശ്രദ്ധ പുലർത്തുന്നുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യാഥാർത്ഥ്യമാക്കുന്നതിൽ നിലവിലുള്ള വിഭവങ്ങളുടെ പോരായ്മ പരിഹരിച്ച് വിടവുകൾ നികത്തി ലക്ഷ്യമിട്ട വികസനം സമ്പൂർണ്ണമായി കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നവകേരളം കർമ്മ പദ്ധതി പോലുള്ള നിരവധി പരിപാടികൾ നടപ്പിലാക്കിവരുന്നു.

ആർദ്രം (ആരോഗ്യം), ലൈഫ് (ഭവനം), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (വിദ്യാഭ്യാസം), ഹരിതകേരളം (ശുചിത്വം, ജലം, കൃഷി എന്നിവ ഉൾപ്പെടുന്ന) എന്നീ നാല് മിഷനുകളിലൂടെ 6 പ്രധാന സാമൂഹിക മേഖലകളിലെ പ്രശ്നങ്ങൾ നവകേരളം കർമ്മ പദ്ധതി (NKKP) അഭിസംബോധന ചെയ്യുന്നു. നാല് മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങളുടെയും സംയോജനത്തിലും ഏകോപനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് നവകേരളം കർമ്മപദ്ധതിയുടെ രണ്ടാംഘട്ടവും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

നീതി ആയോഗിന്റെ 2021-ൽ പ്രസിദ്ധീകരിച്ച Multidimensional Poverty Index പ്രകാരം കേരളത്തിലെ ദരിദ്രരുടെ എണ്ണം 0.71 ശതമാനമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കി. കൂടാതെ,

ഹരിതകേരളം മിഷനിലൂടെ തരിശുനിലങ്ങൾ പരമാവധി കൃഷിക്ക് ഉപയുക്തമാക്കി ഭക്ഷ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് മികച്ച ആദായം ലഭ്യമാക്കുന്നതിനും കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി ഗോൾ-2 (No Poverty) കൈവരിക്കുന്നതിൽ പുരോഗതി (Front Runner Category) നേടാനായിട്ടുണ്ട്.

നീതി ആയോഗിന്റെ 2020-21-ൽ പ്രസിദ്ധീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സൂചികയിൽ 3-ാം വർഷവും കേരളം 1-ാം സ്ഥാനം നിലനിർത്തി. ആകെയുള്ള 17 ഗോളുകളിൽ ഗോൾ 7 (clean and affordable energy) ഗോൾ 2 (Zero Hunger) Goal 4 (Quality Education) എന്നിവയിൽ യഥാക്രമം 100, 80, 80 എന്നീ സ്കോറുകൾ നേടി ഈ മൂന്നുഗോളുകളിൽ സംസ്ഥാനം പ്രഥമസ്ഥാനം കൈവരിക്കുകയുണ്ടായി. ഇതിൽ 100 സ്കോർ നേടിയ ഗോൾ 7-ൽ കേരളം 'Achiever' എന്ന വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ മേഖലയിൽ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 'ഊർജ്ജ കേരള മിഷൻ' എന്ന ദൗത്യത്തിൽ ഉൾപ്പെടുത്തി വിജയകരമായി നടപ്പിലാക്കിയ പദ്ധതികളാണ് സൗര, നിലാവ്, transgrid, e-safe

തുടങ്ങിയവ. ഇതിലൂടെ വൈദ്യുത മേഖലയിലെ സമഗ്ര വികസനം സാധ്യമാക്കിയതിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്. വൈദ്യുത-ഊർജ്ജമേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനും ജനങ്ങൾക്ക് ലോക നിലവാരത്തിലുള്ള സേവനം ഉറപ്പുവരുത്താനും ഈ പദ്ധതികളാൽ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്.

ഗോൾ 2 (Zero Hunger) എന്ന ലക്ഷ്യം കൈവരിക്കുവാൻ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിച്ച് പ്രതിസന്ധി മറികടക്കാൻ കേരള സർക്കാർ 'സുഭിക്ഷ കേരളം' എന്ന പരിപാടി നടപ്പിലാക്കിയതിലൂടെ അവശ്യ ഭക്ഷ്യവിളകൾ വർദ്ധിപ്പിച്ച് തരിശു നിലങ്ങൾ പരമാവധി കൃഷി ഉപയുക്തമാക്കി കർഷകർക്ക് മികച്ച ആദായം ഉറപ്പാക്കാൻ സാധിച്ചു. പ്രതിസന്ധി ഘട്ടത്തിൽ ഒറ്റപ്പെട്ടു പോയ മനുഷ്യർക്ക് സമൂഹ അടുക്കളയിലൂടെ ഭക്ഷണം എത്തിച്ചുനൽകിയത് സർക്കാരിന്റെ കൃത്യമായ ഇടപെടലുകളിലൂടെയാണ്. ഇതിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും ഈ ഗോളിൽ 1-ാം സ്ഥാനം നേടാനും സാധിച്ചു.

ഗോൾ 4 (Quality Education) എന്ന ലക്ഷ്യം നേടുന്നതിന് സംസ്ഥാന സർക്കാർ നവകേരളം കർമ്മ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' സഹായകരമായിട്ടുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി 'വിദ്യാകിരണം' എന്ന് പുനർനാമകരണം ചെയ്ത് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ പ്രവൃത്തി പഥത്തിലാണ്. KIIFB-യുടെ സാമ്പത്തിക സഹായത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. പഠന നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന 10-ാം ക്ലാസ് കുട്ടികൾക്കായി 'ശ്രദ്ധ' എന്ന പദ്ധതിയും ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'സുരിലീ ഹിന്ദി, 'ഗണിത വിജയം' എന്നീ പദ്ധതികൾ നടപ്പിലാക്കിയതും ഈ ഗോളിൽ 1-ാം സ്ഥാനം നേടാൻ സഹായകരമായിട്ടുണ്ട്.

Goal 1 (No Poverty), Goal 5 (Gender Equality) Goal 13 (Climate Action) എന്നീ ഗോളുകളിൽ യഥാക്രമം 83,63,69 എന്നീ സ്കോറുകൾ നേടി പ്രസ്തുത ഗോളുകളിൽ 2-ാം സ്ഥാനം നേടി.

നീതി ആയോഗിന്റെ Multidimensional Poverty Index Report പ്രകാരം രാജ്യത്തെ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം സംസ്ഥാനത്തിനാണുള്ളത്. ആയത് 0.71 ശതമാനനിരക്കാണ്. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങളുടെയും തൊഴിലുറപ്പ് പദ്ധതിയിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞതും ഗോൾ 1-ൽ നേട്ടം കൈവരിക്കാൻ കാരണമായിട്ടുണ്ട്.

സുസ്ഥിര വികസന സൂചികയിൽ ഗോൾ 5 (ലിംഗസമത്വം) എന്ന മേഖലയിൽ കേരളം ഒരുപാട് മുന്നോട്ട് പോവുകയും 2-ാം സ്ഥാനം കൈവരിക്കുകയും ചെയ്തു. രാജ്യത്ത് Transgender policy ആദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. Transgender Community-യുടെ പങ്കാളിത്തവും ഉന്നമനവും ഉറപ്പാക്കുന്നതിനുള്ള 'മഴവില്ല്' എന്ന പദ്ധതി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വിദൂര വിദ്യാഭ്യാസത്തിലൂടെ Degree/PG/Diploma Course-കൾ പഠിക്കുന്ന Transgender വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന 'വർണ്ണം' എന്ന പദ്ധതിയും നടപ്പിലാക്കി. ലിംഗ വ്യത്യാസം നികത്താൻ ഉതകുന്ന തരത്തിലുള്ള സ്കൂളുകളിലെ 'Gender Neutral Uniform' എന്ന ആശയവും കേരളം വിവിധ സ്കൂളുകളിൽ നടപ്പിലാക്കി ലിംഗസമത്വം ഉറപ്പാക്കാനും

ഈ മേഖലയിൽ നേട്ടം കൈവരിക്കാനുമായത് ഗോൾ-5 ൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാനായിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കേരളത്തെ സംബന്ധിച്ച് വെല്ലുവിളികൾ നിറഞ്ഞതാണ്. ഇവ ലഘൂകരിക്കുവാൻ സംസ്ഥാന സർക്കാർ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നഗര, അർദ്ധ നഗര പ്രദേശങ്ങളിൽ പച്ചപ്പ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി 'മിയാവാക്കി' വനങ്ങൾ വച്ചുപിടിപ്പിച്ചു വരുന്നു. കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി ചെറുക്കുന്നതിന് സംസ്ഥാനത്ത് ഹരിത ഇടങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ഹരിതകേരളം മിഷന്റെ പദ്ധതിയായ 'പച്ചത്തുരുത്ത് ' നടപ്പിലാക്കിയിട്ടുണ്ട്. ദുരന്ത നിവാരണത്തിനും ദുരന്ത സാധ്യത കുറയ്ക്കുന്നതിനുമായി യുവാക്കളുടെ സന്നദ്ധ സേന ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സംയോജനത്തിലൂടെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുകയും നിർവ്വഹണ പുരോഗതി മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, മന്ത്രിമാർ, സെക്രട്ടറിമാർ തുടങ്ങിയവരുടെ തലങ്ങളിൽ അവലോകനം നടത്തി പോരായ്മകൾ

പരിഹരിച്ചും മുന്നോട്ട് പോകുന്നതിലൂടെയാണ് സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ പുരോഗതി കൈവരിക്കാൻ സാധിച്ചത്.

(ബി) നീതി ആയോഗ് 2021-ലെ ആരോഗ്യ സൂചികയിൽ കേരളം മികച്ച പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണെന്ന് അറിയിക്കാമോ?

ഉണ്ട്. ആരോഗ്യമേഖലയിലെ തെരെഞ്ഞെടുത്ത 23 സൂചികകളിൽ സംസ്ഥാനങ്ങളിലെ നില വിലയിരുത്തിയാണ് നീതി ആയോഗ് ഹെൽത്ത് ഇൻഡക്സ് തയ്യാറാക്കി വരുന്നത്. തുടർച്ചയായി നാലാം തവണയും ഇതിൽ കേരളം ഒന്നാമതായി.

നീതി ആയോഗിന്റെ 2021-ലെ ആരോഗ്യ സൂചികയിൽ കേരളം മികച്ച പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ മേഖലയിലെ പ്രകടനം അടിസ്ഥാനമാക്കിയുള്ള നീതി ആയോഗിന്റെ സൂചികയിൽ തുടർച്ചയായ നാലാം തവണയും കേരളത്തിന് ഒന്നാം സ്ഥാനം നിലനിർത്താനായത് കേരളത്തിന്റെ പൊതുജനാരോഗ്യ പരിപാലന രംഗത്തിന്റെ അഭിമാനകരമായ മികവ് തന്നെയാണ്. നീതി ആയോഗ്

പുറത്തിറക്കിയ നാലാമത്തെ ആരോഗ്യ സൂചിക പ്രകാരം വലിയ സംസ്ഥാനങ്ങളിൽ മൊത്തത്തിലുള്ള ആരോഗ്യ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 82.90 എന്ന സംയോജിത സ്കോറോടെ കേരളം ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനം നിലനിർത്തി. Health outcome, Governance & Information, Key inputs & processes എന്നിങ്ങനെ മൂന്ന് വിഭാഗത്തിലായി 24 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കോർ നിശ്ചയിച്ചത്. മൊത്തത്തിലുള്ള 24 സൂചകങ്ങളിൽ 13 സൂചകങ്ങളിലും കേരളം ഫ്രണ്ട്റണ്ണറാണ്. ജനന സമയത്തുള്ള ആയുർദൈർഘ്യം, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനസംഖ്യയിൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും അനുപാതം തുടങ്ങിയ സൂചകങ്ങളുടെ കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. അഞ്ചു വയസിനുതാഴെയുള്ള ശിശു മരണങ്ങളുടെ കാര്യത്തിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പം ലക്ഷ്യം കൈവരിച്ചതായി നീതി ആയോഗ് വിലയിരുത്തുന്നു. ശിശുമരണനിരക്ക്, മാതൃമരണനിരക്ക് തുടങ്ങിയ വിവിധ സൂചകങ്ങളിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങൾ ചൂണ്ടിക്കാണിക്കുന്നത് വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തെ ആരോഗ്യ സംവിധാനത്തിന്റെ കാര്യക്ഷമതയെയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (പി.എച്ച്.സി.)

കുടുംബാരോഗ്യ കേന്ദ്രങ്ങളായി (എഫ്.എച്ച്.സി.) മാറ്റുവാൻ ലക്ഷ്യമിട്ട് ആരംഭിച്ച നവകേരള പദ്ധതിയുടെ കീഴിലുള്ള നാല് ദൗത്യങ്ങളിലൊന്നാണ് ആർദ്രം മിഷൻ. അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തി സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കാനുള്ള സംസ്ഥാന സർക്കാർ ശ്രമമാണ് ആർദ്രം മിഷൻ. മെഡിക്കൽ കോളേജ്, ജില്ല താലൂക്ക് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാകുക, പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്കും ദരിദ്രർക്കും ലഭ്യമാകുന്ന ഉയർന്ന നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകുന്നതിലും ആർദ്രം മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ശക്തമായ ഒരു പൊതുജനാരോഗ്യ സംരക്ഷണം വാർത്തെടുക്കുന്നതിൽ ആർദ്രം മിഷൻ വലിയൊരു പങ്ക് വഹിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചാണ് നടപ്പിലാക്കി വരുന്നത്.

(സി) നാഷണൽ മൾട്ടി ഡയമൻഷണൽ പോവർട്ടി സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിലെ ബേസ് ലൈൻ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നാഷണൽ മൾട്ടി ഡൈമെൻഷണൽ പോവർട്ടി സംബന്ധിച്ച് വിവിധ

സംസ്ഥാനങ്ങളിലെ ബേസ് ലൈൻ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്.

ദാരിദ്ര്യത്തിന്റെ വിഭിന്ന അവസ്ഥകൾ അളക്കുക, പ്രധാന മേഖലകൾ കണ്ടെത്തി അതിന്റെ ഓരോ ഘടകങ്ങളെയും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ നീതി ആയോഗ് പ്രസിദ്ധീകരിച്ച റിപ്പോർട്ടാണ് മൾട്ടിഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് (എം.പി.ഐ.) ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നിങ്ങനെ മൂന്ന് പ്രധാന മേഖലകളെ അടിസ്ഥാനമാക്കിയാണ് ഇൻഡക്സ് തയാറാക്കിയിരിക്കുന്നത്. ഇതിൽ തന്നെ പോഷകാഹാരം, ശിശുക്കളുടെയും കൗമാരക്കാരുടെയും മരണനിരക്ക്, ഗർഭകാല പരിചരണം, സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ ഹാജർ, പാചക ഇന്ധനം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ഭവനം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ എന്നീ വിവിധ മാനങ്ങളിലുള്ള 12 സൂചകങ്ങളാണ് എം.പി.ഐ. ഇൻഡക്സിന് അടിസ്ഥാനം.

ഈ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിലെ ജനസംഖ്യയുടെ 25.01 ശതമാനം പേരും ദാരിദ്ര്യത്തിലാണ്. ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യയുടെ ഏകദേശം 32.75 ശതമാനം പേരും നഗരപ്രദേശങ്ങളിലെ ജനസംഖ്യയുടെ 8.81 ശതമാനം പേരും ഇതിലുൾപ്പെടും. ദാരിദ്ര്യത്തിന്റെ തോത് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ജനസംഖ്യയുടെ 0.71 ശതമാനം മാത്രമാണ്

കേരളത്തിൽ ദരിദ്രരായിട്ടുള്ളത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, എം.പി.ഐ. പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെയാണ് ദാരിദ്ര്യത്തിന്റെ അനുപാതം. ഈ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഏറ്റവും കുറവ് ദരിദ്രരുടെ നിരക്ക് രേഖപ്പെടുത്തിയ ആദ്യ 5 ജില്ലകൾ കോട്ടയം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളാണ്. ഇന്ത്യയിൽ തന്നെ ദരിദ്രരില്ലാത്ത ഏക ജില്ല കോട്ടയമാണ്. ഗോവ (3.76 ശതമാനം), സിക്കിം (3.82 ശതമാനം), തമിഴ്നാട് (4.89 ശതമാനം), പഞ്ചാബ് (5.59 ശതമാനം), ഹിമാചൽ പ്രദേശ് (7.62 ശതമാനം), മിസോറാം (9.80 ശതമാനം) എന്നിവയാണ് ദരിദ്രരായ ജനസംഖ്യയുടെ കുറഞ്ഞ ശതമാനം രേഖപ്പെടുത്തിയ മറ്റ് സംസ്ഥാനങ്ങൾ. കേരളത്തിലെ ജില്ലകളിൽ ഏറ്റവും കൂടുതൽ ദരിദ്രരുടെ നിരക്ക് വയനാട്ടിലാണ് (3.48 ശതമാനം). അത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ തൊട്ടടുത്ത സ്ഥാനത്തുള്ള ഗോവ (3.71 ശതമാനം) യെക്കാൾ കുറവുമാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഈ റിപ്പോർട്ട് പ്രകാരം ദരിദ്രരായ 51.91 ശതമാനം ജനസംഖ്യയുള്ള ബിഹാർ ഏറ്റവും ഉയർന്ന ദാരിദ്ര്യ അനുപാതം രേഖപ്പെടുത്തുന്നു. ജാർഖണ്ഡ് (42.16 ശതമാനം), ഉത്തർപ്രദേശ് (37.79 ശതമാനം) എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. അതുപോലെ ബേസ്

ലൈൻ റിപ്പോർട്ട് ആഴത്തിൽ പരിശോധിച്ചപ്പോൾ ബീഹാർ, ജാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിലാണ് പാചക ഇന്ധനത്തിന്റെ ദൗർലഭ്യം ഏറ്റവും കൂടുതലുള്ളതെന്ന് കാണുന്നു. മണിപ്പൂർ, അരുണാചൽ പ്രദേശ്, ആസാം, ത്രിപുര എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവും കൂടുതൽ ഭവനരഹിതരുള്ളത്. ബീഹാറിലാണ് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവുള്ളവരുള്ളത്. മാതൃ ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം ഇല്ലാത്ത ജനസംഖ്യയുടെ അനുപാതം, സ്കൂൾ ഹാജർ, പാചക ഇന്ധനവും വൈദ്യുതിയുമില്ലാത്ത ജനസംഖ്യയുടെ ശതമാനം എന്നിവ കണക്കിലെടുക്കുമ്പോഴും ബീഹാറാണ് ഏറ്റവും മോശം പ്രകടനം കാഴ്ചവയ്ക്കുന്നത്. കുട്ടികളുടെയും കൗമാരക്കാരുടെയും മരണനിരക്ക് ഏറ്റവും ഉയർന്ന് നിൽക്കുന്നത് ഉത്തർപ്രദേശിലാണ്. ശുചിത്വത്തിന്റെ കാര്യത്തിൽ ജാർഖണ്ഡ് ഏറ്റവും പിറകിലാണ്. എല്ലാ സൂചികകളിലും കേരളത്തിന്റെ പ്രകടനം തികച്ചും അഭിനന്ദനാർഹമാണ്. അങ്ങനെ ഈ സൂചകങ്ങളിലെ ഓരോ സംസ്ഥാനത്തിന്റെയും പ്രകടനത്തെ വിലയിരുത്തുകയും വിവിധ തലങ്ങളിൽ ദാരിദ്ര്യത്തെ അടയാളപ്പെടുത്തി അതിനൊരു പരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് വിരൽ ചൂണ്ടുന്നത്.

(ഡി) കേരളത്തിലെ മൾട്ടിഡൈമൻഷണൽ പോവർട്ടി രാജ്യത്തെ

ഏറ്റവും കുറഞ്ഞ ശതമാനത്തിൽ എത്തിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നാഷണൽ മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് അനുസരിച്ച് ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ജനസംഖ്യയുടെ 0.71 ശതമാനം മാത്രമാണ് കേരളത്തിൽ ദരിദ്രരായിട്ടുള്ളത്. ദാരിദ്ര്യത്തിന്റെ ഒരു അളവുകോൽ എന്ന നിലയിൽ കുടുംബങ്ങൾ ഒരേസമയം അഭിമുഖീകരിക്കുന്ന വിവിധ തലത്തിലുള്ള ദാരിദ്ര്യാവസ്ഥയാണ് നീതി ആയോഗ് കണക്കിലെടുത്തത്. ഈ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ തന്നെ ദരിദ്രരില്ലാത്ത ഏക ജില്ല കോട്ടയമാണ്. കൂടാതെ, ശിശുമരണ നിരക്ക്, പോഷകാഹാര ദൗർലഭ്യം എന്നീ സൂചകങ്ങളിൽ കേരളത്തിന്റെ കണക്ക് അനുകൂലമാണ്. സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുന്ന സംസ്ഥാനങ്ങളിലും കേരളമാണ് മുന്നിലുള്ളത്. രാജ്യത്ത് ഏറ്റവും കുറച്ച് ശുചിത്വ പ്രശ്നങ്ങൾ നേരിടുന്ന സംസ്ഥാനവും കേരളമാണ്. അങ്ങനെ നോക്കുമ്പോൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

സർക്കാരിന്റെ കൃത്യമായ ഇടപെടലുകളും ജനക്ഷേമകരമായ പദ്ധതികളും മൂലമാണ് കേരളത്തിന് ഇത്തരം നേട്ടം കൈവരിക്കാനായത്.

സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ഇവർക്കുള്ള വിവിധതരം ധനസഹായങ്ങൾ, സാമൂഹ്യക്ഷേമ പെൻഷനുകൾ എന്നിവ നിശ്ചിത സമയത്ത് വിതരണം ചെയ്യുന്നതിൽ സർക്കാർ അതീവ ശ്രദ്ധ പുലർത്തിവരുന്നു. അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന വലിയൊരു വിഭാഗം ആളുകൾക്ക് സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്ന വികസന സമീപനമാണ് കേരളത്തിലുള്ളത്. ഇത്തരം കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടി കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സംയോജനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ വിജയം റിപ്പോർട്ടിൽ പ്രതിഫലിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ സർക്കാരിന് വ്യക്തമായ ലക്ഷ്യങ്ങളും പദ്ധതികളുമുണ്ട്. ഒരു പ്രതിസന്ധി ഘട്ടത്തിലും ആരും പട്ടിണി കിടക്കരുതെന്ന ഉദ്ദേശത്തോടുകൂടി സാമൂഹ്യ അടുക്കളയിലൂടെ സൗജന്യമായി ഭക്ഷണമെത്തിച്ച് നൽകിയത് സർക്കാരിന്റെ മേൽനോട്ടത്തിലായിരുന്നു. തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ വിഭാഗം, പ്ലാന്റേഷൻ തൊഴിലാളികൾ, ആദിവാസികൾ എന്നിവർക്കും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി. തൊഴിലുറപ്പ് പദ്ധതി ഉറപ്പുവരുത്തുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണവും

കുടുംബശ്രീ യൂണിറ്റുകളുടെ, ഗുണഭോക്താക്കളുടെ എണ്ണവും വർഷന്തോറും കൂടി വരുന്നു. ഇതെല്ലാം ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള സർക്കാരിന്റെ നയവും പ്രവർത്തനവുമാണ് കാണിക്കുന്നത്. ഇതൊക്കെ തന്നെയാണ് ഈ റിപ്പോർട്ടിൽ മികച്ച സ്ഥാനത്തെത്താൻ കേരളത്തെ പ്രാപ്തമാക്കിയത്. ആരോഗ്യ രംഗത്ത് പൊതു ലക്ഷ്യങ്ങൾ നേടുന്നതിനായി നിരവധി പദ്ധതികൾ നടത്തിവരുന്നു. ഹെൽത്തി ലൈഫ് ക്യാമ്പയിൻ, ആർദ്രം മിഷൻ, രോഗനിർമ്മാർജ്ജന പ്രവത്തനങ്ങൾ എന്നിവ ഫലപ്രദമായി നടത്തുന്നു. ആരോഗ്യ രംഗത്തെ ഈ പദ്ധതി പ്രവർത്തനങ്ങളും കേരളത്തിന്റെ മികച്ച പ്രകടനത്തിന് കാരണമാണ്. സംസ്ഥാനത്തെ ഭൂരഹിതർക്കും ഭവനരഹിതർക്കും വേണ്ടിയുള്ള ഒരു സമഗ്ര ഭവന പദ്ധതി ലൈഫ് മിഷൻ വിഭാവനം ചെയ്യുന്നു. കേരള സർക്കാരിന്റെ ഈ ദൗത്യവും ബേസ് ലൈൻ റിപ്പോർട്ടിലെ ഈ മികച്ച പ്രകടനത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് തുടർച്ചയായ മികവ് അവകാശപ്പെടാവുന്ന സംസ്ഥാനമാണ് കേരളം. പൊതു വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾ സർക്കാർ സ്കൂളുകളിൽ അധികമായി ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ പ്രതിഫലിക്കുന്നു. അതും ഈ റിപ്പോർട്ടിൽ മികച്ച നേട്ടം കൈവരിക്കാനുള്ള ഒരു മാനദണ്ഡമാണ്.

എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കുടിവെള്ള സ്രോതസ്സിന്റെ ശേഷി, ലഭ്യത, ഉപഭോക്താക്കളുടെ എണ്ണം, ജലവിതരണ ക്ഷമത, പൈപ്പ്, ടാങ്ക്, ടാപ്പുകൾ, ജല ഗുണനിലവാരം, ശുദ്ധീകരണ സംവിധാനത്തിന്റെ കാര്യക്ഷമത എന്നിവ കൃത്യമായി വിലയിരുത്തിയുള്ള പ്രവർത്തനമാണ് നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട സൂചകങ്ങളിലെല്ലാം കേരളം മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. നൂറ് ശതമാനം വൈദ്യുതവത്കരണമാണ് കേരളത്തിന്റെ മറ്റൊരു പ്രത്യേകത. മികച്ച പ്രവർത്തനങ്ങളിലൂടെ രാജ്യത്ത് A റേറ്റിംഗ് ലഭിച്ച ഇലക്ട്രിസിറ്റി യൂട്ടിലിറ്റിയായി മാറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഊർജ്ജ കേരള മിഷനും അതുമായി ബന്ധപ്പെട്ട പദ്ധതികളും ഈ നേട്ടത്തിന് പിന്നിലെ ചാലക ശക്തികളാണ്. സമ്പൂർണ ശുചിത്വം എന്ന ലക്ഷ്യത്തോടുകൂടി വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കാനുള്ള രീതികൾ ചെയ്തുവരുന്നു. വിവിധ മേഖലകളിൽ സർക്കാരിന്റെ കൃത്യവും സമഗ്രവുമായ പ്രവർത്തന മികവാണ് ബേസ് ലൈൻ റിപ്പോർട്ടിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചത്. മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സിന്റെ എല്ലാ സൂചകങ്ങളിലും മികച്ച

പ്രവർത്തനം കാഴ്ചവയ്ക്കാനും അതുവഴി കേരളത്തിലെ ദരിദ്രരുടെ എണ്ണം രാജ്യത്തെ ഏറ്റവും കുറഞ്ഞ ശതമാനത്തിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട്.

## കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ നിയമനം

30 (30) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും നിലവിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണവും നിലവിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമന രീതി എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള കൗൺസിൽ ചട്ടപ്രകാരം സയന്റിഫിക് തസ്തികകളിലേയ്ക്കുള്ള നിയമനം പത്രപരസ്യം മുഖേനയാണ് നടത്തുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്നിക്കൽ/അഡ്മിനിസ്ട്രേറ്റീവ് കാറ്റഗറിയിലേയ്ക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സാങ്കേതിക വിഭാഗത്തിലുള്ള ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ തീരുമാനിച്ചു. ആയതിന്റെ ആദ്യഘട്ടമായി 1996-ലെ The Kerala Public Service Commission (Additional Functions as Respects Certain Societies) Act (1996-ലെ 5-ാം ആക്ട്) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനും അനുബന്ധ സ്ഥാപനങ്ങൾക്കും കൂടി ബാധകമാക്കുന്നതിനായി പ്രസ്തുത ആക്ടിലെ 2-ാം വകുപ്പ് (ബി) ഖണ്ഡപ്രകാരം 'ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അനുബന്ധസ്ഥാപനങ്ങളും' പ്രസ്തുത ആക്ടിനുകീഴിൽ വരുന്ന സംഘം (Society) ആണെന്ന ഒരു പ്രഖ്യാപനം ഗസറ്റ് വിജ്ഞാപനമായി

09-10-2020-ലെ ഉത്തരവ് (പി)നം.1/2020/ശാ.സാ.വ. പ്രകാരം പുറപ്പെടുവിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായും ഗവേഷണ വികസന സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് 1998-ലെ The Kerala Public Service Commission (Consultation by Committee of Co-operative Societies) Rules-ന് സമാനമായ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർബൺ ന്യൂട്രൽ പദ്ധതി

31 (31) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള കർമ്മ പദ്ധതിയുടെ ഭാഗമായി 10-11-2021-ലെ ജി.ഒ.(ആർ.റ്റി.) 81/2021/ഇ.എൻ.വി.റ്റി. ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശാനുസരണം കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ ഏതെല്ലാം വകുപ്പുകൾ സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ?

കാർബൺ ബഹിർഗമനം കുറക്കുന്നതിനുള്ള കർമ്മപദ്ധതി സംബന്ധിച്ച

നിർദ്ദേശങ്ങൾ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ ഏജൻസികളും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റും സമർപ്പിച്ചിട്ടുണ്ട്.

## തീരദേശ പരിപാലന പ്ലാൻ

32 (32) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2019-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി നൽകിയ തീരദേശ പരിപാലന പ്ലാൻ സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) കോസ്റ്റൽ റെഗുലേഷൻ സോൺ സംബന്ധിച്ച് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം ഇളവുകളാണ് കേന്ദ്ര മന്ത്രാലയം അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2019-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രീ ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം നാഗരിക സ്വാഭവമുള്ളവയും 2011 സെൻസെസ് പ്രകാരം നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമായ .175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ III-ൽനിന്നും CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുമതി നൽകണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കേരളത്തിന്റെ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II ആയി തരം മാറ്റുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണെന്ന് 01-04-2022-ലെ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഉറപ്പ് നൽകിയിട്ടുണ്ട്.

പൊക്കാളിപ്പാടങ്ങളിൽ വേലിയേറ്റരേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 26-11-2021-ലെ SO നമ്പർ 4886(E) നമ്പരായി ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭേദഗതിപ്രകാരം 1991-നുമുൻപ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ

വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കായൽത്തുരുത്തുകളുടെയും ദ്വീപുകളുടെയും എണ്ണത്തിനെ സംബന്ധിച്ചുണ്ടായിരുന്ന അവ്യക്തതയ്ക്കും കേന്ദ്ര മന്ത്രാലയത്തിൽനിന്നും വ്യക്തത ലഭിച്ചിട്ടുണ്ട്.

സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിൽ സ്ഥിതി ചെയ്യുന്ന കണ്ടൽകാടുകളുടെ വിസ്തൃതി 1000 ചതുരശ്ര മീറ്ററിൽ കൂടുതലാണെങ്കിൽ അതിനുചുറ്റും 50 മീറ്റർ ബഫർ സോൺ ആവശ്യമില്ലെന്നും വ്യക്തത വരുത്തിയിട്ടുണ്ട്. ഈ 50 മീറ്ററിന് ചുറ്റുമുള്ള ബഫർ സോൺ വികസന നിരോധിത മേഖലയായിരിക്കും.

സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട മറ്റ് ഇളവുകൾ കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

## തീരദേശ പരിപാലന പ്ലാൻ

33 (33) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന

വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന സർക്കാർ രൂപീകരിച്ച മൂന്നംഗ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെയും തീരദേശ പരിപാലന അതോറിറ്റിയുടെ യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിലുള്ള ആവശ്യമായ ഭേദഗതികൾ കരട് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തുടർന്ന്, കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റെയ്നബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി, ചെന്നൈ-യ്ക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാൻ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി

പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെ നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ആയത് അംഗീകരിക്കുന്നമുറയ്ക്ക് ഇളവുകൾ സംസ്ഥാനത്ത് നിലവിൽ വരും.

കെ.എ.എസ്. സ്കീം I-ൽ വയസ്സിളവ്

34 (34) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ൽ ഉൾപ്പെടാത്ത വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് സ്കീം II-ൽ അവസരം ലഭിക്കാത്തത് പരിഗണിച്ച് പ്രസ്തുത ഉദ്യോഗസ്ഥർക്ക് സ്കീം I-ൽ അപേക്ഷിക്കാനുള്ള വയസ്സ് പൊതുവിഭാഗത്തിന് നാൽപ്പത്തിയഞ്ചും സംവരണ വിഭാഗങ്ങൾക്ക് നാല്പത്തിയെട്ടുമായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) പരിഗണനയിലില്ല.

പാലക്കാട് ജില്ലയിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

35 (35) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിലെ എത്ര പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളിൽ പി.എസ്.സി. നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി 134 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്ത് ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് കണ്ടെത്തുന്ന മുറയ്ക്കാണ് അതാത് വകുപ്പുകൾക്ക് തസ്തിക സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന മുറയ്ക്കായിരിക്കും തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

## കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

36 (36) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ (കാറ്റഗറി നമ്പർ 475/2020) ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കൃഷി ഓഫീസർ (കാറ്റഗറി നമ്പർ 475/2020) തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) നിലവിൽ കൃഷി ഓഫീസർ തസ്തികയുടെ എത്ര ഒഴിവുകളാണ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

269 പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 310 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

37 (37) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ

വകുപ്പുകളിൽ പി.എസ്.സി. നിയമനം നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വകുപ്പടിസ്ഥാനത്തിലുള്ള വിവരങ്ങൾ അറിയിക്കാമോ;

(ബി) പുതുതായി വിവിധ വകുപ്പുകളിലേയ്ക്ക് പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഭിന്നശേഷി വിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കിയിട്ടില്ല. 2016 മുതൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് RPWD Act 2016 പ്രകാരമുള്ള പ്രത്യേക പരിഗണന നൽകുന്നുണ്ട്. 18-11-2016-ലെ G.O.(P) No. 18/18/SJD നമ്പർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പടെയുള്ള എയ്ഡഡ് സ്ഥാപനങ്ങളിൽ നിയമനങ്ങൾക്ക് 4 ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ്

സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിയമനം നടക്കാത്ത പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

38 (38) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളിൽ ആർക്കും നിയമനം നൽകാത്ത റാങ്ക് ലിസ്റ്റുകളുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റിന്റെ പേര്, വകുപ്പ്, ലിസ്റ്റ് നിലവിൽ വന്ന തീയതി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽപ്പെട്ട തസ്തികയ്ക്ക് എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്; റാങ്ക് ലിസ്റ്റ് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) മൂന്ന് വർഷം കഴിഞ്ഞ എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ നിർദ്ദേശപ്രകാരം നീട്ടിയിട്ടുണ്ട്; എത്ര പ്രാവശ്യം നീട്ടി; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ കാലാവധി നീട്ടുന്നതിനുമുമ്പ് എത്ര നിയമനങ്ങൾ നടന്നു; കാലാവധി നീട്ടിയതിനുശേഷം എത്ര നിയമനങ്ങൾ നടന്നു; റാങ്ക് ലിസ്റ്റ്

തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ജോലി സമയത്തെ പ്രകടനം

39 (39) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്ക് പിന്തുണ അറിയിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് ജീവനക്കാർ ജോലി സമയത്ത് പ്രകടനം നടത്തിയത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ബി) സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് മുഖേന ഹാജർ രേഖപ്പെടുത്തിയ ശേഷം പുറത്തുപോയി പ്രകടനം നടത്തുന്നതിന് ജീവനക്കാർക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇപ്രകാരം പുറത്തുപോയവർ പഞ്ച് ചെയ്തശേഷമാണോ ഓഫീസ് വിട്ടുപോയിട്ടുള്ളത്; എങ്കിൽ വിശദാംശം നൽകുമോ;

(സി) അനുമതി കൂടാതെയാണ് ഇപ്രകാരം പ്രകടനം നടത്തിയതെങ്കിൽ പ്രസ്തുത ജീവനക്കാർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) സർക്കാർ ജീവനക്കാരുടെ സംഘടനകൾക്ക് പ്രകടനം

നടത്തുന്നതിന് പുതിയ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കാനുള്ള അനുമതി

40 (40) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് പുസ്തകം എഴുതി പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള സർക്കാർ ജീവനക്കാർക്ക് സാഹിത്യ രചനയുമായി ബന്ധപ്പെട്ട പ്രവർത്തിയിൽ ഏർപ്പെടുവാൻ കഴിയുന്നത്. പ്രസ്തുത ചട്ടത്തിലെ 48, 62, 63 എന്നീ ചട്ടങ്ങളാണ് ഇക്കാര്യത്തിൽ പ്രസക്തമായിട്ടുള്ളത്. ചട്ടം 63-ലെ വ്യവസ്ഥ പ്രകാരം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന രേഖയുടെ പകർപ്പോ അല്ലെങ്കിൽ അതിന്റെ കരടോ അല്ലെങ്കിൽ പൊതുവായി പ്രകടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ആശയത്തിന്റെ ഒരു പകർപ്പോ, കരടോ സർക്കാരിന് സമർപ്പിക്കേണ്ടതും അതിനുശേഷം സർക്കാർ പാസ്സാക്കിയേക്കാവുന്ന അങ്ങനെയുള്ള

ഉത്തരവുകൾക്കനുസൃതമായി സർക്കാർ ജീവനക്കാരൻ പ്രവർത്തിക്കേണ്ടതുമാണ്. ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി പുസ്തകം എഴുതി പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; അനുമതി ലഭിക്കാതെയാണ് പുസ്തകം പ്രസിദ്ധീകരിച്ചതെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ ബാധകമല്ല.

<u>പൊതുമേഖല സ്ഥാപനങ്ങളിൽ പി.എസ്.സി നിയമനം</u>

41 (41) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളിൽ നിയമനങ്ങൾ ഇനിയും പി.എസ്.സി.-ക്ക് വിടാനുള്ളവയുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ; സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് തയ്യാറാകുമെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന ചട്ടം രൂപീകരിക്കുന്ന നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 'ടാസ്ക് ഫോഴ്സ് ' എന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. നിയമനചട്ട രൂപീകരണത്തിനായി സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ പ്രക്രിയ സംബന്ധിച്ച നടപടിക്രമങ്ങൾ അതത് സ്ഥാപനങ്ങളുടെ ഭരണ വകുപ്പുകളിൽ പുരോഗമിച്ചുവരുന്നു. നിയമനചട്ടം രൂപീകരിക്കേണ്ട 17 സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അവയുടെ നിയമനം പി.എസ്.സി. മുഖേനയാകുന്നതാണ്.

(സി) സ്പെഷ്യൽ റൂൾ തയ്യാറാകുന്നത് വരെയുള്ള നിയമനങ്ങൾ ഇപ്പോൾ ഏതടിസ്ഥാനത്തിലാണ് നടത്തുന്നത്; കരാർ, താല്കാലിക, ദിവസ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അതത് സ്ഥാപനം പിന്തുടരുന്ന ചട്ടമനുസരിച്ചാണ് നിയമനം നടത്തുന്നത്.

(ഡി) ഇങ്ങനെയുള്ള നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടുണ്ടോ; നാളിതുവരെ വിവിധ സ്ഥാപനങ്ങളിൽ എത്ര തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയെന്നും അവരെ സ്ഥിരപ്പെടുത്തിയോയെന്നും വിശദീകരിക്കാമോ;

(ഇ) ഇത്തരം നിയമനങ്ങളിൽ പിന്നാക്ക, എസ്.സി./എസ്.ടി. സംവരണം കൃത്യമായി പാലിച്ചിട്ടുണ്ടോ; ഓരോ വിഭാഗത്തിനും എത്ര ശതമാനമാണ് നിയമനം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

(ഡി&ഇ) മിക്ക സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് കരാർ, താല്ക്കാലിക, ദിവസ വേതന നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നത് സംവരണ തത്വം പാലിച്ചുകൊണ്ടുതന്നെയാണ്.

<u>വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ</u>

42 (42) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉൾപ്പെടെ വിവിധ വകുപ്പുകളിൽ ജോലിഭാരം അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുവാനും അധിക തസ്തിക കണ്ടെത്തി ജീവനക്കാരെ പുനർവിന്യസിക്കാനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും ഗവൺമെന്റ് സെക്രട്ടറിമാർ അദ്ധ്യക്ഷനായുള്ള സമിതി പഠനം നടത്തി അധിക തസ്തികകൾ കണ്ടെത്താൻ ചീഫ് സെക്രട്ടറി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇപ്രകാരം സെക്രട്ടറിതല സമിതികൾ കണ്ടെത്തുന്ന അധിക തസ്തികകൾ പുനക്രമീകരിക്കുന്നതിനുമുമ്പ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താനും അവരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് തുടർനടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ?

(എ&ബി) ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തിക കണ്ടെത്തുന്നതിനുമായി വകുപ്പുതല സമിതികൾ രൂപീകരിക്കുന്നതിന് 23-03-2022-ലെ സ.ഉ.(കൈ) നം.2/2022/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഇതുവരെ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ കൂടുതലായി തസ്തികകൾ അനുവദിക്കണമെന്ന് ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ പുതിയ ചില തസ്തികകൾ കൂടി അനുവദിക്കണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സ്റ്റേഷനറി വകുപ്പുമായി ബന്ധപ്പെട്ട വർക്ക്സ്റ്റഡി റിപ്പോർട്ടിലെ ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

(ഇ) സ്റ്റേഷനറി വകുപ്പിലെ മേഖലാ ഓഫീസുകൾ നിർത്തലാക്കാനും തസ്തികകൾ വെട്ടിക്കുറയ്ക്കാനും വകുപ്പുസെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെയും മിനിട്സിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ഇല്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശപ്രകാരം വകുപ്പ് സെക്രട്ടറി ചെയർമാനായി പ്രത്യേക സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവേഷണ ബിരുദം നേടിയവരുടെ അന്തർ വകുപ്പ് സ്ഥലംമാറ്റം

43 (43) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ പിഎച്ച്.ഡി. ബിരുദം കരസ്ഥമാക്കിയിട്ടുള്ളവർക്ക് യോഗ്യതയ്ക്കനുസരിച്ച് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഗവേഷണ ബിരുദം പൂർത്തിയാക്കിയവർ സർക്കാർ വകുപ്പുകളിൽ അവർക്ക് അനുയോജ്യമല്ലാത്ത സേവനം അനുഷ്ഠിക്കുന്നത് ഒഴിവാക്കാൻ അവരവർക്ക് ഉതകുന്ന രീതിയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകുന്നത് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇവർക്ക് ഹയർ സെക്കണ്ടറി പോലുള്ള വകുപ്പുകളിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) പിഎച്ച്.ഡി. ബിരുദം കരസ്ഥമാക്കിയവർക്ക് പ്രസ്തുത യോഗ്യത അടിസ്ഥാനപ്പെടുത്തി സ്ഥാനകയറ്റമോ അന്തർവകുപ്പ് സ്ഥലംമാറ്റമോ അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## ആശ്രിത നിയമനം

44 (44) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സർവീസിലെ ആശ്രിത നിയമനത്തിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; നിയമനം നൽകുന്നതിന് കാലപരിധിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിൽ ജോലി ചെയ്യുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 24-05-1999-ലെ G.O.(P) No. 12/99/P&ARD നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെയും ഈ ഉത്തരവിന്റെയും അനുബന്ധ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകേണ്ടത്. ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് മേൽ പരാമർശിത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആശ്രിതനിയമന അപേക്ഷ പരിഗണിച്ച് നിയമനത്തിന് അനുമതി നൽകേണ്ടത്.

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

ആശ്രിത നിയമനത്തിനായുള്ള ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്കുമാത്രമെ നിയമനം നൽകുവാൻ കഴിയുകയുള്ളൂവെന്നതിനാൽ നിയമനം നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല.

## അഴീക്കോട് മണ്ഡലത്തിലെ കെ-ഫോൺ സേവനം

45 (45) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ എവിടെയൊക്കെയാണ് പുതുതായി കെ-ഫോൺ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയാക്കിയ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും ലിസ്റ്റും പുതുതായി കെ-ഫോൺ സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത സ്ഥാപനങ്ങൾ കൂടാതെ ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിലും സാമ്പത്തികമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പിന്നാക്കം നിൽക്കുന്ന അർഹതയുള്ള 100 കുടുംബങ്ങൾക്ക് വീതം കണക്ഷനുകൾ നൽകുവാനും ഉദ്ദേശിക്കുന്നു.

## കെ-ഫോൺ പദ്ധതി

46 (46) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനോടകം കെ-ഫോൺ പദ്ധതിയിലൂടെ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതിനോടകം 23,165 സർക്കാർ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 2443 സർക്കാർ സ്ഥാപനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സ്വകാര്യ പ്രാദേശിക കേബിൾ നെറ്റ്‌വർക്ക് സംവിധാനത്തിലൂടെയാണോ സംസ്ഥാനത്തെ വീടുകളിൽ കെ-ഫോൺ കണക്ഷൻ എത്തിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കെ-ഫോൺ കണക്ഷൻ എത്തിക്കുന്നതിന്റെ രീതി സെക്രട്ടറിതല സമിതിയുടെ പരിശോധനയിലാണ്.

## ഐ.ടി. വികസനം

47 (47) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ഐ.ടി. ഹാർഡ് വെയർ ഉല്പാദനമാണ് സംസ്ഥാനത്ത് നടന്നത്;

(ബി) 2025-26 ആകുമ്പോഴേയ്ക്കും ഇത് എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്?

(എ&ബി) സർക്കാർ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് സോഫ്റ്റ് വെയർ ഉല്പാദനവും സേവനവുമാണ് പ്രധാനമായും നടക്കുന്നത്.

(സി) സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കുവാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

സർക്കാർ ഐ.ടി. പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി. വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഐ.ടി. പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനുള്ള ആവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു.

(ഡി) ഐ.ടി. മേഖലയിൽ രാജ്യത്തെ മുൻനിര സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുവാനും സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലെ അടിസ്ഥാന സൗകര്യം പരമാവധി വികസിപ്പിക്കുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഐ.ടി. പാർക്കുകളിൽ ഏർപ്പെടുത്തിവരുന്നു. മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്കാകർഷിക്കുന്നതിനും ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനും വേണ്ടി ആവശ്യാനുസരണം SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, അപ്രോച്ച് റോഡുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും

സജ്ജീകരിക്കുകയുമാണ് ഐ.ടി. പാർക്കുകൾ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.

2022-23 വർഷത്തെ ബഡ്ജറ്റിൽ ഐ.ടി. ഇടനാഴികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക്, ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം, ടെക്നോപാർക്ക് ഫേസ് III, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നാരംഭിച്ച് എൻ.എച്ച്. 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദിഷ്ട ഇടനാഴികളിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ നിർമ്മിക്കുക എന്നിവ പ്രഖ്യാപിച്ചിട്ടുണ്ട്.

കൊല്ലം, കണ്ണൂർ, ഐ.ടി. പാർക്കുകളും മറ്റു പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽനിന്ന് 1000 കോടി വകയിരുത്തുന്നതാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) നിലവിൽ സംസ്ഥാനത്തെ ഐ.ടി. സംരംഭകർ എത്രയെന്നും ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം എത്രയെന്നും ഇവരുടെ ക്ഷേമം

ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 3 സർക്കാർ ഐ.ടി. പാർക്കുകളിലുമായി 961 കമ്പനികളും ഏകദേശം 1,21,286 ജീവനക്കാരും ജോലി ചെയ്യുന്നുണ്ട്. ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി ഒരു ക്ഷേമനിധിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലുള്ളവർക്ക് പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഐ.ടി. പാർക്കുകളിലെ സ്വകാര്യ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുമായി നിയമാനുസൃതമായ ക്ഷേമ പദ്ധതികളും തൊഴിൽ നിയമങ്ങളും കൃത്യമായി നടപ്പിലാക്കണമെന്ന് കമ്പനികളുമായുള്ള കരാറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്വകാര്യ കമ്പനികളിലെ ജീവനക്കാരുടെ

ക്ഷേമത്തിനായി കമ്പനികൾ നേരിട്ടും വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ പാർക്കുകളിൽ ജീവനക്കാരുടെ കുട്ടികളുടെ പരിപാലനത്തിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടി ക്രഷ്/ഡേ-കെയർ സെന്റർ സൗകര്യം, കമ്പനികളിലെ ജീവനക്കാർക്ക് ആവശ്യമായ പൊതുഗതാഗത സൗകര്യം എന്നിവയും ലഭ്യമാണ്. രാത്രി ഷിഫ്റ്റുകളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരെ കമ്പനികൾ സുരക്ഷാജീവനക്കാരന്റെ അകമ്പടിയോടുകൂടി വാഹനങ്ങളിൽ താമസസ്ഥലത്തുനിന്നും കൊണ്ടുവരികയും തിരിച്ചെത്തിക്കുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളും കമ്പനികളൊരുക്കിയിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ കെ-ഫോൺ പദ്ധതി

48 (48) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തി ഇടുക്കി ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്ത പഞ്ചായത്തുകൾ

ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഇടുക്കി ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1. മറയൂർ
2. കാന്തല്ലൂർ
3. വട്ടവട
4. ദേവികുളം
5. മൂന്നാർ
6. ഇടമലക്കുടി
7. മാങ്കുളം
8. ചിന്നക്കനാൽ

(സി) പൊതുജനങ്ങൾക്ക് കെ-ഫോൺ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വിശദമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

## ഐ.ടി. ഇടനാഴികൾ

49 (49) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ദേശീയപാത 66-ന് സമാന്തരമായി ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇവ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നതെന്നും ഏത് തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് III മുതൽ കൊല്ലം വരെ, ചേർത്തല മുതൽ എറണാകുളം വരെ, എറണാകുളം മുതൽ കൊരട്ടി വരെ, കോഴിക്കോട് മുതൽ കണ്ണൂർ വരെ NH-66-ന് സമാന്തരമായി IT പാർക്കിനനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി IT പാർക്ക് തുടങ്ങാനാണുദ്ദേശിക്കുന്നത്.

(സി) ഐ.ടി. ഇടനാഴികളുടെ പ്രവർത്തനം വിശദമാക്കുമോ; ഇതിലൂടെ വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

നാലുവരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായ നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ

നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽനിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്ന് കൊല്ലത്തേക്ക്, എറണാകുളത്ത് നിന്ന് കൊരട്ടിയിലേയ്ക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേയ്ക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേയ്ക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കും. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കും. ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽനിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 15-25 ഏക്കർ ഭൂമി പൊന്നും വിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കും. നിർദ്ദിഷ്ട ഐ.ടി. ഇടനാഴികളിലാണ് 5 ജി ലീഡർഷിപ്പ് പാക്കേജ് തുടക്കത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കേരളത്തിന്റെ ഐ.ടി. മാനവ വിഭവ ശേഷി പരമാവധി സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കൊല്ലം, കണ്ണൂർ, ഐ.ടി. പാർക്കുകളും മറ്റു പ്രദേശങ്ങളിലെ പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽനിന്ന് 1000 കോടി വകയിരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

50 (50) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങളുണ്ട്; ഇതിൽ ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരം ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ നിലവിൽ 18 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ആധാർ സേവനങ്ങൾ ലഭ്യമല്ലാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആലത്തൂർ ടൗൺ (പികെഡി 001)

2. ആലത്തൂർ ബ്ലോക്ക് ഓഫീസ് (പികെഡി 002)

3. കുനിശ്ശേരി (പികെഡി 004)

4. കണിയമംഗലം (പികെഡി 012)

5. മുടപ്പള്ളൂർ (പികെഡി 022)

6. കുഴൽമന്ദം എൻ. എച്ച്. ജംഗ്ഷൻ (പികെഡി 069)

7. തില്ലൻകാട് (പികെഡി 076)

8. കിളിയല്ലൂർ (പികെഡി 129)

(ബി) ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ആവശ്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

30-07-2021-ലെ സ.ഉ.(കൈ)നം.24/2021/വി.സ.വ. പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ. ആയും മുനിസിപ്പാലിറ്റികളിൽ 1.5 കി.മീ. ആയും കോർപ്പറേഷനുകളിൽ 1 കി.മീ ആയും പുനഃക്രമീകരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ-ഫോൺ പദ്ധതിയിലെ നിയമനം

51 (51) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ഭർത്താവിന് കെ-ഫോൺ പദ്ധതിയുടെ ഭാഗമായുള്ള ഏതെങ്കിലും ഏജൻസികൾ മുഖേന ഏതെങ്കിലും തസ്തികയിൽ ജോലി നൽകിയിട്ടുണ്ടോ?

ചോദ്യത്തിൽ നിന്നും ആരെക്കുറിച്ചാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല.

(ബി) എങ്കിൽ ഏത് തസ്തികയിൽ എന്നുമുതൽ എന്നുവരെയാണ് ജോലി നൽകിയതെന്നും ശമ്പളം എത്രയായിരുന്നെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

എം.എൽ.എ.-മാർക്ക് ഇ-ഓഫീസ് ലോഗിൻ

52 (52) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഫലമായി സിറ്റിസൺ പോർട്ടൽ പലപ്പോഴും പ്രവർത്തനരഹിതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും പരിഷ്കരിക്കേണ്ടിവന്ന സാഹചര്യത്തിൽ സിറ്റിസൺ

പോർട്ടൽ നവീകരണസമയത്ത് പ്രവർത്തനത്തെ താൽക്കാലികമായി ബാധിക്കപ്പെട്ടിട്ടുണ്ട്. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (NIC) ചേർന്ന് സ്വീകരിക്കുകയും പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഫയലുകളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഇ-ഓഫീസിൽ എം.എൽ.എ.-മാർക്ക് ലോഗിൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് ഐ.ടി. വകുപ്പിന് ലഭിച്ച G220400507/CMO നമ്പർ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഇ-ഓഫീസിൽ എം.എൽ.എ.-മാർക്ക് ലോഗിൻ സംവിധാനം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി-ഡി) ഇ-ഓഫീസിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഏർപ്പെടുത്തിയിട്ടുണ്ട്. https://eoffice.kerala.gov.in എന്ന

URL മുഖാന്തരം യൂസർ ഐ.ഡി.-യും പാസ്‌വേർഡും കൂടാതെ ഫയൽ നീക്കം സംബന്ധിച്ച വിവരങ്ങളും ലഭ്യമാണ്. ഈ സാഹചര്യത്തിൽ എം.എൽ.എ.-മാർക്ക് ഇ-ഓഫീസിലെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതിനായി പ്രത്യേകം ഇ-ഓഫീസ് ലോഗിൻ ഐ.ഡി. ആവശ്യമില്ലെന്ന വിവരം 27-04-2022-ലെ ഐ.ടി. സെൽ-2/80/2022 കത്ത് മുഖേന G220400507/CMO നമ്പർ അപേക്ഷയ്ക്ക് മറുപടിയായി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

## കേരള സ്റ്റാർട്ടപ്പ് മിഷൻ

53 (53) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ഇ.ആർ. സർവ്വേ പ്രകാരം സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിൽ ഏഷ്യയിൽ ഒന്നാമതായി കേരളത്തെ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കേരളത്തിലെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ (Knowledge economy) ആക്കി മാറ്റുന്നതിനായി നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി നൈപുണ്യ നവീകരണത്തിനും നൈപുണ്യ പുനരുദ്ധാരണത്തിനുമുള്ള (skill upgradation and reskilling activities) നടപടി സ്വീകരിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പുസാമ്പത്തിക വർഷം യുവസംരംഭകത്വ പരിപാടി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സി-ഡിറ്റിന്റെ പ്രവർത്തനം

54 (54) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ, ഒപ്റ്റിക്കൽ ഇമേജ് പ്രോസസ്സിംഗ്, ഇ-ഗവേണൻസ് ഇംപ്ലിമെന്റേഷൻ, ഡിജിറ്റലൈസേഷൻ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെക്നോളജി എക്സ്റ്റൻഷൻ, ഇൻഫർമാറ്റിക്സ്, വെബ് സർവീസസ്, കമ്മ്യൂണിക്കേഷൻ കോഴ്സ് എന്നീ വിഭാഗങ്ങൾ കായംകുളം, എറണാകുളം, കണ്ണൂർ പ്രാദേശിക കേന്ദ്രങ്ങളിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ നടത്തിയ പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്ക് അറിയിക്കുമോ?

2016-2021 കാലഘട്ടത്തിൽ സി-ഡിറ്റിലെ ഡിജിറ്റലൈസേഷൻ, വീഡിയോ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റുകൾ മാത്രമാണ് പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ ഡിപ്പാർട്ട്മെന്റ് സബ് രജിസ്ട്രാർ ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സ്കാനിംഗ് വർക്ക് 29-01-2021 മുതൽ 31-03-2021 വരെ എറണാകുളം റീജിയണൽ സെന്ററിൽ നടത്തിയിരുന്നു. 29-01-2021 മുതൽ 31-03-2021 വരെ സ്കാനിംഗ് വർക്കിനായി ലഭിച്ച വരുമാനം 13,08,040/- രൂപയായിരുന്നു. പ്രസ്തുത വർക്കിന് 4,94,798/- രൂപ ഡിജിറ്റലൈസേഷൻ ഡിപ്പാർട്ടുമെന്റിന് ചെലവാകുകയും നീക്കിയിരിപ്പ് തുക 8,05,242/- രൂപയുമായിരുന്നു. വീഡിയോ കമ്മ്യൂണിക്കേഷൻ ഡിവിഷന് ലഭ്യമായിട്ടുള്ള വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭാഗികപ്രവർത്തനങ്ങൾ റീജിയണൽ സെന്ററുകളിൽ ലഭ്യമായ ജീവനക്കാരുടെ സേവനം

ഉപയോഗപ്പെടുത്തി ചെയ്യാറുണ്ട്. എന്നാൽ ഇത്തരം ഭാഗിക പ്രവർത്തനങ്ങളുടെ കണക്ക് പ്രസ്തുത പ്രോജക്ടിന്റെ മൊത്തത്തിലുള്ള കണക്കിൽ ചേർക്കുകയാണ് ചെയ്യുന്നത്.

സി-ഡിറ്റിലെ മറ്റ് ഡിവിഷനുകൾ ഒന്നുംതന്നെ പ്രസ്തുത കാലയളവിൽ (2016-2021) കായംകുളം, കണ്ണൂർ, എറണാകുളം പ്രദേശിക കേന്ദ്രങ്ങൾ വഴി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

(ബി) സി-ഡിറ്റിൽ 2016 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ തുടർച്ചയായി നഷ്ടം വരുത്തിയിട്ടുള്ള വിഭാഗങ്ങൾ ഏതൊക്കെയാണ്; പ്രവർത്തന നഷ്ടം വരുത്തുന്ന വിഭാഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാൻ സി-ഡിറ്റിനോട് ആവശ്യപ്പെടുമോ?

വിവരം ശേഖരിച്ചു വരുന്നു.

(സി) പ്ലാൻ ഫണ്ടായി സി-ഡിറ്റിന് 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും എത്ര തുക ലഭിച്ചിട്ടുണ്ട്?

സി-ഡിറ്റിന് പ്ലാൻ ഫണ്ടായി 2016-17 മുതൽ 2020-21 വരെ ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| Year | Budget provision (lakhs) | Amount released (lakhs ) |
|---|---|---|
| 2016-17 | 165 | 165 |
| 2017-18 | 500 | 636 |
| 2018-19 | 600 | 600 |
| 2019-20 | 600 | Nil |
| 2020-21 | 600 | 643.38 |

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ സി-ഡിറ്റിൽ പത്ത് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എത്ര പർച്ചേസ്/വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഇ) ഈവിധം ക്രമവിരുദ്ധ പർച്ചേസ് നടത്തിയവർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

(ഡി&ഇ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെയല്ലാതെ സി-ഡിറ്റിൽ പത്ത് ലക്ഷം രൂപയ്ക്ക് മുകളിൽ നൽകിയ വർക്ക് ഓർഡറുകളുടെ വിശദാംശങ്ങളും അവ നൽകാനിടയായ സാഹചര്യവും അനുബന്ധമായി ചേർക്കുന്നു.+

## പൂഞ്ഞാർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി

55 (55) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആദ്യ ഘട്ടത്തിൽ കെ-ഫോൺ സേവനം നല്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കേബിൾ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടത്തുന്നതിലേയ്ക്കായി 198 കി.മീ. കേബിൾ ശൃംഖല സ്ഥാപിക്കേണ്ടതിൽ 159 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ഇന്റർനെറ്റ് കണക്റ്റിവിറ്റി കുറഞ്ഞ മലയോര-ആദിവാസി മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്റർനെറ്റ് കണക്റ്റിവിറ്റി കുറഞ്ഞ മലയോര-ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്.

## എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണം

56 (56) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.സി. കേഡറ്റുകൾക്കായി കുട്ടനാട്ടിൽ കിടങ്ങറയിൽ സ്ഥാപിക്കുന്ന നാഷണൽ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് താലൂക്കിൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി കേരള നേവൽ എൻ.സി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നേവൽ ഓഫീസ്, നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട്ഹൗസ് എന്നിവ നിർമിക്കുന്നതിനുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും 5.15 കോടി രൂപ നിർമാണപ്രവൃത്തികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് ആലപ്പുഴ

മുൻസിഫ് കോടതിയിൽ O.S.No.285/2019, I.A.No.1605/2019 എന്നീ നമ്പരുകളിലായി രണ്ട് അതിർത്തിത്തർക്ക കേസുകൾ നിലവിലുണ്ട്.

(ബി) സർക്കാർ കൈമാറ്റം ചെയ്ത ഭൂമിയിൽ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ട്രെയിനിംഗ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(സി) ട്രെയിനിംഗ് സെന്റർ യാഥാർത്ഥ്യമാകുന്നതോടെ കുട്ടനാട്ടിലെ ജനങ്ങൾക്കും രാജ്യത്തിനും എന്തെല്ലാം ഗുണങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ പൊതുവെയും കുട്ടനാട് പ്രദേശത്ത് വിശേഷിച്ചും കൂടെക്കൂടെയുണ്ടാകുന്ന പ്രളയ ഭീഷണിയുടെയും മഴക്കെടുതികളുടെയും പശ്ചാത്തലത്തിൽ, കുട്ടനാട് നേവൽ ട്രെയിനിംഗ് സെന്ററിനായി അനുവദിച്ച ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത സാഹചര്യങ്ങളിൽ

ഉപയോഗപ്പെടുത്താൻ കഴിയുന്നതും, വിദഗ്ദ്ധരായ നേവി ഉദ്യോഗസ്ഥരുടെയും പരിശീലനം ലഭിച്ച എൻ.സി.സി. കേഡറ്റുകളുടെയും സേവനം ജില്ലാ ഭരണകൂടത്തിന് ലഭ്യമാകുന്നതുമാണ്. കൂടാതെ, അടിയന്തര സാഹചര്യങ്ങളിൽ 500 ആളുകളെ മാറ്റിപാർപ്പിക്കുന്നതിനുള്ള ദുരന്ത നിവാരണ ക്യാമ്പായി ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്.

(ഡി) ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള 25 സെന്റ് ഭൂമിയുമായി ബന്ധപ്പെട്ട അതിർത്തിതർക്ക പ്രശ്നങ്ങൾ പരിഹരിക്കുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

<u>ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം</u>

57 (57) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപയുടെ

ധനസഹായം എത്ര പേർക്കായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1141.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ DBT സംവിധാനത്തിലൂടെ ചികിത്സാ ധനസഹായമായി 319.96 കോടി രൂപ 168158 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് 471.69 കോടി രൂപയും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് 212.46 കോടി രൂപയും മറ്റ് ആവശ്യങ്ങൾക്കായി 137.38 കോടി രൂപയും വിവിധ ജില്ലാ കളക്ടർമാർക്കും വകുപ്പുകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എത്ര കാലയളവ് കഴിഞ്ഞാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി വീണ്ടും അപേക്ഷിക്കാനാവുകയെന്ന് വിശദമാക്കാമോ?

03-10-2007-ലെ സ.ഉ.(എം.എസ്)നം.352/2007/റവ. പ്രകാരം ഒരു വ്യക്തിക്ക് ഒരു തവണ മാത്രമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകാൻ പാടുള്ളൂ. എന്നാൽ കാൻസർ, കിഡ്നി

സംബന്ധമായ രോഗങ്ങളും ഗുരുതരമായ മറ്റു കേസുകളിലും പ്രത്യേക സാഹചര്യം പരിഗണിച്ച് ഒരിക്കൽ അനുവദിച്ചതാണെങ്കിലും 2 വർഷത്തിന് ശേഷം അപേക്ഷ പരിഗണിക്കാവുന്നതാണ്.

(സി) ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷിക്കാനുള്ള ഫോറം പുതുക്കിയതിനാൽ പഴയ ഫോറം ഏതു കാലയളവ് വരെ ഉപയോഗിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പഴയ ഫോറം 24-11-2022 വരെ ഉപയോഗിക്കാവുന്നതാണ്.

ദുരിതാശ്വാസ നിധിയിൽനിന്നുള്ള ആനുകൂല്യം

58 (58) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി എത്ര പേർക്ക് ആനുകൂല്യം നൽകി; മൊത്തം എത്ര കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചെന്ന വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി 597868 പേർക്ക് ചികിത്സാ

സഹായമായി 1106,44,33,159/- (ആയിരത്തി ഒരുന്നൂറ്റി ആറ് കോടി, നാല്പതിനാല് ലക്ഷത്തി, മുപ്പത്തിമൂവായിരത്തി ഒരുന്നൂറ്റി അമ്പത്തൊമ്പത്) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഓഖി, പ്രളയം, കോവിഡ്, മറ്റു വകുപ്പുകൾ വഴി നൽകിയ സഹായം എന്നിവ ഉൾപ്പെടെ ആകെ 6541.16 കോടി (ആറായിരത്തി അഞ്ഞൂറ്റി നാൽപത്തിയൊന്ന് കോടി, പതിനാറ് ലക്ഷം) രൂപയും അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

<u>ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സ സഹായം</u>

59 (59) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സ ആവശ്യത്തിനായി മാത്രം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-05-2022 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സ ആവശ്യത്തിനായി 319.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 21-05-2021 മുതൽ 31-05-2021 വരെയുള്ള 17 കോടി രൂപയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

CMO പോർട്ടലിൽ നിന്ന് പകുതി മാസത്തെ കണക്കായി എടുക്കുവാൻ കഴിയില്ല. 01-06-2021 മുതൽ 31-05-2022 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം

60 (60) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ ഒരു വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായമായി എത്ര രൂപ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുണ്ട്; ആയതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ ഒരു വർഷക്കാലം കാസർഗോഡ് ജില്ലാ കളക്ടർക്ക് 5,52,86,800/-രൂപയും DBT മുഖേന ചികിത്സ സഹായത്തിനായി 16,68,27,018/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ-റെയിൽ പദ്ധതി

61 (61) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അർത്ഥനാധികാരി ആരാണ്; അർത്ഥനാധികാരിയെ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നതിന് സർവ്വേ കല്ലുകൾ സ്ഥാപിക്കാൻ അധികാരമുള്ളത് ആർക്കൊക്കെയാണ്; വിശദമാക്കുമോ?

സിൽവർലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്ന കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) ആണ് സ്ഥലമേറ്റെടുപ്പിന്റെ അർത്ഥനാധികാരി. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ സ്ഥലമേറ്റെടുപ്പ് നിയമം 12-ാം വകുപ്പ് പ്രകാരമുള്ള സർവ്വേ നടപടികൾ നടത്തുന്നത് റവന്യൂ വകുപ്പാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ആകെ എത്ര കുടുംബങ്ങൾക്കാണ് വീട് പൂർണ്ണമായും നഷ്ടപ്പെടുന്നത്; ഇതുവഴി എത്ര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേരെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

2013-ലെ ഭൂമി ഏറ്റെടുക്കലിൽ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കൽ മൂലമുണ്ടാകുന്ന ആഘാതങ്ങൾ, ബാധിക്കപ്പെടുന്ന കുടുംബങ്ങൾ, നഷ്ടം സംഭവിക്കുന്ന വീടുകൾ, കെട്ടിടങ്ങൾ, ആഘാതം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണത്തിനായി 11 ജില്ലകളിലും സംസ്ഥാനതല സാമൂഹിക പ്രത്യാഘാത പഠനം പ്രാരംഭഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം, വിശദമായ സർവ്വേ എന്നിവയ്ക്ക് ശേഷമേ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് നാളിതുവരെയുള്ള എല്ലാ ഭൂമിയേറ്റെടുക്കൽ പദ്ധതികളിലും സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇനി ഏതെല്ലാം പദ്ധതികളിലാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളത്; എത്ര പേർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്നുണ്ട്?

LAAR Act 2013, NH Act 1956 എന്നീ നിയമങ്ങൾ പ്രകാരം സ്ഥലമേറ്റെടുക്കുന്ന നടപടികളിൽ അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുള്ളതാണ്. നഷ്ടപരിഹാരം വിതരണം ചെയ്യാത്ത കേസുകളിൽ അവാർഡ് പാസാക്കുന്നമുറയ്ക്ക് ആക്ടിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരം ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിക്കായി ഭൂമിയേറ്റെടുത്ത് വിജ്ഞാപനം ചെയ്ത തീയതികൾ അറിയിക്കുമോ?

കെ-റെയിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

## സിൽവർലൈൻ പദ്ധതി

62 (62) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ?

വിശദമായ സ്ഥിതിവിവരക്കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത തുക ചെലവഴിച്ചത് ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കാമോ?

കെ.ആർ.ഡി.സി.എൽ.-ന്റെ ക്യാപ്പിറ്റൽ ഫണ്ടിൽ നിന്നും സർക്കാരിൽ നിന്നും അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചുവരുന്നത്.

(സി) സിൽവർലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; എത്ര ഓഫീസുകൾ തുറന്നിട്ടുണ്ടെന്നും അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെയാണെന്നും ഏതെല്ലാം തസ്തികകളിൽ നിലവിൽ ഉദ്യോഗസ്ഥരുണ്ടെന്നും വ്യക്തമാക്കാമോ?

കെ.ആർ.ഡി.സി.എൽ.-ലെ നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനത്തിനുപുറമെ 11 ജില്ലകളിലുമായി 18 ജീവനക്കാർ വീതമുള്ള 11 സ്പെഷ്യൽ തഹസിൽദാർ യൂണിറ്റുകളും 7 ജീവനക്കാരെ ഉൾപ്പെടുത്തി ഒരു ഡെപ്യൂട്ടി തഹസിൽദാർ ഓഫീസും രൂപീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഓഫീസുകളുടെ പ്രവർത്തനത്തിനും ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും ഓരോ മാസവും ആവശ്യമായി വരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കെ.ആർ.ഡി.സി.എൽ.-ന്റെ ഓഫീസ് പ്രവർത്തനം, ഉദ്യോഗസ്ഥ ശമ്പളം എന്നീ ഇനങ്ങളിൽ മാസം ഏകദേശം 46 ലക്ഷം രൂപ ചെലവുണ്ട്. ലാൻഡ് അക്വിസിഷൻ ഓഫീസുകളുടെ പ്രവർത്തനത്തിനായി എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 13,49,47,730/- രൂപയാണ് ഒരു വർഷത്തേയ്ക്ക് ആവശ്യമായി വരുന്നത്.

(ഇ) സിൽവർലൈൻ പദ്ധതിക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

ഭൂമിയുടെ (ഏറ്റെടുക്കാനുദ്ദേശിക്കുന്ന) വിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+ കെട്ടിടങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിവരം വിശദമായ സർവ്വേ കഴിഞ്ഞ് മാത്രമെ അറിയുവാൻ കഴിയുകയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) സിൽവർലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കേന്ദ്രാനുമതി ഇല്ലെങ്കിൽ പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

സിൽവർലൈൻ പദ്ധതിയുടെ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനുള്ള തത്വത്തിലുള്ള അനുമതി റെയിൽവേ ബോർഡിൽ നിന്നും ലഭ്യമായിട്ടുണ്ട്. കേന്ദ്രാനുമതി ഇല്ലാതെ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) പ്രസ്തുത പദ്ധതിക്ക് അനുമതി ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; അവയ്ക്ക് മറുപടി ലഭിച്ചിരുന്നോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കനോലി കനാൽ നവീകരണം

63 (63) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോഴിക്കോട് കനോലി കനാൽ നവീകരിച്ച് കനാൽ സിറ്റി പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്നതും പശ്ചിമതീര കനാലിന്റെ ഭാഗമായതുമായ കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള 11.20 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ശാസ്ത്രസാങ്കേതിക പഠനങ്ങളും നിലവിൽ ലഭ്യമായ കനാൽ ഭൂമി സർവേ നടത്തി അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

(ബി) കോഴിക്കോട് കോരപ്പുഴ മുതൽ കല്ലായിപ്പുഴ വരെയുള്ള ഭാഗങ്ങളിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കനാൽ വികസനത്തിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി കഴിഞ്ഞാൽ മാത്രമെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

വടകര-മാഹി കനാൽ പ്രവൃത്തി

64 (64) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഘട്ടങ്ങളിലായി നടക്കുന്ന വടകര-മാഹി കനാൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

വടകര-മാഹി കനാൽ 2025-നകം ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി വിഭാവന ചെയ്തിട്ടുള്ള ആഴം കൂട്ടൽ പ്രവൃത്തികൾ, വീതികൂട്ടൽ, നടപ്പാലങ്ങൾ, പാലങ്ങൾ, ലോക്കുകൾ എന്നിവയുടെ നിർമ്മാണം 5 റീച്ചുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിനോടകം 8 കി.മീ. ഭാഗം പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഒരോ റീച്ചിലെയും നിലവിലെ സ്ഥിതി വിവരം താഴെ ചേർക്കുന്നു.

I) റീച്ച്-1: 4 കി.മീ. (ചെ. 450.080 കി.മീ. മുതൽ 454.080 കി.മീ. വരെ)

1. കനാൽ നിർമ്മാണം- ചതുപ്പുപ്രദേശമായതിനാൽ മണ്ണിന്റെ സിങ്കിംഗ് സ്വഭാവംമൂലം (താഴ്ന്നുപോകുന്ന പ്രതിഭാസം) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ

കോർപ്പറേഷനെ ഏൽപ്പിച്ച നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി മാത്രമെ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. ചതുപ്പുപ്രദേശമെന്നത് പരിഗണിച്ച് ഭൂമിയുടെ സ്വാഭാവിക ചരിവ് നിലനിർത്തിക്കൊണ്ട് കനാൽ നിർമ്മിക്കുന്നതിനായി ഇരുകരകളിലുമായി 29.96 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. <u>ക്രോസ് സ്ട്രക്ചേഴ്സ്</u>

(i) മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ് (ചെ.450.080 കി.മീ.)

നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 31-12-2022-നകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

(ii) കന്നിനട പാലം പുനർനിർമ്മാണം

നിലവിലുള്ള പാലം പൊളിച്ചുമാറ്റി ഹൊറിസോണ്ടൽ ക്ലിയറൻസും (32 മീറ്റർ) വെർട്ടിക്കൽ ക്ലിയറൻസും (6 മീറ്റർ) നൽകി പുനർ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈൻ തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

(iii) നടപ്പാലങ്ങളുടെ നിർമ്മാണം

കുമുള്ളി, കൗന്തൻനട എന്നീ നടപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

II) റീച്ച് II 3.30 കി.മീ. (ചെ. 454.080 മുതൽ 457.380 കി. മീ. വരെ)

1. കനാൽ നിർമ്മാണം

കനാലിന്റെ ആഴം കൂട്ടൽ, വീതി കൂട്ടൽ എന്നീ പ്രവൃത്തികൾ ദേശീയ ജലപാത നിലവാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. ക്രോസ് സ്ട്രക്ചേഴ്സ്

(i) കോട്ടപ്പള്ളി പാലം പുനർനിർമ്മാണം

IDRB തയ്യാറാക്കിയ ഡിസൈൻ പ്രകാരമുള്ള 25 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ പ്രകാരം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കലും പുരോഗമിക്കുന്നു.

(ii) നടപ്പാലങ്ങളുടെ നിർമ്മാണം

1. ചാത്തോത്ത് പൊയിൽ, നരിക്കോത്ത് താഴെ നടപ്പാലങ്ങളുടെ പ്രവൃത്തി പൂർത്തിയായി.

2. തില്ലേരി താഴെ നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

3. കണ്ണൻകുട്ടി നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

ആരംഭിച്ചിട്ടുണ്ട്.

III) റീച്ച് III 3.24 കി.മീ. (ചെ.457.380 കി.മീ. മുതൽ 460.620 കി.മീ വരെ

1. കനാൽ നിർമ്മാണം

3.24 കി. മീ. ദൈർഘ്യമുള്ള ഈ റീച്ചിൽ 800 മീറ്ററിൽ ഉയർന്ന ഭൂപ്രകൃതിമൂലവും മണ്ണിന്റെ പ്രത്യേക സ്വഭാവംമൂലവും (ഉറപ്പില്ലാത്ത മണൽപാളി) പ്രത്യേക ഡിസൈൻ ആവശ്യമാണ്. തിരുവനന്തപുരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മുഖേന ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 2.44 കി. മീ. കനാൽ നിർമ്മാണം 50 ശതമാനം പൂർത്തിയാക്കി. കുഴിച്ചെടുത്ത മണ്ണ് ഗുണനിലവാരമില്ലാത്തതിനാൽ ഡംപിംഗ് യാർഡിനായി കോഴിക്കോട് കളക്ടർ മുഖാന്തരം പുറമ്പോക്ക് ഭൂമി, തരിശുഭൂമി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. ക്രോസ് സ്ട്രക്ചേഴ്സ്

1) പാലങ്ങളുടെ നിർമ്മാണം

പറമ്പിൽ പാലവും കല്ലേരി പാലവും ഗതാഗതത്തിനായി തുറന്ന് കൊടുത്തിട്ടുണ്ട്.

2) നടപ്പാലങ്ങളുടെ നിർമ്മാണം

തച്ചോളി താഴെ നടപ്പാലം, രാജവീഥി നടപ്പാലം എന്നിവയുടെ

നിർമ്മാണം പൂർത്തിയായി.

3. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിലുള്ള ചേരിപൊയിൽ അക്വഡെക്ട് പുനർനിർമ്മാണം

അക്വഡെക്ട് കടന്നുപോകുന്ന കനാലിന്റെ ഭാഗത്ത് ആവശ്യമായ ഹൊറിസോണ്ടൽ ക്ലിയറൻസ് ഇല്ലാത്തതിനാൽ 3 സ്പാനുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ആയതിനുള്ള മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടെസ്റ്റ് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഡിസൈൻ തയ്യാറാക്കുന്ന നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

IV) റീച്ച് IV 3.590 കി. മീ. (ചെ. 460.620 മുതൽ 464.210 കി. മീ. വരെ)

1. കനാൽ നിർമ്മാണം

ഈ റീച്ചിൽ ആഴംകൂട്ടൽ പ്രവൃത്തികൾ 93 ശതമാനം പൂർത്തീകരിച്ചു. കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിലെ ഉത്തരവിന് വിധേയമായി മാത്രമെ ബാക്കിയുള്ള സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

2. പാലങ്ങളുടെ പുനർനിർമ്മാണം

(i) വെങ്ങോളി പാലം: പ്രവൃത്തി നിർമ്മാണം 65 ശതമാനം പൂർത്തിയായിട്ടുണ്ട്. അവശേഷിച്ച പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ii) കളിയാംവള്ളി പാലം: IDRB തയ്യാറാക്കിയ ഡിസൈൻ

അനുസരിച്ച് വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

3. നടപ്പാലങ്ങളുടെ നിർമ്മാണം

ചാത്തോത്ത് പൊയിൽ മസ്ജിദ് നടപ്പാലം, ഒറ്റക്കണ്ടിതാഴെ നടപ്പാലം എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

കല്ലിൽത്താഴ നടപ്പാലത്തിന്റെ നിർമ്മാണം 97 ശതമാനവും പോതിമഠത്തിൽ താഴെ നടപ്പാലത്തിന്റെ നിർമ്മാണം 75 ശതമാനവും പൂർത്തിയായി.

V) റീച്ച് V -3.480 കി. മീ. (ചെ. 464.210 മുതൽ 467.690 കി. മീ. വരെ)

1. കനാൽ നിർമ്മാണം 48 ശതമാനം പൂർത്തിയായി. കനാൽ വീതി കൂട്ടുന്നതിനായി ഇരുകരകളിലുമായി സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു. 37.56 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. ക്രോസ് സ്ട്രക്ചേഴ്സ്

(a) കരിങ്ങാലി മുക്ക് ലോക്ക്-കം-ബ്രിഡ്ജ് @ ചെയിനേജ് 467.00 കി. മീ.- PAC 39.50 കോടി

30 കോടി രൂപയുടെ സിവിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. മെക്കാനിക്കൽ പ്രവൃത്തികൾക്കും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കും 46 കോടി

രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(b) പാലങ്ങളുടെ നിർമ്മാണം

(i) തയ്യിൽപാലം:- IDRB തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

(c) നടപ്പാലങ്ങളുടെ നിർമ്മാണം

1. കറുവയൽ നടപ്പാലം:- നിർമ്മാണപ്രവൃത്തികൾ 65 ശതമാനം പൂർത്തിയായിട്ടുണ്ട്.

2. അംഗീകൃത കനാൽ നിർമ്മാണം പൂർത്തിയാകുമ്പോൾ ചെയിനേജ് 466.30 മുതൽ ചെയിനേജ് 466.900 കി. മീ. വരെ ഒരു പുതിയ ഐലന്റ് രൂപപ്പെടുന്നതുമൂലം ചെയിനേജ് 466.900 കി. മീറ്ററിൽ പുതിയ നടപ്പാലം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) നിലവിലെ പ്രവൃത്തികൾ കരാർ സമയക്രമം പാലിച്ചാണോ നടന്നുവരുന്നതെന്ന് അറിയിക്കാമോ; വിവിധ ഘട്ടങ്ങളിലെ പ്രവൃത്തി ഏറ്റെടുത്ത ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ പ്രവൃത്തികളിൽ കരാർ സമയക്രമം പാലിച്ച് നടന്നു വരുന്നവയും സമയക്രമം പാലിക്കാത്തവയുമുണ്ട്.

<u>കരാർ സമയക്രമം പാലിച്ച് നടന്നുവരുന്ന പ്രവൃത്തികളും കരാറുകാരും</u>

1. മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ് - M/s. ULCCS Ltd.

2.വെങ്ങോളി പാലം നിർമ്മാണം- ശ്രീ. ടി. എ. അബ്ദുൾ റഹിമാൻ, കാസർഗോഡ്.

3. കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ്- ശ്രീ. ടി. എ. അബ്ദുൾ റഹിമാൻ, കാസറഗോഡ്.

4. വടകര- മാഹി കനാൽ അഞ്ചാം റീച്ച്- ബാക്കി പ്രവൃത്തികൾ- ശ്രീ. ജി. ബാലകൃഷ്ണൻ നായർ, എറണാകുളം.

5. ചേരിപ്പൊയിൽ അക്വഡക്ട്- കല്ലേരി ബണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ - M/s. ULCCS Ltd.

<u>കരാർ സമയക്രമം പാലിക്കാതെ നടന്നുവരുന്ന പ്രവൃത്തികളും കരാറുകാരും</u>

1. മൂന്നാം റീച്ച് -(ചെ. 457.380- ചെ. 460.620 കി. മീ.) കനാൽ നിർമ്മാണം - ശ്രീ. കെ. എം. ജലാൽ, നോർത്ത് പറവൂർ.

2. തില്ലേരി താഴെ, കല്ലിൽത്താഴെ, കുറുവയൽ എന്നീ 3 നടപ്പാലങ്ങൾ - ശ്രീ. വി. അബ്ദുൾ ഷുക്കൂർ, മലപ്പുറം.

(സി) പ്രവൃത്തിയുടെ മൂന്നാം റീച്ചിലെ നിർമ്മാണത്തിനായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ?

സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) വിവിധ ഘട്ടങ്ങളിലെ പ്രവൃത്തികൾ ഏതൊക്കെ സമയത്താണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

1. മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജ് - 2023 മെയ് 31.

2. വെങ്ങോളി പാലം നിർമ്മാണം - 2023 മെയ് 31.

3. കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ് - 2023 ഡിസംബർ 31.

4. അഞ്ചാം റീച്ച് കനാൽ - 2023 മാർച്ച് 31.

5. ചേരിപ്പൊയിൽ അക്വഡക്ട്-കല്ലേരി ബണ്ട് റോഡ്- 2022 ഡിസംബർ 31.

## കൊച്ചി അഴിമുഖത്തെ തീരദേശ ഹൈവേ നിർമ്മാണം

65 (65) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലൂടെയും കൊച്ചിയിലൂടെയും കടന്നുപോവുന്ന സംസ്ഥാനത്തിന്റെ ബൃഹത് പദ്ധതിയായ തീരദേശ ഹൈവേ കൊച്ചി അഴിമുഖത്ത് മുറിയപ്പെടാതിരിക്കാൻ ബദൽമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ;

(ബി) വൈപ്പിനേയും കൊച്ചിയേയും ബന്ധിപ്പിച്ചുകൊണ്ട് കൊച്ചി അഴിമുഖത്ത് 2.5 കി.മീ. നീളത്തിൽ ഭൂഗർഭ ടണലോ എലിവേറ്റഡ് ഹൈവേയോ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് സാധ്യതാപഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ-ഡി) തീരദേശ ഹൈവേയുടെ എസ്.പി.വി. ആയി കേരള റോഡ് ഫണ്ട് ബോർഡ് എറണാകുളം-തൃശ്ശൂർ ജില്ലകളിലെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് L&T എന്ന കൺസൾട്ടന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഉദ്ദേശിച്ചിട്ടുള്ള തീരദേശ ഹൈവേ അലൈൻമെന്റിൽ കൊച്ചി അഴിമുഖത്ത് ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും നേരിട്ട് ബന്ധിപ്പിക്കുന്നില്ല. പകരം നിലവിൽ തുടർന്ന് പോകുന്ന റോ റോ സർവീസുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്. റോഡ് മാർഗം ഫോർട്ട് കൊച്ചിയിൽ അഴിമുഖത്ത് നിന്ന് 3.70 കീ.മി. മുമ്പായി തിരിഞ്ഞ് എൻ.എച്ച്. 66 വഴി ഗോശ്രീ പാലം കയറി മറൈൻ ഡ്രൈവ് വഴി വൈപ്പിൻ

ഭാഗത്ത് 900 മീറ്റർ മാറി സൗദിയമുക്കിൽ എത്തിച്ചേരുന്നതിന് റോഡ് നിലവിലുണ്ട്. എന്നാൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും നേരിട്ട് ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകത കിഫ്ബിയിൽ 27-05-2022-ന് നടന്ന ഡി.പി.ആർ.-ന്റെ കരട് ചർച്ചയിൽ ഉയരുകയും നിലവിലെ ഡി.പി.ആർ. കൺസൽട്ടന്റിനോട് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യതാപഠനവും ഇതുമൂലം വരുന്ന അധിക ബാധ്യത എത്രയാണെന്നും കണക്കുകൂട്ടി അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാരിന്റെ വാർഷികാഘോഷം

66 (66) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പ്രദർശന വിപണന മേളകൾ നടത്തിയിരുന്നോ; എങ്കിൽ എവിടെയെല്ലാം?

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം ഒഴികെ മറ്റെല്ലാ ജില്ലകളിലും പ്രദർശന വിപണനമേളകൾ സംഘടിപ്പിച്ചിരുന്നു.

(ബി) കണ്ണൂർ ജില്ലയിലെ മേള എന്നാണ് ആരംഭിച്ചത്; മറ്റ് സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി മേള നേരത്തെ ആരംഭിച്ചതിന്റെ കാരണം വിശദമാക്കുമോ?

മേള നൽകുന്ന സന്ദേശം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് 2022 ഏപ്രിൽ 3-ന് കണ്ണൂരിൽ പ്രദർശന-വിപണനമേളയുടെ ഉദ്ഘാടനം നടത്തിയത്. തുടർന്ന് മറ്റ് ജില്ലകളിലും പ്രദർശന-വിപണനമേളകൾ സംഘടിപ്പിക്കുകയായിരുന്നു.

(സി) സർക്കാരിന്റെ വാർഷികാഘോഷത്തിനായി എത്ര തുക ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല.

## സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം

67(67) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജില്ലകളിൽ സംഘടിപ്പിച്ച പരിപാടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം ഒഴികെ മറ്റെല്ലാ ജില്ലകളിലും പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ചു.

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ?

ചെലവ് വിവരങ്ങൾ ലഭിച്ചിട്ടില്ല.

പ്രവാസികൾക്കുള്ള സഹായ പദ്ധതികൾ

68 (68) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വന്ന പ്രവാസികൾക്ക് സഹായകരമായി സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. വിദേശരാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയരെ കോവിഡിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായിക്കുന്നതിനായി പ്രവാസി ഭദ്രതാ പദ്ധതിക്ക് രൂപം നൽകിയിരുന്നു. വിവിധ തൊഴിൽ സാഹചര്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്ക് വരുമാനമാർഗ്ഗങ്ങളും

ഉപജീവനോപാധികളും കണ്ടെത്തുന്നതിലേയ്ക്കായി വിവിധ വായ്പാ പദ്ധതികളാണ് പ്രവാസി ഭദ്രതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

1. അവിദഗ്ദ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം-പ്രവാസി ഭദ്രതാ-പേൾ

(ഒരാൾക്ക് പരാമാവധി 2 ലക്ഷം രൂപ വായ്പ)

2. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ./കേരള ബാങ്ക് മുഖാന്തരം- പ്രവാസി ഭദ്രതാ-മൈക്രോ

(ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + പലിശ സബ്സിഡി)

3. വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തരം- പ്രവാസി ഭദ്രതാ- മെഗാ (ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെ 3.5 ശതമാനം പലിശ സബ്സിഡി)

ഈ പദ്ധതിക്കായി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷം വകയിരുത്തുകയും മുഴുവൻ തുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവാസ ജീവിതത്തിനുശേഷം മടങ്ങിയെത്തുന്ന പ്രവാസികൾക്ക് നാട്ടിൽ സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി സർക്കാർ

നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിടവ്യവസായം, സർവീസ് മേഖല, നിർമാണ മേഖല, ബിസിനസ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ വഴി വായ്പ നൽകിവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായവും സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവത്ക്കരണം, സെമിനാറുകൾ, ബാങ്കിൽ സമർപ്പിക്കേണ്ട പ്രോജക്ട് റിപ്പോർട്ട് എന്നിവ നോർക്ക റൂട്ട്സ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തരം എല്ലാ ജില്ലകളിലും നൽകി വരുന്നുണ്ട്.

(ബി) പ്രവാസികൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസത്തിനും പ്രവാസികളുടെ ക്ഷേമത്തിനുമായി 2,000 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല.

<u>ഉക്രൈനിലെ വിദ്യാർത്ഥികളുടെ തുടർ പഠനം</u>

69 (69) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുദ്ധവും മറ്റ് പ്രതിസന്ധികളും കാരണം മടങ്ങിയെത്തിയ ഉക്രൈനിലെ വിദ്യാർത്ഥികളുടെ തുടർപഠനത്തിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉക്രൈൻ യുദ്ധ പ്രതിസന്ധിയിൽ തിരികെയെത്തിയ വിദ്യാർത്ഥികളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മടങ്ങിവന്ന

വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, അവരെ സർക്കാരിന്റെ പിന്തുണ അറിയിക്കുന്നതിനുമായി വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും യോഗം സർക്കാർ വിളിച്ച് ചേർക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ ആശങ്കകൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ തുടർനടപടികൾ ചർച്ച ചെയ്യുന്നതിനായി വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരളീയ പ്രവാസികാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളുടെ തുടർനടപടികൾക്കായി സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ (CMD) സഹായത്തോടെ നോർക്ക റൂട്ട്സിൽ ഇൻഫർമേഷൻ ഫെസിലിറ്റേഷൻ ആൻഡ് ഗ്രീവൻസ് റീഡ്രസ്സൽ സെൽ (IFGRC) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം, നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കുക, വിദ്യാഭ്യാസ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിന് സംസ്ഥാന സർക്കാരിന് മാത്രമായി പ്രത്യേക തീരുമാനങ്ങളെടുക്കാൻ കഴിയുന്നതല്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ

ആവശ്യമാകയാൽ, കേന്ദ്ര വിദേശകാര്യ മന്ത്രാലയം, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം എന്നീ വകുപ്പുകളോടും ഇന്ത്യൻ ബാങ്ക്സ് അസോസ്സിയേഷൻ, ദേശീയ മെഡിക്കൽ കമ്മീഷൻ എന്നിവയോടും പ്രശ്നപരിഹാരത്തിനാശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഉക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെയെത്തിക്കാൻ എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവിട്ടത്; ഇതിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉക്രൈനിൽ നിന്നും വിദ്യാർത്ഥികളെ തിരികെയെത്തിക്കാനായി 5,18,80,781/-രൂപ (അഞ്ച് കോടി പതിനെട്ട് ലക്ഷത്തി എൺപതിനായിരത്തി എഴുനൂറ്റി എൺപത്തൊന്ന് രൂപ മാത്രം) സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭ്യമായിട്ടില്ല.

## പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റ് സോഫ്റ്റ്‌വെയർ

70 (70) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റ് ഏതൊക്കെ കരാറുകളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ കരാറുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ?

പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കുന്നതിനും ഓഫീസും കാൾസെന്ററും സജ്ജമാക്കുന്നതിനും ആയതിലേയ്ക്കുള്ള ഹാർഡ്‌വെയർ വാങ്ങുന്നതിനും കെ.എസ്.എഫ്.ഇ.-ക്ക് സി-ഡിറ്റുമായി കരാർ ഉണ്ടായിരുന്നു. മേൽപ്പറഞ്ഞ കരാറുകൾ പൂർത്തീകരിക്കുന്നതിന് സി-ഡിറ്റിന്റെ താഴെ നൽകിയിരിക്കുന്ന സാങ്കേതിക പങ്കാളികളുടെ സഹായം സ്വീകരിച്ചിട്ടുണ്ട്.

1. ഒറീസസ് ഇന്ത്യ കൺസൾട്ടൻസി സർവീസസ്

2. ഓസ്പിൻ ടെക്നോളജീസ്

3. സാസ്വാപ്പ് ടെക്കീസ് പ്രൈവറ്റ് ലിമിറ്റഡ്

4. യു.എൽ.സി.സി.എസ്.

5. ടെക്പൂൾ കൺസൾട്ടൻസി സർവീസസ്സ് പ്രൈവറ്റ് ലിമിറ്റഡ്.

(ബി) പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് സി-ഡിറ്റ് വികസിപ്പിച്ച സോഫ്റ്റ്‌വെയർ ഏതെന്ന് അറിയിക്കാമോ?

പ്രവാസി ചിട്ടിക്കായി CRM, DDFS, MOBILE ആപ്ലിക്കേഷൻ എന്നീ സോഫ്റ്റ്‌വെയറുകൾ സി-ഡിറ്റ് മുഖേന വികസിപ്പിച്ചിട്ടുണ്ട്.

## മൂന്നാം ലോക കേരള സഭ

71 (71) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

മൂന്നാം ലോക കേരള സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകളുടെ വിവരം ക്രോഡീകരിച്ചുവരുന്നു.

(ബി) ഒന്നും രണ്ടും ലോക കേരള സഭയുടെ സ്റ്റാൻഡിംഗ് കമ്മറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളിന്മേൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിശദ വിവരം ലഭ്യമാക്കുമോ?

(ബി & സി) ഒന്നാം ലോക കേരള സഭയോടനുബന്ധിച്ചാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചത്. പ്രസ്തുത കമ്മിറ്റികളിൽ നിന്ന് ലഭിച്ച ശിപാർശകളിൽ പ്രായോഗികമായതും നടപ്പിലാക്കാൻ

കഴിയുന്നതുമായ ശിപാർശകളിന്മേൽ താഴെക്കാണുംപ്രകാരം നടപടികൾ സ്വീകരിച്ചു.

1.<u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u>

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ സഹകരണത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതിലേയ്ക്കായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) എന്ന കമ്പനി 100 ശതമാനം സർക്കാർ ഓഹരിയോടെ രൂപീകരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്. RestStop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റപ്പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ സർക്കാരിന്റെ അധീനതയിൽപ്പെട്ട അനുയോജ്യമായ സ്ഥലങ്ങൾ

കണ്ടെത്തിയിട്ടുണ്ട്. ആയത് കമ്പനിക്ക് ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

2. എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി

അപ്പാർട്ടുമെൻറുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

3. പ്രവാസി സഹകരണ സംഘം

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണസംഘം "കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499" എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ. സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും

വനിത കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ. ആർ. കെ. വനിതാ സെൽ രൂപീകരിച്ചു. ഗാർഹിക തൊഴിൽ മേഖലയിൽ കുടിയേറ്റം നടത്തുന്ന വനിതകൾക്കായി കൂടുതൽ നിയമാനുസൃതമായ മാർഗ്ഗങ്ങളിലൂടെ നോർക്ക റൂട്ട്സ് സൗജന്യ റിക്രൂട്ട്മെന്റ് നൽകുന്നതിനോടൊപ്പം കാര്യക്ഷമമായ രീതിയിൽ വനിതകൾക്ക് സൗജന്യമായി ബോധവൽക്കരണവും നടത്തിവരുന്നു.

5. എയർപ്പോർട്ടുകളിൽ Migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre embarkment Orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സർക്കാർ തലത്തിൽ കൈമാറിയിട്ടുണ്ട്.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി, കെയ്സ് (KASE) ഡയറക്ടർ എന്നിവരെ ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാന ആതിഥേയ രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് വിവിധ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു.

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം

കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും Centre for Development Studies (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS-ൽ നടന്നുവരുന്നു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

9. എൻ.ആർ.ഐ. ബാങ്ക്

10. മേഖല അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ

സൂക്ഷ്മപരിശോധനയിൽ 9, 10 ശിപാർശകൾ പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ രണ്ട് സമ്മേളനങ്ങളുടെ ഫലമായി സംസ്ഥാനത്തിനും പ്രവാസി സമൂഹത്തിനുകണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യയ്ക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരന്മാരായ കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെയും സമ്പദ് വ്യവസ്ഥയുടെയും പുരോഗമനപരമായ വികസനവും നവകേരള നിർമ്മിതിയും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ലോക കേരള സഭ. പ്രവാസികൾ തൊഴിൽ ചെയ്യുന്ന രാജ്യങ്ങളിലും സ്വദേശത്തും അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ, നാടിന്റെ വികസനത്തിനായി പ്രവാസികൾ ആർജ്ജിച്ചെടുത്ത അറിവും അനുഭവസമ്പത്തും നൈപുണ്യവും ഉപയുക്തമാക്കുക, പ്രവാസികളുടെ വരും

തലമുറകൾക്ക് കേരളവുമായുള്ള ആത്മബന്ധം ഊട്ടിയുറപ്പിക്കുക എന്നിവ ലോക കേരള സഭയുടെ ലക്ഷ്യങ്ങളാണ്. ലോക കേരള സഭയുടെ സംഘാടനം കൊണ്ട് ഉണ്ടായ ഫലങ്ങൾ ഏതെങ്കിലും പ്രത്യേക അളവുകോൽ കൊണ്ട് നിർണ്ണയിക്കാൻ കഴിയുന്നതല്ല. ലോക കേരള സഭ മുഖേന വളരെയധികം നേട്ടങ്ങൾ പ്രവാസി സമൂഹത്തിനും അതുവഴി കേരളത്തിനും ലഭ്യമായിട്ടുണ്ട്. കോവിഡ് 19 കാലത്ത് വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. 05-04-2020, 26-04-2020, 23-05-2020 എന്നീ തീയതികളിൽ വിവിധ രാജ്യങ്ങളിലെ കോവിഡ് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും അവിടെയുള്ള പ്രവാസി മലയാളികളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുമായി മുഖ്യമന്ത്രി ലോക കേരള സഭാംഗങ്ങളുമായും പ്രവാസി സംഘടനകളുമായും ആശയ വിനിമയം നടത്തി. വിദേശത്ത് അസുഖബാധിതരായവർക്ക് ഓൺലൈൻ വൈദ്യോപദേശം/ഡോക്ടറെ നേരിട്ട് വിളിക്കാനുള്ള സൗകര്യം ലോക കേരള സഭാംഗങ്ങൾ വഴി ഏർപ്പാടാക്കി. കോവിഡ് മഹാമാരിയുടെ സമയത്ത് കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്ററുകൾ ഓക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ

തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്ന് ലോക കേരള സഭാംഗങ്ങൾ കേരളത്തിലെ KMSCL-ലേയ്ക്ക് നൽകിയിരുന്നു. വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ലോക കേരള സഭാംഗങ്ങൾ അശ്രാന്ത പരിശ്രമം നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ അനിശ്ചിതത്വത്തിന് പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിദ്യാകിരണം പ്രോജക്ടിന്റെ അഭൂതപൂർവ്വമായ വിജയത്തിന് ലോക കേരള സഭാംഗങ്ങളുടെ സേവനം അഭിനന്ദനാർഹമായിരുന്നു. റഷ്യ-ഉക്രൈൻ യുദ്ധസമയത്ത് വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ലോക കേരള സഭാംഗങ്ങളുടെ പ്രയത്നം പ്രശംസനീയമായിരുന്നു.

(ഇ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര കോടി രൂപയുടെ പ്രവാസി നിക്ഷേപം ഉണ്ടായിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ 5 വർഷത്തെ പ്രവാസി നിക്ഷേപം സംബന്ധിച്ച് SLBC-യിൽ നിന്നും ലഭ്യമായ വിവരം താഴെപ്പറയുന്നു.

| വർഷം | തുക |
|---|---|
| 2018 | 1,69,944 കോടി രൂപ |

| | |
|---|---|
| 2019 | 1,90,055 കോടി രൂപ |
| 2020 | 2,08,698 കോടി രൂപ |
| 2021 | 2,29,636 കോടി രൂപ |
| 2022 | 2,38,408 കോടി രൂപ |

## സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള നടപടികൾ

72 (72) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വ്യത്യസ്ത രാഷ്ട്രീയ പ്രവർത്തകർ തുടർച്ചയായ ദിവസങ്ങളിൽ കൊലചെയ്യപ്പെട്ടതിനാൽ സംഘർഷ സാദ്ധ്യത നിലനിന്നിരുന്ന ആലപ്പുഴ ജില്ലയിൽ ഒരേ ദിവസം തന്നെ രണ്ട് വ്യത്യസ്ത രാഷ്ട്രീയ-സാമുദായിക സംഘടനകൾക്ക് പ്രകടനം നടത്തുവാൻ അനുമതി നൽകിയത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

ഒരേ ദിവസം രണ്ട് വ്യത്യസ്ത സംഘടനകൾക്ക് പ്രകടനം നടത്തുവാൻ അനുമതി നൽകിയിരുന്നില്ല. അനുമതി വാങ്ങാതെ ഒരു സംഘടന റാലി നടത്തിയ കാര്യത്തിൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ

Cr.No.555/2022 u/s 143, 147, 149, 283 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണഘട്ടത്തിലാണ്.

(ബി) പ്രസ്തുത സംഘടനകൾക്ക് പ്രകടനം നടത്തുന്നതിന് അനുമതി നൽകുന്നതിന് മുമ്പായി പോലീസ്/ഇന്റലിജൻസ് റിപ്പോർട്ട് തേടിയിരുന്നോ; പ്രകടനത്തിന് അനുമതി നൽകുന്നതിന് അനുകൂലമായി പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം (എ)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അപകടകരമായ ഇത്തരം പ്രവണതകൾ ഒഴിവാക്കി മത സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മത-സാമുദായിക ഐക്യം തകർക്കുന്ന പ്രവർത്തികൾക്കെതിരെ പോലീസ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹിക മാധ്യമങ്ങൾ വഴി മത-സാമുദായിക ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് സൈബർ സെൽ നിരീക്ഷണം നടത്തിവരുന്നുണ്ട്, സ്പെഷ്യൽ ബ്രാഞ്ച് ഇത്തരം പ്രവർത്തികൾ നിരീക്ഷിച്ചുവരുന്നുണ്ട്. മത സാമുദായിക ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനുള്ള

ബോധവത്കരണ പ്രവർത്തനങ്ങൾ ജനമൈത്രി പോലീസിംഗിന്റെ സഹായത്തോടെ ക്രിയാത്മകമായി നടത്തിവരുന്നു.

## അട്ടപ്പാടിയിലെ ആൾക്കൂട്ട ആക്രമണം

73 (73) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആൾക്കൂട്ട ആക്രമണ കൊലപാതക കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികൾക്ക് ശിക്ഷ നൽകുന്നതിൽ പരാജയപ്പെട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

(എ & ബി) കേസ് വിചാരണയിലാണ്.

(സി) കേസ്സിന്റെ വിചാരണ വേളയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഹാജരാകാതിരുന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; വിചാരണ പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഈ കേസ്സിൽ പബ്ലിക് പ്രോസിക്യൂട്ടറായി ശ്രീ. രാജേന്ദ്രനെ നിയമിച്ചത് മരണപ്പെട്ട മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരമാണ്.

ശ്രീ. രാജേന്ദ്രൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനത്തുനിന്നും രാജി വയ്ക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതിനാൽ മരണമടഞ്ഞ മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരം പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്ഫോടക വസ്തുക്കൾ , തോക്ക് എന്നിവ ഉപയോഗിച്ചുള്ള ആക്രമണങ്ങൾ

74 (74) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബോംബ് അടക്കമുള്ള സ്ഫോടകവസ്തുക്കൾ, തോക്ക് എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള ആക്രമണത്തിൽ 2016 മുതൽ എത്രപേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്ക് പറ്റി; ഒരോ സംഭവവും നടന്ന തീയതി, ജില്ല, പോലീസ് സ്റ്റേഷൻ എന്നിവ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2022 വരെയുള്ള കാലയളവിൽ 31 പേർ മരണപ്പെട്ടുകയും 89 പേർക്ക് പരിക്കുപറ്റുകയുമുണ്ടായി. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഇതിൽ എത്ര പേർ പ്രതികളാണെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും ഇനി എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

| പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | ഇനി അറസ്റ്റ് ചെയ്യാനുള്ളവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 257 | 236 | 18 | 1-Accused High Court Bail<br>2-Accused Committed suicide |

(സി) സ്ഫോടക വസ്തുക്കളും തോക്കുകളും സംസ്ഥാനത്ത് അക്രമികൾക്ക് എങ്ങനെ ലഭിക്കുന്നുവെന്ന കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ കേസ്സിലും ഏതെല്ലാം തരത്തിൽ അന്വേഷണം നടത്തി എന്ന് വ്യക്തമാക്കുമോ?

ഓരോ കേസ്സിലും സമാനകേസ്സുകളിൽ മുമ്പ് പ്രതികളായിട്ടുള്ളവരെയും സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്നതിന് ലൈസൻസുള്ളവരെയും ചോദ്യം ചെയ്തും നിരീക്ഷിച്ചും CDR ഉൾപ്പെടെയുള്ളവ പരിശോധിച്ചുമാണ് ആയുധങ്ങൾ ലഭിച്ച കാര്യം പോലീസ് പരിശോധന നടത്തി കണ്ടെത്തുന്നത്.

## മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധ മുദ്രാവാക്യം വിളിച്ചവരെ മർദ്ദിച്ച സംഭവം

75 (75) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽവച്ച് പ്രതിഷേധ മുദ്രാവാക്യം വിളിച്ച പ്രമുഖ രാഷ്ട്രീയകക്ഷിയുടെ പ്രവർത്തകരെ തള്ളിവീഴ്ത്തുകയും മർദ്ദിക്കുകയും ചെയ്തുവെന്ന സംഭവവുമായി ബന്ധപ്പെട്ട് ഭരണപക്ഷമുന്നണി കൺവീനർക്കെതിരെ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഇപ്രകാരം ആരോപിച്ചുള്ള രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികാരുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

1) നിത്യാനന്ദ്, കെ.യു., പോങ്കോത്ര പറപ്പൂക്കര.

2) diljithamz@gmail. com എന്ന ഇ-മെയിൽ മുഖേന ലഭിച്ച പരാതി.

(ബി) ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും ആരൊക്കെയാണ് പരാതിക്കാരെന്നും വ്യക്തമാക്കുമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടിയാണ് പോലീസ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

പ്രസ്തുത പരാതികളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശംഖുമുഖം പോലീസ് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്നപ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

76 (76) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ എത്ര കേസുകൾ ചുമത്തിയിട്ടുണ്ട്, ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസുകൾ എത്ര വീതമാണ്; നാളിതുവരെ പിൻവലിച്ച കേസുകൾ എത്ര, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കറുത്ത മാസ്കിനും കറുത്ത വസ്ത്രത്തിനുമുള്ള വിലക്ക്

77 (77) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീമതി കെ. കെ. രമ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴികളിലും കറുത്ത മാസ്കും വസ്ത്രവും ധരിച്ചവരെ പോലീസ് വിലക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഇത്തരത്തിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് വിശദീകരണം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദീകരണം ലഭിക്കുന്നമുറയ്ക്ക് ആവശ്യമെങ്കിൽ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും മുഖ്യമന്ത്രി യാത്ര ചെയ്യുന്ന വഴികളിലും കറുത്ത മാസ്കും കറുത്ത വസ്ത്രവും ധരിച്ചവരെ ഉത്തരവുപ്രകാരം നിരോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇത്തരത്തിൽ യാതൊരു ഉത്തരവും നൽകിയിട്ടില്ല. മുഖ്യമന്ത്രിയുടെ ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുക്കുന്നതിൽ നിന്നും കറുത്ത വസ്ത്രങ്ങളോ

കറുത്ത മാസ്കോ ധരിച്ചവരെ തടയരുതെന്ന് കാണിച്ച് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കലൂർ മെട്രോ സ്റ്റേഷനിലേയ്ക്ക് പോകുകയായിരുന്ന കറുത്ത വസ്ത്രം ധരിച്ച രണ്ട് ട്രാൻസ്ജെൻഡേഴ്സിനെ പോലീസ് തടയുകയും ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്യുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ സാഹചര്യം വിശദമാക്കാമോ?

കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിൽ തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെൻഡർമാരെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് യഥാസമയം സ്ഥലത്തുനിന്ന് നീക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കാൻ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിനുമേലുള്ള കടന്നുകയറ്റമായ ഇത്തരം സംഭവങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കാമോ?

ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിനുമേലുള്ള യാതൊരുവിധ കടന്നുകയറ്റവും ഉണ്ടായിട്ടില്ല.

<u>മുഖ്യമന്ത്രി യാത്ര ചെയ്യുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം</u>

78 (78) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി യാത്ര ചെയ്യുന്ന സ്ഥലങ്ങളിൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം തടയുന്നതിന് ഏതെങ്കിലും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കേരള മുഖ്യമന്ത്രി Z Plus സുരക്ഷാ കാറ്റഗറിയിൽ ഉൾപ്പെട്ട വ്യക്തിയായതിനാൽ, കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങളാണ് അദ്ദേഹത്തിന്റെ യാത്രാവേളകളിൽ ഏർപ്പെടുത്തിവരുന്നത്.

(ബി) മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശനവേളയിൽ ഒരു കുടുംബത്തെ പോലീസ് വഴിയരികിൽ തടഞ്ഞുനിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

11-06-2022-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശന വേളയിൽ കോട്ടയം ഗസ്റ്റ് ഹൗസിൽ നിന്നും കോട്ടയം മാമൻ മാപ്പിള ഹാളിലേയ്ക്ക് അതീവ സുരക്ഷ നൽകേണ്ട Z Plus കാറ്റഗറിയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാത്ര ചെയ്തുവരുന്ന സമയം ഏർപ്പെടുത്തിയ ഗതാഗത ക്രമീകരണത്തിനിടയിൽ ഇടറോഡിൽ നിന്നും മെയിൻ റോഡിലേയ്ക്ക് പ്രവേശിച്ച കുടുംബത്തെ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്ന് പോയതിനുശേഷം കടത്തിവിട്ടിട്ടുള്ളതാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മുഖ്യമന്ത്രി പങ്കെടുത്ത പൊതുചടങ്ങുകളിൽ വാർത്ത റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരുടെ കറുത്ത മാസ്ക് നിർബന്ധപൂർവ്വം മാറ്റിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മാസ്ക് മാറ്റിയതിന് ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിൽ ചില ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് വിശദീകരണം സമർപ്പിക്കുന്നതിന്

ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കറുത്ത മാസ്ക് ധരിക്കുന്നതുമായി ബന്ധപ്പെട്ട് ഇടതുമുന്നണി കൺവീനർ പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സുരക്ഷാ നടപടികളുടെ പേരിൽ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുകയും വസ്ത്രധാരണത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇതുസംബന്ധിച്ച് യാതൊരു നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുക്കുന്നതിൽനിന്നും കറുത്ത വസ്ത്രങ്ങളോ മാസ്കോ ധരിച്ചവരെ തടയരുതെന്ന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സംരക്ഷിത വ്യക്തികൾ പങ്കെടുക്കുന്ന ചടങ്ങുകളിൽ, സുരക്ഷക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം

നിർദ്ദേശിച്ചിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ, പ്രാദേശിക സുരക്ഷാ ഭീഷണികളെ കൂടി കണക്കിലെടുത്തുകൊണ്ട് ഏർപ്പെടുത്തുക മാത്രമാണ് ചെയ്തുവരുന്നത്.

## അക്രമ സമരങ്ങൾ

79 (79) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ കണ്ണൂരിൽ കരിങ്കൊടി കാണിച്ച പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയെ പോലീസ് ജീപ്പിൽ വച്ച് ഭരണപക്ഷ യുവജന സംഘടനയുടെ പ്രവർത്തകർ ആക്രമിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിലേക്ക് ഓടിക്കയറി കരിങ്കൊടി കാണിക്കുവാൻ ശ്രമിച്ചയാളെ സംഭവസ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി പോലീസ് വാഹനത്തിൽ കയറ്റുന്ന സമയം നാട്ടുകാരിൽ ചിലർ പോലീസ് വാഹനത്തിന് സമീപത്തേക്ക് വരികയുണ്ടായി. ടിയാന് ദേഹോപദ്രവം ഏൽക്കാതിരിക്കാൻ പോലീസ്

വളരെവേഗം വാഹനത്തിൽ കയറ്റി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ എത്തിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് മറ്റ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) പോലീസ് ജീപ്പിൽ കയറ്റിയ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനയുടെ നേതാവിനെ ജീപ്പിൽ കയറി ആക്രമിച്ചവരെ തടയാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

(സി) സർക്കാരിനെതിരെയുള്ള സമരങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കെതിരെ ഭരണപക്ഷ കക്ഷിയിൽപെട്ട നേതാക്കൾ വധഭീഷണി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഗൗരവമായി കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കണ്ണൂരിൽ മാധ്യമ പ്രവർത്തകനെതിരെ മുഖ്യമന്ത്രിയുടെ ബന്ധു വധഭീഷണി മുഴക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഇതുസംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചതിൽ വാട്സ്-ആപ്പ് വഴി ഭീഷണി മുഴക്കിയ കാര്യത്തിന് പോലീസിന് നേരിട്ട് കേസ് രജിസ്റ്റർ

ചെയ്യാൻ നിർവ്വാഹമില്ലെന്ന് കണ്ടെത്തുകയും, ബഹുമാനപ്പെട്ട കോടതി നിർദ്ദേശപ്രകാരം മാത്രമെ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധ്യമാവുകയുള്ളുവെന്ന് പരാതിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തെ ക്രമസമാധാനപാലനം

80 (80) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മാസം കോഴിക്കോട് തിക്കൊടിയിൽ ഒരു ഭരണകക്ഷി യുവജന സംഘടനയുടെ പ്രകടനത്തിൽ പ്രകോപനകരമായ മുദ്രാവാക്യം മുഴക്കിയ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഏതൊക്കെ വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 247/2022 u/s 143, 147, 506, 153, r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രമുഖ പ്രതിപക്ഷ പാർട്ടി ഓഫീസുകൾക്കെതിരെയും നേതാക്കൾക്കെതിരെയും പലയിടത്തും

അക്രമങ്ങൾ അരങ്ങേറുമ്പോൾ പോലീസ് അക്രമകാരികൾക്ക് ഒത്താശ ചെയ്യുകയാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ക്രമസമാധാനനില തകർക്കുന്ന പ്രവർത്തികളിലേക്ക് ഭരണകക്ഷി പാർട്ടികളും യുവജന സംഘടനകളും നീങ്ങുന്നതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി & സി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേയ്ക്ക് അതിക്രമിച്ച് കടന്നതായി പറയപ്പെടുന്ന സംഭവം</u>

81 (81) <u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേയ്ക്ക് ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനാ പ്രവർത്തകർ അതിക്രമിച്ച് കടന്ന് ജീവനക്കാരെ ആക്രമിക്കാൻ ശ്രമിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 610/2022 U/s 143, 147, 149, 447, 283 IPC & Sec 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണ പരിധിയിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഉൾപ്പെടുന്നതാണ്.

(ബി) പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസുകാരെയും ഉദ്യോഗസ്ഥരെയും പ്രസ്തുത പ്രവർത്തകർ ആക്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആക്രമിച്ചവർക്കെതിരെ നിസ്സാരമായ വകുപ്പുകൾ മാത്രം ചുമത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേയ്ക്ക് അതിക്രമിച്ച് കടന്ന പ്രസ്തുത സംഭവത്തിന് പിന്നിൽ ഗൂഢാലോചന ഉണ്ടെങ്കിൽ അത് അന്വേഷിക്കാൻ തയ്യാറാകുമോ?

(ബി & സി) ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

(ഡി) പ്രതിപക്ഷ നേതാവിനെയും മുഖ്യ പ്രതിപക്ഷകക്ഷിയുടെ സംസ്ഥാന പ്രസിഡന്റിനെയും കായികമായി നേരിടാൻ ഏതെങ്കിലും ജനപ്രതിനിധി ആഹ്വാനം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ അവർക്കെതിരെ പ്രേരണാകുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മതസൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ നടപടി

82 (82) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതസൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തുന്നവർക്കെതിരെ കേരള സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങളെ തുടക്കത്തിൽ തന്നെ പ്രതിരോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ലോക്കൽ പോലീസിന്റെയും, സ്റ്റേറ്റ്/ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച്

വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ പ്രതികരണമോ പ്രവർത്തനങ്ങളോ നടത്തുന്നവർക്കെതിരെ എത്ര കേസുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) മതസ്പർദ്ധ വളർത്തുന്ന പ്രസ്താവനകൾ കേരള സമൂഹത്തിൽ സൃഷ്ടിക്കുന്ന വലിയ അസ്വസ്ഥതകൾ ഇല്ലാതാക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ?

മതസൗഹാർദ്ദം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ നിലവിൽ നടത്തിവരുന്ന യോഗങ്ങൾ ഇക്കാര്യങ്ങൾ തടയുന്നതിന് പര്യാപ്തമാണ്.

## <u>സംസ്ഥാനത്തെ ക്രമസമാധാന പരിപാലനം</u>

83 (83) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. കെ. ആൻസലൻ:</u>

ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണകള്ളക്കടത്ത് കേസ്സിലെ പ്രതിയുമായി കൂട്ടുചേർന്ന് സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികൾ ഭരണഘടനാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ഗൗരവത്തിലെടുത്തുകൊണ്ട് അട്ടിമറിശ്രമത്തിനെതിരെ കർക്കശമായ ഭരണപരമായ നടപടികളും നിയമനടപടികളും സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ?

സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രധാന പ്രതി നടത്തിയ പ്രസ്താവനകൾക്ക് പിന്നിലുള്ള ഗൂഢാലോചനയും മറ്റ് സംശയാസ്പദമായ കാര്യങ്ങളെയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് തവനൂർ എം.എൽ.എ. ഡോ. കെ. ടി. ജലീൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.645/2022 u/s 120(B), 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. മധുസൂദനന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ

ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതാണ്. അതോടൊപ്പം അഡ്വ. സി. പി. പ്രമോദ് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1) (b), 465 IPC & 65 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസും സ്പെഷ്യൽ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ബി) ക്രമസമാധാനപാലനം സംസ്ഥാനത്തിന്റെ പൂർണ്ണ അധികാരത്തിലുള്ളതായിരിക്കെ കള്ളക്കടത്ത് കേസ്സിലെ പ്രതിക്ക് തങ്ങൾ സംരക്ഷണമൊരുക്കുമെന്ന് ഇ.ഡി. പറഞ്ഞെന്ന വാർത്ത ശരിയെങ്കിൽ ഗുരുതരമായ നിയമലംഘനത്തിനെതിരെ ശക്തമായ നിയമനടപടിക്ക് മുതിരുന്ന കാര്യം പരിഗണിക്കുമോ; കേന്ദ്ര ഏജൻസികൾക്ക് വ്യക്തമായ രാഷ്ട്രീയമുണ്ടെന്ന് സംസ്ഥാനത്തെ പ്രതിപക്ഷ നേതാവ് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര ഏജൻസികളുടെ വിവിധ കേസുകളിലെ അന്വേഷണം വഴിമാറുന്ന വിഷയം സർക്കാർ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു.

(സി) വിമാനയാത്രക്കിടെ മുഖ്യമന്ത്രിക്ക് ജീവാപായം വരുത്താൻ ചിലർ ശ്രമിച്ചതും അവരെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളുടെ

നേതൃത്വത്തിലുള്ള ചിലർ സംരക്ഷിക്കുമെന്ന് പ്രസ്താവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രിക്കെതിരെ വിമാനത്തിനുള്ളിൽ വച്ച് നടന്ന ആക്രമണ ശ്രമവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ PSO നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 u/s 120 B, 332, 307, 34 of IPC, Sec.22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec. 11 A of Aircraft Act 1934 & Sec. 3(1) (a) of Suppression of Unlawful Acts against Safety of Civil Aviation Act 1982 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ഈ സംഭവത്തിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ ആരോപണങ്ങളും ടി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്.

## അക്രമസമരങ്ങൾ

84 (84) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്ര ഏജൻസികൾ അന്വേഷിച്ച കേസിലെ കുറ്റാരോപിതയെ മുൻനിർത്തി പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സംസ്ഥാനത്ത് നടത്തുന്ന അക്രമസമരങ്ങൾ ജനാധിപത്യത്തോടും ജനങ്ങളോടുമുള്ള വെല്ലുവിളിയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ പ്രവർത്തകർ മുഖ്യമന്ത്രിയെ വിമാനത്തിൽവച്ച് ആക്രമിക്കാൻ ശ്രമിച്ചതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

മുഖ്യമന്ത്രിക്കെതിരെ വിമാനത്തിനുള്ളിൽ വച്ചുനടന്ന ആക്രമണ ശ്രമവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 u/s 120 B, 332, 307, 34 of IPC, Sec.22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec.

11 A of Aircraft Act 1934 & Sec. 3(1) (a) of Suppression of Unlawful Acts against Safety of Civil Aviation Act 1982 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ആയതിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ടി കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നതുമാണ്. ഇതുസംബന്ധിച്ചുള്ള എല്ലാ ആരോപണങ്ങളും ടി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്.

(സി) പ്രസ്തുത അക്രമപ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ട് പ്രതിപക്ഷ രാഷ്ട്രീയകക്ഷികളിലെ ചില നേതാക്കൾ രംഗത്ത് വന്നത് ഈ സംഭവത്തിന് പിന്നിലെ ആസൂത്രണത്തിന്റെ തെളിവായിക്കാണുന്നുണ്ടോ?

ഉത്തരം (ബി)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇത്തരം അക്രമങ്ങളെ തുറന്നുകാട്ടുന്നതിനും അക്രമികൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

അക്രമ സംഭവങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ പോലീസ് കർശന നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

<u>ക്രമസമാധാന പരിപാലനം</u>

85 (85) <u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തതിന്റെ പേരിൽ പ്രമുഖ പ്രതിപക്ഷ പാർട്ടി ആസ്ഥാനമന്ദിരം ആക്രമിച്ച ഒരു പ്രമുഖ ഭരണപക്ഷ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനാ പ്രവർത്തകർക്കെതിരെ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തതിന്റെ പേരിൽ പ്രമുഖ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനമന്ദിരം ആക്രമിപ്പിക്കപ്പെട്ട സംഭവമുണ്ടായിട്ടില്ല. വിമാനത്തിൽ വച്ച് മുഖ്യമന്ത്രിക്ക് നേരെയുണ്ടായ സംഭവത്തെത്തുടർന്ന് ആസ്ഥാന മന്ദിരത്തിൽ ഉണ്ടായ പ്രശ്നങ്ങളിൽ പോലീസിന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ Crime No. 613/2022 U/s 143,147,149,427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭരണകക്ഷിയുടെ യുവജന സംഘടനയുടെ ആക്രമണത്തിൽ സംസ്ഥാനമൊട്ടാകെയുള്ള ക്രമസമാധാന നില തകരാറിലായിരിക്കുന്നു എന്ന ആക്ഷേപം ഗൗരവപൂർവം കാണുന്നുണ്ടോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ക്രമസമാധാന പരിപാലനം ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ക്രമസമാധാന പരിപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയും കേസന്വേഷണ വിഭാഗം ശക്തിപ്പെടുത്തിയും സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിച്ചും, മദ്യം, മയക്കുമരുന്ന്, കള്ളപ്പണ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം റോഡുകളിലും മറ്റും ഉറപ്പുവരുത്തിയും ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ക്രമസമാധാന പരിപാലനം ഉറപ്പാക്കുന്നതിനായി പോലീസ് കുറ്റകാർക്കെതിരെ രാഷ്ട്രീയ ഭേദമന്യേ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## അയിരൂർ പോലീസ് സ്റ്റേഷൻ

86 (86) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ-സ്കീമിൽ 590 ലക്ഷം രൂപ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുവദിച്ചിരുന്നു. 10 പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും ഈ തുക അനുവദിച്ചുകഴിഞ്ഞ സാഹചര്യത്തിൽ അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ട്രാൻസ്ജെൻഡർ വ്യക്തികളുടെ കസ്റ്റഡി

87 (87) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സുരക്ഷാ നടപടികളുടെ ഭാഗമായി ജനങ്ങൾ കറുത്ത വസ്ത്രങ്ങൾ ധരിക്കരുതെന്ന രീതിയിൽ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇത്തരത്തിൽ ഒരു നിർദ്ദേശം പോലീസിന് നൽകിയിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ എറണാകുളം സന്ദർശനവേളയിൽ കലൂർ മെട്രോ സ്റ്റേഷന് സമീപം കറുത്ത ചുരിദാർ ധരിച്ചതിന്റെ പേരിൽ ട്രാൻസ്ജെൻഡർ വ്യക്തികളെ തടഞ്ഞുവെച്ച് ഭീഷണിപ്പെടുത്തുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കലൂർ മെട്രോ സ്റ്റേഷനിലുള്ള കാൻസർ റിസർച്ച് ലാബിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അതീവ സുരക്ഷ നൽകേണ്ട Z Plus കാറ്റഗറിയിലുള്ള മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ച രണ്ട് ട്രാൻസ്ജെൻഡർ വ്യക്തികളെ സുരക്ഷയുടെ ഭാഗമായി 151 Cr.PC പ്രകാരം നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് യഥാസമയം

സ്ഥലത്തുനിന്ന് നീക്കുന്ന നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഒരു വീഴ്ചയും ഉണ്ടായിട്ടില്ല.

## പോലീസിന്റെ വാഹന പരിശോധന

88 (88) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധന നടത്തുന്നതിനും വാഹനം പിടിച്ചെടുക്കുന്നതിനും പിഴ ഈടാക്കുന്നതിനും ഏത് റാങ്കിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളതെന്ന് വിശദമാക്കാമോ?

വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതിനും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർക്കും സംശയാസ്പദമായ നിലയിൽ കാണപ്പെടുന്ന വാഹനങ്ങൾ നിയമാനുസരണം പരിശോധന നടത്തുന്നതിന് സംസ്ഥാന പോലീസിലെ യൂണിഫോമിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്.

(ബി) സംസ്ഥാനത്ത് ഹോം ഗാർഡുകൾക്ക് വാഹന പരിശോധന നടത്തുന്നതിന് അധികാരവും അനുമതിയും നൽകിയിട്ടുണ്ടോ;

(സി) ഇല്ലാത്ത അധികാരം ഉപയോഗിച്ച് വാഹന പരിശോധന നടത്തുന്ന ഹോം ഗാർഡുകൾ അടക്കമുള്ളവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിൽ നടത്തുന്ന വാഹന പരിശോധനയോട് സഹകരിക്കാത്തവർക്കെതിരെ കേസെടുക്കാൻ സർക്കാരോ സംസ്ഥാന പോലീസിലെ ഉന്നത ഉദ്യോഗസ്ഥരോ പോലീസ് സ്റ്റേഷനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ബി&സി) ഹോം ഗാർഡുകൾക്ക് വാഹന പരിശോധന നടത്തുന്നതിന് അധികാരവും അനുമതിയും നൽകിയിട്ടില്ല.

## പോലീസ് സ്റ്റേഷനുകളിൽ റെസ്റ്റിംഗ് റൂം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി

89 (89) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ഭിന്നസൗഹൃദ റെസ്റ്റിംഗ് റൂമുകൾ, ടോയ്‌ലറ്റ് ഫെസിലിറ്റി എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിലും പല സ്റ്റേഷനുകളിലും പൊതുജനങ്ങൾക്ക് പ്രസ്തുത സൗകര്യങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിർമ്മിച്ച ഭിന്നസൗഹൃദ റെസ്റ്റിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ക്രമീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

## കാട്ടാക്കടയിൽ പോലീസ് കൺട്രോൾ റൂം

90 (90) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലയോര മേഖലയുടെ കേന്ദ്രമായ കാട്ടാക്കട താലൂക്കാസ്ഥാനത്ത് പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായിവരുന്ന എന്ത് സഹായത്തിനും പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ERSS കൺട്രോൾ റൂമിലേയ്ക്ക് (112) വിളിക്കാവുന്നതും ആയതിന് പോലീസിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ആയതിനാൽ കാട്ടാക്കട കേന്ദ്രീകരിച്ച് പോലീസ് കൺട്രോൾ റൂം ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ

91 (91) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെടുന്ന മുതുകാട് പ്രദേശത്ത് അടിക്കടിയുണ്ടാവുന്ന മാവോയിസ്റ്റ് ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിന് വേണ്ടി ഇറിഗേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമായിട്ടുണ്ടോ; എങ്കിൽ കെട്ടിടം പണിയാനാവശ്യമായ എന്തൊക്കെ നടപടികൾ ഉണ്ടായെന്ന് വ്യക്തമാക്കാമോ?

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി ഇറിഗേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 18-05-2022-ൽ നടന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്

യോഗത്തിൽ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം

92 (92) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ സുരക്ഷാ നടപടികളുടെ ഭാഗമായി ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം പൂർണ്ണമായും തടയുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശനവേളയിൽ മാമോദിസ കഴിഞ്ഞ് കൊച്ചുകുട്ടിയുമായി വീട്ടിലേയ്ക്ക് മടങ്ങിയ കുടുംബത്തെ മണിക്കൂറുകളോളം റോഡിൽ തടഞ്ഞുനിർത്തി ബുദ്ധിമുട്ടിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ 11-06-2022 ലെ കോട്ടയം സന്ദർശനവേളയിൽ കോട്ടയം ഗസ്റ്റ് ഹൗസിൽ നിന്നും കോട്ടയം മാമൻ മാപ്പിള ഹാളിലേയ്ക്ക് അതീവ സുരക്ഷ നൽകേണ്ട Z plus കാറ്റഗറി ഉള്ള മുഖ്യമന്ത്രി യാത്ര ചെയ്തുവരുന്ന സമയം ഏർപ്പെടുത്തിയ ഗതാഗത ക്രമീകരണത്തിനിടയിൽ

ഇടറോഡിൽനിന്നും മെയിൻ റോഡിലേയ്ക്ക് പ്രവേശിച്ച കുടുംബത്തെ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം കടന്നുപോയതിനുശേഷം കടത്തി വിട്ടിട്ടുള്ളതാണ്. ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

<u>ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

93 (93) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കാണുകയാൽ ചെറുപുഴ ടൗണിനടുത്ത് പുഴയോട് ചേർന്ന് സർവ്വേ നം. 407-ൽ ഉൾപ്പെടുന്ന 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

## റോഡ് അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ

94 (94) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ സംബന്ധിച്ച പരാതി ഉണ്ടായാൽ പ്രസ്തുത വിവരം അതത് പരിധിയിലെ പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്ന നിബന്ധനയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റോഡപകടം സംബന്ധിച്ച് പരാതി ഉണ്ടായാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.

(ബി) ഇപ്രകാരം ഉണ്ടാകുന്ന സംഭവങ്ങൾ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്താൽ ബന്ധപ്പെട്ട വിവരം സ്റ്റേഷൻ ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

റോഡപകടങ്ങൾ സംബന്ധിച്ച പരാതി രേഖാമൂലം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്താൽ ടി വിവരം സ്റ്റേഷൻ ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ട്.

(സി) 09-03-2012 മുതൽ 11-03-2012 വരെയുള്ള മൂന്ന് ദിവസത്തെ പാറശാല പോലീസ് സ്റ്റേഷനിലെ ജനറൽ ഡയറിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുമോ?

09-03-2012 മുതൽ 11-03-2012 വരെയുള്ള മൂന്ന് ദിവസത്തെ പാറശ്ശാല പോലീസ് സ്റ്റേഷനിലെ ജനറൽ ഡയറിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## മഞ്ചേശ്വരം, കുമ്പള പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത മോഷണക്കേസുകൾ

95 (95) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

146 മോഷണ കേസുകൾ രജിസ്റ്റർ ചെയ്യുകയും 101 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ 2019-ൽ രജിസ്റ്റർ ചെയ്ത 13 കേസുകളിലെയും 2020-ൽ രജിസ്റ്റർ ചെയ്ത 17 കേസുകളിലെയും 2021-ൽ രജിസ്റ്റർ ചെയ്ത 14 കേസുകളിലെയും 2022-ൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്റ്റർ ചെയ്ത 18 കേസുകളിലെയും, കുമ്പള പോലീസ് സ്റ്റേഷനിൽ യഥാക്രമം 2019-ൽ 6 കേസുകളിലെയും, 2020-ൽ 3 കേസുകളിലെയും 2022-ൽ 7 കേസുകളിലെയും പ്രതികളെ പിടികൂടാനുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നാളിതുവരെ പ്രതികളെ പിടികൂടാൻ കഴിയാത്ത മോഷണക്കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(ബി& സി) ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു.

(ഡി) മോഷണങ്ങൾ തടയുന്നതിനും മോഷണ കേസുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടുന്നതിനും എന്തൊക്കെ നടപടികളാണ് പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മോഷണങ്ങൾ തടയുന്നതിനായി രാത്രികാലങ്ങളിൽ ആരാധനാലയങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഊർജിതമായ പട്രോളിംഗ് നടത്തിവരികയും, സമാനരീതിയിൽ മോഷണം നടത്തുന്നവരെയും അടുത്ത കാലങ്ങളിൽ ജയിൽ മോചിതരായവരെയും നിരീക്ഷിച്ച് അവരുടെ

നിലവിലെ അവസ്ഥ പരിശോധിച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മോഷണ കേസുകളിൽ ഉൾപ്പെട്ട പ്രതികളെ പിടികൂടുന്നതിന്, മോഷണ വസ്തുക്കളെയും പ്രതികളെയും സംബന്ധിച്ച് ക്രൈം കാർഡുകൾ തയ്യാറാക്കി എല്ലാ സ്റ്റേഷനുകളിലേയ്ക്കും അയച്ചുകൊടുത്തും രാത്രികാല പരിശോധനയിൽ അപരിചിതരായ ആൾക്കാരെ കാണപ്പെട്ടാൽ അവരുടെ വിവരങ്ങൾ അന്വേഷിച്ചും കേരള-കർണ്ണാടക അതിർത്തി പ്രദേശങ്ങളിൽ പരിശോധന കർശനമാക്കിയും ജനമൈത്രി ബീറ്റ് ഓഫീസർമാരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം മോഷണ കേസുകൾ തടയുന്നതിനും അന്വേഷിക്കുന്നതിനുമായി അതത് ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ക്രൈം സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## സി.ആർ.പി.സി. 153 എ സെക്ഷൻ പ്രകാരമുള്ള കേസുകൾ

96 (96) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.പി.സി. 153 എ സെക്ഷൻ പ്രകാരം 2016 മുതൽ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് തീയതി, കേസ് എടുത്ത പോലീസ് സ്റ്റേഷൻ,

പ്രതികൾ, കേസിൽ ചേർത്ത മറ്റ് വകുപ്പുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സി.ആർ.പി.സി. 153 എ സെക്ഷൻ പ്രകാരം സംസ്ഥാനത്ത് പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ല.

(ബി) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു; ഓരോ കേസിലും പ്രതികൾ എത്ര ദിവസം റിമാന്റിൽ കഴിഞ്ഞു; കേസിൽ ഉൾപ്പെട്ട ആരെയെങ്കിലും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ; വ്യക്തമാക്കാമോ?

ബാധകമല്ല.

<u>വട്ടോളി പാതിരിപ്പറ്റയിലെ ലിതാരയുടെ മരണം</u>

97 (97) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഹാറിലെ ധനാപ്പൂർ ഡിവിഷണൽ റെയിൽവേ മാനേജർ ഓഫീസിൽ (ഫൈനാൻസ് ഡിപ്പാർട്ട്മെന്റ്) ക്ലാർക്ക് ആയി ജോലിചെയ്തുവന്നതും മികച്ച ബാസ്കറ്റ്ബോൾ പ്ലേയറുമായ ലിതാര കെ.സി. ബീഹാറിൽ വച്ച് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ മരണവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തുവന്നിരുന്ന ബാസ്കറ്റ് ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr.No.185/22 u/s306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായി പോലീസ് മേധാവിക്ക് അറിവ് ലഭിച്ചിട്ടുണ്ട്.

(സി) സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

വിഷയത്തിൽ ബീഹാർ സർക്കാരുമായി ബന്ധപ്പെടുകയും ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയുമുണ്ടായി. രാസപരിശോധനകളുടെ അടിസ്ഥാനത്തിൽ അന്വേഷണം പുരോഗമിച്ചു വരുന്നുവെന്ന് ബീഹാർ ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്. ബീഹാർ പോലീസ് നീതിയുക്തമായ രീതിയിൽ കേസന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## പി. കെ. ഷമീമിനെതിരെയുള്ള കേസ്

98 (98) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി സ്വദേശി ശ്രീ. പി. കെ. ഷമീമിനെതിരെ തിരൂരങ്ങാടി പോലീസ് കറുത്ത ഷർട്ട് ധരിച്ചുവെന്ന കാരണത്താൽ FIR നമ്പർ 396/2022 പ്രകാരം കേസെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കറുത്ത ഷർട്ട് ധരിച്ച് പുറത്തിറങ്ങുന്നത് കുറ്റകരമാണോ?

(എ &ബി) കറുത്ത ഷർട്ട് ധരിച്ചുവെന്നത് കുറ്റകരമല്ല. അതിന്റെ പേരിൽ ശ്രീ. പി. കെ. ഷമീമിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് ടിയാനെതിരെ കേസെടുത്തിട്ടുള്ളത്?

സുരക്ഷാ മാനദണ്ഡപ്രകാരം Z കാറ്റഗറി സുരക്ഷ നൽകേണ്ട മുഖ്യമന്ത്രി 12-06-2022-ന് ദേശീയപാത വഴി കടന്നുപോകുന്ന അവസരത്തിൽ കക്കാട് എന്ന സ്ഥലത്ത് ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി

നിയമാനുസരണം മുൻകരുതൽ അറസ്റ്റ് ചെയ്ത് തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ കൊണ്ടുവന്ന ടിയാനെ പ്രതിയാക്കി 394/2022 U/S 151 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കരുതൽ എന്ന നിലയിൽ അറസ്റ്റ് ചെയ്യുമ്പോൾ FIR രജിസ്റ്റർ ചെയ്യുന്ന പതിവുണ്ടോ?

ഉണ്ട്.

ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (ഐകോപ്സ്)

99 (99) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയെ രാജ്യത്ത് ഏറ്റവും മികച്ചതാക്കി നിലനിർത്തുന്നതിന് അടിസ്ഥാന സൗകര്യവിപുലീകരണത്തിനും ആധുനീകരണത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പോലീസ് സേനയുടെ അടിസ്ഥാന സൗകര്യവിപുലീകരണത്തിനും ആധുനീകരണത്തിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2021-22

സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 149.50 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 154.57 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ടി കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കേരള പോലീസ് ഡാറ്റാ സെന്റർ ആരംഭിക്കുന്നതിനും, സബ് ഡിവിഷണൽ ഓഫീസുകൾ സ്മാർട്ട് സ്റ്റാൻഡേർഡ് ആക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 12 പോലീസ് സ്റ്റേഷനുകൾക്കും, പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷനും, 2022-23 സാമ്പത്തിക വർഷം 10 പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനും തുക അനുവദിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്റ്റിന് തുടക്കം കുറിച്ചിട്ടുണ്ട്.

തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ

സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾ, തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ, കൊല്ലം സിറ്റി/ഇടുക്കി/പത്തനംതിട്ട/തൃശ്ശൂർ സിറ്റി/ കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ എന്നിവ അനുവദിച്ചിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കിവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും

കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൻ പോർട്ടൽ സംവിധാനമായ " തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകിവരുന്നു.

തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, തൃശ്ശൂർ സിറ്റി ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിൽ 13 ജില്ലകളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ 6 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ) പോലീസ് ജില്ലകളിൽ നിലവിലുണ്ടായിരുന്ന CCTV Surveillance സിസ്റ്റത്തിന് പുറമേ 655.32 ലക്ഷം രൂപ ചെലവിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ എന്നീ 3 ജില്ലകളിൽ പുതിയ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തനസജ്ജമായി വരുന്നു. സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Operate Own Transfer (BOOT) പ്രകാരമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22 പ്രകാരം 146 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 20 Four Wheel Drive LMV, 03 മീഡിയം വാഹനങ്ങൾ, 02 ഓപ്പൺ ലോറി, 02 ആംബുലൻസ്, 06 ഹെവി ബസ്, 02 വാട്ടർ ടാങ്കർ, പിങ്ക് കൺട്രോൾ റൂമിനായി 07 LMV എന്നിവ വാങ്ങിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ LWE ബാദ്ധ്യത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകൾക്കായി MoPF സ്കീമിൽ ഉൾപ്പെടുത്തി 29 Four Wheel Drive LMV വാങ്ങിയിട്ടുണ്ട്.

Control Room/ഹൈവേ പട്രോൾ/പോലീസ് സ്റ്റേഷൻ വെഹിക്കിളുകളിൽ ഘടിപ്പിക്കുന്നതിനായി 140 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജ്ജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങിയിട്ടുണ്ട്.

(ബി) ഗുണ്ടാ ആക്രമണങ്ങൾക്ക് അറുതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള 'ഓപ്പറേഷൻ കാവൽ' കാര്യക്ഷമമായി തുടരുന്നുണ്ടോ; കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്ന കുറ്റവാളികളെ കരുതൽ

തടങ്കലിലാക്കാനും നിരീക്ഷണത്തിലാക്കാനും ഗുണ്ടാ നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ?

സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയ സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഓപ്പറേഷൻ കാവൽ. ഇതിനായി ഓരോ ജില്ലകളിലും ഒരു നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ 10 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Special Action Group Against Organised Crimes എന്ന പേരിലും, കൂടാതെ ഓരോ പോലീസ് സ്റ്റേഷനുകളിലും എസ്.ഐ-യുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Anti-organised Crime Cell-കളും രൂപീകരിച്ചിട്ടുള്ളതാണ്. ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ 107 CrPC, Rowdy History Sheet, KAAPA പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓപ്പറേഷൻ കാവൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(സി) സ്ഥിരം കുറ്റവാളികളെ അടിച്ചമർത്താൻ ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റം (ഐകോപ്സ്) പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ഉണ്ട്. പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ച് സോഫ്റ്റ്‌വെയറിലും അനുബന്ധ ഉപകരണങ്ങളിലും ഏറ്റവും

ആധുനികമായ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തിയ ഒരു സോഫ്റ്റ്‌വെയർ Integrated Core Policing System (iCoPS) എന്ന പേരിൽ രൂപകല്പന ചെയ്തു. Container based infrastructure, Micro Service based Application Development തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് iCoPS വികസിപ്പിച്ചത്. ഇത്തരത്തിൽ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ പോലീസ് സേനയാണ് കേരള പോലീസ്. പ്രസ്തുത സംവിധാനത്തിലെ ക്രിമിനൽ ഗ്യാലറി ഉപയോഗിച്ച് കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരങ്ങൾ അറിയുന്നതിനും, അവരെ മോണിറ്റർ ചെയ്യുന്നതിനും സാധിക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോട്ടോ ഉപയോഗിച്ച് കുറ്റവാളികളെ തിരിച്ചറിയുന്നതിനുള്ള സംവിധാനവും (Face Recognition System) ഇതിൽ ലഭ്യമാണ്. പ്രസ്തുത സംവിധാനം മുഖേന ഏത് സ്ഥിരം കുറ്റവാളിയെയും കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനും വളരെ പെട്ടെന്ന് തിരിച്ചറിയുന്നതിനും സഹായകമാണ്.

## സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അഴിമതി

100 (100) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകര, പാറശ്ശാല താലൂക്ക് ആശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവർക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനായി സി-ഡിറ്റ്-ൽനിന്നും തിരുവല്ലം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ?

ഉണ്ട്. പരാതിയിൽ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) താലൂക്കാശുപത്രികൾ കൂടാതെ മ്യൂസിയം, കാപെക്സ് തുടങ്ങിയ സ്ഥാപനങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ പരാതിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; ഇതും പോലീസ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) തിരുവല്ലം പോലീസ് സ്റ്റേഷനിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഇതുവരെ ആരുടെയൊക്കെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പരാതിയുടെ അടിസ്ഥാനത്തിൽ C-Dit രജിസ്ട്രാർക്ക് നടപടിക്രമത്തിലെ ക്രമക്കേട് ചൂണ്ടിക്കാട്ടി പരാതി നൽകിയ C-Dit-ലെ ഇ-

ഗവേണൻസ് Implement Division/Engineering Service Division വകുപ്പുകളുടെ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ ആയ എം. ആർ. മോഹനചന്ദ്രൻ, എതിർകക്ഷികളായ E-Governance Engineering Service Division (EGSD)-ൽ സെർവർ അഡ്മിനിസ്ട്രേറ്ററായി താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന രഞ്ജിത് കുമാർ എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്.

വാമനപുരം നിയോജക മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ

101 (101) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ അനുമതി ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) പനവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടം പരിശോധിച്ചതിൻപ്രകാരം പോലീസ് സ്റ്റേഷൻ പ്രവർത്തിക്കാൻ പര്യാപ്തമാണെന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതൊക്കെ പഞ്ചായത്ത് പ്രദേശങ്ങളാണ് പുതിയ പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരികയെന്ന് വ്യക്തമാക്കാമോ?

(ബി & സി) ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

സർക്കാരിനെതിരെ സോഷ്യൽ മീഡിയ നടത്തുന്ന അധിക്ഷേപങ്ങൾ

102 (102) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2022 കാലയളവിലെ സർക്കാരിന്റെ ജനോപകാരപ്രദമായ പ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ട് സോഷ്യൽ മീഡിയ ഉൾപ്പെടെ നടത്തുന്ന അധിക്ഷേപങ്ങളും മുഖ്യമന്ത്രിയെ വിമാനത്തിൽപോലും തടയാനും ആക്രമിക്കാനും ശ്രമിച്ചതുപോലുള്ള പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിക്കെതിരെ വിമാനത്തിനുള്ളിൽവച്ച് നടന്ന ആക്രമണവുമായി ബന്ധപ്പെട്ട് ഫർസീൻ മജീദ്, നവീൻ കുമാർ, സുനിത് നാരായണൻ എന്നിവരുടെ പേരിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 511/2022 U/s 120 B, 332, 307, 34 of IPC Sec. 22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec.11 A of Aircraft Act 1934 & Sec.3 (1) (a) of

Suppression of Unlawful Acts against Safety of Civil Aviation Act 1982 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇപ്രകാരമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എത്രപേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ 91 പേർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സർക്കാർ ജീവനക്കാരുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നിയന്ത്രണവും കുറ്റക്കാർക്കെതിരെ സ്വീകരിച്ചുവരുന്ന പ്രധാന നടപടികളും വിശദമാക്കുമോ?

സർക്കാർ ജീവനക്കാരുടെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ നിലവിലുള്ള നിയമപ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി ശക്തമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കാസർഗോഡ് ജില്ലയിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം എടുത്ത കേസ്സുകൾ</u>

103 (103) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ 2022 മെയ് വരെ കാസർഗോഡ് ജില്ലയിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

1594 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിലായി തിരിച്ചറിയുകയും അറസ്റ്റ് ചെയ്യുകയും ചെയ്ത പ്രതികളുടെ എണ്ണം പോലീസ് സ്റ്റേഷൻ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ കേസ്സുകളിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോയെന്നും എങ്കിൽ തിരിച്ചറിഞ്ഞ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

(സി) പ്രതികളെ തിരിച്ചറിയാത്ത കേസ്സുകൾ ഏതൊക്കെയാണെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രതികളെ തിരിച്ചറിയാനും തിരിച്ചറിഞ്ഞ പ്രതികളെ അറസ്റ്റ് ചെയ്യാനും കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ?

പ്രതികളെ തിരിച്ചറിയാനുള്ള കേസുകളിൽ ചിലത് അന്വേഷണാവസ്ഥയിൽ ഉള്ളവയാണ്. മതിയായ സാക്ഷികളുടെയും തെളിവുകളുടെയും അഭാവം, പല പ്രതികളും കുറ്റകൃത്യത്തിനുശേഷം വിദേശത്തേയ്ക്ക് കടന്ന് തിരികെ നാട്ടിലേക്ക് വരാതിരിക്കുന്നത് എന്നിവ കാരണമാണ് പ്രതികളെ കണ്ടെത്തുന്നതിനും അറസ്റ്റ് ചെയ്യുന്നതിനും കാലതാമസം നേരിടുന്നത്.

<u>നടിയെ അക്രമിച്ച കേസ്</u>

104 (104) <u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് നടിയെ അക്രമിച്ച കേസ് സർക്കാർ അട്ടിമറിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ച് മേധാവിയുടെ മേൽനോട്ടത്തിൽ ശരിയായ ദിശയിൽ പുരോഗമിക്കുന്നു.

(ബി) കോടതിയിൽ തെളിവായി സമർപ്പിച്ച മെമ്മറി കാർഡിന്റെ ഹാഷ് വാല്യൂ മാറിയിട്ടുണ്ടെന്ന് ഫോറൻസിക് ലാബ് ജോയിന്റ് ഡയറക്ടർ 29-1-2020-ന് സർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ ഇതിന്മേൽ അന്നുതന്നെ അന്വേഷണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

സർക്കാരിനെ അറിയിച്ചിരുന്നില്ല.

(സി) കേസിലെ പ്രധാന പ്രതിയായ നടനെ മുൻ ഡി.ജി.പി. നിരവധി തവണ വിളിക്കുകയും കേസ് അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്ന ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മുൻ ഡി.ജി.പി. കേസ് അട്ടിമറിക്കാൻ ശ്രമിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) നിരവധി അട്ടിമറികൾ നടന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ നടപടി എടുക്കാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ?

കേസ് അന്വേഷണഘട്ടത്തിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താനാവില്ല.

<u>ആറ്റിങ്ങലിലെ സ്റ്റുഡൻറ് പോലീസ് കേഡറ്റ്</u>

105 (105) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിൽ ഉള്ളതെന്ന് അറിയിക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പത്ത് സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് നിലവിൽ ഉള്ളത്.

1. GMBHSS, Attingal

2. GGHSS, Attingal

3. GHS, Avanavanchery

4. GHSS, Koduvazhanoor

5. GVHSS, Vakkom

6. GHSS, Cherunniyoor

7. GVHSS, Njekkadu

8. GHSS, Kilimanoor

9. RRVBVHSS, Kilimanoor

10. RRVGHSS, Kilimanoor

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചതെന്നും നിലവിൽ സ്വീകരിച്ച നടപടികളും അറിയിക്കാമോ?

ഈ അദ്ധ്യയനവർഷത്തിൽ പുതുതായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് നോട്ടിഫിക്കേഷൻ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്.

<u>സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങൾ</u>

106 (106) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിക്കുശേഷം കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്ക് ഇനം തിരിച്ച് സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയിലോ പോലീസ് ആസ്ഥാനത്തോ സംസ്ഥാന

ആഭ്യന്തര വകുപ്പിലോ സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ശേഖരിച്ച ലഭ്യമാക്കുമോ?

വിവരങ്ങൾ ശേഖരിച്ചുമാത്രമെ ലഭ്യമാക്കാനാവുകയുള്ളു

(ബി) കേരളത്തിലെ നിരോധിക്കപ്പെട്ട സംഘടനകൾ നടത്തിയ കൊലപാതകങ്ങൾ പ്രസ്തുത സംഘടനകളുടെ ഇനം തിരിച്ച് സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

(സി) കേരളത്തിൽ വർദ്ധിച്ചുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ കാരണം പൊതുജനജീവിതം ദു:സഹമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരളത്തിൽ അടുത്തിടയായി അടിക്കടി വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

സംഘർഷസാദ്ധ്യത കണക്കിലെടുത്ത് ആവശ്യമായ സുരക്ഷാക്രമീകരണങ്ങളും മറ്റ് മുൻകരുതൽ നടപടികളും സ്വീകരിക്കുകയുണ്ടായി. ആലപ്പുഴ, പാലക്കാട്, ജില്ലകളിൽ നടന്ന രാഷ്ട്രീയ

കൊലപാതകങ്ങളെത്തുടർന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെ സ്പർദ്ധവളർത്തി വർഗ്ഗീയസംഘർഷം ഉണ്ടാക്കാൻ ശ്രമിച്ചവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചതുവഴി അത്തരം സംഘടനകളുടെ നീക്കം തടയുവാൻ കഴിഞ്ഞു. സംസ്ഥാന ഇന്റലിജൻസ് വിഭാഗം ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചതിലൂടെയും ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ ഉടൻ തന്നെ കണ്ടെത്തി അറസ്റ്റ് ചെയ്യാൻ കഴിഞ്ഞതും വഴി സംഘർഷസാദ്ധ്യത ഒഴിവാക്കുന്നതിന് സാധിച്ചു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശനമായ നടപടികൾ സ്വീകരിച്ചതിന് പുറമെ പ്രസ്തുത കേസുകളുടെ അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) കേരളത്തിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾക്ക് നേതൃത്വം നൽകുന്ന ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ?

സംസ്ഥാനത്ത് ഗുണ്ടാ അക്രമങ്ങളും, കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതലങ്ങളിൽ Special Action Group against Organized Crimes (SAGOC) രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടെയും സാമൂഹ്യ വിരുദ്ധ

പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുകയും കൃത്യമായ ഇടവേളകളിൽ അവരുടെ പ്രവർത്തനങ്ങൾ രഹസ്യമായി പരിശോധിക്കുകയും ചെയ്തുവരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ Anti-Organised Crimes Cell (AOCC) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ ഗുണ്ടാ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിന് സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുമെതിരെ 107 Cr.PC, KAAPA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

## സ്ത്രീധനപീഡന കേസുകൾ

107 (107) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2020 വരെ എത്ര സ്ത്രീധനപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്?

13678 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 245 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) 2021 മുതൽ നാളിതുവരെ എത്ര സ്ത്രീധന പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ശിക്ഷ നൽകിയിട്ടുണ്ട്?

7348 സ്ത്രീധന പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 6 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്.

(സി) 2021 മുതൽ സ്ത്രീധന പീഡന കേസുകളിൽ വലിയ വർദ്ധന ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെയും പോലീസ് വകുപ്പിന്റെയും സ്ത്രീധനത്തിനെതിരായ ക ക്യാമ്പയിനുകളും ബോധവൽക്കരണ ക്ലാസ്സുകളും ഇത്തരം പരാതികൾ നൽകുന്നതിനായി കേരള സർക്കാരിന്റെ നേതൃത്വത്തിൽ പോലീസ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയ അപരാജിത ഹെൽപ്‌ലൈനും പീഡനമനുഭവിക്കുന്നവർക്ക് പരാതികളുമായി മുന്നോട്ടുവരാൻ കൂടുതൽ അവസരവും ധൈര്യവുമേകിയതായി കാണുന്നു.

(ഡി) സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികൾക്ക് ഗാർഹിക പീഡനമേൽക്കേണ്ടിവരുന്നത് തടയുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് സ്ത്രീധന നിരോധന ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ അഡ്വൈസറി ബോർഡുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ wcd.kerala.gov.in/dowry എന്ന പോർട്ടലിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

വനിതാശിശുവികസന വകുപ്പ്, 'കനൽ' കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജന്റർ റിലേഷൻസ് ആൻഡ് വിമൺ ലെജിസ്ലേഷനുകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കൂടാതെ, ലിംഗസമത്വം, സ്ത്രീസുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ഗാർഹിക

പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ സ്ഥാപനങ്ങളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ) താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന പല സ്ത്രീകൾക്കും സാങ്കേതിക വിദ്യയിൽ പരിജ്ഞാനമില്ലാത്തതിനാലും കോവിഡ്-19 മഹാമാരിയുടെ

പശ്ചാത്തലത്തിലും ഇത്തരത്തിലുള്ള സ്ത്രീകൾക്ക് സൗജന്യമായി പരാതി നൽകുന്നതിനുള്ള സംവിധാനമെന്നനിലയിൽ തപാൽ വകുപ്പും വനിതാ ശിശുവികസന വകുപ്പും സഹകരിച്ച് 'രക്ഷാദൂത്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക പീഡനം, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പരിപാടിയാണ് 'പ്രീ ആൻഡ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്'. കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിനുകീഴിൽ 38 ഫാമിലി കൗൺസിലിംഗ് സെൻററുകൾ വനിതാ ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ' കാതോർത്ത്' എന്ന ഓൺലൈൻ കൺസൾട്ടൻസി വകുപ്പ് നടപ്പിലാക്കിവരുന്നു. ലിംഗപദവി അസമത്വം തടയുന്നതിന്റെ ഭാഗമായി "ഇനി വേണ്ട വിട്ടുവീഴ്ച" ക്യാമ്പയിൻ സോഷ്യൽ മീഡിയ വഴി നടപ്പിലാക്കിവരുന്നു. സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള സംരക്ഷണ നിയമം, വിവിധ സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ച്

പൊതുസമൂഹത്തിന് നിരവധി ബോധവത്ക്കരണ ക്ലാസ്സുകൾ കേരള വനിതാ കമ്മീഷൻ സംഘടിപ്പിച്ചുവരുന്നു. ഭരണഘടനാപരമായ സ്ത്രീയുടെ അവകാശങ്ങൾ സംബന്ധിച്ച് അറിവ് പകർന്ന് നൽകുന്നതിന് സെമിനാറുകൾ/വെബിനാറുകൾ, യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുവാൻ ലിംഗസമത്വം വളർത്തുന്നതിനും അവരെ സഹായിക്കുന്നതിനും ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും കലാലയജ്യോതി പരിപാടികൾ, വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളും വിവാഹേതര ബന്ധങ്ങളും തടയുന്നതിന് യുവതി യുവാക്കൾക്ക് പ്രീ-മാരിറ്റൽ കൗൺസിലിംഗ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ജാഗ്രതാസമിതിയിലെ അംഗങ്ങൾക്ക് പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എൻ.ജി.ഒ. എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം തുടങ്ങിയ ബോധവത്ക്കരണ പരിപാടികളും കമ്മിഷൻ നടത്തിവരുന്നു. സ്ത്രീകൾക്ക് നേരെ സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയുമുള്ള ഗാർഹിക പീഡനങ്ങൾ കർശനമായി തടയുന്നതിന് ജനമൈത്രി പോലീസ് മുഖാന്തരം വിവരങ്ങൾ ശേഖരിക്കുകയും

ശ്രദ്ധയിൽപ്പെടുന്ന സംഭവങ്ങളിലെ പീഡിതർക്ക് ആവശ്യമായ ധൈര്യം നൽകി നിയമസഹായം ഉറപ്പുവരുത്തുവാൻ ശ്രമിക്കുന്നുമുണ്ട്. സ്ത്രീധന പീഡനം സംബന്ധിച്ച പരാതികളിൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. Domestic Conflict Resolution Centre പ്രോജക്ട് വഴി വരുന്ന പരാതികളിന്മേൽ കൗൺസിലിംഗ് ആവശ്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ആയത് നൽകി വരുന്നുണ്ട്. ഇതിനുപുറമെ സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങൾ

108 (108) ശ്രീമതി ഉമ തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ.സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഉൾപ്പെടെ പെൺകുട്ടികൾ കൂട്ട ബലാത്സംഗത്തിനിരയാകുന്നതും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഉണ്ടാകുന്നതും സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

പെൺകുട്ടികൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ സർക്കാർ വളരെ ഗൗരവത്തോടെ കാണുകയും നടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ആക്രമണങ്ങൾ തടയുന്നതിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിലും വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപെട്ടാൽ കാലതാമസമില്ലാതെ നിലവിലെ നിയമങ്ങൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാളയാർ പെൺകുട്ടികളുടെ മരണം ഉൾപ്പെടെ സമീപകാലത്ത് ആവർത്തിക്കപ്പെട്ട സമാനസംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസുകളിൽ ഉൾപ്പെടുന്നവർക്ക് രാഷ്ട്രീയ സംരക്ഷണം നൽകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ത്രീകളുടെയും കുട്ടികളുടെയും

സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമസഹായവും നൽകിവരുന്നു. ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ്

ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്.

## അട്ടപ്പാടി മധു കേസ്

109 (109) ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോസിക്യൂട്ടർമാർക്ക് ഫീസ് നൽകാതെ അട്ടപ്പാടി മധു കേസ് ദുർബലപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കേസ് വാദിക്കാൻ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും നാളിതുവരെ അലവൻസുകളോ സൗകര്യങ്ങളോ

അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) മരണപ്പെട്ട മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരമാണ് പ്രസ്തുത കേസ് വാദിക്കാൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ സർക്കാർ നിയമിച്ചത്. പ്രോസിക്യൂട്ടർമാർ യാതൊരു പ്രതിഫലവും മുൻകൂറായി ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇത് കേസിന്റെ മുന്നോട്ടുപോക്കിനെ ബാധിച്ചിട്ടുണ്ടോ; കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേസ് ബഹുമാനപ്പെട്ട കോടതിയുടെ സജീവ പരിഗണനയിലിരിക്കുകയാണ്.

(ഡി) ഈ കേസിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി എടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജി സന്നദ്ധത അറിയിച്ചിട്ടുള്ളതിനാൽ മരണപ്പെട്ട മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരം പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ അതിഥി തൊഴിലാളികൾ

110 (110) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഉപജീവനാർത്ഥം പതിനായിരക്കണക്കിന് അതിഥി തൊഴിലാളികൾ വന്ന് കേന്ദ്രീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കാർ കണക്കുകൾ പ്രകാരം ഏകദേശം എത്ര അതിഥി തൊഴിലാളികൾ ഈ പ്രദേശത്ത് ഉണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

ലഭ്യമായ വിവരങ്ങൾ പ്രകാരം 185509 പേർ ഉള്ളതായി കണക്കാക്കുന്നു.

(സി) അതിഥി തൊഴിലാളികളുടെ ഇടയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിഥി തൊഴിലാളികളുടെ അതിക്രമങ്ങളും ബാഹുല്യവും കാരണം ഒരു അധിക പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ? ഇല്ലെങ്കിൽ നിലവിലുള്ള സ്റ്റേഷനിൽ സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കാമോ?

ഇത് നിയന്ത്രിക്കുന്നതിന് വിമാനത്താവളം, റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ പോലീസ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണ ക്യാമ്പെയിൻ എന്നിവ നടത്തി വരുന്നുണ്ട്. എക്സൈസ് വകുപ്പും അതിഥി തൊഴിലാളികൾക്ക് അവരുടെ ഭാഷയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പെരുമ്പാവൂർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതും നിലവിലുള്ള സ്റ്റേഷനിൽ സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതും ഇപ്പോൾ പരിഗണനയിലില്ല.

## താനൂർ പോലീസിന്റെ അതിക്രമം

111 (111) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ വാർഡ് നമ്പർ 11-ൽ ഉൾപ്പെടുന്ന ശ്രീ. മുഹമ്മദ് തൻവീറിനെ താനൂർ പോലീസ് അകാരണമായി മർദ്ദിക്കുകയും, മാനസികമായി പീഡിപ്പിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ പങ്കാളികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. മുഖ്യമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച പരാതിയിൽ താനൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പരാതിക്കാരനേയും എതിർകക്ഷികളേയും നേരിൽ കണ്ട് അന്വേഷണം നടത്തി ഇരുകൂട്ടരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താനൂർ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് 17-06-2022-ൽ പരാതിക്കാരന് നേരിട്ട് മറുപടിയും നൽകിയിട്ടുണ്ട്. ഇതേ കാര്യത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ച പരാതി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് അയച്ചുപ്രകാരം താനൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു.

(സി) ഈ വിഷയത്തിൽ ഉൾപ്പെട്ട പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

പരാതിയിലെ ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തിയതിൽ നിന്നും ടി ആരോപണങ്ങൾ തികച്ചും അടിസ്ഥാനരഹിതമെന്ന്

വെളിവായിട്ടുള്ളതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായ സാഹചര്യം ഇപ്പോൾ നിലവിലില്ല.

<u>ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം തടയുന്നതിന് നടപടി</u>

112 (112) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടന്ന ഗുണ്ടാ ആക്രമണങ്ങളുടെയും കൊലപാതകങ്ങളുടെയും കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ (01-05-2021 മുതൽ 19-06-2022 വരെ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 29 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ആകെ 378 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഗുണ്ടാ അക്രമങ്ങളും കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടാ അക്രമണങ്ങളും, കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതലങ്ങളിൽ Special Action Group against Organized Crimes (SAGOC) രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുകയും കൃത്യമായ ഇടവേളകളിൽ അവരുടെ പ്രവർത്തനങ്ങൾ രഹസ്യമായി പരിശോധിക്കുകയും ചെയ്തുവരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ Anti-Organised Crimes Cell (AOCC) രൂപീകരിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഗുണ്ടാ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിന് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ 107 Cr.PC, KAAPA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

113 (113) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ക്രൈമുകൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് വലിയ രീതിയിൽ സൈബർ ക്രൈമുകൾ നടത്തുന്നതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി ഏഷ്യയിൽതന്നെ ആദ്യമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരള പോലീസ് സൈബർ ഡോം. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CCPW Project. ഇതിന്റെ ഭാഗമായി കേരളാ പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈബർ കേസുകളുടെ അന്വേഷണത്തിനായി എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ പോലീസ് ജില്ല ഒഴികെ) സൈബർ പോലിസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ഈ മേഖലകളിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളെ ഗൗരവത്തോടെ കാണുന്നതും കുറ്റകാർക്കെതിരെ നിലവിലുള്ള നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കൃത്യമായ അന്വേഷണം നടത്തി ബന്ധപ്പെട്ട കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് അർഹമായ ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ എത്ര സൈബർ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ 3323 സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1831 കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. 34 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(സി) സൈബർ ക്രൈമുകൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും പോലീസ് സംവിധാനത്തിനുള്ള

പരിമിതികൾ പരിശോധിച്ച് അടിയന്തര പരിഹാരനടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സൈബർ ക്രൈമുകൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനുമായി സൈബർ മേഖലയിൽ പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ സൈബർ ഫോറൻസിക് ടൂളുകളുടെ സഹായത്തോടെയാണ് സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തി വരുന്നത്. C-DAC, C-DIT തുടങ്ങിയ സ്ഥാപനങ്ങളിൽ വച്ചും പോലീസ് ട്രെയിനിംഗ് കോളേജിലും കേരളാ പോലീസ് അക്കാഡമി എന്നിവിടങ്ങളിൽവച്ചും സൈബർ മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി വരുന്നു.

## സൈബർ കേസുകളുടെ അന്വേഷണം

114 (114) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കേസുകളുടെ അന്വേഷണം ഏത് രീതിയിലാണ് നടത്തുന്നതെന്ന് വിശദമാക്കുമോ; ആയതിന് പോലീസിന്

പ്രത്യേക പരിശീലനവും സാങ്കേതിക പരിജ്ഞാനവും നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

Cr.PC, IPC, IT Act, Indian Evidence Act തുടങ്ങിയവ അനുശാസിക്കുന്നതുപ്രകാരം സൈബർ ഫോറൻസിക് ടൂളുകളുടെ സഹായത്തോടെയാണ് സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അന്വേഷണം നടത്തിവരുന്നത്. C-DAC, C-DIT തുടങ്ങിയ സ്ഥാപനങ്ങളിൽ വച്ചും പോലീസ് ട്രെയിനിംഗ് കോളേജിലും കേരളാ പോലീസ് അക്കാഡമി എന്നിവിടങ്ങളിൽവച്ചും സൈബർ മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി വരുന്നുണ്ട്.

(ബി) സൈബർ കേസുകൾ അന്വേഷിക്കുവാൻ പോലീസ് സ്റ്റേഷനുകളിലെ സൈബർ സെല്ലുകൾക്ക് കഴിയുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇതിനായി പ്രത്യേക വൈദഗ്ദ്ധ്യം നേടിയവരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

കഴിയുന്നുണ്ട്. സൈബർ കേസുകൾ അന്വേഷിക്കുവാനും സഹായിക്കുന്നതിനുമായി പോലീസ് സ്റ്റേഷനുകളിലെ സൈബർ സെല്ലുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ആയതിലേയ്ക്കായി പോലീസ്

ഉദ്യോഗസ്ഥർക്ക് പ്രത്യേകം വൈദഗ്ദ്ധ്യം ലഭിക്കുന്നതിലേയ്ക്കായി സൈബർ ക്രൈമുമായി ബന്ധപ്പെട്ട പരിശീലനം നൽകി വരുന്നു.

(സി) സൈബർ കേസ്സുകളിലെ അന്വേഷണം വൈകുന്നതിലൂടെ പ്രതികൾ രക്ഷപ്പെടാനും ഇരകൾക്ക് നീതി നിഷേധിക്കപ്പെടാനും ഇടയാകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് റിപ്പോർട്ടാകുന്ന സൈബർ കേസുകളുടെ അന്വേഷണത്തിൽ കാലതാമസം കൂടാതെ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ പോലീസ് ജില്ല ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സൈബർ ക്രൈമുകൾ അന്വേഷണത്തിന് സാങ്കേതിക സഹായം നൽകുന്നതിനായി സൈബർ ഡോമുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. പോലീസ് ആസ്ഥാനത്ത് ഒരു ഹൈ-ടെക് ക്രൈം എൻക്വയറി സെൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനവും സൈബർ ക്രൈം കേസ്സുകളുടെ അന്വേഷണത്തിന് സാങ്കേതിക സഹായം നൽകി വരുന്നുണ്ട്.

## പന്തീരാങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം

115 (115) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തീരാങ്കാവിൽ ആരംഭിച്ച പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പന്തീരാങ്കാവിൽ ആരംഭിച്ച പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരദേശ പരിപാലന നിയമപ്രകാരമുള്ള ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്?

2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 610 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി 36 ലക്ഷം രൂപ ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

(സി) ആധുനിക ഡിസൈനിൽ കെട്ടിടം നിർമ്മിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്?

ആധുനിക രീതിയിലുള്ള കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമാക്കാൻ പൊതുമരാമത്ത് വിഭാഗത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

116 (116) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ 10 പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡും, മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷനുകൾക്കും, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ 590 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇതുസംബന്ധിച്ച കോട്ടയം ജില്ല പോലീസ് മേധാവിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ശിപാർശയിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

മണ്ണാർക്കാട് സബ് ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനുള്ള ഫണ്ട്

117 (117) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സബ് ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് അറിയിക്കാമോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും?

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ നിർമ്മിക്കുന്ന മണ്ണാർക്കാട് സബ് ജയിലിന്റെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിക്കായി 2022-23-ലെ ‘ ജയിലുകളുടെ നവീകരണം’ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 148 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>കായംകുളം പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ്</u>

118 (118) <u>ശ്രീമതി യു പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് കാലങ്ങളായി ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ കെട്ടിടങ്ങൾ പൊളിച്ച് ലേലം ചെയ്യുന്നതിനുള്ള സർവ്വേ റിപ്പോർട്ട് ലഭ്യമാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തെ അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇവിടെ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

<u>സ്വർണ്ണക്കടത്ത് കേസ്</u>

119 (119) <u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതികൾക്ക് മുൻപിൽ മുഖ്യമന്ത്രിക്കും പാർട്ടി സെക്രട്ടറിക്കുമെതിരെ ഗുരുതര ആരോപണം ഉന്നയിച്ചതായി പറയപ്പെടുന്ന രണ്ട് ഇടനിലക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രധാന പ്രതി നടത്തിയ പ്രസ്താവനകൾക്ക് പിന്നിലുള്ള ഗൂഢാലോചനയും മറ്റ് സംശയാസ്പദമായ കാര്യങ്ങളെയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് തവനൂർ എം.എൽ.എ. ഡോ. കെ. ടി. ജലീൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.645/2022 u/s 120(B), 153 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതോടൊപ്പം, അഡ്വ. സി. പി. പ്രമോദ് എന്നയാൾ നൽകിയ മറ്റൊരു പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം.423/2022 u/s 505(1) (b), 465 IPC & 65 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസുകൾ ഊർജ്ജിതാന്വേഷണത്തിനായി എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം വരുത്താവുന്നതുമാണ്.

(ബി) എ.ഡി.ജി.പി. ലാ ആൻഡ് ഓർഡറുമായും വിജിലൻസ് ഡയറക്ടറുമായും നിരവധി തവണ സംസാരിച്ചവെന്ന് ആരോപണമുള്ള പ്രസ്തുത ഇടനിലക്കാരുടെ ഫോൺ കസ്റ്റഡിയിൽ എടുക്കാതെ തെളിവ് നശിപ്പിക്കാനുള്ള സാഹചര്യം ഒരുക്കി കൊടുത്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും പ്രതിനിധികളെന്ന് അവകാശപ്പെട്ടുകൊണ്ട് കേസിലെ പ്രതിയെ സ്വാധീനിക്കാൻ ഇവർ ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ഉത്തരം (എ)-യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>വിമാനത്തിൽ വച്ചുള്ള ആക്രമണ ശ്രമം</u>

120 (120) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെ വിമാനത്തിൽ വച്ച് ആക്രമിക്കാൻ ശ്രമിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ?

കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ PSO നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വലിയതുറ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 511/2022 u/s 120 B, 332, 307, 34 of IPC sec.22 of Aircraft (Investigation of Accidents and Incidents) Rules 2012, sec 11 A of Aircraft Act 1934 & sec 3 (1) (a) of Suppression of Unlawful Acts against Safety of Civil Aviation Act 1982 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഫർസീൻ മജീദ്, S/o മജീദ്, ദാരു സിറാജ് ഹൗസ്, വെളിയംപറമ്പ്, മട്ടന്നൂർ, പഴശ്ശിരാജ കോളേജിന് സമീപം, കീഴല്ലൂർ, തലശ്ശേരി, കണ്ണൂർ.

2. നവീൻ കുമാർ, S/o നാരായണൻ, നാരായണീയം വീട്, തലശ്ശേരി മഹാദേവ ക്ഷേത്രത്തിന് സമീപം, പട്ടന്നൂർ, കൊടോലി, തലശ്ശേരി, കണ്ണൂർ.

3. സുനിത് നാരായണൻ.

(ബി) പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുള്ളവരാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതി 28-06-2022-ന് മുമ്പായി ബഹു.കോടതി മുമ്പാകെ ഹാജരാകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുള്ളതാണ്. രാഷ്ട്രീയപാർട്ടി ബന്ധം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിൽ പ്രതികളായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വിശദാംശംങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഈ സംഭവത്തിൽ ഗൂഢാലോചന നടത്തിയവരെ കണ്ടെത്തി പ്രതിപട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സംഭവത്തിന്റെ ഗുരുതര സ്വഭാവം കണക്കിലെടുത്ത് ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങളുടെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്വർണ്ണക്കടത്ത് കേസ്സിലെ കുറ്റരോപിതയുടെ വെളിപ്പെടുത്തൽ

121 (121) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിക്കും സി.പി.ഐ.(എം) കേരള സംസ്ഥാന സെക്രട്ടറിക്കും വേണ്ടി വിദേശത്തേക്ക് കറൻസി അടങ്ങിയ ബാഗ് കടത്തിയെന്നും ക്ലിഫ് ഹൗസിലേക്ക് ഭാരമേറിയ പാത്രങ്ങൾ എത്തിച്ചുവെന്നുമുള്ള സ്വർണക്കടത്ത് കേസ്സിലെ കുറ്റാരോപിതയായ സ്ത്രീയുടെ വെളിപ്പെടുത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ?

അടിസ്ഥാനരഹിതമായ ഇത്തരം ചില വാർത്തകൾ മാധ്യമങ്ങളിൽ വന്നിട്ടുണ്ട്.

## മൊഴി പിൻവലിക്കാൻ ഭീഷണി

122 (122) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കെതിരെ നൽകിയ മൊഴി പിൻവലിക്കാൻ ഒരു വ്യക്തി സമ്മർദ്ദം ചെലുത്തിയെന്നും ഭീഷണിപ്പെടുത്തുയെന്നുമുള്ള

സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രധാന പ്രതി നടത്തിയ പ്രസ്താവനകൾക്ക് പിന്നിലുള്ള ഗൂഢാലോചനയും മറ്റ് സംശയാസ്പദമായ കാര്യങ്ങളെയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് തവനൂർ എം.എൽ.എ. ഡോ. കെ. ടി.ജലീൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നം.645/2022 u/s 120(B), 156 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിന്റെ അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ശ്രീ. മധുസൂദനന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമെ, അഡ്വ. സി. പി. പ്രമോദ് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1) (b), 465 IPC & 65 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പ്രസ്തുത കേസും ഈ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ പരിധിയിൽ വരുന്നതാണ്.

(ബി) ഇത്തരത്തിൽ ഭീഷണിപ്പെടുത്തിയതായും സമ്മർദ്ദം ചെലുത്തിയതായും ആരോപിക്കപ്പെട്ട വ്യക്തിക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം (എ)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംഘടനകളുടെ പ്രവർത്തനം

123 (123) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനെതിരെ തികച്ചും വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണ ഉളവാക്കുന്നതുമായ വാർത്തകൾ സൃഷ്ടിക്കുകയും കേരളത്തിലാകെ അക്രമം അഴിച്ചുവിടുകയും ചെയ്യുന്ന ചില സംഘടനകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇത്തരം സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം (എ)-യിൽ ചേർത്തിരിക്കുന്നു.

(സി) കലാപ നീക്കങ്ങൾക്കെതിരെ ആഹ്വാനം ചെയ്യുന്ന വ്യക്തികൾക്കെതിരെയും വസ്തുതയ്ക്ക് നിരക്കാത്ത പ്രസ്താവനകൾ നടത്തുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

കലാപ നീക്കങ്ങൾക്ക് ആഹ്വാനം ചെയ്യുന്നതായും വസ്തുതയ്ക്ക് നിരക്കാത്ത പ്രസ്താവനകൾ നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫോറൻസിക് ലാബിലെ തസ്തികകൾക്ക് വിശേഷാൽ ചട്ടം

124 (124) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം നിലവിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ?

സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ അനുവദിക്കപ്പെട്ട എല്ലാ തസ്തികകൾക്കും വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ല.

(ബി) വിശേഷാൽ ചട്ടങ്ങളില്ലാത്തതിനാൽ നിയമനം നടക്കാത്ത ഏതെങ്കിലും തസ്തികകൾ ഫോറൻസിക് ലാബിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ, വിശേഷാൽ ചട്ടങ്ങൾ നിലവിൽ ഇല്ലാത്ത അസിസ്റ്റന്റ് ഡയറക്ടർ (ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്കുലാർ ബയോളജി) എന്നീ തസ്തികകളിൽ അർഹരായ സയന്റിഫിക് ഓഫീസർമാർക്ക് യഥാസമയം താൽക്കാലിക സ്ഥാനക്കയറ്റം നൽകി വരുന്നുണ്ട്.

(സി) ഫോറൻസിക് ലാബിൽ എല്ലാ തസ്തികകൾക്കുമായി ഒരു വിശേഷാൽ ചട്ടം രൂപീകരിക്കാൻ കഴിയുമോ; എങ്കിൽ ഇത് സമയബന്ധിതമായി എന്ന് രൂപീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിവിധ സാങ്കേതിക തസ്തികകൾക്ക് നിലവിലുള്ള വിശേഷാൽ ചട്ടം പരിഷ്കരിച്ച് പുതിയ വിശേഷാൽ ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

## കേരള പോലീസ് നിയമനം

125 (125) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

മുൻസർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ 15888 പേരുടെ നിയമന ശിപാർശ ലഭിക്കുകയുണ്ടായി. ഇതിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ 14495 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം കേഡറിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമിക്കപ്പെട്ടവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

സബ് ഇൻസ്പെക്ടർ (വനിതകൾ ഉൾപ്പെടെ) - 456

ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ - 6

പോലീസ് കോൺസ്റ്റബിൾ- 10764

വനിത പോലീസ് കോൺസ്റ്റബിൾ - 1874

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 1064

ഹവിൽദാർ (സ്പോർട്സ് )- 138

പോലീസ് കോൺസ്റ്റബിൾ (ടെലി കമ്മ്യൂണിക്കേഷൻ) - 193

ആകെ - 14495

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പോലീസ് സേനയിലെ സബ് ഇൻസ്പെക്ടർ, ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ (ടെലി) എന്നീ തസ്തികകളിലെ നിയമനം സംസ്ഥാനതലത്തിലും മറ്റ് തസ്തികകളിലെ നിയമനങ്ങൾ ബറ്റാലിയൻ മുഖേനയുമാണ് നടത്തുന്നത്. ബറ്റാലിയൻ മുഖേനയുള്ള നിയമനങ്ങളുടെ ബറ്റാലിയൻ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

KAP I Battalion

പോലീസ് കോൺസ്റ്റബിൾ - 1123
പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 86
വനിത പോലീസ് കോൺസ്റ്റബിൾ - 26
ഹവിൽദാർ (സ്പോർട്സ്) - 14

KAP II Battalion

പോലീസ് കോൺസ്റ്റബിൾ -1709

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ -83

ഹവിൽദാർ (സ്പോർട്സ്) - 26

KAP III Battalion

പോലീസ് കോൺസ്റ്റബിൾ -1239

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 168

വനിത പോലീസ് കോൺസ്റ്റബിൾ - 12

ഹവിൽദാർ (സ്പോർട്സ്) -20

KAP IV Battalion

പോലീസ് കോൺസ്റ്റബിൾ -1641

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 179

വനിത പോലീസ് കോൺസ്റ്റബിൾ -72

ഹവിൽദാർ (സ്പോർട്സ്) - 13

KAP V Battalion

പോലീസ് കോൺസ്റ്റബിൾ - 1061

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 124

വനിത പോലീസ് കോൺസ്റ്റബിൾ - 68

ഹവിൽദാർ (സ്പോർട്സ്) - 18

MSP Battalion

പോലീസ് കോൺസ്റ്റബിൾ - 1534

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 267

വനിത പോലീസ് കോൺസ്റ്റബിൾ -128

ഹവിൽദാർ (സ്പോർട്സ്) - 21

## SAP Battalion

പോലീസ് കോൺസ്റ്റബിൾ - 1916

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ - 157

വനിത പോലീസ് കോൺസ്റ്റബിൾ - 13

ഹവിൽദാർ (സ്പോർട്സ്) - 26

## Woman Battalion

വനിത പോലീസ് കോൺസ്റ്റബിൾ -1555

## IR Battalion

പോലീസ് കോൺസ്റ്റബിൾ- 541

(Regular Wing 372, Commando Wing- 169)

## പോക്സോ കോടതി ആരംഭിക്കുന്നതിന് നടപടി

126 (126) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിൽ പോക്സോ കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നേരിയ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജില്ലയിൽ അധിക പോക്സോ കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) മൂന്നാർ മേഖലയിൽ പ്രസ്തുത കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) പോക്സോ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 2020-ൽ സംസ്ഥാനത്ത് 28 അതിവേഗ പ്രത്യേക കോടതികൾ സർക്കാർ അനുവദിച്ചിരുന്നു. ഇതിൽ രണ്ടെണ്ണം ഇടുക്കി (പൈനാവ്), കട്ടപ്പന എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കട്ടപ്പനയിലെ കോടതിയെ ഇ-പോക്സോ കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായി 2022-ൽ അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളിൽ ഒരു കോടതി ദേവികുളത്താണ് സ്ഥാപിക്കുന്നത്.

<u>കാട്ടാക്കട കോടതി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

127 (127) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കോടതിസമുച്ചയത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കാട്ടാക്കട താലൂക്കിലെ കുളത്തുമ്മൽ വില്ലേജിലെ സർവ്വേ നമ്പർ 234/8, 234/13-ൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് വാങ്ങിയ 17.90 ആർ ഭൂമിയിലാണ് കാട്ടാക്കട കോടതി സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. 2017-ൽ ആദ്യഘട്ടമായി പൈലിംഗ് ജോലികൾ ആരംഭിച്ചു. കാട്ടാക്കട കോടതി സമുച്ചയത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 19-10-2020-ലെ സ.ഉ.(സാധാ)നം.2440/2020/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിർദ്ദിഷ്ട ഭൂമിക്ക് തണ്ണീർത്തട നിർമ്മാണത്തിന് ഭരണാനുമതി ആവശ്യമായതിനാൽ പ്രവർത്തിക്കുള്ള കരാർ നടപ്പാക്കാനായില്ല. സർക്കാർ 25-5-2022-ലെ സ.ഉ.(കൈ)നം.41/2022/കൃഷി പ്രകാരം സെക്ഷൻ 27 A(9)-ലെ കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ ഭേദഗതി പ്രകാരം പ്രസ്തുത ഭൂമി

തരംമാറ്റുന്നതിന് അനുമതി നൽകി. ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ പി.ഡബ്ല്യൂ.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിലമ്പൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി

128 (128) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽ പ്രവർത്തിച്ചുവരുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി ഉയർത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

31-10-2013-ലെ സ.ഉ.(കൈ)നം.271/2013/ആഭ്യന്തരം പ്രകാരം നിലമ്പൂരിലെ നിലവിലുള്ള ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻസിഫ്, മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ ഉത്തരവുണ്ടായിട്ടും നിലമ്പൂരിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ആയതുസംബന്ധിച്ച നിലവിലെ തടസ്സങ്ങൾ വിശദീകരിക്കാമോ?

31.01.2015-ലെ സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം പ്രകാരം സർക്കാർ അനുവദിച്ച 8 തസ്തികകൾകൊണ്ട് കോടതിയുടെ പ്രവർത്തനം ആരംഭിക്കുക പ്രായോഗികമല്ലാത്തതിനാൽ, 17 തസ്തികകൾ കൂടി അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിലമ്പൂരിൽ മുൻസിഫ് കോടതി പ്രവർത്തിക്കുന്നതിനാവശ്യമായി അനുവദിക്കേണ്ട ആകെ തസ്തികകൾ എത്രയെന്നും അവയേതൊക്കെയെന്നും എത്ര തസ്തികകൾ ഇതുവരെ അനുവദിച്ചുവെന്നും അറിയിക്കാമോ; ശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ?

31-01-2015-ലെ സ.ഉ.(കൈ)നം.20/2015/ആഭ്യന്തരം പ്രകാരം സർക്കാർ അനുവദിച്ച 8 തസ്തികകൾ ഡെപ്യൂട്ടി നാസിർ-1, ആമീൻ-1, കോർട്ട് കീപ്പർ-1, പ്രോസസ്സ് സർവർ-5 എന്നിവയാണ്. ശേഷിക്കുന്ന തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 01-04-2015-നുശേഷം സംസ്ഥാനത്ത് വിവിധ കോടതികളിലേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തസ്തികകളാണ് 01-04-2015-ന് ശേഷം സംസ്ഥാനത്ത് പുതുതായി അനുവദിച്ചതെന്ന കണക്കുകൾ ലഭ്യമാക്കാമോ?

ഉണ്ട്. 2305 തസ്തികകൾ.

(ഇ) നിലമ്പൂർ ജെ.എഫ്.സി.എം. കോടതി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയായി പദവി ഉയർത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാർ 30-04-2015-ന് D7(A)-16913/2006 നമ്പർ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള തസ്തികകൾ ഉടനെ അനുവദിക്കാനാകുമോ; വിശദമാക്കാമോ?

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) നിലമ്പൂർ താലൂക്കിലെ ജനങ്ങൾ സിവിൽ കേസ്സുകൾ നടത്തുന്നതിനായി ഇപ്പോൾ ആശ്രയിക്കേണ്ട മുൻസിഫ് കോടതികൾ ഏതൊക്കെയെന്നും സംസ്ഥാന അതിർത്തി പ്രദേശമായ വഴിക്കടവ് നിന്നും ഈ കോടതികളിലേയ്ക്കുള്ള സഞ്ചാരദൂരം എത്രയെന്നും വിശദമാക്കാമോ?

നിലമ്പൂർ താലൂക്കിലെ ജനങ്ങൾ സിവിൽ കേസുകൾക്കായി മഞ്ചേരി മുൻസിഫ് കോടതിയെയാണ് ആശ്രയിക്കുന്നത്. വഴിക്കടവിൽ നിന്ന് മുൻസിഫ് കോടതി മഞ്ചേരിയിലേയ്ക്കുള്ള യാത്രാ ദൂരം 40 കിലോമീറ്ററാണ്.

## ബഹുനില മന്ദിരങ്ങളിലെ തീപിടുത്ത നിയന്ത്രണം

129 (129) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഹുനില മന്ദിരങ്ങളിലെ തീപിടുത്തം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബഹുനില മന്ദിരങ്ങളിൽ National Building Code 2016 Vol-1 Part IV-ൽ നിഷ്കർഷിച്ചിട്ടുള്ള അഗ്നിരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നപക്ഷം ആയത് വകുപ്പ് പരിശോധിച്ച് സുരക്ഷ ഉറപ്പാക്കിയ ശേഷം മാത്രം No Objection Certificate നൽകിവരുന്നു. പ്രധാനമായും താഴെപ്പറയും പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ബഹുനില മന്ദിരങ്ങളിൽ സജ്ജീകരിക്കേണ്ടതായിട്ടുണ്ട്.

1) Hydrant and Hydrant Box (Hose & Branch)

2)Riser

3) Fire Tank

4) Fire Pump

5) Sprinklers & Detectors

6) Fire Alarm and MCP (Manual Call Point)

7) Hose Reel Hose

8) Fire Extinguishers

ഇതുകൂടാതെ കെട്ടിടത്തിന്റെ ഗണമനുസരിച്ച് NBC യിൽ പറയുന്ന മറ്റ് ആധുനിക സജ്ജീകരണങ്ങൾകൂടി ഉറപ്പുവരുത്താറുണ്ട്.

(ബി) സ്കൈലിഫ്റ്റ് അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്തെല്ലാമെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടുപയോഗിച്ച് ഒരു Aerial Ladder Platform വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി വകുപ്പ് മേധാവി ലഭ്യമാക്കിയ ശിപാർശ 22-06-2022-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്. ആയതിന് ശേഷം ആഗോള ടെണ്ടർ ഉൾപ്പെടെയുള്ള പർച്ചേസ് നടപടികൾ ആരംഭിക്കുന്നതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് ആഗോള ടെണ്ടർ വിളിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം 'ബി'-യിൽ ചേർത്തിരിക്കുന്നു.

പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം

130 (130) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

പരവൂർ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് 30-11-2019-ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.3480/2019/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് അംഗീകരിച്ച അന്തിമ ആർക്കിടെക്ച്ചറൽ രൂപരേഖ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നു. ടി ഡ്രോയിംഗ് പ്രകാരം പൈൽ ക്യാപ്പും വസ്തുവിന്റെ അതിർത്തിയും തമ്മിൽ 30 സെ.മീ. മാത്രമെ അകലമുള്ളു

എന്നതിനാൽ ടി ഡ്രോയിംഗ് പ്രകാരം നിർമ്മാണം നടത്തുന്നത് പ്രയാസമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിന് മറ്റ് വസ്തു ലഭ്യമല്ലാത്തതിനാൽ കെട്ടിടത്തിന്റെ വീതികുറച്ച് പുറക് വശത്തുള്ള സ്ഥലവും കൂടി ഉൾപ്പെടുത്തി ആർക്കിടെക്ച്ചറൽ ഡ്രോയിംഗിൽ മാറ്റം വരുത്തി പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിരിക്കുകയാണ്.

## ഇരിക്കൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

131 (131) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇരിക്കൂർ ഫയർ സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല. ആവശ്യകത പരിശോധിച്ച് തത്വത്തിൽ അംഗീകാരം നൽകുന്ന മുറയ്ക്കെ സ്ഥലം കണ്ടെത്തി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയുള്ളൂ.

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

മാള ഫയർ സ്റ്റേഷൻ നവീകരണം

132 (132) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മാള ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിലയത്തിന്റെ ഗ്യാരേജ് അറ്റകുറ്റപ്പണികൾക്കും മറ്റ് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പൊതുമരാമത്ത് വകുപ്പിൽ നിന്നും തയ്യാറാക്കി നൽകിയ 52.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വകുപ്പ് മേധാവി ലഭ്യമാക്കിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിലാണ് തുടർ നടപടി സ്വീകരിക്കുക.

## നേര്യമംഗലം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

133 (133) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുമായ നേര്യമംഗലം ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കവളങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം സാംസ്കാരിക നിലയത്തിന്റെ മുറി, നേര്യമംഗലം അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് വരെ, താൽക്കാലികമായി വാടക രഹിതമായി വിട്ടുനൽകുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിച്ചതായും, ഗ്യാരേജ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് സൗകര്യമനുവദിച്ച് നൽകാമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടവും അനുബന്ധ സ്ഥലവും വകുപ്പ് പരിശോധിച്ചതിൽ അഗ്നിരക്ഷാ നിലയം പ്രവർത്തിക്കുന്നതിന്

അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടവും ഗ്യാരേജും വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 18-02-2021-ലെ 51/2021/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ള നേര്യമംഗലം ഫയർസ്റ്റേഷൻ നേര്യമംഗലം ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള സാംസ്കാരിക നിലയത്തിൽ സ്ഥാപിക്കുന്നതിനുള്ള പഞ്ചായത്തിന്റെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം (എ)-യിൽ ചേർത്തിട്ടുണ്ട്.

(സി) എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള അൻപത് സെന്റ് സ്ഥലം പ്രസ്തുത ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സമിതി തീരുമാനിച്ചെങ്കിലും നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു.

(ഡി) നിരവധി വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ നേര്യമംഗലത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മറ്റ് ഫയർസ്റ്റേഷനുകളിൽ നിന്നും വളരെ ദൂരത്തിലാണെന്നുള്ള വസ്തുതയും പരിഗണിച്ച് നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം ആവശ്യമായ തസ്തികകൾ എന്നിവയുടെ ലഭ്യതയ്ക്ക് വിധേയമായി സ്റ്റേഷൻ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

134 (134) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കല്ലമ്പലം കേന്ദ്രമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ സർവ്വേ നം.233/1-ൽ ഉൾപ്പെട്ട 19.34 ആർ (47.77 സെന്റ്) സർക്കാർ പുറമ്പോക്ക് ഭൂമി

ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന് 3,40,000/- രൂപ കൈമാറിയിട്ടുണ്ട്. സോയിൽ ടെസ്റ്റ് കഴിഞ്ഞാൽ മാത്രമെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ

135 (135) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരപ്പ വില്ലേജിൽ ബിരിക്കുളത്ത് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരപ്പ വില്ലേജിൽ ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടില്ല.

## കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

136 (136) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ?

സ്ഥലം ലഭ്യമാകാത്തതിനാൽ നടപടി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) മണിമല-കാഞ്ഞിരപ്പള്ളി റോഡിന്റെ വശത്തായി പൊതുമരാമത്ത് പുറമ്പോക്കായി കണ്ടെത്തിയ സ്ഥലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉപയോഗിക്കണമെന്ന നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം പൊതുമരാമത്ത് വകുപ്പ് കൈമാറി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഫയർസ്റ്റേഷന് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

(ബി&സി) റോഡിനോട് ചേർന്നതും പുറമ്പോക്കുമായ പ്രസ്തുത സ്ഥലം കിഫ്ബി റോഡ് നിർമ്മാണത്തിന് ആവശ്യമായതിനാൽ വിട്ടുനൽകാൻ ശിപാർശ ചെയ്യാനോ നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനോ സാധിക്കില്ലായെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം അറിയിച്ചിട്ടുണ്ട്.

<u>ചാലക്കുടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം</u>

137 (137) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതിയും അസൗകര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം വിട്ടുനൽകുവാൻ നിർവ്വാഹമില്ലെന്ന് ജലവിഭവ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് അനുയോജ്യമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമെ കെട്ടിട നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിൽ

138 (138) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) <u>കൂത്തു</u>പറമ്പിൽ പുതുതായി ആരംഭിച്ച സ്പെഷ്യൽ സബ് ജയിലിൽ ഏതൊക്കെ തസ്തികകൾ സൃഷ്ടിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം എപ്പോൾ പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കണ്ണൂർ ജില്ലയിൽ <u>കൂത്തു</u>പറമ്പിൽ നിർമ്മാണം പൂർത്തിയായ സ്പെഷ്യൽ സബ് ജയിൽ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് ജയിൽ മേധാവി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ടി ജയിൽ പ്രവർത്തിക്കുന്നതിന് ഏറ്റവും അത്യാവശ്യം വേണ്ട തസ്തികകൾ പുതുതായി സൃഷ്ടിക്കുന്ന കാര്യവും കൂടാതെ പുനർവിന്യാസം മുഖേന ജീവനക്കാരെ നിയമിക്കുന്ന വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്.

<u>വാഴൂർ ഗവ. പ്രസ്സിലെ കുടിവെള്ള ക്ഷാമം</u>

139 (139) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴൂർ ഗവൺമെന്റ് പ്രസ്സിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതിയ കുഴൽ കിണർ കുഴിക്കുന്നതിനായി ഭൂഗർഭ ജലവകുപ്പ് മുഖാന്തരവും, കിണറിന്റെ ആഴം കൂട്ടുന്നതിനായി പൊതുമരാമത്തു വകുപ്പ് മുഖാന്തരവും നടപടികൾ സ്വീകരിച്ചുവരുന്നു. മഴവെള്ള സംഭരണി നന്നാക്കുന്നതിന് വാഴൂർ ഗ്രാമപഞ്ചായത്തു മുഖേന ശ്രമം നടത്തുന്നുണ്ട്. ജല ദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിണറിന്റെ ആഴം കൂട്ടുന്നതിന് പൊതുമരാമത്തു വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ; ക്വാർട്ടേഴ്സ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഫോം വിതരണ ഓഫീസ് പ്രസ്സിന്റെ വളരെ ഉള്ളിലായി സ്ഥിതി ചെയ്യുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ ദേശീയപാതയ്ക്ക് അഭിമുഖമായി പുതിയ സ്റ്റോർ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ന്യൂനപക്ഷക്ഷേമ സ്കോളർഷിപ്പ്

140 (140) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങൾ

ലഭ്യമാക്കാമോ; എത്ര നാളായി പ്രസ്തുത പദ്ധതികൾ നടപ്പാക്കി വരുന്നുവെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ ഏതൊക്കെ സമുദായങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുകയെന്ന് വിശദമാക്കാമോ; ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് സമുദായം തിരിച്ച് അനുപാതം നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; ഓരോ സമുദായത്തിനും ഏത് അനുപാതത്തിലാണ് നൽകുന്നതെന്ന് അറിയിക്കാമോ?

16-07-2021-ലെ സ.ഉ.(കൈ) നമ്പർ 135/2021/പൊഭവ. പ്രകാരം, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാ അടിസ്ഥാനത്തിൽ ന്യൂനപക്ഷവിഭാഗങ്ങളായ ക്രിസ്ത്യൻ (18.38 ശതമാനം), മുസ്ലീം (26.56 ശതമാനം), ബുദ്ധ (0.01 ശതമാനം), ജൈന (0.01 ശതമാനം), സിഖ് (0.01 ശതമാനം), പാഴ്സി (0.01 ശതമാനം) എന്നിവർക്ക് നൽകുന്നതിനും ഒരു

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽ നിന്നും അർഹരായ അപേക്ഷകർ ഉള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെയും സ്കോളർഷിപ്പ് അനുവദിച്ചവരുടെയും എണ്ണം, സമുദായം, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെയും സ്കോളർഷിപ്പ് അനുവദിച്ചവരുടെയും എണ്ണം, സമുദായം, വർഷം എന്നിവ തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## <u>അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള നൂറുദിന പരിപാടികൾ</u>

141 (141) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര നൂറുദിന പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളത്; ഈ ഓരോ പദ്ധതിയിലും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം രണ്ടു നൂറുദിന പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളത്. ഈ ഓരോ പദ്ധതിയിലും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ഈ രണ്ടു നൂറുദിന പരിപാടികളിലും കൂടി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിൽ ഈ രണ്ടു നൂറുദിന പരിപാടികളിലും കൂടി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ എത്രയെന്ന് മേഖല തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>കെ-റെയിൽ പദ്ധതി</u>

142 (142)<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഫെബ്രുവരി 2-ാം തീയതി അവതരിപ്പിച്ച ബഡ്ജറ്റിൽ 174-ാം ഖണ്ഡികയിലെ തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാദ്ധ്യതാ പഠനം പ്രസ്തുത വർഷം തന്നെ പൂർത്തിയാക്കുന്നതാണെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിരുന്നോ; അന്നത്തെ ഭരണപക്ഷ നേതൃത്വത്തിലെ ആരെങ്കിലുമോ പരിസ്ഥിതി സംരക്ഷകരെന്ന പേരിൽ ഇപ്പോൾ സിൽവർ ലൈനിനെതിരെ എതിർപ്പുയർത്തുന്ന ആരെങ്കിലുമോ ഈ സാദ്ധ്യതാ പഠനത്തോട് അക്കാലത്ത് പ്രതിഷേധം ഉയർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയത്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) കെ-റെയിൽ നടത്തിയ തുറന്ന വാദത്തിൽ ജനസമക്ഷം തങ്ങൾക്കുപറയാനുള്ളത് അവതരിപ്പിക്കാൻ തയ്യാറാകാത്തവർ ചില സംഘടനകളെയുൾപ്പെടുത്തി കലാപവും സംഘർഷവും സൃഷ്ടിച്ചിരുന്നോ?

പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽ നിന്നുയർന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനാണ് ജനസമക്ഷം പരിപാടി സംഘടിപ്പിച്ചത്. എന്നാൽ മറ്റു ജില്ലകളിൽ വൻവിജയമായ പരിപാടി അലങ്കോലപ്പെടുത്തുവാൻ കണ്ണൂർ ജില്ലയിലെ ചില സംഘടനകൾ ബോധപൂർവ്വമായി ശ്രമം നടത്തി. എന്നാൽ പദ്ധതിയെക്കുറിച്ച് ഉയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവർ പദ്ധതിക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നയത്തിനനുസൃതമായ അർദ്ധ അതിവേഗ റെയിൽപ്പാതക്കെതിരെ ഒരു കേന്ദ്ര സഹമന്ത്രി പരസ്യമായി ഇടപെടൽ നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പരിശോധിച്ചിട്ടില്ല.

(ഡി) സംസ്ഥാന വികസനത്തിന്റെ ചാലക ശക്തിയായിത്തീരുമെന്നുറപ്പുള്ള ഈ പദ്ധതിക്ക് കാലവിളംബം കൂടാതെ കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യ അടിസ്ഥാനസൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ വിഷയങ്ങളായിരുന്നു. ഇതുകൂടാതെ, സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽപാത) ആയിരുന്നു പ്രധാന

അജണ്ടയായി വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു.

## തുരങ്കപാത നിർമ്മാണം

143 (143) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

25-02-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.10/2022/പൊ.മ.വ പ്രകാരം ഈ പദ്ധതിക്ക് 2043.74 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി.-യായ കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടറിംഗ് രേഖകൾ തയ്യാറാക്കൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ വനം, പരിസ്ഥിതി അനുമതി ലഭിക്കുകയും സ്വകാര്യ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് ബിൽഡിംഗ് നടപടികൾ കൊങ്കൺ റെയിൽവെ കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുന്നതാണ്.

(ബി) പദ്ധതിക്ക് സാമൂഹികാഘാത പഠനം നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്, കോഴിക്കോട്, വയനാട് ജില്ലകളിലൂടെ കടന്നു പോകുന്ന പദ്ധതിയുടെ സാമൂഹികാഘാത പഠനം വിലയിരുത്തലിനുള്ള 4(1) വിജ്ഞാപനം കോഴിക്കോട് ജില്ലയിൽ പുറപ്പെടുവിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(സി) കേന്ദ്ര വനം മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കേന്ദ്ര വനം മന്ത്രാലയത്തിന്റെ ക്ലിയറൻസിനായി അപേക്ഷയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ രേഖകളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ എ.പി.സി.സി.എഫ്. തിരുവനന്തപുരത്തിന്റെ ഓഫീസ് മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും എപ്പോൾ കഴിയുമെന്നും വ്യക്തമാക്കാമോ?

കോഴിക്കോട്, വയനാട് എന്നീ രണ്ട് ജില്ലകളിലൂടെയാണ് പദ്ധതി കടന്നു പോകുന്നത്. കോഴിക്കോട് ജില്ലയിൽ സാമൂഹികാഘാത പഠനം

വിലയിരുത്തലിനുള്ള 4(1) വിജ്ഞാപനം റവന്യൂ വകുപ്പ് 25-05-2022-ന് പുറപ്പെടുവിച്ചു. വയനാട് ജില്ലയിലെ സ്ഥലം ഏറ്റെടുക്കലിനെ സംബന്ധിച്ചിടത്തോളം 4(1) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ഇ) പദ്ധതി നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

നിയമപരമായ അനുമതികൾ ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

<u>ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം</u>

144 (144) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത് ഫുൾ യൂണിഫോം ധരിച്ചിരിക്കണമെന്ന ഉത്തരവ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ യൂണിഫോം ധരിക്കുന്നതും കൃത്യമായി ഡ്യൂട്ടിക്ക് എത്തുന്നതും പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

04-09-1997-ലെ (സാധാ)നം.7462/97/പൊ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത്

ഫുൾ യൂണിഫോം ധരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ യൂണിഫോം ധരിക്കുന്നില്ല. ബയോമെട്രിക് പഞ്ചിംഗിലൂടെ ഡ്യൂട്ടിക്ക് ഹാജരാകുന്നത് പരിശോധിക്കുന്നുണ്ട്.

(ബി) ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം എത്രയാണെന്നും ഡ്യൂട്ടിക്ക് എത്തുന്നതും തിരികെ പോകുന്നതും ഡ്യൂട്ടി രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടോയെന്നും വിശദാംശം ലഭ്യമാക്കുമോ?

ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും, ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 8.30 വരെയും രണ്ട് ഷിഫ്റ്റുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് സൂപ്പവൈസർമാരിൽ ഒരാളെ ജനറൽ ഷിഫ്റ്റിൽ ഉൾപ്പെടുത്തി രാവിലെ 10.00 മുതൽ വൈകിട്ട് 5.00 വരെ ഡ്യൂട്ടി നൽകുന്നുണ്ട്. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഉള്ളതുകൊണ്ടും ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തുന്നതുകൊണ്ടും നിലവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് പ്രത്യേക ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പലപ്പോഴും ലിഫ്റ്റിൽ ഓപ്പറേറ്റർമാർ ഇല്ലാതിരിക്കുന്നതും ഇതിന് മേൽനോട്ടം വഹിക്കേണ്ട സൂപ്പർവൈസർമാർ സ്ഥലത്ത് ഇല്ലാതെ ഉത്തരവാദിത്വത്തിൽ നിന്നും മാറി നിൽക്കുന്നതും യൂണിഫോം ധരിക്കാതെ ഇരിക്കുന്നതും പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെയും ഡ്യൂട്ടി പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ലിഫ്റ്റിന്റെ ചുമതലയുള്ള അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ /സാർജന്റിനാണ്.

(ഡി) ഓഫീസ് സമയശേഷവും അവധി ദിവസങ്ങളിലും രാത്രിയിലും ലിഫ്റ്റ് പ്രവർത്തിക്കുന്നതിനാൽ ലിഫ്റ്റുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാരെ നിയന്ത്രിക്കുന്നതും ഡ്യൂട്ടി പരിശോധിക്കുന്നതിനുള്ള ചുമതല ചീഫ് സെക്യൂരിറ്റി ഓഫീസർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ ചുമതല ലിഫ്റ്റ് സൂപ്പർവൈസർമാർക്കും സൂപ്പർവൈസർമാരുടെ ചുമതല അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ /സാർജന്റിനുമാണ്. ഇതുമായി ബന്ധപ്പെട്ട 04-09-1997-ലെ സർക്കാർ ഉത്തരവ് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

## കെ-റെയിൽ അതിവേഗ പാത

145 (145) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-റെയിൽ അതിവേഗപാത നടപ്പാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾക്ക് വേണ്ട കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക ആഘാത പഠനങ്ങൾ ഏത് ഘട്ടത്തിലാണ്?

(എ&ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ-റെയിൽ) വഴി നടപ്പിലാക്കുന്ന തിരുവനന്തപുരം-കാസർകോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് കേരളസർക്കാർ അംഗീകരിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും റെയിൽ മന്ത്രാലയം സിൽവർലൈൻ പദ്ധതിയുടെ പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം നൽകുകയും ചെയ്തു.

പ്രസ്തുത പ്രീ-ഇൻവെസ്റ്റ്മെന്റ് ആക്ടിവിറ്റീസ് അനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യ മന്ത്രാലയത്തിന്റെ കത്തിൽ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ

വിശദാംശങ്ങൾ പരാമർശിക്കുന്നു. അതിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ബൃഹദ് പദ്ധതികൾക്ക് ആവശ്യമായ സർവേ, ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ, ഭൂമി ഏറ്റെടുക്കലിനുള്ള ധനവിന്യാസം മുതലായവ ഉൾപ്പെടുന്നു. ധനസഹായം സുഗമമാക്കുന്ന പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമാണ് കേരള സർക്കാർ പദ്ധതിയുമായി മുന്നോട്ട് പോകുന്നത്.

തുടർന്ന് പദ്ധതിയുടെ വിശദപഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, നീതി ആയോഗ് എന്നീ വകുപ്പുകൾ പദ്ധതി വിദേശവായ്പക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശ കേന്ദ്രസാമ്പത്തികകാര്യ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

അതിരടയാളക്കല്ലിടൽ, വിശദമായ സാമൂഹിക ആഘാത പഠനം, അടക്കമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ജിയോ ടാഗിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് അതിരടയാളം നിർണ്ണയിച്ചുകൊണ്ട് സാമൂഹികാഘാതപഠനം നടത്തുന്നതിനും

ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഡി.പി.ആർ.-ന് റെയിൽവേ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി നിരന്തര ചർച്ചകളും കത്തിടപാടുകളും നടത്തി വരുന്നു.

സിൽവർ ലൈൻ പാതയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ ഒരു സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തി വരികയാണ്. ഡൽഹി ആസ്ഥാനമായ EQMS India Pvt. Ltd എന്ന കമ്പനിയെയാണ് സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി നിയമിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനി പഠനം നടത്തുകയും കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്കായുള്ള സാമൂഹികാഘാത പഠനം അതത് ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഡി.പി.ആർ.-ന്റെ ഭാഗമായി സാമ്പത്തിക അവലോകന പഠനവും നടത്തിയിരുന്നു. ആയതു ഡി.പി.ആർ.-ൽ പ്രതിപാദിച്ചിട്ടുമുണ്ട്.

(സി) നിലവിൽ കല്ലിടുന്നതിന് വേണ്ടി കെ-റെയിൽ കോർപ്പറേഷന് എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ?

നിലവിൽ കല്ലിടുന്നതിനുവേണ്ടി കെ-റെയിൽ കോർപ്പറേഷന് RS.1,33,36,604.50/- (ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി അറുന്നൂറ്റി നാല് രൂപ) ആണ് ചെലവായിട്ടുള്ളത്.

(ഡി) കല്ലിടുന്നതിനുവേണ്ടി എത്ര കല്ലുകൾക്കാണ് ഓർഡർ നൽകിയതെന്നും എത്രയെണ്ണം വാങ്ങിയെന്നും എത്ര കല്ലുകൾ എത്ര കിലോമീറ്റർ ദൂരം നാട്ടിയെന്നും വ്യക്തമാക്കുമോ?

ആകെ 19,691 കല്ലുകൾക്ക് വർക്ക് ഓർഡർ നൽകിയിരുന്നു. അതിൽ നിന്നും ഇതുവരെ 19,738 കല്ലുകൾ വാങ്ങി. വിശദമായ കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ഇ) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇതുവരെ കല്ലിട്ടതെന്നും, കല്ലിടുന്ന നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഗതാഗത വകുപ്പിന്റെ 11-06-2021-ലെ ജി.ഒ.(എം.എസ്)നം. 13/2021/ഗതാ. ഉത്തരവുപ്രകാരവും 18-08-2021-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എം.എസ്)നം.163/2021/റവന്യൂ. പ്രകാരവും സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടിയാണ് അതിരടയാളക്കല്ലുകൾ അർത്ഥനാധികാരിയായ കെ.ആർ.ഡി.സി.എൽ. സ്ഥാപിച്ചത്. സിൽവർലൈൻ പദ്ധതിയുടെ സാമൂഹികാഘാതപഠനം നടത്തുന്നതിന് മുന്നോടിയായി നടക്കുന്ന അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടമസ്ഥർ സമ്മതിക്കാത്ത പക്ഷം, നിയമപരമായി സാധുവാണെങ്കിൽ ജിയോ ടാഗിംഗ് അടക്കമുള്ള ഡിജിറ്റൽ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ 05-05-2022-ൽ തീരുമാനിച്ചിട്ടുണ്ട്.

## ത്രോംബോളിറ്റിക് ഇഞ്ചക്ഷൻ സൗകര്യം

146 (146) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ത്രോംബോളിറ്റിക് ഇഞ്ചക്ഷൻ നല്കാൻ സൗകര്യം നിലവിലുള്ളതെന്ന് അറിയിക്കാമോ?

ത്രോംബോലിസിസ് ചികിത്സ ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനും നൽകിവരുന്ന അതിനൂതന ചികിത്സാരീതിയാണ്. പക്ഷാഘാത ചികിത്സയുടെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പ്

ആരംഭിച്ച 'ശിരസ്സ്' പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സാങ്കേതികത്വം നിറഞ്ഞ ഈ ചികിത്സാ രീതി മെഡിക്കൽ കോളേജുകളിലും കോർപ്പറേറ്റ് ആശുപത്രികളിലും മാത്രം ലഭിക്കുന്ന ഒന്നാണ്. ഇന്ത്യയിലാദ്യമായി നമ്മുടെ സംസ്ഥാനത്താണ് ജില്ലാ ആശുപത്രികളിൽ ത്രോംബോലിസിസ് ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചത്. ഇതിനായി ടെലി റേഡിയോളജി സംവിധാനം ഒരുക്കുകയും ഡോക്ടർമാർക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ത്രോംബോലിസിസിനായി ആവശ്യമുള്ള ടിഷ്യു പ്ലാസ്മിനോജൻ ആക്റ്റിവേറ്റർ (TPA) എന്ന ഇഞ്ചക്ഷൻ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുകയും ആശുപത്രികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കാശുപത്രിയിലാണ് ഈ ഇൻജക്ഷൻ നൽകാൻ സൗകര്യമുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ലഭ്യമാക്കുമോ;

(സി) നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ഈ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ?

(ബി &സി) പക്ഷാഘാതത്തിനുള്ള ത്രോംബോലിസിസ് ചികിത്സ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. സ്ട്രോക്ക് യൂണിറ്റ് പ്രാവർത്തികമാക്കുവാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന സി.റ്റി. സ്കാൻ സംവിധാനവും സ്ട്രോക്ക് ഐ.സി.യു.-വും പക്ഷാഘാതം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പരിശീലനം ലഭിച്ച ജീവനക്കാരുടെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. കൂടാതെ ഏറെ വിലകൂടിയ TPA ഇൻജക്ഷൻ വളരെ ശ്രദ്ധാപൂർവം കൊടുക്കേണ്ട ഒന്നാണ്. 24 മണിക്കൂർ നിരീക്ഷണ സൗകര്യമുള്ള ആശുപത്രികളിൽ മാത്രമെ ഈ കുത്തിവയ്പ്പ് നൽകുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ എല്ലാ താലൂക്കാശുപത്രികളിലും ത്രോംബോലിസിസ് ചികിത്സ നൽകുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്.

## നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് ആരോഗ്യ മേഖലയിലെ പദ്ധതികൾ

147 (147) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യരംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കി വച്ച തുക വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജക മണ്ഡലം അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ അനൂരി കുടുംബാരോഗ്യ കേന്ദ്രം സബ് സെന്ററിന് 50 ലക്ഷം രൂപയും, കുടപ്പനമൂട് സബ് സെന്ററിന് 27 ലക്ഷം രൂപയും നിർമ്മാണത്തിനും വികസനത്തിനുമായും അനുവദിച്ചിട്ടുണ്ട്. 17 ലക്ഷം രൂപ പൂഴനാട് കുടുംബാരോഗ്യകേന്ദ്രത്തിന് ബെയ്സ് ലൈൻ സപ്പോർട്ടുള്ള ആംബുലൻസ് വാങ്ങുന്നതിനും അനുവദിച്ചു. 4,99,900/- രൂപയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെമ്പൂർ എഫ്.എച്ച്.സി.-ക്കുവേണ്ടി കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനും 17,47,608/- രൂപയ്ക്ക് ആംബുലൻസ് വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പാറശ്ശാല മണ്ഡലത്തിൽ 26-07-2021-ലെ സ.ഉ.നം. 1555/2021/ആ.ക.വ പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി സി.എച്ച്.സി. പെരുങ്കടവിളയെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ഇതിനുപകരം മണ്ഡലത്തിലെ മറ്റൊരു സ്ഥാപനം നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത ഐസോലേഷൻ വാർഡ് ഏത് തരത്തിൽ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

26-07-2021-ലെ സ.ഉ.(ആർ.റ്റി) നം.1555/2021/ആ.കു.വ പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ sanctioned IP ഇല്ലാത്ത സ്ഥാപനങ്ങളിൽ മൾട്ടി പർപ്പസ് pre-engineered building-ന്റെ നിർമ്മാണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഐസൊലേഷൻ വാർഡുകൾ pre-fabricated രീതിയിലുള്ള നിർമ്മാണമാണ് തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ എല്ലാ

നിയോജകമണ്ഡലങ്ങളിലേയും ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിലെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

## കാരുണ്യ പദ്ധതി

148 (148) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ പദ്ധതി മുഖേന എന്തെല്ലാം ചികിത്സാസഹായങ്ങളാണ് നിലവിലുള്ളതെന്നും ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അഥവാ കെ.എ.എസ്.പി., കാരുണ്യ ബെനവലന്റ് ഫണ്ട് അഥവാ കെ.ബി.എഫ്. എന്നിങ്ങനെ രണ്ടു ചികിത്സാസഹായ പദ്ധതികൾ നിലവിൽ സംസ്ഥാന ആരോഗ്യ ഏജൻസിവഴി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളിൽ യാതൊരുവിധ ധനസഹായവും നൽകുന്നില്ല. ചികിത്സാസഹായമാണ് നൽകുന്നത്. ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. RSBY/CHIS ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2018-19-ൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് KASP/ABPM-JAY പദ്ധതിയിൽ എംപാനൽ ചെയ്ത സർക്കാർ-സ്വകാര്യ ആശുപത്രികളുടെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കിയോസ്കുകളുമായി ബന്ധപ്പെട്ട് ചികിത്സാസഹായം നേടാവുന്നതാണ്.

2. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയുള്ളതിനാൽ സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് (SECC) 2011 പ്രകാരം പിന്നാക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും പദ്ധതിയിൽ അംഗത്വമെടുക്കാൻ അർഹതയുണ്ട്.

3. മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷത്തിനുതാഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകാവുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സാപരിരക്ഷ (കിഡ്നി രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ) കുടുംബത്തിന് മുഴുവനായി ലഭിക്കുന്നതാണ്. ഈ ചികിത്സയ്ക്ക് യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം

വരുമാനം തെളിയിക്കുന്ന രേഖ, റേഷൻകാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിലെ PMAM/MEDCO ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് (DPC) കൈമാറുകയും DPC-മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

## ഇ-ഹെൽത്ത് പദ്ധതി

149 (149) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ രോഗീസൗഹൃദ ചികിത്സ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഒരു വ്യക്തിയുടെ ആരോഗ്യവിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസരഹിതവും

രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാനസൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടിവന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാനരേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും

ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്‌പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മന്റ്, കൺസൽട്ടേഷൻ, ലാബിലെയും, എക്സ്-റെ, ഇ.സി.ജി. ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കമ്പ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ

തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 443 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിൽ 160 എണ്ണം പൂർണമായും കടലാസ്സുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 253 ആശുപത്രികളിൽ 185 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കി വരുന്ന 68 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിടനിർമാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. തിരുവനന്തപുരം ജില്ലയിൽ

വിവിധ കെട്ടിടനിർമ്മാണങ്ങൾ നടക്കുന്ന 17 ആരോഗ്യ കേന്ദ്രങ്ങൾ ഒഴികെ 101 ആരോഗ്യ സ്ഥാപനങ്ങളിലും ഇ-ഹെൽത്ത് നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

ഓരോ ആശുപത്രിക്കും പ്രത്യേകമായി ലോക്കൽ ഏരിയ നെറ്റ്‌വർക്ക്, തടസ്സം കൂടാതെ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള യു.പി.എസ്., സമർപ്പിത ബ്രോഡ്ബാൻഡ് ബന്ധം, കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെ സ്ഥാപിക്കേണ്ടിവരുന്നതിനാൽ ഓരോ ആശുപത്രിയുടെയും നിലവാരത്തിനും ഘടനയ്ക്കും അടിസ്ഥാനത്തിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയാണുള്ളത്. ആയതിനാൽ ഒരിക്കൽ സ്ഥാപിക്കപ്പെട്ട ഇ-ഹെൽത്ത് സംവിധാനങ്ങൾ ചെറിയ ഒരിടവേളയ്ക്കുശേഷം മാറ്റിസ്ഥാപിക്കാനോ പൂർണ്ണമായി ഒഴിവാക്കി പുതിയവ സ്ഥാപിക്കാനോ ശ്രമിച്ചാൽ ഉണ്ടാകുന്ന ധനനഷ്ടം കണക്കിലെടുത്ത് കരുതലോടെയുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. ഒരു ജില്ലയിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു കഴിഞ്ഞാലും വിവിധ വികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിൽ നിർമ്മാണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്കുമാത്രമെ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. മതിയായ അടിസ്ഥാന ഭൗതിക

സാഹചര്യങ്ങൾ സജ്ജമാക്കിയിട്ടുള്ള ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പ്രാവർത്തികമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇ-ഹെൽത്ത് പദ്ധതിയിലൂടെ മാതൃ-ശിശു സംരക്ഷണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മാതൃ-ശിശു സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഹെൽത്തിൽ പ്രത്യേക സംവിധാനം തന്നെയുണ്ട്. ഗർഭണികളുടെയും കുട്ടികളുടെയും വീടിന് സമീപമുള്ള കുടുംബാരോഗ്യകേന്ദ്രം വഴി ഇവർക്ക് പ്രതിരോധ കുത്തിവയ്പ്പ്, അത്യാവശ്യ പരിശോധനകൾ എന്നിവ ഇ-ഹെൽത്ത് വഴി നൽകാൻ കഴിയും. ഇവരുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും അടിയന്തരഘട്ടങ്ങളിൽ കൃത്യമായ ചികിത്സയും തുടർചികിത്സയും ലഭ്യമാകുന്നതാണ്.

ഗർഭിണിയാകാൻ തയ്യാറാകുന്ന അമ്മമാർക്കും പങ്കാളിക്കും കൗൺസിലിംഗ്, ഗർഭസ്ഥശിശുവിന്റെ ഓരോ ഘട്ടത്തിലുമുള്ള വളർച്ച, ഗർഭകാല പരിചരണം, പ്രസവാനന്തര പരിചരണം, നവജാത ശിശു സംരക്ഷണം, മാതൃപരിചരണം, കുട്ടിക്കുള്ള പ്രതിരോധ കുത്തിവയ്പ്പ്

അടക്കമുള്ള അറിയിപ്പുകളും നിർദ്ദേശങ്ങളും അടക്കം എല്ലാവിധ മുൻകരുതലുകളും ഇ-ഹെൽത്തിൽ സജ്ജമാണ്.

ഇവയെല്ലാം താഴെത്തട്ട് മുതൽ ജില്ലാ-സംസ്ഥാനതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിലയിരുത്തുന്നതുവഴി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പുകളുടെ അറിയിപ്പുകളും മറ്റ് ജാഗ്രതാ നിർദ്ദേശങ്ങളും അമ്മമാർക്ക് SMS (മൊബൈൽ സന്ദേശങ്ങൾ) വഴി നൽകി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്താൻ ഇ-ഹെൽത്ത് പദ്ധതിയിടുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ ഓരോ പൗരനും ഇലക്ട്രോണിക് ഹെൽത്ത് കാർഡ് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇ-ഹെൽത്ത് പദ്ധതി നിർവ്വചനത്തിന്റെ പ്രാഥമിക നടപടിയായി സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ വിവരം ഉൾപ്പെടുത്തി ജനസംഖ്യാപരമായ വിവര ശേഖരണം (Demographic Data capture) നടത്തുന്നു. Aadhar Number അടിസ്ഥാനത്തിൽ കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ താമസസ്ഥലവുമായി ബന്ധപ്പെടുത്തിയുള്ള അടിസ്ഥാന

വിവരശേഖരണത്തിന് പരിശീലനം സിദ്ധിച്ച 9500 ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവർക്ക് 9500 ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ വിതരണം നടത്തുകയും അതിലേക്കാവശ്യമായ സോഫ്റ്റ്‌വെയർ സന്നിവേശിപ്പിച്ച് ഉപയോക്താക്കൾക്ക് മതിയായ പരിശീലനവും തുടർസേവനവും പ്രദാനം ചെയ്തുകൊണ്ട് ചിട്ടയായ സർവ്വേയിലൂടെ 2 കോടി 59 ലക്ഷം ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഓരോ ആളിനും അവർ ആശുപത്രി സേവനം തേടുന്നമുറയ്ക്ക് ഒരു വ്യക്തിഗത തിരിച്ചറിയൽ കാർഡ് (UHID) നൽകി കൊണ്ടിരിക്കുകയാണ്.

കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിലും ഉപയോഗിക്കാവുന്ന ആരോഗ്യസംബന്ധിയായ ഒരു വ്യക്തിഗത യുണീക് ഐഡന്റിറ്റി നമ്പരാണ് [UHID], ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. ഓരോ വ്യക്തിക്കും അയാളുടെ ജനനം മുതൽ മരണം വരെയുള്ള ചികിത്സാ രേഖകൾ (Electronic Health Record, EMR) ഈ UHID-യുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഒരിക്കൽ UHID എടുത്തിട്ടുള്ള ഏതൊരാളിനും ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയാലും, UHID ഉപയോഗിച്ച് ഒരു വ്യക്തിയുടെ എല്ലാ ചികിത്സാ

വിവരങ്ങളും (clinical details) ഡോക്ടറുടെ മുന്നിലെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് കാർഡ്

150 (150) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ആരോഗ്യ ഇൻഷ്വറൻസ് കാർഡെടുക്കാനും ആളുകളെ കൂട്ടിച്ചേർക്കാനും നിലവിൽ അവസരമുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ എന്ന് തുടങ്ങുമെന്ന് വിശദമാക്കാമോ?

2018-2019 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പുതിയ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. പദ്ധതിയിൽ അംഗത്വം പുതുക്കുന്നതിന് ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യയോജന/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ (AB-PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ - സ്വകാര്യ ആശുപത്രികളുടെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കിയോസ്കുകളെ സമീപിക്കാവുന്നതാണ്. സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് (SECC) 2011 പ്രകാരം പിന്നാക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും ഈ

പദ്ധതിയിൽ അംഗത്വമെടുക്കാൻ കഴിയും. ഇതിനുപുറമെ അർഹതയുള്ളവരെ പുതുതായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ആർ.ബി.എസ്.കെ. സ്കീം

151 (151) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യ ചികിത്സ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും ദേശീയതലത്തിൽ 'രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം' എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും, പ്രത്യേക ചികിത്സകൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാസേവനങ്ങൾ ആർ.ബി.എസ്.കെ. പദ്ധതിയുടെ മോഡൽ

കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്.

(ബി) ജനിതക രോഗവിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം ബാധിച്ച 18 വയസ്സ് തികയാത്ത കുട്ടിക്ക് ആവശ്യമായ ടെസ്റ്റുകൾ ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യമായി ചെയ്യുന്നുണ്ടോ യെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

ജനിതക രോഗവിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം ബാധിച്ച 18 വയസ്സ് തികയാത്ത കുട്ടിക്ക് ആവശ്യമായ ടെസ്റ്റുകൾ ആർ.ബി.എസ്.കെ. സ്കീം വഴി നൽകുന്നില്ല. ആർ.ബി.എസ്.കെ. പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്കുവേണ്ടിയുള്ള ചികിത്സകൾ മാത്രമാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നത്. ജനിതകരോഗ വിഭാഗത്തിൽപ്പെട്ട ബാർഡെ ബീഡൽ സിൻഡ്രോം തെരഞ്ഞെടുത്ത 30 അസുഖങ്ങളിൽ ഉൾപ്പെടുന്നില്ല.

(സി) ഈ ടെസ്റ്റ് ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് ആർ.ബി.എസ്.കെ. സ്കീം വഴി ഈ ടെസ്റ്റുകൾ സൗജന്യമായി നൽകുവാൻ കഴിയില്ല.

(ഡി) ജനിതകരോഗവുമായി ബന്ധപ്പെട്ട് ഒ.പി.-യിലും ഐ.പി.-യിലും എത്തുന്ന കുട്ടികളുടെ എല്ലാ ചികിത്സയും ആർ.ബി.എസ്.കെ. സ്കീം വഴി സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആർ.ബി.എസ്.കെ. പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്കുവേണ്ടിയുള്ള ചികിത്സകൾ മാത്രമാണ് ഈ പദ്ധതി പ്രകാരം സൗജന്യമായി നൽകുന്നത്. ജനിതകരോഗങ്ങൾ ആർ.ബി.എസ്.കെ. പദ്ധതി പ്രകാരം മോഡൽ കോസ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സൗജന്യ ചികിത്സ നല്കാൻ നിലവിലെ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് സാധിക്കുകയില്ല.

## 'മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന പദ്ധതിയുടെ ഭാഗമായി അപേക്ഷകൾക്ക് ലഭിച്ച സഹായം

152 (152) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' എന്ന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തികവർഷം എത്ര അപേക്ഷകൾക്ക് സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതി മുഖേന കഴിഞ്ഞ സാമ്പത്തികവർഷം 1082 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി നിലവിൽ എത്ര അപേക്ഷകൾ പരിഗണനയ്ക്കായി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിയിൽ 682 അപേക്ഷകളാണ് പരിഗണനയ്ക്കായി നിലവിലുള്ളത്.

(സി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല. എന്നാൽ 2022-23-ൽ ഈ സ്കീം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

## പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി

153 (153) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനമുള്ളതെന്ന് ആശുപത്രികളുടെ പേര്, നിലവിൽ പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ഡയാലിസിസ് കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലായി എത്രപേർക്ക് ഈ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത ആശുപത്രികളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആലപ്പുഴ ജില്ലയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലാണ് പ്രവർത്തിച്ചുവരുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജുമായി സഹകരിച്ചുകൊണ്ടാണ് പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ഇവിടെ നടപ്പിലാക്കി വരുന്നത്. തികച്ചും സൗജന്യമായിട്ടാണ് പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായിട്ടുള്ള ഡയാലിസിംഗ് ഫ്ളൂയിഡ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ രോഗികൾക്ക് നൽകി വരുന്നത്. ഇതിന്റെ തുടർചികിത്സയ്ക്കായി ആവശ്യമുള്ള മരുന്നുകൾ ആലപ്പുഴ ജില്ലാ ആശുപത്രി വഴി ലഭ്യമാക്കുന്നുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകൾ പരിമിതമായതിനാൽ രോഗികൾക്ക് അവരുടെ ഇൻഷ്വറൻസ് സ്കീം വഴി മെഡിക്കൽ കോളേജിൽ നിന്നും 3000/- രൂപയുടെ പാക്കേജ് വഴി മൂന്ന് ദിവസത്തേയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. ഒരു ജില്ലയിൽ ഒരു പ്രധാന ആശുപത്രിയിലാണ് പെരിട്ടോണിയൽ ഡയാലിസിസ് സംവിധാനം ഇപ്പോൾ നടപ്പിലാക്കി വരുന്നത്.

## ആർദ്രം പദ്ധതി

154 (154) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും, അധികമായി ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിവരങ്ങളും അധികമായി സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

155 (155) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനായി ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ; ധനവകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് ശേഷിക്കുന്ന 80 ശതമാനം തുകയ്ക്കുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) 2018 ഡി.എസ്.ആർ. പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ?

(എ&ബി) കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ 'മേജർ കൺസ്ട്രക്ഷൻസ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി തുകയായ 160 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിലേയ്ക്ക് വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം

156 (156) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെയുള്ള ഇരിക്കൂർ താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ-സി) ഇരിക്കൂർ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടനിർമ്മാണത്തിന് നബാർഡ് ധനസഹായത്തോടെ 11.30 കോടി രൂപ (പതിനൊന്ന് കോടി മുപ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

ആർക്കിടെക്ചറൽ ഡ്രോയിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ വർക്കുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നുവരുന്നു. സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെന്മാറ നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

157 (157) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ആർദ്രം ഒന്നാം ഘട്ടം</u>

കൊല്ലങ്കോട് പ്രാഥമികാരോഗ്യകേന്ദ്രം

<u>ആർദ്രം രണ്ടാം ഘട്ടം</u>

മുതലമട പ്രാഥമികാരോഗ്യകേന്ദ്രം
പല്ലശ്ശേന പ്രാഥമികാരോഗ്യകേന്ദ്രം
അയിലൂർ പ്രാഥമികാരോഗ്യകേന്ദ്രം
വടവന്നൂർ പ്രാഥമികാരോഗ്യകേന്ദ്രം
എലവഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം

<u>ആർദ്രം മൂന്നാം ഘട്ടം</u>

പുതുനഗരം പ്രാഥമികാരോഗ്യകേന്ദ്രം
നെല്ലിയാമ്പതി പ്രാഥമികാരോഗ്യകേന്ദ്രം
പറമ്പിക്കുളം പ്രാഥമികാരോഗ്യകേന്ദ്രം

(ബി) ഇതിൽ എത്ര ആശുപത്രികളുടെ പ്രവർത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, ബാക്കി ഏതെല്ലാം ആശുപത്രികളുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും; പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

കൊല്ലങ്കോട്, മുതലമട, പല്ലശ്ശേന, വടവന്നൂർ, അയിലൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

എലവഞ്ചേരി എഫ്.എച്ച്.സി.-യ്ക്ക് എൻ.എച്ച്.എം. ഫണ്ട് മാത്രം ഉപയോഗിച്ച് പൂർത്തീകരിക്കാനാവാത്തതിനാൽ മറ്റ് ഫണ്ടുകൾ ലഭ്യമാക്കി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ട നെല്ലിയാമ്പതി, പുതുനഗരം, പറമ്പിക്കുളം പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

## പൊന്നാനി വനിതാ-ശിശു ആശുപത്രി

158 (158) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി വനിതാ-ശിശു ആശുപത്രിയിൽ കിടക്കകളുടെ എണ്ണം നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പൊന്നാനി വനിതാ-ശിശു ആശുപത്രിയിൽ സ്റ്റാഫ് സ്ട്രെങ്ത് നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) പൊന്നാനി വനിതാ-ശിശു ആശുപത്രിയിൽ ബെഡ് സ്ട്രെങ്ത് നിലവിൽ 135 ആണ്. സമഗ്ര പാക്കേജിന്റെ ഭാഗമായി ആരോഗ്യവകുപ്പിനനുവദിച്ച 1200 തസ്തികകളിൽ 300 തസ്തികകൾ ആദ്യഘട്ടമെന്ന നിലയിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അനുവദിച്ചിരുന്നു. ആയതിൽ സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകൾ പൊന്നാനി വനിതാ-ശിശു ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ട്.

<u>ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ</u>

159 (159) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും എടുത്തിട്ടുള്ള നാല് കോടി രൂപ ചെലവഴിച്ച് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ രാജകുമാരി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ശ്രീ. എം. എം. മണി എം.എൽ.എ.-യുടെ 2020-21

സാമ്പത്തിക വർഷത്തിൽ അനുവദിച്ച 34 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ശാന്തൻപാറ കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് കെട്ടിടനിർമ്മാണത്തിനായി 2016-17-ൽ ശ്രീ. എം. എം. മണി എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ അനുവദിക്കുകയും, ടി തുക ഉപയോഗിച്ച് ഒന്നാം നിലയിലെ ഫ്രെയിം വർക്ക്, ഭിത്തിയുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അതിനുശേഷം ഇതേ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും, ടി തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ ഇന്റീരിയർ വർക്കുകൾ പുരോഗമിച്ചു വരികയുമാണ്. 2020-2021 സാമ്പത്തികവർഷത്തിൽ ആശുപത്രി കെട്ടിട നിർമ്മാണത്തിന് ബഹുമാനപ്പെട്ട എം. എം. മണി എം.എൽ.എ.-യുടെ എം.എൽ.എ. ഫണ്ടിൽ നിന്നും 80 ലക്ഷം രൂപ കൂടി അനുവദിച്ചിരുന്നു. പഞ്ചായത്തിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്നമുറയ്ക്ക് ടി തുക ഉപയോഗിച്ച് ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. എം. മണി അവർകളുടെ 2020-21 കാലഘട്ടത്തിലെ ആസ്തിവികസന ഫണ്ടിൽ നിന്നും 17,35,860/- രൂപ (പതിനേഴ് ലക്ഷത്തി

മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത് രൂപ മാത്രം) ഉപയോഗിച്ച് ആംബുലൻസ് വാങ്ങുകയും അതിനാവശ്യമായ അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുകയും ഇൻഷ്വറൻസ് തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്. വണ്ടൻമേട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും ചേർത്ത് 10 പേരെ കിടത്താവുന്ന ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് 26-07-2021-ലെ (ആർ.റ്റി.) നം.1555/2021/ആ.കു.വ. ഉത്തരവുപ്രകാരം ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറി കഴിഞ്ഞു.

(ബി) ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, ചിലവഴിച്ച തുക, ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണ്, എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

| ആശുപത്രിയുടെ പേര് | വികസന പ്രവൃത്തി | ചെലവഴിച്ച തുക | ഏതു ഘട്ടം |
|---|---|---|---|
| കുടുംബാരോഗ്യ കേന്ദ്രം, രാജകുമാരി | പുതിയ കെട്ടിടനിർമ്മാണം | 34 ലക്ഷം രൂപ (2020-21) | നിർമ്മാണം പുരോഗമിക്കുന്നു |
| കുടുംബാരോഗ്യ കേന്ദ്രം, ശാന്തൻപാറ | പുതിയ കെട്ടിട നിർമ്മാണം | 45 ലക്ഷം രൂപ (2016-17)<br>80 ലക്ഷം രൂപ (2020-21) | നിർമ്മാണം പുരോഗമിക്കുന്നു |
| താലൂക്ക് ആശുപത്രി, നെടുങ്കണ്ടം | പുതിയ ആംബുലൻസ് വാങ്ങൽ | 17,35,860/- രൂപ (2021-22) | പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | (അറ്റകുറ്റപ്പണികൾ) | | |
| സാമൂഹികാരോഗ്യ കേന്ദ്രം, വണ്ടൻമേട് | 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ് | - | നിർമ്മാണം ആരംഭിച്ചിട്ടില്ല |

## പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രം -പുതിയ ബ്ലോക്ക്

160 (160) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ടിൽ 50 ലക്ഷം രൂപ അനുവദിച്ച തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി കുടുംബാരോഗ്യകേന്ദ്രത്തിലെ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 'പട്ടികവർഗ്ഗ തീരദേശമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി കുടുംബാരോഗ്യകേന്ദ്രത്തിലെ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടി പൂർത്തിയായ സ്ഥിതിയിലാണ്. പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് പുതുപ്പാടി ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച ജൈവമാലിന്യ സംസ്കരണപ്ലാന്റ് സ്ഥിതി ചെയ്യുന്നുണ്ട്. ഇത് മാറ്റണമെന്ന് പുതുപ്പാടി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് മാറ്റുന്നമുറയ്ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## കിഫ്ബി ഫണ്ട് വിനിയോഗം

161 (161) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും കിഫ്ബിയിൽ സമർപ്പിക്കുന്നതിനുമായി ഏല്പിച്ചിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്നും, ആശുപത്രികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളുടെയും മറ്റ് ആശുപത്രികളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഏജൻസികൾ യഥാസമയം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡി.പി.ആർ. സമർപ്പിക്കുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാമോ?

(ബി &സി) ഉണ്ട്, കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതുണ്ടെങ്കിൽ അവ പൊളിച്ചു മാറ്റി മറ്റ് തടസ്സങ്ങൾ നീക്കം ചെയ്ത് ഭൂമി കിഫ്ബിക്ക് കൈമാറുന്നതനുസരിച്ച് അന്തിമ ഡി.പി.ആർ. തയ്യാറാക്കി ബന്ധപ്പെട്ട ഏജൻസികൾ കിഫ്ബിക്ക് സമർപ്പിക്കുന്നു. എല്ലാ മാസവും സർക്കാർ തലത്തിലും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിലും, ജില്ലാ മെഡിക്കൽ ഓഫീസർ, സ്ഥാപനമേധാവി, ബന്ധപ്പെട്ട ഏജൻസികൾ, കിഫ്ബി അധികൃതർ എന്നിവരുടെ യോഗം ചേരുകയും ഓരോ നിർമ്മാണ പ്രവർത്തിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. കിഫ്ബിയുടെ ടെക്നിക്കൽ കമ്മിറ്റിയും നിർമ്മാണ പ്രവർത്തനപുരോഗതി വിലയിരുത്തുന്നു.

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സംബന്ധിച്ച്</u>

162 (162) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുകയും മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കിയതിനെയും തുടർന്ന് രോഗികൾ കൂടുതലായി പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളെ ആശ്രയിക്കുന്നതുമൂലം ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ എല്ലാ രോഗികൾക്കും സൗജന്യമായി ലഭ്യമാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ ഉണ്ടാകുന്നില്ല. ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ ആവശ്യമായ എല്ലാ മരുന്നുകളും സംസ്ഥാന സർക്കാരിന്റെ മരുന്നുസംഭരണ-വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ. പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ സംഭരിച്ച് വിതരണം ചെയ്തു വരുന്നു. ഇതുവഴി മരുന്നുകളുടെ ലഭ്യതയില്ലാത്ത അവസരങ്ങളിൽ സ്ഥാപനങ്ങൾ നേരിട്ട് കാരുണ്യ, കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും ലോക്കൽ പർച്ചേസ് മുഖാന്തരം ആവശ്യത്തിന് വാങ്ങി രോഗികൾക്ക് നിലവിൽ ലഭ്യമാക്കിവരുന്നു.

(ബി) ജീവിതശൈലീ രോഗങ്ങളടക്കമുള്ളതിനുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക ജീവിത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതശൈലീരോഗങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിലൂടെ ലഭിക്കുന്ന മെച്ചപ്പെട്ട സേവനങ്ങൾകൊണ്ടും ജീവിതശൈലീ രോഗങ്ങൾക്കുള്ള പ്രതിശീർഷ ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചതു കൊണ്ടും കൂടുതൽ ജനങ്ങൾ ആരോഗ്യവകുപ്പിനെ ആശ്രയിക്കുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകളുടെ ആവശ്യകത ഉയർത്തുന്നതിന് കാരണമാകുകയും ചെയ്തു. ഈ അവസ്ഥ പരിഹരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് തയ്യാറാക്കിയ ചികിത്സ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ കൂടുതൽ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. ആശുപത്രികൾ തയ്യാറാക്കുന്ന വാർഷിക ഇൻഡന്റുകളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രത്യേക പദ്ധതികളിലൂടെയും സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പി.ഐ.പി. വഴിയും ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻസുലിൻ

ഉൾപ്പെടെയുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യതലംവരെ സൗജന്യമായാണ് എൻ.സി.ഡി. ക്ലിനിക്കുകളിൽ നൽകിവരുന്നത്. എൻ.സി.ഡി. മരുന്നുകളുടെ ലഭ്യതയും പ്രതിമാസ ഉപഭോഗവും നിരീക്ഷിക്കുന്നതിന് ആരോഗ്യവകുപ്പിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## പട്ടിമറ്റം പ്രാഥമികാരോഗ്യകേന്ദ്രത്തിന് സി.എസ്.ആർ. ഫണ്ട്

163 (163) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പട്ടിമറ്റം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനും ലാബ് സൗകര്യം ഒരുക്കുന്നതിനും സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൊപ്പോസൽ അംഗീകരിച്ച് പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനും ലാബിനും അനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ &ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിച്ചു വരികയാണ്.

സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ

164 (164) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പരിമിതികൾമൂലം അന്തേവാസികൾ ചാടിപ്പോകുന്നതായും അത്മഹത്യ ചെയ്യുന്നതായും അവിടങ്ങളിൽ കൊലപാതകങ്ങൾ നടക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ-സി) മാനസികാരോഗ്യകേന്ദ്രങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യവകുപ്പ് മന്ത്രിയും ഉന്നതതല യോഗങ്ങൾ വിളിച്ചുചേർക്കുകയും ആവശ്യമായ

അടിയന്തരനടപടികൾ സ്വീകരിക്കുന്നതിന് കർശനനിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യവികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 21-06-2022-ലെ സ.ഉ. (കൈ)നം.126/2022/ആ.ക.വ പ്രകാരം കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ 2 ക്ലാർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിലും വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർപ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനും, ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ 4 സെക്യൂരിറ്റി ജീവനക്കാരെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിച്ച് താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കുക്ക് തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്തേവാസികൾ ചാടിപ്പോകുന്ന സാഹചര്യത്തിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ചുറ്റുമതിലിന്റെ ഉയരം 8 അടിയായി ഉയർത്തി Y ആകൃതിയിലുള്ള ബാർബീഡ് സ്ഥാപിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I എന്നീ തസ്തികകളിൽ ഉദ്യോഗക്കയറ്റം നടത്തിയും മറ്റു സ്ഥാപനങ്ങളിൽ നിന്നും പുനർവിന്യസിച്ചും മേൽ തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ച സ്റ്റാഫ് നഴ്സുമാർ, ഹോസ്പിറ്റൽ അറ്റൻഡന്റുമാർ എന്നിവരുടെ പുനർവിന്യാസം റദ്ദ് ചെയ്ത് തിരികെ കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാനസികാരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ പരിശോധനയിലാണ്.

## <u>സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും സൈക്യാട്രി വിഭാഗം</u>

165 (165) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിലും താലൂക്കാശുപത്രികളിലും സൈക്യാട്രി വിഭാഗം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് താലൂക്ക് ആശുപത്രികളിൽ സൈക്യാട്രി വിഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ സൈക്യാട്രി വിഭാഗം അനുവദിച്ചിട്ടില്ല. എന്നിരുന്നാലും ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ആഭിമുഖ്യത്തിൽ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും സൈക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലും മാനസികാരോഗ്യ ക്ലിനിക്ക് നടത്തിവരുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന ടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസംതോറും ലഭ്യമാക്കുന്നത്. മനോരോഗ ഔഷധ ചികിത്സ, മനശാസ്ത്ര ചികിത്സ, സാമൂഹ്യ പുനരധിവാസ ചികിത്സ എന്നിവ ഇത്തരത്തിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇതിനുപുറമെ, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതിയുടെ കീഴിൽ 400-ഓളം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മാനസികാരോഗ്യ തുടർചികിത്സയും ലഭ്യമാക്കുന്നുണ്ട്. താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിൽ സൈക്യാട്രി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ആയത് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

നിലവിൽ നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മാത്രമാണ് സൈക്യാട്രിസ്റ്റിന്റെ ഒഴിവുള്ളത്. ആയത് നികത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

166 (166) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചെറുവാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

26-07-2021-ലെ സ.ഉ(സാധാ)നം.1555/2021/ആ.കു.വ. പ്രകാരം കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിലെ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതി

നടപ്പാക്കുന്നതിനായി മരങ്ങൾ മുറിച്ചു മാറ്റുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു ആരോഗ്യസ്ഥാപനത്തെയാണ് 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി പരിഗണിക്കുന്നതെന്നതിനാൽ പ്രസ്തുത മണ്ഡലത്തിലെ ചെറുവാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രസ്തുത ആവശ്യത്തിനായി പരിഗണിക്കുവാൻ കഴിയുകയില്ല.

(ബി) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 90 സ്ഥലങ്ങളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാനുള്ള സ്ഥലം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ചേർന്ന് കണ്ടെത്തിക്കഴിഞ്ഞു. 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസും, മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളുമുള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണമാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പദ്ധതി പ്രദേശത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുള്ള നടപടികൾ പൂർത്തിയാക്കി പദ്ധതി പ്രദേശം നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് കൈമാറുന്നതും ആയതിനുശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി

167 (167) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, അടിസ്ഥാനസൗകര്യ വികസനത്തിനും എത്ര തുകയാണ് അനുവദിച്ചുവരുന്നത്; വിശദമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തിൽ - 2300 ലക്ഷം
2018-19 സാമ്പത്തിക വർഷത്തിൽ - 2855 ലക്ഷം
2019-20 സാമ്പത്തിക വർഷത്തിൽ - 2855 ലക്ഷം
2020-21 സാമ്പത്തിക വർഷത്തിൽ - 2800 ലക്ഷം
2021-22 സാമ്പത്തിക വർഷത്തിൽ - 2800 ലക്ഷം
2022-23 സാമ്പത്തിക വർഷത്തിൽ - 2000 ലക്ഷം

(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എത്ര ജീവനക്കാരെയാണ് അധികമായി നിയമിക്കുക; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ പൊതു ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മപരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളേയും രണ്ടാം ഘട്ടത്തിൽ 504 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും മൂന്നാം ഘട്ടത്തിൽ 212 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 150 ഫാർമസിസ്റ്റുമാരും 170 ലാബ് ടെക്നീഷ്യൻമാരും 170 അസിസ്റ്റന്റ് സർജൻമാരും 340 സ്റ്റാഫ് നഴ്സുമാരും ഉൾപ്പടെ 830 അധിക തസ്തികകൾ സൃഷ്ടിക്കുകയും രണ്ടാം ഘട്ടത്തിൽ 400 ഡോക്ടർമാരും 400 സ്റ്റാഫ് നഴ്സുമാരും 200 ലാബ് ടെക്നീഷ്യൻമാരും ഉൾപ്പടെ 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

## <u>സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങൾ</u>

168 (168) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസികാരോഗ്യകേന്ദ്രങ്ങളുടെ നവീകരണത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മാനസികാരോഗ്യകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തനത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളുടേയും നവീകരണത്തിനായി വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർപ്ലാനുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിനുമാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷ ആവശ്യമായ ഫോറൻസിക് വാർഡുകൾ അതത് ജയിലുകളിലേയ്ക്ക് മാറ്റാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവഴി തടവുകാരായ രോഗികൾക്ക് കൂടുതൽ സുരക്ഷിതമായ സാഹചര്യത്തിൽ ചികിത്സ ഉറപ്പാക്കുവാനും, മാനസികാരോഗ്യകേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർവിന്യസിച്ച് രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട പരിചരണം ഉറപ്പാക്കുവാനും കഴിയും.

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള സർക്കാർ മാനസികാരോഗ്യകേന്ദ്രങ്ങൾ ഏത് വർഷമാണ് നിലവിൽ വന്നതെന്നറിയിക്കുമോ?

തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രം 1870-ലാണ് ആരംഭിച്ചിട്ടുള്ളത്. തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രം 1889-ലാണ് നിലവിൽ വന്നത്. പ്രസ്തുത ആശുപത്രി സർക്കാർ ഏറ്റെടുത്തിട്ടുള്ളത് 1956-ലാണ്. ഗവൺമെന്റ് മാനസികാരോഗ്യകേന്ദ്രം കോഴിക്കോട് 1872-ലാണ് നിലവിൽ വന്നത്.

(സി) മാനസികരോഗം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പുതിയ മാനസികരോഗാശുപത്രികൾ സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കിടത്തി ചികിത്സ പരമാവധി ഒഴിവാക്കി, മാനസിക രോഗങ്ങൾ പ്രാഥമികഘട്ടത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ ചികിത്സയും തുടർചികിത്സയും ഉറപ്പുവരുത്തുന്ന സാമൂഹ്യ മാനസികാരോഗ്യ (കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത്) ചികിത്സയ്ക്കാണ് ലോകാരോഗ്യ സംഘടന പ്രാമുഖ്യം

കൊടുക്കുന്നത്. ഇതനുസരിച്ച് 2017-18 മുതൽ മാനസികാരോഗ്യ പരിപാടി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, സൈക്യാട്രിസ്റ്റുകൾ ഇല്ലാത്ത താലൂക്കാശുപത്രികളിലുമായി 284 മാനസികാരോഗ്യ ക്ലിനിക്കുകൾ മാസംതോറും നടത്തിവരുന്നു. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീമിന്റെ സേവനമാണ് ഇത്തരത്തിൽ മാസംതോറും ലഭ്യമാകുന്നത്. മനോരോഗ ഔഷധ ചികിത്സ, മന:ശാസ്ത്ര ചികിത്സ, സാമൂഹ്യ പുനരധിവാസ ചികിത്സ ഒക്കെയും ഇത്തരത്തിൽ സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. അമ്പതിനായിരത്തോളം മാനസികരോഗികൾക്ക് ഇത്തരത്തിൽ ചികിത്സയും തുടർചികിത്സയും ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്. ഇതിനുപുറമെ, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി 400-ഓളം ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ നടപ്പിലാക്കുകയുണ്ടായി. ഇതുവഴി 19,769 രോഗികളെ പുതുതായി ചികിത്സയിൽ എത്തിക്കുകയും 27,628 രോഗികൾക്ക് അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യകേന്ദ്രത്തിൽ തന്നെ തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള സാമൂഹ്യ-മാനസികാരോഗ്യ പരിപാടി മാനവവിഭവശേഷി വർദ്ധിപ്പിച്ച് ശാക്തീകരിക്കുവാനും, കൂടുതൽ

ജില്ലാ-താലൂക്ക് ആശുപത്രികളിൽ സൈക്യാട്രി യൂണിറ്റുകൾ ആരംഭിക്കുവാനുമാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്.

(ഡി) മാസികാരോഗ്യകേന്ദ്രങ്ങളുടെ സമഗ്ര പരിഷ്കരണത്തിന് നടപടി സ്വീകരിക്കുമോ?

മാനസികാരോഗ്യകേന്ദ്രങ്ങളിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും, ശിപാർശകൾ സമർപ്പിക്കുവാനുമായി സർക്കാർ ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ സ.ഉ.(സാധാ) നം. 1140/2022/ആ.കു.വ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതിയുടെ ആദ്യയോഗം 27-05-2022-ന് കൂടുകയുണ്ടായി. തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് KITCO എന്ന ഏജൻസിയെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ സർക്കാർ മാനസികാരോഗ്യകേന്ദ്രത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 98,37,30,298/- രൂപയുടെള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ

ചെയ്തുവരുന്നു. കാലപ്പഴക്കം വന്നിട്ടുള്ള പഴയ ചുറ്റുമതിലിനുപകരം പുതിയ ചുറ്റുമതിൽ നിർമ്മാണം 1050 മിറ്ററോളം പൂർത്തീകരിച്ചിട്ടുണ്ട്. 5 നിലകളുള്ള മോഡേൺ സൈക്യാട്രി വാർഡിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് പഴക്കം ചെന്ന വാർഡുകൾ ഓരോ വർഷവും അറ്റകുറ്റപ്പണികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഇന്റേണൽ റോഡുപണി പൂർത്തിയാക്കിയിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

കോഴിക്കോട് ഗവൺമെന്റ് മാനസികാരോഗ്യകേന്ദ്രത്തിന്റെ നവീകരണത്തിനായി ഡി.പി.ആർ. തയ്യാറാക്കി, മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകൃത ഏജൻസിയായ KITCO മാസ്റ്റർപ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 21-06-2022-ലെ സ.ഉ.(കൈ)നം. 126/2022/ആ.കു.വ. പ്രകാരം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 2 ക്ലാർക്ക്, 4 ഹോസ്പിറ്റൽ അറ്റൻഡന്റ്, 3 കുക്ക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളുടെയും സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

## കുന്നമ്മൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

169 (169) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സി.എച്ച്.സി. കുന്നമ്മൽ എന്ന ആരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ തടസ്സങ്ങളെല്ലാം നീക്കി സൈറ്റ് കെ.എം.എസ്.സി.എൽ.-ന് കൈമാറി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Plinth level കോൺക്രീറ്റ് വരെ പൂർത്തിയായിട്ടുണ്ട്.

(ബി) എത്ര നിലകളിലാണ് പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതെന്നും ഫൗണ്ടേഷൻ എത്ര നില നിർമ്മിക്കുന്നതിന് അനുയോജ്യമായിരിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടം ഒറ്റ നിലയിൽ പ്രീ-എൻജിനീയറിംഗ് സ്ട്രക്ചറായാണ് നിർമ്മിക്കുന്നത്.

(സി) കെട്ടിടത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; വിശദമാക്കാമോ?

10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഗ്യാസും, മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളുമുള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണമാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ്, നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി, നിർമ്മാണം ഏറ്റെടുത്ത കരാറുകാരന്റെ ഫോൺ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ?

10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളും മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളുമുള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രീ-എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോടി

എഴുപത്തൊമ്പതിനായിരം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. തെരഞ്ഞെടുത്ത ഏജൻസിയായ M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിക്കാണ് നിർമ്മാണ കരാർ നൽകിയിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2022 ആഗസ്റ്റ് 15-ന് പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. M/s. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഫോൺ നമ്പർ:- 9288006414 (MD, TDLCS)

## പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം

170 (170) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ രണ്ട് ഗൈനക്കോളജി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഒരു അനസ്തെറ്റിസ്റ്റും അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും ഗൈനക്കോളജി വിഭാഗം പ്രവർത്തനമാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ &ബി) ഉണ്ട്. നിലവിൽ പുതുക്കാട് താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ പ്രസവം നടക്കുന്നില്ല. അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യം മികച്ച രീതിയിൽ പരിപാലിച്ച് നൽകുവാൻ പുതുക്കാട് താലൂക്കാശുപത്രിയിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. പ്രസവത്തിന് വരുന്നവരെ പ്രസവത്തിനുമുൻപും പ്രസവത്തിനുശേഷവും കിടത്തുവാനുള്ള സൗകര്യവും, ലേബർ റൂമിലേയ്ക്കും അനുബന്ധ തീയേറ്ററിലേയ്ക്കുമുള്ള ഉപകരണങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും ടി ആശുപത്രിയിൽ നിലവിലില്ല. പ്രസ്തുത സൗകര്യങ്ങൾ നിലവിൽ വരുന്നമുറയ്ക്ക് മാത്രമേ ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകുകയുള്ളൂ.

<u>പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ അനുവദിച്ച തസ്തികകളും ഒഴിവുകളും</u>

171 (171) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

പഴയങ്ങാടി താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം |
|---|---|---|
| 1. | ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | 2 |
| 2. | ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ | 1 |
| 4. | ജൂനിയർ കൺസൾട്ടന്റ് ഡെർമറ്റോളജി | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് സർജറി | 1 |
| 6. | ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ | 1 |
| 7. | ജൂനിയർ കൺസൾട്ടന്റ് സർജറി | 1 |
| 8. | ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ | 1 |
| 9. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| 10. | ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 |
| 11. | ഹെഡ് നഴ്സ് | 1 |
| 12. | സ്റ്റാഫ് നഴ്സ് | 13 |
| 13. | ഫാർമസിസ്റ്റ് | 3 |
| 14. | ഒപ്റ്റോമെട്രിസ്റ്റ് | 1 |
| 15. | ലാബ് ടെക്നീഷ്യൻ | 3 |
| 16. | നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| 17. | ഹോസ്പിറ്റൽ അറ്റൻഡന്റ് | 4 |
| 18. | ക്ലാർക്ക് | 3 |
| 19. | ഓഫീസ് അറ്റൻഡന്റ് | 1 |
| 20. | PHNS | 1 |
| 21. | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 22. | പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| 23. | JPHN | 9 |
| 24. | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 25. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 7 |
| 26. | ഡ്രൈവർ | 1 |
| 27. | പാർട്ട് ടൈം സ്വീപ്പർ | 1 |

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ആയത് നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ അസിസ്റ്റന്റ് സർജൻ -1
കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -2
ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് -1 എന്നീ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസസ് യൂണിറ്റ്

172 (172) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഡയാലിസിസ് യൂണിറ്റിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം

173 (173) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 12 കോടിയുടെ നിർമ്മാണപ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പെരിങ്ങോം താലൂക്കാശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് ധനസഹായത്തോടെ 12 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തിയാണ് ഡിസൈൻ അംഗീകരിച്ചത്. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി സമർപ്പിച്ചപ്പോൾ എസ്റ്റിമേറ്റ് പ്രകാരം 1719.34 ചതുരശ്രമീറ്റർ ഏരിയ മാത്രമേ പൂർത്തീകരിക്കുവാൻ സാധ്യമാവുകയുള്ളൂവെന്നതിനാൽ പൈൽ ഫൗണ്ടേഷൻ ഒഴിവാക്കി റാഫ്റ്റ് ഫൗണ്ടേഷൻ രീതി സ്വീകരിച്ച് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാമെന്നും ലഭ്യമാകുന്ന തുക ഉപയോഗിച്ച് പരമാവധി

സൗകര്യപ്രദമായ കെട്ടിടം ആശുപത്രിക്കായി നിർമ്മിക്കാമെന്നും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ ലഭ്യമാക്കി 2833 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് PWD തയ്യാറാക്കി സാങ്കേതിക അനുമതിക്കായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

സാങ്കേതിക അനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മാണം

174 (174) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ വന്ന കാലതാമസം പരിഹരിക്കുന്നതിനായി

എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ബാലുശ്ശേരി താലൂക്കാശുപത്രിക്ക് കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച പദ്ധതിയുടെ അടങ്കൽ തുക 23.2 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുള്ളതും ടെക്നിക്കൽ ഇവാല്യുവേഷൻ നടന്നുവരികയുമാണ്. ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് നിശ്ചയിച്ച സർവ്വേ തുകയ്ക്ക് 3 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ലേലം കൊള്ളാതിരുന്നതിനാൽ സർവ്വേ തുക പുനർനിശ്ചയിച്ച് വീണ്ടും ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്.

(സി) പുതിയ ബ്ലോക്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ പൊതുജനങ്ങൾക്ക് ലഭ്യമാവുകയെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ 6 നിലകളിലായി 33990.84 ചതുരശ്ര അടിയിൽ പുതിയ കെട്ടിടവും, ഇപ്പോഴത്തെ ആശുപത്രിയുടെ മുകളിൽ ഒരു നിലയിൽ 9775.13 ചതുരശ്ര അടിയിലുള്ള സൗകര്യങ്ങളും 73 ആശുപത്രി കിടക്കകളും ഉൾപ്പെടുത്തിയാണ്

ഈ ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ട്രോമയും എമർജൻസി കെയർ വിഭാഗവും, റേഡിയോളജി, ഓപ്പറേഷൻ തിയേറ്റർ, നൂതന മാർഗ്ഗരേഖയിലുള്ള ലേബർ റൂം, തീവ്രപരിചരണ വിഭാഗം, ഒ.പി.ഡി. വാർഡുകൾ, സി.എസ്.എസ്.ഡി., ബ്ലഡ് വിതരണ യൂണിറ്റ്, ലബോറട്ടറി സർവ്വീസ് തുടങ്ങിയ എല്ലാവിധ നൂതന സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## മഞ്ചേശ്വരം, കുമ്പള സി.എച്ച്.സി. കെട്ടിട നവീകരണം

175 (175) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കുമ്പള എന്നീ സി.എച്ച്.സി.-കളിൽ മതിയായ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സി.എച്ച്.സി.-കൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തപ്പെട്ടു. ആയതിന്റെ ഭാഗമായി ആർദ്രം നിലവാരത്തിലേയ്ക്ക് അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി അനുവദിച്ച 37,42,211/-രൂപയുടെ പദ്ധതി വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ പുതിയ കെട്ടിടത്തിനുള്ള പ്ലാൻ തയ്യാറാക്കി അഡ്മിനിസ്ട്രേറ്റീവ് അപ്രൂവലിനുള്ള നടപടികൾ നടന്നുവരുന്നു.

ആർദ്രം മിഷന്റെ ഭാഗമായി ഒരു റവന്യൂ ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് കാസർഗോഡ് ജില്ലയിൽ നിന്നും രണ്ടാംഘട്ടമായി 01-08-2021-ലെ സ.ഉ(ആർ.ടി)നം.1633/2021/ആ.കു.വ. പ്രകാരം കുമ്പള സി.എച്ച്.സി.-യെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത സി.എച്ച്.സി.-കളിൽ നിലവിൽ എത്ര തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

തസ്തിക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>നടുവിലക്കര കുടുംബക്ഷേമ ഉപകേന്ദ്രം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

176 (176) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ നടുവിലക്കര കുടുംബക്ഷേമ ഉപകേന്ദ്രം കെട്ടിടം പൊളിച്ചുമാറ്റി വാട്ടർ ടാങ്ക് പണിയുവാൻ വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയതിനുപ്രകാരം അതോറിറ്റി വാട്ടർ ടാങ്ക് പണി പൂർത്തിയാക്കിയിട്ടും ഉപകേന്ദ്രം പ്രസ്തുത സ്ഥലത്ത് പുനഃസ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടുംബക്ഷേമ ഉപകേന്ദ്രം ടി സ്ഥലത്ത് അടിയന്തരമായി പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപകേന്ദ്രം പ്രസ്തുത സ്ഥലത്ത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് അധികൃതരുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു.

<u>ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി</u>

177 (177) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിലമ്പൂരിൽ പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പദവി ഏതു വർഷത്തിലാണ് ഗവൺമെന്റ് ജില്ലാ ആശുപത്രിയായി ഉയർത്തിയത് എന്ന് അറിയിക്കാമോ; മേൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നിലമ്പൂരിൽ പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പദവി 04-03-2014-ലെ G.O(Ms)No.89/2014 പ്രകാരമാണ് ജില്ലാ ആശുപത്രിയായി ഉയർത്തിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലമ്പൂർ ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ആയിരുന്നപ്പോഴത്തെ സ്റ്റാഫ് പാറ്റേണും രോഗികൾക്ക് നീക്കിവെച്ച കിടക്കകളുടെ എണ്ണവും എത്രയെന്ന് വിശദമാക്കാമോ; ജില്ലാ ആശുപത്രിയായി ഉയർത്തിയതിനുശേഷം നിലവിലുള്ള സ്റ്റാഫ് പാറ്റേണും കിടക്കകളുടെ എണ്ണവും എത്രയെന്നും ഈ ഇനത്തിൽ ഏതെങ്കിലും വർദ്ധനവുണ്ടായോയെന്നും എങ്കിൽ ഇനം തിരിച്ചും വിവരങ്ങൾ നൽകാമോ?

നിലമ്പൂർ ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ആയിരുന്നപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ 147-ഉം ബെഡ് സ്ട്രെങ്ത് -142-ഉം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആണ്.

ജില്ലാ ആശുപത്രിയായി ഉയർത്തിയതിനുശേഷം നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 167- ഉം നിലവിലുള്ള ബെഡ് സ്ട്രെങ്ത് -142 ഉം ആണ്.

ജില്ലാ ആശുപത്രിയായി ഉയർത്തിയതിനുശേഷം അധികമായി അനുവദിച്ച തസ്തികകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | തസ്തിക | അനുവദിച്ച എണ്ണം |
|---|---|---|
| | ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) | 1 |
| | ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 |
| | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| | ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി) | 1 |
| | ഹെഡ് നഴ്സ് | 1 |
| | സ്റ്റാഫ് നഴ്സ് | 3 |
| | ലാബ് ടെക്നീഷ്യൻ | 1 |
| | ആർ.എം.ഒ (അസിസ്റ്റന്റ് സർജൻ) | 1 |
| | ജൂനിയർ സൂപ്രണ്ട് | 1 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 5 |
| | ലാബ് അറ്റൻഡർ | 1 |
| | ഡയാലിസിസ് ടെക്നീഷ്യൻ | 2 |
| | ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| | **ആകെ** | **20** |

(സി) ജില്ലാ ആശുപത്രി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി വിഹിതം ഏത് തലത്തിലുള്ള

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നതെന്ന് വിശദമാക്കാമോ; ഒരു ജില്ലയ്ക്ക് ഒരു ജില്ലാ ആശുപത്രിയുടെ വിഹിതമാണോ അതോ ജില്ലാ ആശുപത്രികളുടെ എണ്ണത്തിന് അനുസരിച്ചാണോ വിഹിതം അനുവദിക്കുന്നതെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ ജില്ലാ ആശുപത്രികൾ മലപ്പുറം ജില്ലാ പഞ്ചായത്തിനുകീഴിലാണ്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ അതത് നഗരസഭയ്ക്ക് കീഴിലുമാണ് പ്രവർത്തിക്കുന്നത്. ജില്ലാ ആശുപത്രികൾക്ക് പ്രവർത്തനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നത് ജില്ലാ പഞ്ചായത്തിൽ നിന്നും താലൂക്കാശുപത്രികൾക്ക് അതത് നഗരസഭകളിൽ നിന്നുമാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ അനുസരിച്ചാണ് ജില്ലാ ആശുപത്രികൾക്ക് വിഹിതം അനുവദിക്കുന്നത്.

(ഡി) സംസ്ഥാനത്ത് എത്ര ജില്ലാ ആശുപത്രികൾ ഉണ്ടെന്നത് ജില്ലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; 'ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന നയം' സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലകളിലെ മറ്റു ജില്ലാ ആശുപത്രികൾക്ക് ഏതുതരം പദവിയാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ?

ആർദ്രം മാനദണ്ഡപ്രകാരം സംസ്ഥാനത്ത് 17 ജില്ലാ ആശുപത്രികളാണുള്ളത്. വയനാട് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 2 വീതവും മറ്റു ജില്ലകളിൽ ഒന്നുവീതവുമാണ്. 'ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി' എന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയെന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരാശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തി വരുന്നത്. ജില്ലയിലെ മറ്റു ജില്ലാ ആശുപത്രികൾ താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്.

(ഇ) 'ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി' എന്ന നയത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ മൂന്ന് ജില്ലാ ആശുപത്രികളിൽ ശേഷിക്കുന്ന പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ ജില്ലാ ആശുപത്രികളുടെ വികസനത്തിനായുള്ള പദ്ധതി വിഹിതം ചെലവഴിക്കുന്നത് മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന എന്നതുമാറ്റി യഥാക്രമം പെരിന്തൽമണ്ണ, നിലമ്പൂർ

എന്നീ നഗരസഭകൾ മുഖാന്തരം ചെലവഴിക്കുന്നതിന് സന്നദ്ധമാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ തിരൂർ ജില്ലാ ആശുപത്രിയാണ് ജില്ലാതല ആശുപത്രിയുടെ പട്ടികയിലുള്ളത്. നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ ജില്ലാ ആശുപത്രികൾ താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്. നിലമ്പൂർ, പെരിന്തൽമണ്ണ ആശുപത്രികൾ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്ക് കൈമാറുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

<u>മറ്റത്തൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിലെ ഒഴിവുകൾ</u>

178 (178) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള സിവിൽ സർജൻ, സീനിയർ മെഡിക്കൽ ഓഫീസറുടെ ലീവ് വേക്കൻസി എന്നിവയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആദിവാസി പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന മറ്റത്തൂർ പഞ്ചായത്ത് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രൈബൽ ഫണ്ട് ഉപയോഗപ്പെടുത്തി കൂടുതൽ അടിസ്ഥാനസൗകര്യ വികസനങ്ങളും സേവനങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ട്രൈബൽ ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആർദ്രം പദ്ധതി

179 (179) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പൂയപ്പള്ളി, പരവൂർ, പൊഴിക്കര പി.എച്ച്.സി.-കൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 16-06-2018-ലെ സ.ഉ(കൈ)നം.113/2018/ ആ.കു.വ പ്രകാരം പൂയപ്പള്ളി, പരവൂർ, പൊഴിക്കര

എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.

## നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ട്രോമാകെയർ യൂണിറ്റ്

180 (180) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ നബാർഡ് ഫണ്ടിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നബാർഡ് RIDF ഫണ്ട് ഉപയോഗിച്ച് പണിയുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 40,30,00,000/- രൂപയുടെ (നാൽപത് കോടി മുപ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിന്റെ 95 ശതമാനം പണി പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്ലാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ അംഗീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ചെട്ടിക്കാട് ആശുപത്രി വികസനം

181 (181) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് ആശുപത്രിക്കായി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ ചെട്ടിക്കാട് ആശുപത്രി വികസനത്തിനായി 10-01-2018-ലെ സ.ഉ (സാധാ)നം. 103/2018/ആ.കു.വ പ്രകാരം 118.5 കോടിയുടെ ഭരണാനുമതി നൽകുകയും 101.10 കോടിയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

(ബി) ചെട്ടിക്കാട് ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഇല്ല, നിലവിൽ 2.956 ഏക്കർ സ്ഥലം ആശുപത്രിക്കായി ഏറ്റെടുത്തിട്ടുണ്ട്. നിലവിലുള്ള രണ്ട് കെട്ടിടങ്ങളേയും ബന്ധിപ്പിക്കാനുള്ള ഇടനാഴിക്കും പുതുതായി പണിയുന്ന കെട്ടിടത്തിന്റെ സെറ്റ്-ബാക്കിനുമായി കിഫ്ബി അനുമതി നൽകിയ 16 സെന്റ് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ ജോലികൾ പുരോഗമിച്ചു വരുന്നു. 1.5 ശതമാനം ജോലികൾ ഇതുവരെ പൂർത്തിയായിട്ടുണ്ട്.

## ചേലേമ്പ്ര ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

182 (182) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കയുള്ള ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ എല്ലാ തരത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായ ചേലേമ്പ്ര ആയുർവേദ ആശുപത്രിയിൽ മുപ്പത് കിടക്കകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായി. മുപ്പത് കിടക്കകളോടുകൂടിയ ബ്ലോക്കുതല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാവകുപ്പ് തയ്യാറാക്കിയ സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചേലേമ്പ്ര സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ്

183 (183) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടും നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിപാലനത്തിലും മേൽനോട്ടത്തിലും പ്രസ്തുത സ്ഥാപനങ്ങൾ വന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ ബ്ലോക്കുതല എഫ്.എച്ച്.സി.-കളാക്കി മാറ്റിയ ആശുപത്രികൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതമടക്കമുള്ള ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എ&ബി) ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളുടെ ഭരണച്ചുമതല അതത് ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുന്നതും ഫണ്ട് ലഭ്യമാക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ എഫ്.എച്ച്.സി.-യുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിനോടൊപ്പം സി.എച്ച്.സി.-യായി പ്രവർത്തിച്ച കാലയളവിലുണ്ടായിരുന്ന എൻ.എച്ച്.എം.-ന്റെ അടക്കമുള്ള സ്റ്റാഫുകളെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ എഫ്.എച്ച്.സി.-യുടെ പരിപാലന ചുമതല ബ്ലോക്ക് പഞ്ചായത്തിന് നൽകിയതിനോടൊപ്പം സി.എച്ച്.സി.-യായി പ്രവർത്തിച്ച കാലയളവിലുണ്ടായിരുന്ന എൻ.എച്ച്.എം. ജീവനക്കാരെ നിലനിർത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പള്ളിക്കൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച കത്തിന്റെയും ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ 07-06-2022-ലെ സ.ഉ(സാധാ) നം. 1313/2022/ആ.കു.വ പ്രകാരം പള്ളിക്കൽ എഫ്.എച്ച്.സി.-യുടെ ഭരണച്ചുമതല കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്.

## ചാലാംകോണം പി.എച്ച്.സി.

184 (184) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ മടവൂർ ചാലാംകോണം പി.എച്ച്.സി.-യുടെ അടിസ്ഥാനസൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ വർക്കല മണ്ഡലത്തിലെ മടവൂർ ചാലാംകോണം കുടുംബാരോഗ്യകേന്ദ്രത്തിൽ രണ്ട് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 17 സ്ഥിരം ജീവനക്കാരും, ദേശീയ ആരോഗ്യ ദൗത്യം വഴി 3 ജീവനക്കാരും, പഞ്ചായത്ത്വഴി 3 ജീവനക്കാരും ജോലി നോക്കിവരുന്നുണ്ട്. പ്ലാൻ ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ പുതിയ ലബോറട്ടറി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ 2022-23 സാമ്പത്തികവർഷത്തിൽ NHM - PIP ഫണ്ടിലുൾപ്പെടുത്തി ഈ സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള 143 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ പരിശോധിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

185 (185) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏത് ആരോഗ്യ കേന്ദ്രത്തിലാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) 26-07-2021-ലെ സ.ഉ.(ആർ.റ്റി) നം.1555/2021/ആ.കു.വ. പ്രകാരം 10 കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നും സി.എച്ച്.സി. കുഴൽമന്ദം എന്ന ആരോഗ്യസ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ മണ്ഡലത്തിൽ തന്നെയുള്ള മറ്റൊരു സ്ഥാപനം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ചാലക്കുടി മണ്ഡലത്തിലെ ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകൾ</u>

186 (186) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി എന്നിവിടങ്ങളിലും സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും നിലവിൽ ഡോക്ടർമാരുൾപ്പടെയുള്ള ആരോഗ്യപ്രവർത്തകരുടെ ഒഴിവുകളുണ്ടോ; വ്യക്തമാക്കാമോ?

ചാലക്കുടി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലായി ആകെ 33 ഒഴിവുകളാണുള്ളത്.

(ബി) എങ്കിൽ ഏതൊക്കെ ആശുപത്രിയിൽ ഏതൊക്കെ തസ്തികയിൽ എന്നുമുതൽ ഒഴിവുകൾ നിലവിൽ വന്നുവെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കാൻ നടപടി

187 (187) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയിട്ടുണ്ട്; ആയതിലേയ്ക്കായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ബ്ലഡ് ബാങ്ക് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ കണക്കാക്കുന്നത്; വിശദമാക്കാമോ?

(എ& ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേയ്ക്കാവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്ത ബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേയ്ക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള

ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായി വരുന്നുള്ളൂ.

(സി) കരുനാഗപ്പള്ളിയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാരുണ്യ ഫാർമസി രാത്രി കാലങ്ങളിൽ കൂടി തുറന്നു പ്രവർത്തിക്കുന്നത് പൊതുജനങ്ങൾക്കും രോഗികൾക്കും കൂടുതൽ സൗകര്യ പ്രദമായിരിക്കുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥിതി ചെയ്യുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ നിലവിലെ പ്രവർത്തനസമയം രാവിലെ 9 മണി മുതൽ വൈകിട്ട് 7 മണി വരെയാണ്. നിലവിൽ ടി ഫാർമസി സ്ഥാപിച്ചിരിക്കുന്നത് ദേശീയ പാത 66-ന്റെ സമീപത്തായിട്ടാണ്. ദേശീയ പാത 66 വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ഫാർമസി നിലനിൽക്കുന്ന ഭൂമി വിട്ടുനൽകുന്നതിന് നോട്ടീസ് ലഭിച്ചിട്ടുള്ളതിനാൽ ഇത് ആശുപത്രിയ്ക്കകത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് ഫാർമസിയുടെ പ്രവർത്തന സമയം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

188 (188) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ആരോഗ്യകേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്കായി ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇരിക്കൂർ മണ്ഡലത്തിൽ കുട്ടമുഖം സാമൂഹികാരോഗ്യകേന്ദ്രത്തെയാണ് ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ സ്ഥല ലഭ്യതക്കുറവുമൂലം ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക പട്ടികയിൽ പ്രസ്തുത സ്ഥാപനം ഉൾപ്പെട്ടിട്ടില്ല.

(ബി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാനുള്ള ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ 90 ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ഏജൻസിയായ M/s. തൃശ്ശൂർ ജില്ല ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നാല് ഘട്ടമായി 73 ആശുപത്രികളുടെ പ്രവർത്തി ഉത്തരവ് നിർവ്വഹണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിട്ടുണ്ട്. ഇതിൽ ആദ്യം പ്രവൃത്തി ഉത്തരവ് നൽകിയ 22 സൈറ്റുകളിൽ നിർമ്മാണ പ്രവർത്തി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

(സി) പ്രസ്തുത വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആദ്യം പ്രവൃത്തി ഉത്തരവ് നൽകിയ 22 സൈറ്റുകളിൽ പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം 2022 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

## കുറുവട്ടൂർ പി.എച്ച്.സി.

189 (189) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ 2022 മാർച്ച് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തെത്തുടർന്ന് കുറുവട്ടൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ മേൽക്കൂര പൂർണ്ണമായും തകർന്നുപോയതിനാൽ ആശുപത്രിയുടെ പ്രവർത്തനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആശുപത്രിയുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമികാരോഗ്യകേന്ദ്രം പുതുക്കിപ്പണിയുന്നതിനായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ 27,00,000/- രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ തുടർനടപടികൾക്കായി നാഷണൽ ഹെൽത്ത് മിഷന് നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ ഈ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## അങ്കമാലി താലൂക്ക് ആശുപത്രി

190 (190) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്കാശുപത്രിയിൽ വിവിധ വിഭാഗത്തിൽ എത്ര അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

അങ്കമാലി താലൂക്കാശുപത്രിയിലെ അംഗീകൃത തസ്തികകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകളുള്ളതെന്നും ഒഴിവുകൾ നികത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) അങ്കമാലി താലൂക്കാശുപത്രിയിൽ ദിവസം ചികിത്സയ്ക്കായി ശരാശരി വന്നുപോകുന്നത് എത്ര പേരാണെന്നും ഐ.പി. വിഭാഗത്തിൽ എത്ര പേരാണ് ചികിത്സ തേടുന്നതെന്നും വ്യക്തമാക്കുമോ?

ഈ ആശുപത്രിയിൽ പ്രതിദിന ശരാശരി ഒ.പി. 665-ഉം ശരാശരി ഐ.പി. 10-ഉം ആണ്. Bed Strength -41.

(ഡി) ഏതെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) ഗൈനക്കോളജി വിഭാഗം

2) ശിശുരോഗ വിഭാഗം

3) ജനറൽ മെഡിസിൻ

പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടി സ്ഥലമെടുപ്പ്

191 (191) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്കാശുപത്രിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

(എ&ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്കാശുപത്രിയുടെ വികസനത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് 8 കോടി രൂപ സ്പെഷ്യൽ തഹസിൽദാരുടെ പേരിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക കിഫ്ബി ഫണ്ടിൽ നിന്നും സ്പെഷ്യൽ തഹസിൽദാർക്ക് അനുവദിച്ച് നൽകുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിന് SPV സമർപ്പിച്ച ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്.

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

സ്പെഷ്യൽ തഹസിൽദാർക്ക് തുക അനുവദിച്ച് ലഭിക്കുന്നതിനനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് സ്പെഷ്യൽ തഹസിൽദാർ അറിയിച്ചിട്ടുണ്ട്.

<u>കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

192 (192) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ സിവിൽ വർക്കുകൾ മുഴുവൻ പൂർത്തിയായിട്ടുണ്ട്. റൂഫ് ടോപ്പ് ഷീറ്റിടുന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഫയർ & സേഫ്റ്റിയുടെ എൻ.ഒ.സി. ലഭ്യമാക്കുന്നമുറയ്ക്ക് റൂഫ് ടോപ്പിന്റെ പണി പൂർത്തീകരിക്കുന്നതാണ്. കെട്ടിടത്തിലെ ലിഫ്റ്റ് ഒഴികെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. കെട്ടിടത്തിലേയ്ക്ക് ആവശ്യമായ എല്ലാ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. വൈദ്യുതി കണക്ഷനും ജനറേറ്ററും

സ്ഥാപിച്ചതിനുശേഷം ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതാണ്. കെട്ടിടത്തിന്റെ ഫയർ & സേഫ്റ്റി വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ കിട്ടിയാലുടനെ NOC ലഭ്യമാക്കി കമ്മീഷനിംഗ് പ്രവൃത്തികൾ നടത്തുന്നതാണ്. മോഡുലാർ ഓപ്പറേഷൻ തീയറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ നടന്നുവരുന്നു. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എത്ര തസ്തികകളാണ് ആവശ്യമുള്ളതെന്നറിയിക്കാമോ;

(സി) ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(ബി &സി) ടി ആശുപത്രി പ്രവർത്തനമാരംഭിക്കുന്നതിന് സ്റ്റാഫ് നഴ്സ്-7, ഫാർമസിസ്റ്റ് -2, ക്ലാർക്ക്-2, ഓഫീസ് അറ്റൻഡന്റ് -1 എന്നീ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 15 ഡോക്ടർമാർ അടക്കം 37 സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഏതൊക്കെ ഉപകരണങ്ങളാണ് ഇതുവരെ ക്രമീകരിച്ചിട്ടുള്ളതെന്നും ഇനി എന്തൊക്കെ ഉപകരണങ്ങൾ സ്ഥാപിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

അനുബന്ധമായി വച്ചിട്ടുണ്ട്.+

ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യാൻ നടപടി

193 (193) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂരിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രി താലൂക്ക് ആസ്ഥാന ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇത് അടിയന്തരമായി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ആശുപത്രിയുടെ അപ്ഗ്രഡേഷനുവേണ്ടി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രയോറിറ്റി ലിസ്റ്റിൽ ചെറുവട്ടൂർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ടോ;

(സി) എത്ര കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിനാണ് ശിപാർശയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ -സി) 50 കിടക്കകളോടുകൂടിയ താലൂക്കതല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചെറുവട്ടൂർ സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാണ്. സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഏലപ്പുള്ളി താലൂക്കാശുപത്രി നവീകരണം

194 (194) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏലപ്പുള്ളി താലൂക്കാശുപത്രിയുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വിപുലീകരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഏലപ്പുള്ളി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണമെന്ന പ്രവൃത്തിക്കായി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകുകയും ആയതിനുള്ള തുടർ

നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഏലപ്പള്ളി താലൂക്കാശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിനായുള്ള എസ്റ്റിമേറ്റും പ്ലാനും പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിക്ക് നബാർഡ് ഫണ്ട് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നു.

കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ മാനസികരോഗവിഭാഗം

195 (195) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ കഴിഞ്ഞ നാലു മാസമായി മാനസികരോഗവിഭാഗത്തിൽ ഡോക്ടറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസികരോഗ ചികിത്സയ്ക്ക് ഡോക്ടറില്ലാത്തതിനാൽ രോഗികൾ ചികിത്സ കിട്ടാതെയും മരുന്ന് കിട്ടാതെയും ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ അടിയന്തിരമായി ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലെ മാനസികാരോഗ്യ വിഭാഗത്തിൽ ഉണ്ടായിരുന്ന ഒഴിവിലേയ്ക്ക് പൊതുസ്ഥലംമാറ്റ ഉത്തരവിലൂടെ ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി താലൂക്ക് ആയുർവേദ ആശുപത്രി

196 (196) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ഒരു താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലായെന്നത് വിശദമാക്കാമോ;

(ബി) കരുനാഗപ്പള്ളിയിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനുവേണ്ടി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കരുനാഗപ്പള്ളിയിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനുള്ള ശിപാർശ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസോലേഷൻ വാർഡ്

197 (197) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ഈരാറ്റുപേട്ട സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ പൂഞ്ഞാർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്ന ഈരാറ്റുപേട്ട സി.എച്ച്.സി. സ്ഥിതിചെയ്യുന്ന പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്കായി സജ്ജമാക്കി M/s. Thrissur District Labour Contract Co-operative Society-യ്ക്ക് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പേരാവൂർ താലൂക്കാശുപത്രി

198 (198) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നടത്തിയ പേരാവൂർ താലൂക്കാശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പേരാവൂർ താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 53.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാപ്കോസ് നിർവ്വഹണ ഏജൻസിയായ പേരാവൂർ താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തിയുടെ രൂപരേഖയിൽ കിഫ്ബി നിർദ്ദേശിച്ചതുപ്രകാരം മാറ്റങ്ങൾ വരുത്തി ഗൃഹമാനദണ്ഡങ്ങൾക്കനുസൃതമായി പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. പുതുക്കിയ രൂപരേഖയ്ക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്കും മറ്റ് സാങ്കേതികാനുമതികൾ ലഭിക്കുന്നമുറയ്ക്കും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## കാക്കനാട് ഫാമിലി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ്

199 (199) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ കാക്കനാട് ഫാമിലി ഹെൽത്ത് സെന്ററിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പദ്ധതി പൂർത്തിയാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) തൃക്കാക്കര നിയമസഭാ മണ്ഡലത്തിലെ കാക്കനാട് ഫാമിലി ഹെൽത്ത് സെന്ററിൽ മുൻ എം.എൽ.എ.-മാരായ ശ്രീ. ബെന്നി ബെഹനാൻ (ഒരു കോടി രൂപ), ശ്രീ. പി. ടി. തോമസ് (20 ലക്ഷം രൂപ) എന്നിവരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് അഞ്ച് ബെഡ്ഡുള്ള ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 01-09-2021-ലെ (സാധാ) നമ്പർ 1857/2021/ആ.ക.വ. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഡയാലിസിസ്

യൂണിറ്റിന്റെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള ടെണ്ടർ വിളിച്ചതായി കെ.എം.എസ്.സി.എൽ. അറിയിച്ചിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എറണാകുളം ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ

200 (200) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറലാശുപത്രിയിൽ ഡോക്ടർമാരുടെ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ട്?

എറണാകുളം ജനറലാശുപത്രിയിൽ നിലവിൽ ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകളില്ല.

(ബി) പീഡിയാട്രിക് സർജൻ, ന്യൂറോളജിസ്റ്റ്, ന്യൂറോസർജൻ, ഓങ്കോസർജൻ, ഗ്യാസ്ട്രോ സർജൻ തുടങ്ങിയ തസ്തികകൾ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേല്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഈ തസ്തികകളിൽ ന്യൂറോളജിസ്റ്റിന്റെ ഒഴികെ മറ്റ് തസ്തികകൾ നിലവിൽ ആരോഗ്യവകുപ്പിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. എന്നാൽ ന്യൂറോളജിസ്റ്റിന്റെ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി

201 (201) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ റേഡിയോളജി, ത്വക് രോഗ വിഭാഗങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കാഞ്ഞിരപ്പള്ളി ജനറലാശുപത്രിയിൽ റേഡിയോളജി, ത്വക് രോഗവിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണ്.

(ബി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ അത്യാധുനിക സംവിധാനങ്ങളോടെയുള്ള പുതിയ കെട്ടിടം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരികയാണ്. നിലവിൽ ഫയർ & സേഫ്റ്റിയുടെ ബാക്കി പണികൾ, വാട്ടർ സപ്ലൈയുടെയും ഡ്രെയിനേജിന്റെയും പണികൾ എന്നിവ പൂർത്തീകരിച്ചിട്ടില്ല. അതുകൂടാതെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാബിൻ വർക്ക്, ഔട്ട്സൈഡ് ജോലികൾ എന്നിവ നടന്നുവരുന്നു. പി.ഡബ്ല്യു.ഡി. പണികൾ പൂർത്തിയാക്കി കെട്ടിടം കൈമാറുന്നതനുസരിച്ച് പുതിയ കെട്ടിടത്തിൽ ആശുപത്രി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ആർദ്രം മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത ആശുപത്രിയിൽ ഗ്യാപ് അനലൈസിംഗ് പ്രകാരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഗ്യാപ് അനലൈസിംഗ് നടന്നുവരുന്നു.

(ഡി) കാരുണ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ആശുപത്രിക്കായി ലഭിക്കേണ്ട തുക എന്നത്തേയ്ക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് 22-06-2022-ൽ ആറു ലക്ഷം രൂപ നൽകുകയും 25-06-2022-ൽ 87,71,235/- രൂപ നൽകുന്നതിന് അനുമതി ലഭ്യമാക്കുകയും ചെയ്തു.

കാഞ്ഞിരംകുളം സർക്കാർ ആശുപത്രിയിൽ പുതിയ ബ്ലോക്ക്

202 (203) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 ബഡ്ജറ്റിൽ കാഞ്ഞിരംകുളം സർക്കാർ ആശുപത്രിയിൽ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; നിലവിലെ സ്ഥിതി വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തിക്കുള്ള സൈറ്റ് സന്ദർശനം നടത്തി എഫ്.എച്ച്.സി. സ്റ്റാൻഡേർഡ് പ്രകാരമുള്ള റിവൈസ്ഡ് പ്ലാൻ തയ്യാറാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള തുടർനടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

## ഫുഡ് സേഫ്റ്റി ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി

203 (204) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ നിരന്തരം പരിശോധനകൾ നടത്തിവരുന്നു. പരിശോധനാവേളയിൽ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലെന്ന് കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ടി നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം

ഉൽപന്നങ്ങൾ/ഡ്രൂപക്ഷങ്ങളിൽ ... 

ൂപസ്റ്റുമുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ്/രജിസ്ട്രേഷൻ എല്ലാ ഭക്ഷ്യസംരംഭകരും കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ സംഘടിപ്പിച്ച് വരുന്നു. ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എല്ലാ ഭക്ഷ്യ സംരംഭകരും നേടണമെന്ന സന്ദേശം വകുപ്പിന്റെ എല്ലാ ബോധവൽക്കരണ പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ആരോഗ്യ ജാഗ്രത പദ്ധതിയുടെ ഭാഗമായും ഹെൽത്തി കേരള ഇൻസ്പെക്ഷൻ നടത്തിവരുന്നു.

(ബി) ചെറുവത്തൂരിൽ ഷവർമ കഴിച്ച് പെൺകുട്ടി മരിച്ച സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

Ideal Cool Bar & Food Point എന്ന സ്ഥാപനത്തിൽ നിന്നും ചിക്കൻ ഷവർമ്മ കഴിച്ച് ഭക്ഷ്യവിഷബാധ ഉണ്ടായതായി 01-05-2022-ൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ തൃക്കരിപ്പൂർ ഭക്ഷ്യസുരക്ഷാ ഓഫീസർ ടി സ്ഥാപനം പരിശോധിക്കുകയും ചിക്കൻ ഷവർമ്മയുടെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിക്കുകയും ചെയ്തു. കൂടാതെ വ്യത്യസ്ത ഭക്ഷ്യ വസ്തുക്കളുടെ 11 സർവ്വെയ്‌ലൻസ് സാമ്പിൾ സ്വീകരിക്കുകയും വെള്ളത്തിന്റെ സാമ്പിളും പരിശോധനയ്ക്കായി ലാബിലേയ്ക്ക് അയക്കുകയും ചെയ്തു. ചിക്കൻ ഷവർമ

നിർമ്മിക്കുന്നതിലേയ്ക്കായി ചിക്കൻ വാങ്ങിയ Bathariya Chicken Centre എന്ന സ്ഥാപനം FSSAI ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവയ്പിച്ചു. സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തിയ സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത സ്ഥലത്ത് ആരോഗ്യ വകുപ്പ് ORS പായ്ക്കറ്റുകൾ വിതരണം നടത്തുകയും ആരോഗ്യ ബോധവൽക്കരണം നടത്തുകയും ചെയ്തു. രോഗലക്ഷണങ്ങളുള്ളവരിൽ നിന്ന് ബ്ലഡ് ആന്റ് സ്റ്റൂൾ സാമ്പിളെടുത്ത് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കയച്ചു. പരിശോധനയിൽ മൂന്ന് പേർക്ക് ഷിഗെല്ലാ രോഗം ബാധിച്ചതായി കണ്ടെത്തി. ഫീൽഡ് സ്റ്റാഫിനാവശ്യമായ ട്രെയിനിംഗ് നൽകി, പ്രസ്തുത സ്ഥാപനത്തിൽ നിന്നും അന്നേ ദിവസം ഭക്ഷണം കഴിച്ചവരേയും രോഗലക്ഷണങ്ങളുള്ളവരേയും കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. സമാന ലക്ഷണങ്ങളുമായി എത്തുന്നവരുടെ വിവരങ്ങൾ ആരോഗ്യവകുപ്പിനെ അറിയിക്കുവാൻ പ്രൈവറ്റ് ആശുപത്രികൾക്ക് നിർദ്ദേശം നൽകി. രോഗ ലക്ഷണങ്ങളുള്ള എല്ലാവരെയും കണ്ടെത്തുകയും നിരീക്ഷണത്തിനും

ചികിത്സയ്ക്കുമായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. നീലേശ്വരം താലൂക്കാശുപത്രിയിലും CHC ചെറുവത്തൂരിലും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി. ആരോഗ്യ പ്രവർത്തകർ കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ നടത്തിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധനകൾ നടത്തുന്നതിനായി 'ഓപ്പറേഷൻ ഷവർമ' എന്ന പേരിൽ മേയ് മാസം മുതൽ നാളിതുവരെ 5605 പരിശോധനകൾ നടത്തുകയും, 548 സർവ്വെയ്‌ലൻസ് സാമ്പിളുകളും 119 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിക്കുകയും, ഭക്ഷ്യ യോഗ്യമല്ലാത്ത 436 കിലോഗ്രാം പാചകം ചെയ്തതും അല്ലാത്തതുമായ മാംസം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഓപ്പറേഷൻ മത്സ്യ/ജാഗറി/ജ്യൂസ് ഭക്ഷ്യ എണ്ണയുടെ പരിശോധനകൾ എന്നിവ നടത്തിവരുന്നു. കൂടാതെ ജലജന്യരോഗങ്ങൾ തടയുന്നതിനും ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ശാക്തീകരിച്ചിട്ടുണ്ട്.

(സി) ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിലുള്ള അലംഭാവമാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകാനുള്ള കാരണമെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ നിരന്തരം പരിശോധനകൾ നടത്തിവരുന്നു. പരിശോധനാവേളയിൽ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലെന്ന് കണ്ടെത്തിയാൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ടി നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തെ കണ്ടെത്തി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈസൻസ്/രജിസ്ട്രേഷൻ എല്ലാ ഭക്ഷ്യ സംരംഭകരും കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ സംഘടിപ്പിച്ച് വരുന്നു. ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എല്ലാ ഭക്ഷ്യ സംരംഭകരും കരസ്ഥമാക്കണമെന്നുള്ള സന്ദേശം വകുപ്പിന്റെ എല്ലാ ബോധവൽക്കരണ പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം

നടപടികളിലൂടെ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടു വരാൻ സാധിക്കും.

<u>ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം</u>

204 (205) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണം വ്യാപകമായി പിടിച്ച സാഹചര്യത്തിൽ ജനങ്ങൾക്ക് നല്ല ഭക്ഷണം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികളായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ,

പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരുവർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്.

(ബി) ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണത്തിന് സ്ഥിര പരിശോധനാ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധിച്ചുവരുന്നു. ഇത്തരം പരിശോധനകൾക്കുപുറമെ ഹോട്ടലുകളിലെ ഭക്ഷണം കൈകാര്യം ചെയ്യുന്ന തൊഴിലാളികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ ക്രമീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് അന്യസംസ്ഥാന നിരോധിത കവർ പാൽ വ്യാപകമായി വിറ്റഴിക്കുന്നത്

205 (206)ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന നിരോധിത കവർ പാൽ വ്യാപകമായി വിറ്റഴിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ വിറ്റഴിക്കുന്ന പാലിൽ ആന്റിബയോട്ടിക്കുകൾ, ഇൻഞ്ചക്ഷൻ മരുന്നുകൾ എന്നിവ ചേർക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

(എ &ബി) അന്യ സംസ്ഥാന നിരോധിത കവർ പാൽ സംസ്ഥാനത്ത് വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബേക്കറികൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം കവർപാൽ പൂർണമായും ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ബേക്കറികൾ കേന്ദ്രീകരിച്ചുള്ള ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഇത്തരം കവർ പാൽ വിൽപന നടത്തുന്നുണ്ടോയെന്നുള്ളതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.

## ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണനിലവാരം

206 (207) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് ഹോട്ടലുകളിൽ നിന്ന് വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പുവരുത്തുകയും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ഇംപ്രൂവ്മെന്റ്), പിഴഅടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരുവർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം

ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷണം, മറ്റു സൗകര്യങ്ങൾ എന്നിവയുടെ നിലവാരം വിലയിരുത്തി ഹോട്ടലുകൾക്ക് സ്റ്റാർ റേറ്റിംഗ് നൽകുന്ന കാര്യം ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഭക്ഷണം, മറ്റു സൗകര്യങ്ങൾ എന്നിവയുടെ നിലവാരം വിലയിരുത്തി ഹോട്ടലുകൾക്ക് Hygiene Rating നൽകുന്നതിനുള്ളൊരു പദ്ധതി Food Safety and Standards Authority of India (FSSAI) നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ച മാനദണ്ഡപ്രകാരമാണ് നൽകുന്നത്. ആയതിൻപ്രകാരം നാളിതുവരെ 503 ഹോട്ടൽ/റെസ്റ്റോറന്റുകളിൽ ഈ പദ്ധതി നടപ്പിലാക്കി. ഇത് പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്യുന്നതിനായി C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടുതൽ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയെ ഹൈജീൻ റേറ്റിംഗിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ സംവിധാനങ്ങൾ

207 (208) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യപരിശോധനയുമായി ബന്ധപ്പെട്ട എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സഞ്ചരിക്കുന്ന ലാബുകൾ ഏതൊക്കെ ജില്ലയിലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും, കൂടാതെ 14 ജില്ലകളിലുമായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ

കമ്മീഷണറുടെ കാര്യാലയത്തിൽ 2 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും ഉൾപ്പെടെ ആകെ 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ഉൾപ്പെടുന്ന സംവിധാനം നിലവിലുണ്ട്. ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബ് നിലവിലുണ്ട്. കണ്ണൂർ ജില്ല കേന്ദ്രീകരിച്ച് ഒരു റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ (Food Safety on Wheels) പ്രവർത്തിച്ച് വരുന്നു.

## ഭക്ഷ്യധാന്യങ്ങളിൽ മായം കലർത്തുന്നത് തടയാൻ നടപടി

208 (209) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി, മത്സ്യം, മറ്റു ഭക്ഷ്യധാന്യങ്ങൾ എന്നിവയിൽ മായം കലർത്തുന്നതും കാൻസർപോലുള്ള രോഗങ്ങൾക്ക് കാരണമാകുന്ന

കീടനാശിനി ഉപയോഗിക്കുന്നതും തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പഴം, പച്ചക്കറി, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ മായം ചേർക്കുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമപ്രകാരമുള്ള കർശനനടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള 394 പേർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അഡ്ജൂഡിക്കേഷൻ, കോമ്പൗണ്ടിംഗ് നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാനമായും മൂന്നു രീതിയിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

1. എൻഫോഴ്സ്മെന്റ് നടപടികൾ
2. ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം
3. പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ

ഫുഡ് ബിസിനസ് സ്ഥാപനങ്ങളിലെ പരിശോധന

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

നടത്തിയ പരിശോധനകൾ - 51313

ഫയൽ ചെയ്ത സിവിൽ കേസുകൾ - 648

ഫയൽ ചെയ്ത ക്രിമിനൽ കേസുകൾ - 394

നാളിതുവരെ ഭക്ഷ്യസംരംഭകർക്കായുള്ള 2111 FoSTaC ട്രെയിനിംഗ് ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഫുഡ്സേഫ്റ്റി കംപ്ലയൻസ്

ഭക്ഷ്യ സുരക്ഷാ ലൈസൻസ് & രജിസ്ട്രേഷൻ

2020-2021 മാർച്ച് 31-ലെ കണക്ക് പ്രകാരം 661805 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യസുരക്ഷാ ലൈസെൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2022 മാർച്ച് 31-ലെ കണക്ക പ്രകാരം 89111 ഫുഡ് സേഫ്റ്റി ലൈസൻസ് സർട്ടിഫിക്കറ്റുകളും, ചെറുകിട ഭക്ഷ്യ സംരംഭകർക്ക് 572694 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

IEC പ്രവർത്തനങ്ങൾ

(i) സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാഗ്രാമപഞ്ചായത്ത് പദ്ധതി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമ്പൂർണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി സംസ്ഥാനത്ത് മൊത്തം 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ നടപ്പിലാക്കി കഴിഞ്ഞു.

(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണ ശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ പദ്ധതി സംസ്ഥാനത്ത് മൊത്തം 1607 സ്കൂളുകളിൽ നടപ്പിലാക്കി കഴിഞ്ഞു.

കേന്ദ്രഭക്ഷ്യസുരക്ഷാ അതോറിറ്റി ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പുവച്ചിട്ടുള്ള ധാരണാപത്രപ്രകാരമുള്ള പ്രവർത്തങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണം

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് തയ്യാറാക്കിയ ധാരണാപത്രപ്രകാരം 2022-2023 സാമ്പത്തിക വർഷത്തിൽ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളായ FoSTaC Training, RUCO (Re-purpose Used Cooking Oil), Hygiene Rating, Eat Right Campus, Clean Street Food Hub, എന്നിവ

നടപ്പിലാക്കിവരുന്നു. പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുള്ളത്.

സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധന ലബോറട്ടറികൾ

കേരളത്തിലെ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനമാണ് കേരളം. ടി ലാബുകൾ ഭക്ഷ്യ പരിശോധന, ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പൊതുജനങ്ങളിൽ നിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവ ലബോറട്ടറികളിൽ പരിശോധിക്കാൻ സാധിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ലാബുകളിൽ നിന്നും

ലഭിക്കുന്ന പരിശോധനാവിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കഴിഞ്ഞ ഒരു വർഷം ഇത്തരത്തിൽ മായം കലർന്ന എത്ര അളവ് മത്സ്യം പിടിച്ചെടുത്തുവെന്ന് വ്യക്തമാക്കുമോ?

2021 മേയ് മുതൽ നാളിതുവരെ ഭക്ഷ്യയോഗ്യമല്ലാത്ത 23514 കിലോഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസാധനങ്ങളിൽ മായം കലർത്തുന്നത് തടയാൻ എന്തെല്ലാം കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ

പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പിഴചുമത്തൽ, പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ തുടങ്ങി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ഭക്ഷ്യ സുരക്ഷയും ഭക്ഷ്യ സുരക്ഷാവകുപ്പിന്റെ വിപുലീകരണവും</u>

209 (210) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ മാസം ഭക്ഷ്യവിഷബാധമൂലം ഒരു വിദ്യാർത്ഥിനി മരണമടഞ്ഞ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വിപുലീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഭക്ഷ്യവിഷബാധയെന്ന് സംശയിക്കുന്ന സാഹചര്യത്തിൽ ഒരു വിദ്യാർത്ഥിനി മരണമടഞ്ഞ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ വർദ്ധിപ്പിക്കുകയും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ,

ഫിഷറീസ്, ഡെയറി വകുപ്പുകൾ തുടങ്ങിയവയുമായി ചേർന്ന് കൂടുതൽ പരിശോധനകൾ നടത്തുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. അതിലൂടെ സുരക്ഷിത ഭക്ഷണം എല്ലാവരിലേക്കും എത്തിക്കുന്ന നടപടികളിൽ കൂടുതൽ കാര്യക്ഷമമായി ഇടപെടാനും കഴിഞ്ഞു.

കൂടാതെ കൂടുതൽ പരിശോധനകളും, പരിശീലനങ്ങളും നടത്തുന്നതിനായി വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ കൂടി പരിശോധനകളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ സഹായിക്കുന്നതിന് നിർദേശം നൽകിക്കൊണ്ട് ഇത് ഫലപ്രദമായി നിർവ്വഹിച്ചു.

(ബി) ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ 160 തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ 41 ഒഴിവുകൾ നിലവിലുണ്ട്. ഈയിടെ പ്രസിദ്ധീകരിച്ച ഫുഡ് സേഫ്റ്റി ഓഫീസറുടെ റാങ്ക് പട്ടികയിൽ നിന്നും ഒഴിവുള്ള എല്ലാ തസ്തികകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പ്രസ്തുത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വകുപ്പാണ്. നിലവിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടുതലായി എൻഫോഴ്സ്മെന്റ് നടപടികളിലേക്ക് കേന്ദ്രീകരിച്ചും, കൃത്യമായ മേൽനോട്ടത്തിന്റെ അടിസ്ഥാനത്തിലും വകുപ്പ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. FSSAI വിഭാവനം ചെയ്യുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് കൂടുതൽ സഹായകരമാകുമെന്നതിനാൽ മേഖലാതലത്തിൽ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് വിവിധ പദ്ധതികളുടെ ഏകോപന ചുമതല നൽകി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃതത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. FoSTaC Training, RUCO (Repurpose Used Cooking Oil), Hygiene Rating, Eat Right Campus, Clean Street Food Hub, എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുകവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

<u>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഹോട്ടൽ പരിശോധനകൾ</u>

210 (211) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ കേരളത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര ഹോട്ടലുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

14385 ഹോട്ടലുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ജില്ല** | **നടത്തിയ പരിശോധനകളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 4310 |
| കൊല്ലം | 2603 |
| പത്തനംതിട്ട | 401 |
| ആലപ്പുഴ | 363 |
| കോട്ടയം | 543 |
| ഇടുക്കി | 418 |
| എറണാകുളം | 2242 |
| തൃശ്ശൂർ | 474 |
| പാലക്കാട് | 618 |
| മലപ്പുറം | 835 |
| കോഴിക്കോട് | 755 |
| വയനാട് | 204 |
| കണ്ണൂർ | 322 |
| കാസർഗോഡ് | 297 |

(ബി) പരിശോധനയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 64,06,000/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്.

(സി) 2021-22 കാലയളവിൽ മത്സ്യ പരിശോധനയുമായി ബന്ധപ്പെട്ട് എത്ര ടൺ ഉപയോഗശൂന്യമായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിയമനടപടികൾ വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38(4) പ്രകാരം ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് നശിപ്പിക്കാവുന്നതാണ്. അപ്രകാരം 2021-22 കാലയളവിൽ മത്സ്യ പരിശോധയുമായി ബന്ധപ്പെട്ട് 23514 കിലോഗ്രാം ഭക്ഷ്യയോഗ്യമല്ലാത്ത

മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ജില്ല** | **നശിപ്പിച്ച മത്സ്യം** |
|---|---|
| തിരുവനന്തപുരം | 11958 Kg |
| കൊല്ലം | 1325 Kg |
| പത്തനംതിട്ട | 580 Kg |
| ആലപ്പുഴ | 530 Kg |
| കോട്ടയം | 600 Kg |
| ഇടുക്കി | 617 Kg |
| എറണാകുളം | 131.5 Kg |
| തൃശ്ശൂർ | 5660 Kg |
| പാലക്കാട് | 263 Kg |
| മലപ്പുറം | 1226.5 Kg |
| കോഴിക്കോട് | 318 Kg |
| വയനാട് | 25 Kg |
| കണ്ണൂർ | 80 Kg |
| കാസർഗോഡ് | 200 Kg |

## ഹോട്ടലുകളിലെ ആഹാരപദാർത്ഥങ്ങളുടെ ശുചിത്വം

211 (212) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ആഹാരപദാർത്ഥങ്ങളുടെ ശുദ്ധതയും ശുചിത്വവും ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ആഹാര പദാർത്ഥങ്ങളുടെ ശുദ്ധതയും ശുചിത്വവും ഉറപ്പുവരുത്തുകയും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ഇംപ്രൂവ്മെന്റ്), പിഴഅടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് ശുചിത്വം ഉറപ്പാക്കി സാനിട്ടറി സർട്ടിഫിക്കറ്റ് നൽകുന്നു.

(ബി) ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഇതിനുവേണ്ട പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പുതിയ പബ്ലിക്ക് ഹെൽത്ത് ഓർഡിനൻസ് അനുസരിച്ച് ആഹാര സാധനങ്ങൾ ഉണ്ടാക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായി ബ്ലോക്ക് സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ വാഹന സൗകര്യം ലഭ്യമാണ്. വാഹന സൗകര്യം ഇല്ലാത്തയിടങ്ങളിൽ അഭ്യർത്ഥന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിക്കാവുന്നതാണ്.

<u>ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ലാബുകൾ</u>

212 (213) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എത്ര ലാബുകൾക്ക് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അനലറ്റിക്കൽ ലാബുകളും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ നിലവിൽ 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. കുടിവെള്ള പരിശോധന, ഭക്ഷ്യവസ്തുക്കളിലെ മായം ഇവ പെട്ടെന്ന് പരിശോധിക്കുന്നതിനും പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകൾ (Food Safety on wheels) പ്രവർത്തിച്ചുവരുന്നു. ടി ലാബുകളിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള Quick Adulteration Test-കൾ നടത്തിവരുന്നു.

<u>മത്സ്യങ്ങളിൽ മായം ചേർക്കൽ</u>

213 (214) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലുൾപ്പെടെ മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി ‘ ഓപ്പറേഷൻ മത്സ്യ’ എന്നൊരു പദ്ധതിക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്ന മത്സ്യം, നമ്മുടെ നാട്ടിൽ തന്നെ വിൽപ്പന ചെയ്യുന്ന മത്സ്യം എന്നിവ പരിശോധിക്കുന്നതിനായി ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 22-06-2022 വരെ 5549 മത്സ്യ പരിശോധനകൾ നടത്തുകയും, 2797 സർവ്വെയ്ലൻസ് സാമ്പിളുകൾ

ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 17283 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മാർക്കറ്റുകളിലും കടകളിലും ഭക്ഷ്യവസ്തുക്കൾ തരംതിരിച്ച് പരിശോധിക്കുന്നതിനും മായം കണ്ടെത്തിയാൽ നടപടികൾ സ്വീകരിക്കുന്നതിനും പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ടോ; മായം കലർന്ന ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മാർക്കറ്റുകളിലും കടകളിലും ഭക്ഷ്യവസ്തുക്കൾ തരംതിരിച്ച് പരിശോധിക്കുകയും സാമ്പിൾ ചെയ്യുകയും ചെയ്യുന്നു. ടി സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ച് പരിശോധന നടത്തി മായം ഉണ്ടോ/ഇല്ലയോയെന്ന് കണ്ടെത്തുന്നു. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും, കൂടാതെ 14 ജില്ലകളിലുമായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ്

കമ്മീഷണർമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങളിലായി 6 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും, ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 2 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും ഉൾപ്പെടെ ആകെ 160 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും വകുപ്പിന്റെ ഭാഗമായുണ്ട്. ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബും, കണ്ണൂർ ജില്ല കേന്ദ്രീകരിച്ച് ഒരു റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ പ്രവർത്തിപ്പിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് നേരിട്ട് ഭക്ഷ്യസുരക്ഷാ ഓഫീസുകളിലെത്തിയും, ഫോൺ

മുഖേനയും ഇ-മെയിൽ മുഖേനയും, CMO Portal മുഖേനയും ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ നൽകാവുന്നതാണ്.

## മത്സ്യത്തിലെ മായം

214 (215) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും രാസവസ്തു കലർന്ന മത്സ്യം കേരളത്തിലേയ്ക്കെത്തുന്നത് തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിലുൾപ്പടെ മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി ‘ ഓപ്പറേഷൻ മത്സ്യ’ എന്നൊരു പദ്ധതിക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്ന മത്സ്യം, നമ്മുടെ നാട്ടിൽ തന്നെ വിൽപ്പന ചെയ്യുന്ന മത്സ്യം എന്നിവ പരിശോധിക്കുന്നതിനായി ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുമുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ

അസിസ്റ്റന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരടങ്ങുന്ന സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ തുടർന്നുവരുന്നു.

ടി പദ്ധതിയുടെ ഭാഗമായി 22-06-2022 വരെ 5549 മത്സ്യ പരിശോധനകൾ നടത്തുകയും, 2797 സർവ്വയലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 17283 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേടായ മത്സ്യം പരിശോധിക്കുവാൻ പൊതുജനങ്ങൾക്ക് വിപണിയിൽ രണ്ട് രൂപയ്ക്ക് സ്ലിപ്പ് നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേടായ മത്സ്യം പരിശോധിക്കുവാൻ പൊതുജനങ്ങൾക്ക് വിപണിയിൽ രണ്ട് രൂപയ്ക്ക് സ്ലിപ്പ് നൽകുന്ന പദ്ധതി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ചെക്ക് പോസ്റ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തേണ്ട പരിശോധനകൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ചെക്ക് പോസ്റ്റുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും, ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ചെള്ളുപനി വ്യാപനം

215 (216) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെള്ളുപനി വർദ്ധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണക്കുകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

(ബി) ചെള്ളുപനി പടരാതിരിക്കാൻ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ചെള്ളുപനി പടരാതിരിക്കാൻ വിവിധ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്.
2. രോഗപരിശോധനയ്ക്ക് വേണ്ട സംവിധാനം ജില്ലകളിൽ സജ്ജമാക്കിയിട്ടുണ്ട്.
3. ചെള്ളുപനി റിപ്പോർട്ട് ചെയ്തിട്ടുള്ള വീടുകളിൽ ബാക്കിയുള്ള ആളുകൾക്ക് ചെള്ളുപനിയുടെ ലക്ഷണങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുകയും ഡോക്സിസൈക്ലിൻ പ്രതിരോധ ഗുളികകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. വീടിന്റെ പരിസരത്തുള്ള പാഴ്ച്ചെടികളും കളകളും വെട്ടി നശിപ്പിച്ച് അവയിൽ ചെള്ളിന്റെ സാന്നിദ്ധ്യം നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ക്രബ് ടൈഫസിന് കാരണമായ ചിഗർമൈറ്റ് (ചെള്ളുകൾ) കുറ്റിച്ചെടികളുടെ ഇലകളിൽ വിശ്രമിക്കുകയും അതിനോട് സാമീപ്യമുണ്ടാകുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും ശരീരത്തിൽ കയറിപ്പറ്റുകയും ചെയ്യുന്നു. പാഴ്ച്ചെടികൾ നശിപ്പിക്കുന്നതു വഴി ഇത് നമുക്ക് ഒഴിവാക്കാൻ കഴിയും.

5. അതോടൊപ്പം ചെള്ളുകളെ നശിപ്പിക്കാനായി ഒരുശതമാനം സിന്തറ്റിക് പൈറിത്രോയ്ഡ് കീടനാശിനി കുറ്റിച്ചെടികളിലും, വീടിന് ചുറ്റും, എലിയുടെ സഞ്ചാര-പഥത്തിലും സ്പ്രേ ചെയ്യുന്ന പ്രവർത്തിയും നടത്തി വരുന്നു.

6. വീട്ടിലും പരിസരത്തും ആഹാരവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിനെതിരെ ബോധവൽക്കരണം നടത്തി വരുന്നു.

7. ഖരമാലിന്യ സംസ്കരണം കൃത്യതയോടെ ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണം നടത്തി വരുന്നു.

8. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾ കാട്, കുറ്റിച്ചെടികൾ എന്നിവ വെട്ടിത്തെളിക്കുന്ന സമയത്ത് കാലുകൾ, കൈകൾ മറ്റ് ശരീരഭാഗങ്ങൾ എന്നിവ കഴിയുന്നതും മറയ്ക്കുന്ന തരത്തിലുള്ള വസ്ത്രധാരണം നടത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തി വരുന്നു.

9. തുണികൾ കഴുകിയതിനുശേഷം പുല്ലുകളിലും മറ്റും ഇട്ട് ഉണക്കുന്നതിനെതിരെയും ബോധവൽക്കരണം നൽകി വരുന്നു.

10. ഇന്റർസെക്ടറൽ മീറ്റിംഗുകളിൽ അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ റോഡന്റ് കൺട്രോൾ ആക്ടിവിറ്റീസ് നടത്തുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

11. ഇതുകൂടാതെ സോഷ്യൽ മീഡിയകളായ ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ്, യൂട്യൂബ് എന്നിവ വഴിയും ജില്ലകളിലെ മാസ് മീഡിയ വിഭാഗം വഴിയും ചെള്ളുപനി ബാധിച്ച പ്രദേശവാസികൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ രോഗം വരാതിരിക്കാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയുടെ IEC വഴിയുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകി വരുന്നു.

12. ആരോഗ്യ മേഖലയിലെ മുഴവൻ ജീവനക്കാരുമായി സ്ക്രബ് ടൈഫസിനെക്കുറിച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസ് ഓൺ ലൈനായി 21-06-2022-ന് നൽകിയിട്ടുണ്ട്.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

216 (217) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഭൂരിഭാഗം ആശുപത്രികളും അടിസ്ഥാനസൗകര്യ വികസനത്തിൽ സമീപകാലത്ത് കൈവരിച്ച നേട്ടത്തിന്റെ ഫലം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുതകുംവിധം സ്റ്റാഫ്

പാറ്റേൺ കൂടി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ &ബി) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ആർദ്രം മിഷൻ നടപ്പിലാക്കാൻ ആരംഭിച്ചതുമുതൽ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാർഗ്ഗരേഖകളനുസരിച്ച് ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുപുറമേ ദേശീയ ആരോഗ്യമിഷൻ വഴിയും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നാഷണൽ മെഡിക്കൽ കൗൺസിൽ, ദന്തൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ, ഫാർമസി കൗൺസിൽ, പാരാമെഡിക്കൽ കൗൺസിൽ എന്നീ കൗൺസിലുകൾ നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ജനറൽ ആശുപത്രികളായും മെഡിക്കൽ കോളേജുകളായും ആർദ്രം മിഷനിൽ ഉൾപ്പെട്ട് അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിൽ ബെഡ് കപ്പാസിറ്റി ഉയർത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

ഓരോ തലത്തിലുള്ള ആശുപത്രികളിലും ഉണ്ടായിരിക്കേണ്ട മിനിമം ജീവനക്കാരുടെ സ്റ്റാൻഡേർഡ് തീരുമാനിച്ച് ഉത്തരവാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിൽ 3378 തസ്തികകളും നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 311 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4232 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 24 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഏത് വർഷത്തിൽ നിശ്ചയിച്ചതാണെന്ന് വ്യക്തമാക്കാമോ; ജനസംഖ്യയിലുള്ള വർദ്ധനവിന് ആനുപാതികമായി ആയത് പരിഷ്കരിക്കുമോ?

നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ആരോഗ്യവകുപ്പിന് 1961-നും മെഡിക്കൽ വിഭാഗത്തിന് 2000-ത്തിന് ശേഷവും ദന്തൽ വിഭാഗത്തിന് 2017-ലും, നഴ്സിംഗ് വിഭാഗത്തിന് 2006-ലും ഫാർമസി കൗൺസിൽ

വിഭാഗത്തിന് 2014-ലുമാണ് നിശ്ചയിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി ഘട്ടംഘട്ടമായി പരിഷ്ക്കരിച്ചുവരുന്നുണ്ട്.

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി

217(218) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമപഞ്ചായത്ത് സ്ഥലസൗകര്യം ഉറപ്പാക്കുമെന്ന് അറിയിച്ച സാഹചര്യത്തിൽ അടിയന്തരമായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ

ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹോമിയോ ഡിസ്പെൻസറികൾ നിലവിലില്ലാത്ത വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഉൾപ്പടെയുള്ള എല്ലാ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ പരിശോധിക്കുന്നതാണ്.

## കുണ്ടറ നിയോജക മണ്ഡലത്തിലെ ആരോഗ്യമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

218 (219) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ആരോഗ്യമേഖലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഫണ്ട് ഉപയോഗിച്ചാണെന്നും ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണെന്നും ഏത് ഏജൻസികളാണ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതെന്നും പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## എലിപ്പനി നിർണ്ണയം വേഗത്തിൽ

219 (220) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിപ്പനി നിർണ്ണയം വേഗത്തിൽ നടത്തുന്നതിനായി ലെപ്റ്റോസ്പൈറോസിസ് ആർ.ടി.പി.സി.ആർ. പരിശോധന വയനാട്ടിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ വയനാട് ജില്ലയിൽ നിന്നും എലിപ്പനി പി.സി.ആർ. പരിശോധനയ്ക്കായി സാംപിളുകൾ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, കോഴിക്കോടും, പത്തനംതിട്ടയും എറണാകുളത്തുമുള്ള റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവിടങ്ങളിലേയ്ക്ക് അയച്ചുനൽകി പരിശോധന നടത്തിയാണ് വരുന്നത്. ജില്ലാ സർവ്വെയ്ലൻസ് ഓഫീസർ മുഖേന ഇത്തരത്തിൽ അയയ്ക്കുന്ന സാമ്പിളുകളുടെ പരിശോധന സൗജന്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാംഘട്ടമായി എല്ലാ ജില്ലയിലും ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറി കേന്ദ്രീകരിച്ച് പരിശോധന ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പദ്ധതി ആരംഭിക്കുമെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ലാബ് ടെക്നീഷ്യൻമാർക്കും ക്ലിനിക്കൽ മൈക്രോബയോളജിസ്റ്റുകൾക്കും ആവശ്യമായ ട്രെയിനിംഗ് മേഖലാടിസ്ഥാനത്തിൽ നൽകിവരുന്നു. ജൂലൈ മാസത്തോടെ പരിശീലനം പൂർത്തിയാകുന്നതാണ്. പ്രസ്തുത പരിശോധന എല്ലാ ജില്ലയിലും ആരംഭിക്കുന്നതിനാവശ്യമായ പി.സി.ആർ. പരിശോധന കിറ്റുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നൽകുന്നതിലേയ്ക്കുള്ള പ്രവർത്തനവും നടന്നുവരുന്നു.

## <u>ഐസോലേഷൻ വാർഡുകളുടെ നിർമ്മാണ പുരോഗതി</u>

220 (221) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മിക്കാൻ പദ്ധതിയിട്ട ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണ പുരോഗതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

26-07-2021-ലെ സർക്കാർ ഉത്തരവ് നമ്പർ GO.1555/2021/H&FWD പ്രകാരം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിലവിൽ 73 ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകുകയുണ്ടായി. സ്ഥല ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായിട്ടാണ് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളത്. ഇതിൽ ആദ്യ പ്രവൃത്തി ഉത്തരവ് നൽകിയ 22 സൈറ്റുകളിൽ നിർമ്മാണപുരോഗതി Plinth Level (Sub Structure) വരെ ആയിട്ടുണ്ട്.

(ബി) സംസ്ഥാന തലത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാണോ ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

കെ.എം.എസ്.സി.എൽ., കിഫ്ബി, ആരോഗ്യവകുപ്പ് (ടെക്നിക്കൽ കമ്മിറ്റി) തുടങ്ങിയ സ്ഥാപനങ്ങളുടെ ചർച്ചകളും തീരുമാനങ്ങളുമനുസരിച്ച്

RFP (Request for Proposal) ക്ഷണിച്ചുകൊണ്ടാണ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന നടപടികൾ പൂർത്തീകരിച്ചത്. ഇതിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളുടെ RFP രേഖകളുടെയും ബിഡിന്റെയും മൂല്യനിർണ്ണയമനുസരിച്ച് M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകുകയും ചെയ്തു.

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നതെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരവും ലഭ്യമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവൃത്തികളുടെ യോഗ്യത നേടിയ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ് പ്രസ്തുത പ്രവൃത്തി നടന്നുവരുന്നത്. ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവർത്തികളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

## ഗുരുതര രോഗ ബാധിതർക്ക് അടിയന്തരമായി സ്കാനിംഗുകളും സർജറികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

221 (222) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെടുന്ന ഗുരുതര രോഗബാധിതർക്ക് എം.ആർ.ഐ./സി.റ്റി. സ്കാനിംഗുകളും സർജറികളും ചെയ്യുന്നതിന് വളരെ നീണ്ടസമയത്തെ തീയതി നിശ്ചയിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) അടിയന്തര സ്കാനിംഗുകളും ശസ്ത്രക്രിയകളും അടിയന്തരമായി തന്നെ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകാൻ കഴിയുമോ?

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ. സ്കാനറിന്റെ കാലപ്പഴക്കം കാരണം ആയതിന്റെ പ്രവർത്തനക്ഷമത കുറഞ്ഞിട്ടുള്ളതിനാൽ സ്കാനിംഗ് ചെയ്യുന്നതിനുള്ള തീയതി നിശ്ചയിച്ച് നൽകുന്നതിൽ ചെറിയ കാലതാമസമുണ്ടാകാറുണ്ട്. പുതിയ എം.ആർ.ഐ. സ്കാനർ കിഫ്ബി മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ. സ്കാനറും മൂന്ന് സി.ടി. സ്കാനറുകളും നിലവിൽ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നുണ്ട്. അതിനാൽ പരമാവധി വേഗത്തിൽ സി.ടി. സ്കാനുകൾ ചെയ്തു

നൽകാൻ നിലവിൽ കഴിയുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെടുന്ന ഗുരുതര രോഗബാധിതർക്ക് സർജറികൾ അടിയന്തരമായി വേണ്ടി വരുന്ന പക്ഷം ആയത് അടിയന്തരമായി തന്നെ ചെയ്തുവരുന്നുണ്ട്. സർജറികൾ ചെയ്യുന്നതിന് വളരെ നീണ്ട സമയത്തെ തീയതി നിശ്ചയിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ്

222 (223) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്നും ഈ തുക മുഴുവൻ ചെലവഴിച്ചോയെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

**(എ&ബി)** കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 45.6255 കോടി രൂപയും കാസർഗോഡ് വികസന പാക്കേജിൽ

നിന്നും 27,03,33,948/- രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം കിഫ്ബി ഫണ്ടിൽ നിന്നും 160.23 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. അനുവദിച്ച തുകയിൽ നിന്നും നിയമപരമായ കിഴിവുകൾ കഴിഞ്ഞിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ, ഫയർ ഫൈറ്റിംഗ് ജോലികൾ അക്കാദമിക് ബ്ളോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ഇ.എൽ.വി, വെന്റിലേഷൻ സിസ്റ്റം, ഗേൾസ് ഹോസ്റ്റൽ അധ്യാപക ക്വാർട്ടേഴ്സ് എന്നീ പ്രവൃത്തികൾക്കാണ് തുക ചെലവഴിക്കുന്നത്.

(സി) പ്രസ്തുത കോളേജ് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇനി എത്ര തുക ആവശ്യമുണ്ടെന്നും ഈ തുക എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ;

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബി മുഖേന 160.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഇതുവരെ അനുവദിച്ച തുക കൂടാതെ കെട്ടിട നിർമ്മാണത്തിനും ഫയർ ഫൈറ്റിംഗ് ജോലികൾക്കുമായി 51.787 കോടി

രൂപ കൂടി നിലവിൽ ആവശ്യമുണ്ട്. പ്രവർത്തി ആരംഭിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ ഏത് വർഷം പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എൻ.എം.സി. അംഗീകാരം, കേരള ആരോഗ്യ സർവ്വകലാശാല അഫിലിയേഷൻ എന്നിവ ലഭ്യമാക്കി മെഡിക്കൽ കോളേജ് പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ നിർമ്മാണപ്രവർത്തനങ്ങൾ

223 (224) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റി ബ്ലോക്കിന്റെയും ഓപ്പറേഷൻ തിയേറ്റർ സമുച്ചയത്തിന്റെയും പണി

പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി ആയിട്ടുണ്ടോ?

കോഴിക്കോട് മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റി ബ്ലോക്കിന്റെയും ഓപ്പറേഷൻ തിയേറ്റർ സമുച്ചയത്തിന്റെയും പണി പൂർത്തിയായിട്ടുണ്ട്. ഉടൻതന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

224 (225) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങാൻ തീരുമാനിച്ചതും പ്രവൃത്തി ആരംഭിച്ചതുമായ മെഡിക്കൽ കോളേജുകളിൽ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുള്ള മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ 2021-22 അദ്ധ്യയന വർഷം മെഡിക്കൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ&ബി) 2012-ൽ കോന്നി, ഇടുക്കി, മഞ്ചേരി, കാസർഗോഡ്

മുതലായ സ്ഥലങ്ങളിൽ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ഇതിൽ ഇടുക്കിയിലും മഞ്ചേരിയിലും ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളായി ഉയർത്തി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന ഡിക്ലറേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയിരുന്നത്. ഇടുക്കി മെഡിക്കൽ കോളേജിൽ രണ്ട് ബാച്ച് എം.ബി.ബി.എസ്. അഡ്മിഷൻ ലഭ്യമാക്കിയതും ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരം 2016-ന്റെ തുടക്കത്തിൽ തന്നെ നഷ്ടപ്പെടുകയായിരുന്നു. തുടർന്ന് കോഴ്സിൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി കണക്കാക്കി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രത്യേക അനുമതി തേടി കൊണ്ട് മറ്റു കോളേജുകളിലേക്ക് വിദ്യാർത്ഥികളെ മാറ്റി കോഴ്സ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം നിലനിർത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുമായി അടിസ്ഥാന സൗകര്യങ്ങൾ കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് ഒരുക്കുകയും എം.ബി.ബി.എസ്. കോഴ്സിന് സ്ഥിര അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിൻെറ ഭാഗമായി എൻ.എം.സി.-യിൽ നിന്നും അനുമതി ലഭ്യമാക്കി മൂന്ന് വിഭാഗത്തിൽ പി.ജി. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയതിനെത്തുടർന്ന് ഇടുക്കി/കോന്നി മെഡിക്കൽ കോളേജുകളിൽ 2022-23 അധ്യയന വർഷത്തിൽ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനായി ലെറ്റർ ഓഫ് പെർമിഷന് വേണ്ടി നാഷണൽ മെഡിക്കൽ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുകയും ആയതുപ്രകാരം എൻ.എം.സി. ഇൻസ്പെക്ഷൻ നടത്തുകയും ചെയ്യുകയുണ്ടായി. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച കൊല്ലം മെഡിക്കൽ കോളേജും നിലവിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാണ്.

(സി) മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ 227 അദ്ധ്യാപക തസ്തികകളും 65 അനദ്ധ്യാപക തസ്തികകളും 40 ഔട്ട്സോഴ്സ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ 120 അദ്ധ്യാപക തസ്തികകളും 55 അനദ്ധ്യാപക തസ്തികകളും 82 ഔട്ട്സോഴ്സ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ 109 അദ്ധ്യാപക തസ്തികകളും 195 അനദ്ധ്യാപക തസ്തികകളും 90 കോൺട്രാക്ട് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കോവിഡ് 19 നേരിടുന്നതിനായി കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാഡമിക് ബ്ലോക്കിൽ ആശുപത്രി പ്രവർത്തിച്ചിരുന്നു. കാസർഗോഡ് മെഡിക്കൽ കോളജിനായി 273 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ അക്കാദമിക് ബ്ലോക്കിൽ ഒ.പി സംവിധാനം പ്രവർത്തിച്ചുവരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ 83 അദ്ധ്യാപക തസ്തികകളും 307 അനദ്ധ്യാപക തസ്തികകളും 4 ഫുൾ ടൈം സ്വീപ്പർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകൾ നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മഞ്ചേരി, ഇടുക്കി, കോന്നി, കൊല്ലം സർക്കാർ മെഡിക്കൽ കോളേജുകൾ നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്.

## താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട ചികിത്സാ വിഭാഗങ്ങളും സ്റ്റാഫ് പാറ്റേണും

225(226) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക്, ജില്ലാ ആശുപത്രികളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട ചികിത്സാ വിഭാഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആർദ്രം മാനദണ്ഡ പ്രകാരം ഒരു ജില്ലയിൽ ജില്ലാതല ആശുപത്രിയായും ഒരു താലൂക്കിൽ താലൂക്കുതല ആശുപത്രിയായും ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം താലൂക്കാശുപത്രികളിൽ ഉണ്ടായിരിക്കേണ്ട ചികിത്സാ വിഭാഗങ്ങൾ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി., ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, പി.എം.ആർ, സൈക്യാട്രി, ഡെന്റൽ എന്നിവയാണ്.

ജില്ലാതല ആശുപത്രികളിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി,

പി.എം.ആർ, സൈക്യാട്രി, റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി, ഫോറൻസിക് മെഡിസിൻ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, റസ്പിറേറ്ററി മെഡിസിൻ എന്നിവയാണ്.

(ബി) താലൂക്കാശുപത്രിയിൽ അനുവദനീയമായ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ?

താലൂക്ക് ആശുപത്രിയിൽ അനുവദനീയമായ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.+

(സി) കായംകുളം താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.+

## വയനാട് ജില്ലയിലെ ആശുപത്രി ജീവനക്കാരുടെ ഒഴിവുകൾ

226 (227) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ താലൂക്കാശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് തുടങ്ങിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകളിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ ആയത് ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് ജില്ലയിലെ താലൂക്കാശുപത്രി ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ അനുവദിക്കപ്പെട്ട ജീവനക്കാരെയും കൂടാതെ എൽ.എസ്.ജി.ഡി., എൻ.എച്ച്.എം., മറ്റ് കരാർ ജീവനക്കാർ എന്നിവരുടെ സേവനവും ഉൾപ്പെടുത്തി കുറ്റമറ്റ രീതിയിൽ പൊതുജനങ്ങൾക്ക് സേവനം നൽകി വരുന്നു.

(ബി) വയനാട് ജില്ലയിലെ ആശുപത്രികളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ ആശുപത്രികളിൽ നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൺസൾട്ടന്റ് (മെഡിസിൻ) | 3 |
| കൺസൾട്ടന്റ് (സർജറി) | 1 |
| ജൂനിയർ കൺസൾട്ടന്റ് (സർജറി) | 1 |
| സീനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) | 1 |
| കൺസൾട്ടന്റ്(ഗൈനക്കോളജി) | 1 |
| ജൂനിയർ കൺസൾട്ടന്റ് (റേഡിയോ തെറാപ്പി/റേഡിയോ ഡയഗ്നോസിസ്) | 1 |

| | |
|---|---|
| ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 2 |
| അസിസ്റ്റന്റ് ദന്തൽ സർജൻ | 2 |
| സിവിൽ സർജൻ | 1 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് I | 2 |
| നഴ്സിംഗ് ഓഫീസർ ഗ്രേഡ് II | 2 |
| സീനിയർ നഴ്സിംഗ് ഓഫീസർ | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് I | 1 |
| ഫാർമസിസ്റ്റ് ഗ്രേഡ് II | 3 |

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് അടിയന്തരമായി നിയമനം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു.

## ഫാർമസി കോളേജുകളിലെ അദ്ധ്യാപക തസ്തികകളിലെ നിയമനം

227 (228) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് സർക്കാർ ഫാർമസി കോളേജുകളിൽ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം എത്ര അദ്ധ്യാപക തസ്തികകൾ (കേഡർ വൈസ് & സബ്ജക്റ്റ് വൈസ്)

ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

| കോളേജ് | വിഷയം | പ്രൊഫസർ | അസ്സോസിയേറ്റ് പ്രൊഫസർ | അസിസ്റ്റൻറ് പ്രൊഫസർ/ ലക്ചറർ |
|---|---|---|---|---|
| തിരുവനന്തപുരം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 1 | 1 | 6 |
| | ഫാർമസ്യൂട്ടിക്സ് | 1 | 1 | 5 |
| | ഫാർമക്കോളജി | 1 | 1 | 4 |
| | ഫാർമക്കോഗ്നോസി | 1 | 1 | 3 |
| | ഫാർമസി പ്രാക്ടീസ് | 1 | 1 | 2 |
| ആലപ്പുഴ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 1 | 2 | 2 |
| | ഫാർമസ്യൂട്ടിക്സ് | 1 | 2 | 2 |
| | ഫാർമക്കോളജി | 1 | 1 | 1 |
| | ഫാർമക്കോഗ്നോസി | 0 | 1 | 1 |
| | ഫാർമസി പ്രാക്ടീസ് | 0 | 0 | 1 |
| കോഴിക്കോട് | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | - | 1 | - |
| | ഫാർമസ്യൂട്ടിക്സ് | - | 1 | - |
| | ഫാർമക്കോളജി | - | 1 | - |
| | ഫാർമക്കോഗ്നോസി | - | - | - |
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | 2 | 1 | 13 |
| കോട്ടയം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 1 | 1 | 4 |
| | ഫാർമസ്യൂട്ടിക്സ് | 1 | 1 | 3 |
| | ഫാർമക്കോളജി | 1 | 1 | 3 |
| | ഫാർമക്കോഗ്നോസി | 1 | 1 | 2 |
| | ഫാർമസി പ്രാക്ടീസ് | -- | -- | 2 |
| നിലവിലുള്ള തസ്തികകൾ | | | | |

| കോളേജ് | വിഷയം | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ച്ചറർ |
|---|---|---|---|---|
| തിരുവനന്തപുരം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 2 | 0 | 14 (ജനറൽ തസ്തിക) |
| | ഫാർമസ്യൂട്ടിക്സ് | 0 | 1 | 2 (ജനറൽ തസ്തിക) |
| | ഫാർമക്കോളജി | 1 | 0 | 3 (ജനറൽ തസ്തിക) |
| | ഫാർമക്കോഗ്നോസി | 1 | 1 | 0 |
| | ഫാർമസി പ്രാക്ടീസ് | 0 | 1 | 1 (ജനറൽ തസ്തിക) |
| | ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് | 0 | 0 | 1 |
| | ജനറൽ | 1 | 1 | 4 |
| കോട്ടയം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 1 | 1 | - |
| | ഫാർമസ്യൂട്ടിക്സ് | 1 | - | 1 |
| | ഫാർമക്കോളജി | - | - | 1 |
| | ഫാർമക്കോഗ്നോസി | - | 1 | - |
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | 2 | - | 14 |
| ആലപ്പുഴ | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | 1 | 0 | 2 (ജനറൽ തസ്തിക) |
| | ഫാർമസ്യൂട്ടിക്സ് | 1 | 1 | 3 (ജനറൽ തസ്തിക) |
| | ഫാർമക്കോളജി | 0 | 1 | 2 (ജനറൽ തസ്തിക) |
| | ഫാർമക്കോഗ്നോസി | 0 | 0 | 1 (ജനറൽ തസ്തിക) |
| | ഫാർമസി പ്രാക്ടീസ് | 0 | 0 | 0 |
| | ജനറൽ | 1 | 1 | 4 |
| കോഴിക്കോട് | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | - | 1 | - |
| | ഫാർമസ്യൂട്ടിക്സ് | - | 1 | - |
| | ഫാർമക്കോളജി | - | 1 | - |
| | ഫാർമക്കോഗ്നോസി | - | - | - |

| | | | | |
|---|---|---|---|---|
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | 2 | 1 | 13 |

(ബി) പ്രസ്തുത തസ്തികകളിൽ ഓരോ കോളേജിലും എത്ര ഒഴിവുകളുണ്ടെന്ന് സബ്ജക്ട്, കേഡർ എന്നിവ തിരിച്ച് വിശദമാക്കാമോ; ഓരോ തസ്തികയും എത്ര വർഷമായി ഒഴിഞ്ഞ് കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

| കോളേജ് | വിഷയം | പ്രൊഫസർ | അസ്സോസിയേറ്റ് പ്രൊഫസർ | അസിസ്റ്റന്റ് പ്രൊഫസർ / ലക്ചറർ |
|---|---|---|---|---|
| തിരുവനന്തപുരം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | - | - | - |
| | ഫാർമസ്യൂട്ടിക്സ് | - | 1 (ജനുവരി 2021 മുതൽ) | - |
| | ഫാർമക്കോളജി | - | - | - |
| | ഫാർമക്കോഗ്നോസി | - | 1 (ജനുവരി 2021 മുതൽ) | - |
| | ഫാർമസി പ്രാക്ടീസ് | - | 1 (ജൂൺ 2019 മുതൽ) | - |
| | ജനറൽ | - | - | - |
| കോട്ടയം | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | - | 1 (സെപ്റ്റംബർ 2021 മുതൽ) | - |
| | ഫാർമസ്യൂട്ടിക്സ് | - | - | - |
| | ഫാർമക്കോളജി | - | - | - |
| | ഫാർമക്കോഗ്നോസി | - | 1 (ഡിസംബർ 2019 മുതൽ) | - |
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | - | - | - |
| ആലപ്പുഴ | ഫാർമസ്യൂട്ടിക്കൽ | - | - | - |

| | | | | |
|---|---|---|---|---|
| | കെമിസ്ട്രി / അനാലിസിസ് | | | |
| | ഫാർമസ്യൂട്ടിക്സ് | 1 (മെയ് 2022 മുതൽ) | 1 (ജൂലൈ 2018 മുതൽ) | - |
| | ഫാർമക്കോളജി | - | - | - |
| | ഫാർമക്കോഗ്നോസി | - | - | - |
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | - | - | 4 (മെയ് 2018 മുതൽ) (ജൂൺ 2019 മുതൽ) (ജനുവരി 2021 മുതൽ) (ജനുവരി 2021 മുതൽ) |
| കോഴിക്കോട് | ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി / അനാലിസിസ് | - | 1 (ഡിസംബർ 2019 മുതൽ) | - |
| | ഫാർമസ്യൂട്ടിക്സ് | - | 1 (ജൂൺ 2014 മുതൽ) | - |
| | ഫാർമക്കോളജി | - | 1 (ഡിസംബർ 2019 മുതൽ) | - |
| | ഫാർമക്കോഗ്നോസി | - | - | - |
| | ഫാർമസി പ്രാക്ടീസ് | - | - | - |
| | ജനറൽ | - | 1 (ജൂൺ 2019 മുതൽ) | - |

(സി) സർക്കാർ ഫാർമസി കോളേജുകളിൽ എൺട്രി കേഡർ (ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ) തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് വിജ്ഞാപനം നിലവിലുണ്ടോ; ഏത് വർഷമാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്; പ്രസ്തുത വിജ്ഞാപനം വഴി നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സീനിയർ ലക്ചറർ ഫാർമസി തസ്തികയിലേയ്ക്ക് കാറ്റഗറി 561/17 നമ്പറായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെന്നും എന്നാൽ ടി തെരഞ്ഞെടുപ്പ് പ്രക്രിയ സ്റ്റേ ചെയ്തുകൊണ്ടുള്ള ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ (OA No.11/2018,OA(EKM)83/2018) തുടർനടപടികൾ നിർത്തി വച്ചിരിക്കുകയാണെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഫാർമസി കോളേജുകളിലെ ഹയർ ഗ്രേഡ് തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ എന്നിവയിൽ നിയമനം നടത്തുന്നത് ഡി.പി.സി. വഴിയാണോയെന്ന് വ്യക്തമാക്കാമോ?

പ്രൊഫസർ തസ്തികയുടെ നിയമനം ഡി.പി.സി. മുഖേനയാണ് നടത്തുന്നത്.

(ഇ) സർക്കാർ ഫാർമസി കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സമയബന്ധിതമായി ഡി.പി.സി. നടത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഇല്ല, ഫാർമസി വിഭാഗത്തിൽ 'ജനറൽ', 'സബ്ജക്ട് വൈസ്' വിഭാഗങ്ങളിലായി തരംതിരിച്ചുകൊണ്ടുള്ള ഡി.പി.സി. സെലക്ഷൻ

നടപടികളാണ് നടന്നുകൊണ്ടിരുന്നത്. പ്രസ്തുത മാനദണ്ഡമനുസരിച്ച് 27/05/2019-ൽ കൂടിയ ഡി.പി.സി. സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന ശ്രീമതി രാജലക്ഷ്മി ജി. ആർ. തന്റെ പി.എസ്.സി. സീനിയോരിറ്റി നഷ്ടപ്പെട്ടുവെന്ന് കാണിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഹർജി ഫയൽ ചെയ്യുകയും, ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനുവിധേയമായി മറ്റൊരു ഡി.പി.സി. 04/03/2020-ന് കൂടുകയും ടിയാളുടെ പരാതി പരിശോധിക്കുകയുമുണ്ടായി. ഫാർമസി വിഭാഗത്തിൽ ഡിപ്പാർട്ട്മെന്റലൈസേഷന്റെ അഭാവത്തിൽ തുടർന്നുവരുന്ന 'ജനറൽ', 'സബ്ജക്ട് വൈസ്' രീതിയിലുള്ള സെലക്ഷൻ പരിശോധിക്കപ്പെടേണ്ടതാണെന്നും പ്രസ്തുത ഡി.പി.സി. തീരുമാനിച്ചിരുന്നു. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## കാസർകോട് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ ക്ലാർക്ക് തസ്തിക

228 (229) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഗവൺമെൻറ് ആയുർവേദ ആശുപത്രിയിൽ ക്ലാർക്ക് തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോയെന്നും ജോലി ചെയ്യുന്നില്ലെങ്കിൽ തസ്തിക ഒഴിഞ്ഞുകിടക്കാൻ കാരണമെന്താണെന്നും എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ടി തസ്തികയിൽ നിയമിക്കപ്പെട്ട ക്ലാർക്ക് പുനർവിന്യാസം വഴി കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിൽ 02-11-2020 മുതൽ ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത തസ്തിക പുനർവിന്യാസം വഴി കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലേക്ക് മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നടപടിക്കുള്ള അടിയന്തര സാഹചര്യം എന്തായിരുന്നുവെന്നും ആരുടെ ഉത്തരവിന്മേലായിരുന്നു നടപടിയെന്നും വ്യക്തമാക്കാമോ?

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസ വ്യവസ്ഥയിൽ നിയമിക്കുന്നതു സംബന്ധിച്ച് 15-11-2019-ലെ സ.ഉ. (സാധാ) നം. 2576/2019/തസ്വഭവ പ്രകാരമാണ് ടി ക്ലാർക്കിനെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലേയ്ക്ക് പുനർവിന്യസിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ആശുപത്രിയിൽ ക്ലറിക്കൽ ജോലി ആരാണ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

ക്ലാർക്കിന്റെ അഭാവത്തിൽ മെഡിക്കൽ ഓഫീസറും ഫാർമസിസ്റ്റുമാണ് ക്ലറിക്കൽ ജോലി ചെയ്തുവരുന്നത്.

(ഡി) കാസർകോട് ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ ക്ലാർക്കിനെ എപ്പോൾ നിയമിക്കുമെന്ന് വ്യക്തമാക്കാമോ?

പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ കാലാവധി പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമെ മാതൃവകുപ്പിൽ നിയമനം നൽകാൻ കഴിയുകയുള്ളൂ.

(ഇ) പ്രസ്തുത സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ ഡോ. മുഹമ്മദ് ഇംതിയാസിനെ സ്ഥലം മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പകരം ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ; തിരുവനന്തപുരം നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. സജിയെയാണോ പകരം നിയമിച്ചതെന്ന് അറിയിക്കാമോ?

ഉണ്ട്. പകരം നിയമിച്ചിട്ടുള്ളത് ഡോ. പി.ആർ. സജിയെയാണ്.

(എഫ്) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ വ്യക്തമാക്കാമോ?

നിലവിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ കാലാവധി പൂർത്തിയാക്കുന്നമുറയ്ക്ക് മാത്രമെ മാതൃവകുപ്പിൽ നിയമനം നൽകുവാൻ കഴിയുകയുള്ളൂ.

മലപ്പുറം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ

229(230) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം താലൂക്കാശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങിയവ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 06-11-2008-ലെ സ.ഉ. (കൈ)നം.568/2008 പ്രകാരം മലപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാസ്ഥാന ആശുപത്രിയായി പദവി ഉയർത്തി. പദവി ഉയർത്തപ്പെട്ട ശേഷം താഴെപ്പറയുന്ന തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ലേ സെക്രട്ടറി & ട്രഷറർ | 1 |
| 2 | ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് (ഡെർമറ്റോളജി) | 1 |
| 4 | ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) | 1 |
| 5 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| 6 | ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ) | 1 |
| 7 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| 8 | സ്റ്റാഫ് നഴ്സ് | 6 |
| 9 | ഫാർമസിസ്റ്റ് | 2 |
| 10 | നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| 11 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 4 |
| 12 | ഡെന്റൽ മെക്കാനിക്ക് | 1 |

01-08-2021 ലെ സ.ഉ(സാധാ) നം. 1633/2020/ആ.കു.വ പ്രകാരം പൂക്കോട്ടൂർ പി.എച്ച്.സി.-യെ ബ്ലോക്കതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഗ്യാപ് അനാലിസിസ് നടത്തി തസ്തികകൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മലപ്പുറം താലൂക്കാശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി., പഞ്ചായത്ത് പി.എച്ച്.സി.കൾ, മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ

എന്നിവിടങ്ങളിലെ ഒഴിവുകൾ സംബന്ധിച്ച് വിശദ വിവരം നൽകുമോ; ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

| | | |
|---|---|---|
| പി.എച്ച്.സി. പൂക്കോട്ടൂർ | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| | പബ്ലിക് ഹെൽത്ത് നേഴ്സ് | 1 |
| | ലാബ് ടെക്നീഷ്യൻ | 1 |
| പി.എച്ച്.സി ആനക്കയം | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 1 |
| പി.എച്ച്.സി കോഡൂർ | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | 1 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| പി.എച്ച്.സി മൊറയൂർ | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| പി.എച്ച്.സി തൃപ്പനച്ചി | ക്ലാർക്ക് | 1 |
| | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ഡി.വി.സി യൂണിറ്റ്, മലപ്പുറം | ഫീൽഡ് അസിസ്റ്റന്റ് | 3 |
| | ഫീൽഡ് വർക്കർ | 4 |

## സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെയുള്ള നിയമനം

230 (231) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് എത്ര പേർക്ക് നിയമനം നൽകുവാനുണ്ട്?

21 പേർക്ക് നിയമനം നൽകാനുണ്ട്.

(ബി) എന്നുമുതലുള്ള അപേക്ഷകർക്കാണ് നിയമനം നൽകാനുള്ളത്?

03-06-2014 മുതലുള്ള അപേക്ഷകർക്ക് നിയമനം നൽകാനുണ്ട്.

(സി) നിയമനത്തിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

OA(EKM).280/2019 നമ്പർ കേസുമായി ബന്ധപ്പെട്ട MA(EKM).898/2019, OA No.2141/2018 നമ്പർ കേസ് എന്നിവയിലെ യഥാക്രമം 27-05-2019-ലെയും 01-07-2019-ലെയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം 5 ശതമാനം ഒഴിവുകൾ മാത്രം ആശ്രിത നിയമനം നൽകുന്നതിനായി പരിമിതപ്പെടുത്തി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആശ്രിത നിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകി വരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 254 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്നമുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകിവരുന്നു.

07-06-2021-ലെ സർക്കാർ ഉത്തരവ് നമ്പർ (പി).12/2021/ഉ.ഭ.പ.വ. പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി മുഖേന സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും നാല് വർഷം കഴിഞ്ഞശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക് അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകി വരുന്നുമുണ്ട്.

## ആരോഗ്യവകുപ്പിലെ ആശ്രിത നിയമനം

231 (232) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ആശ്രിത നിയമനത്തിന് വളരെയധികം കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി വിഷയത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വ്യവസ്ഥയനുസരിച്ച് വകുപ്പിലെ ആശ്രിതനിയമനം 5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള

ഉദ്യോഗാർത്ഥികളുടെ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകി വരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 254 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്നമുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകി വരുന്നു.

07-06-2021-ലെ സ.ഉ. (കൈ) 12/21 ഉ.ഭ.പവ. പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും നാല് വർഷം കഴിഞ്ഞ ശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക് അർഹമായ സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം അപേക്ഷ നൽകുന്നവർക്ക് പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ആരോഗ്യ വകുപ്പിലും വിവിധ വകുപ്പുകളിൽ നിന്നും പൊതുഭരണ (സി.ഇ.സെൽ) വകുപ്പിൽ മാറ്റിവച്ചിരിക്കുന്നതുമായ വിവിധ തസ്തികകളിലേയ്ക്കും നിയമനം നൽകിവരുന്നു.

(ബി) 18-10-2016-ലെ G.O(MS)No.195/16/H&FWD പ്രകാരം ആരോഗ്യവകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനർഹനായ ശ്രീ. ബാലുമഹേന്ദ്ര ജി.-യുടെ നിലവിലെ

സീനിയോറിറ്റി വ്യക്തമാക്കാമോ; ടിയാൾക്ക് എന്നത്തേയ്ക്ക് നിയമനം ലഭിക്കുവാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കാമോ?

ഇനി നിയമനം ലഭിക്കുവാനുള്ളവരുടെ മുൻഗണനാപട്ടിക പ്രകാരം ശ്രീ. ബാലുമഹേന്ദ്ര ജി.-യുടെ സീനിയോറിറ്റി നമ്പർ 28 ആണ്. നിലവിലെ വ്യവസ്ഥ അനുസരിച്ച് വകുപ്പിലെ ആശ്രിതനിയമനം 5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം ആശ്രിത നിയമനത്തിനായി മാറ്റിവച്ചിരിക്കുന്ന ഒഴിവുകൾ വരുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

## വട്ടോളിയിലെ ദിബിഷയുടെ മരണം

232(233) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടോളിയിലെ ദിബിഷ പ്രസവത്തെത്തുടർന്ന് 28-08-2021-ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത മരണം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടർ കൺവീനറായും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ (കേരള ഹൈക്കോടതി), ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് ലെവൽ അപ്പക്സ് ബോഡി 02-04-2022-ൽ ദിബിഷ മരണപ്പെട്ടത് ചികിത്സിച്ച ഡോക്ടറുടെ പിഴവ് മൂലമാണോയെന്നത് സംബന്ധിച്ച കേസ് പരിഗണിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സർജൻ, ഗൈനക്കോളജിസ്റ്റിസ്റ്റ്, അനസ്തറ്റിസ്റ്റ് എന്നീ വിദഗ്ധരുടെ വിദഗ്ധാഭിപ്രായം തേടുകയും അതിൻപ്രകാരം ലഭ്യമായ റിപ്പോർട്ട് 22-06-2022-ൽ ചേർന്ന അപ്പെക്സ് ബോഡി മീറ്റിംഗിൽ സമർപ്പിക്കുകയും ദിബിഷയുടെ മരണം ചികിത്സാപ്പിഴവുമൂലം സംഭവിച്ചതല്ലെന്ന തീരുമാനത്തിൽ എത്തിച്ചേരുകയും ചെയ്തു.

(സി) പ്രസ്തുത സംഭവത്തെത്തുടർന്നുള്ള പത്തോളജി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദിബിഷയുടെ മരണത്തെത്തുടർന്ന് മൃതദേഹം ഫോറൻസിക് വിഭാഗത്തിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുകയുണ്ടായി. ഫോറൻസിക് വിഭാഗത്തിൽ നിന്നും അയച്ച സാമ്പിളുകൾ 14-09-2021-ന് പത്തോളജി പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് തയ്യാറായിട്ടുള്ളതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ പൊതുവിൽ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ദിബിഷയുടെ മരണം ചികിത്സാപ്പിഴവുമൂലം സംഭവിച്ചതല്ലെന്നാണ് അപ്പെക്സ് ബോഡി കണ്ടെത്തിയിട്ടുള്ളത്.

<u>കണ്ണൂർ ജില്ലയിൽ കിഫ്ബി മുഖാന്തരമുള്ള ആരോഗ്യവകുപ്പിന്റെ പദ്ധതികൾ</u>

233(234) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കിഫ്ബി മുഖാന്തരം ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന എന്തൊക്കെ പ്രവൃത്തികളാണുള്ളതെന്നും ആയതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിനുകീഴിൽ കിഫ്ബി മുഖാന്തരം അനുവദിച്ച പ്രവൃത്തികൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി മുഖേന 124.95 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ട്രോമാകെയർ (Phase 1)-ന് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിക്ക് ശിപാർശ സമർപ്പിക്കുകയും ട്രോമാകെയർ (Phase 2)-ന്റെ പുതുക്കിയ ഡി.പി.ആർ. പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ജോലികൾ ആരംഭിക്കുകയും പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ കണ്ണൂർ ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| മണ്ഡലം | സ്ഥാപനം |
|---|---|
| Payyannur | CHC Karivellur |
| Kalliasseri | TH Pazhayangadi |
| Taliparamba | CHC Oduvallithattu |
| Irikkur | CHC Koottumugham |
| Azhikkode | CHC Pappinisseri |
| Kannur | FHC Chelora |
| Dharmadom | FHC Muzhappilangad |
| Thalassery | FHC Panniyannur |
| Kuthuparamba | CHC Pattiam |
| Mattanur | BPHC Chitttariparamba |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| Peravoor | TH Peravoor |

## സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ്വ രോഗം

234(235) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ്വ രോഗം ബാധിച്ചിട്ടുള്ളവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

173 പേർക്ക്.

(ബി) ഈ അസുഖത്തിനുള്ള ഉയർന്ന വിലയുള്ള മരുന്ന് രോഗികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖത്തിനുള്ള ഉയർന്ന വിലയുള്ള മരുന്ന് രോഗികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 30-04-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 970/2022/ആരോഗ്യം പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി 02-06-2022-ൽ മരുന്നുകമ്പനി പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന RISDIPLAM FOR ORAL SOLUTION 60 MG/ 80ML (0.75 MG/ML) എന്ന മരുന്ന് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 21 ബോട്ടിൽ ലഭ്യമാക്കുന്നതിന് 14-06-2022 -ന് വിതരണാനുമതി നൽകിയിട്ടുമുണ്ട്.

## പ്രീഫാബ് കെട്ടിടങ്ങൾ

235 (236) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ നിർമ്മിക്കുന്ന പ്രീഫാബ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്ന 140 മണ്ഡലങ്ങളിൽ പ്രീഫാബ് കെട്ടിടങ്ങളുടെ നിർമ്മാണമാരംഭിച്ച 73 സ്ഥാപനങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച (നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള) നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രീഫാബ് കെട്ടിടങ്ങളുടെ മുകളിൽ മറ്റ് നിർമ്മാണങ്ങൾ സാദ്ധ്യമല്ലെന്നും ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതോടെ പരിമിത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലസൗകര്യങ്ങളുള്ള സംസ്ഥാനത്തെ ആശുപത്രികളിൽ മറ്റ് കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രീ എഞ്ചിനീയറിംഗ് ടെക്നോളജി മാതൃകയിലുള്ള കെട്ടിടത്തിന് മുകളിൽ മറ്റു കെട്ടിടം നിർമ്മിക്കുവാൻ സാദ്ധ്യമല്ലെങ്കിലും ആവശ്യമെങ്കിൽ ഈ കെട്ടിടങ്ങൾ മൊത്തമായോ ഭാഗികമായോ മാറ്റി സ്ഥാപിക്കുവാൻ കഴിയുന്നവയാണ്.

(സി) സാധാരണ കെട്ടിടങ്ങളേക്കാൾ പ്രീഫാബ് കെട്ടിടങ്ങൾക്കുള്ള ഗുണമേന്മ വിശദമാക്കാമോ?

സാധാരണ കെട്ടിടങ്ങളെ അപേക്ഷിച്ച് ചുരുക്കം തൊഴിലാളികളെ കൊണ്ട് വളരെ വേഗം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കും. റിസ്ക് കുറവാണ്. പ്രി എഞ്ചിനീയറിംഗ് സ്ട്രക്ച്ചറുകളായതുകൊണ്ടു തന്നെ ഭാവിയിൽ ഏതുരീതിയിൽ വേണമെങ്കിലും വിപുലീകരിക്കുവാൻ സാധിക്കും. നിർമ്മാണസാമഗ്രികളുടെ പുനരുപയോഗം സാധ്യമാണ്.

ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്കായുള്ള പദ്ധതികൾ

236 (237) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്ക് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന നടത്തുന്ന അനുയാത്ര പദ്ധതിയുടെ ഭാഗമായി ഓട്ടിസം ബാധിതരായ കുട്ടികൾക്കായി ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കളുടെ പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം തുടങ്ങിയവയ്ക്കായി സ്പെക്ട്രം എന്ന പേരിൽ ഓട്ടിസം സെന്ററുകൾ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ, രക്ഷിതാക്കൾക്കുള്ള പരിശീലനം എന്നിവ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും പരിശീലനവും സർക്കാർ മെഡിക്കൽ കോളേജുകളുമായി അനുബന്ധമായിട്ടുള്ള സൈക്യാട്രി

വിഭാഗങ്ങളിലെ ചൈൽഡ് സൈക്യാട്രി ക്ലിനിക്കുകളിൽ നൽകി വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ Child Development Center-ലും ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള പരിശീലനം നൽകിവരുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രത്യേകമായ ഒരു ഓട്ടിസം ക്ലിനിക് നടത്തിവരുന്നുണ്ട്. അവിടെയും കുട്ടികൾക്കുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. വിവിധ തെറാപ്പിസ്റ്റുകളുടെ സേവനവും ലഭ്യമാക്കി വരുന്നു. സ്പീച്ച് തെറാപ്പി, ഒക്കുപേഷണൽ തെറാപ്പി, ബിഹേവിയർ തെറാപ്പി എന്നിവ നൽകി വരുന്നു. വികലാംഗ അവകാശ നിയമപ്രകാരം ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള വികലാംഗ സർട്ടിഫിക്കറ്റുകൾ മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും മെഡിക്കൽ ബോർഡുകൾ നൽകിവരുന്നുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ വിഭാഗത്തോടനുബന്ധിച്ച് ചൈൽഡ് സൈക്യാട്രി വിഭാഗത്തിൽ ഇത്തരം കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങൾക്ക് കിടത്തി ചികിത്സക്കുള്ള പ്രത്യേക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആൻഡ് കൊഗ്നിറ്റി ന്യൂറോ സയൻസസ് (ഐക്കോൺസ്)-ന്റെ തിരുവനന്തപുരം, ഷൊർണ്ണൂർ

കേന്ദ്രങ്ങളിലൂടെ ഓട്ടിസം ബാധിതരായ കുട്ടികൾക്കാവശ്യമായ രോഗനിർണ്ണയം, തുടർചികിത്സ, പ്രത്യേക വിദ്യാഭ്യാസം എന്നിവ ക്രമമായി നൽകുന്നുണ്ട്. ഓട്ടിസം ബാധിതരായ കുട്ടികളെ ഇവിടെ പരിചരിക്കുന്നുണ്ട്.

വട്ടിയൂർക്കാവ് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ

237(238) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം ജനറൽ ആശുപത്രി വികസനത്തിനായി 143.06 കോടി രൂപയുടെ മാസ്റ്റർപ്ലാനിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വാപ്കോസ് നിർവ്വഹണ ഏജൻസിയായ പ്രസ്തുത പദ്ധതിക്ക് 137.28 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. മേൽ പ്രവൃത്തിക്കായി നിർദ്ദിഷ്ട സ്ഥാനത്തെ പഴയ കെട്ടിടങ്ങളും മരങ്ങളും നീക്കം

ചെയ്യുന്ന നടപടികൾ പൂർത്തിയായി വരുന്നു. ആരോഗ്യ വകുപ്പിനുകീഴിലുള്ള മറ്റ് ആശുപത്രികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2019-20 മുതൽ 2022-23 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും ആരോഗ്യ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തരവും നടപ്പിലാക്കേണ്ട വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം ആരോഗ്യ വകുപ്പ് നേരിട്ടും വകുപ്പിനുകീഴിലെ മിഷനുകൾ ഏജൻസികൾ എന്നിവ മുഖാന്തരവും പൂർത്തീകരിച്ച പദ്ധതികളുടെ ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി

238 (239) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതുസംബന്ധിച്ച് 1444536/2020 നമ്പർ ഫയൽ പ്രകാരം കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് പ്രസ്തുത ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് FW1/6/2020/ആ.കു.വ (കമ്പ്യൂട്ടർ നം.1411536) എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. ആയതുസംബന്ധിച്ച് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം

239 (240) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ നിജപ്പെടുത്തുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നിലവിൽ തുടർന്നുവരുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ആരോഗ്യവകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ശാസ്ത്രീയമായി ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം നിലവിൽ ചെയ്യുന്നത് IMA-യുടെ കീഴിൽ പ്രവർത്തിക്കുന്ന IMAGE, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന KEIL (Kerala Enviro Infrastrucutre Limited) എന്നീ സ്ഥാപനങ്ങൾ മുഖേനയാണ്.

കിടക്കകളുള്ള ആശുപത്രികൾ, കിടക്കകളില്ലാത്ത ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ നിന്നുമുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവിൽ വ്യത്യാസമുണ്ട്. കൂടാതെ അലോപ്പതി, ആയുഷ് എന്നീ വിഭാഗത്തിൽ നിന്നുണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവിലും ഘടകങ്ങളിലും വ്യത്യാസമുണ്ട്. മേൽപ്പറഞ്ഞ ആരോഗ്യപരിപാലന സ്ഥാപനങ്ങളുടെ നിലവാരവും ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവിനെ ബാധിക്കുന്നുണ്ട്. ആശുപത്രി ഖരമാലിന്യത്തിന്റെ 10-15 ശതമാനത്തോളം മാത്രമെ ബയോമെഡിക്കൽ മാലിന്യത്തിൽ ഉൾപ്പെടുന്നുള്ളൂ. ബാക്കി മാലിന്യം ഖരമാലിന്യത്തിൽ ഉൾപ്പെടുന്നു.

ഉറവിടത്തിൽ തന്നെയുള്ള മാലിന്യങ്ങളുടെ തരംതിരിക്കൽ ശാസ്ത്രീയമായും കൃത്യതയോടെയും ചെയ്താൽ ബയോമെഡിക്കൽ മാലിന്യം മറ്റ് ഖരമാലിന്യവുമായി കൂടിക്കലരാതിരിക്കുകയും ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവ് കുറയുകയും ചെയ്യും. ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്ക് അതത് യുണിറ്റുകളിൽ ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യം തരം തിരിച്ച് അതാത് ബിന്നുകളിൽ ശേഖരിച്ച് IMAGE, KEIL എന്നിവയുടെ കോമൺ ബയോമെഡിക്കൽ facility-കളുടെ വാഹനങ്ങളിൽ അതാത് facility-കളിൽ എത്തിക്കുകയും അവിടെ ഏർപ്പെടുത്തിയിട്ടുള്ള ഇൻസിനറേറ്റർ autoclave മുഖാന്തരം നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.

(ബി) പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി സ്വകാര്യ ഏജൻസികളെ നിശ്ചയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

നിലവിൽ സർക്കാരിന്റെയും Pollution Control Board-ന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന IMAGE, KEIL എന്നീ സ്ഥാപനങ്ങളാണ് ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നത്. സർക്കാർ മേഖലയിൽ ഇത്തരത്തിലുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ഇല്ലാത്തതിനാലാണ് മേൽപറഞ്ഞ

സ്ഥാപനങ്ങളെ ആശ്രയിക്കുന്നത്. പ്രധാന മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

വീടുകളിൽ നിന്നുമുണ്ടാകുന്ന സാനിറ്ററി നാപ്കിൻ, ഡയപ്പർ പോലുള്ള മാലിന്യങ്ങൾ ഖരമാലിന്യ ചട്ടപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്ന ഏജൻസികൾ മുഖേന ശേഖരിച്ച് Common Biomedical Facility ഉപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യുവാനുള്ള നടപടികളും തുടർന്നുവരുന്നുണ്ട്.

(സി) ബയോമെഡിക്കൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും മറ്റ് അനുബന്ധജോലികളും സർക്കാർ നിയന്ത്രണത്തിൽ നടപ്പാക്കുന്നതിന് നിലവിലുള്ള പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശാസ്ത്രീയമായി ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥലപരിമിതിയും പ്രാദേശികമായ എതിർപ്പുകളും നിലവിലുള്ള പ്രധാന പ്രതിസന്ധികളാണ്.

## ഫാക്ടർ VII ഹീമോഫീലിയ രോഗികൾ

240 (241) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടർ VII ഹീമോഫീലിയ രോഗം ഹീമോഫീലിയ ഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫാക്ടർ VII ഹീമോഫീലിയ രോഗം ഹീമോഫീലിയ ഗണത്തിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) ഫാക്ടർ VII ഹീമോഫീലിയ ബാധിച്ചവരെ ഹീമോഫീലിയ രോഗികളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഫാക്ടർ 7 -ന്റെ കുറവുമൂലമുള്ള അവസ്ഥ ഹീമോഫീലിയ എന്ന രോഗമല്ല എന്നാൽ ഇവയും അദർ ബ്ലീഡിംഗ് ഡിസോർഡർ എന്ന ഗണത്തിൽ വരുന്ന അസുഖമാണ്. അതുകൊണ്ടുതന്നെ ഇത്തരക്കാർക്ക് അമിതമായ രക്തസ്രാവം ഉണ്ടാകുന്നമുറക്ക് ജീവൻരക്ഷയെന്ന രീതിയിൽ ഫാക്ടർ 7 നല്കി ചികിത്സിക്കുന്നതിനായി ആശാധാര പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നല്കിവരുന്നുണ്ട്.

(സി) ഫാക്ടർ VII ഹീമോഫീലിയ രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഫാക്ടർ VII കുറവുള്ളവർക്കുള്ള ആശാധാര പദ്ധതിയിൽ 30 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഫയൽ കാണാതായ സംഭവം

241 (242) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

സർക്കാർ ആശുപത്രികളിലൂടെ വിതരണം നടത്തുന്ന സൗജന്യ ജനറിക് മരുന്നുകളുടെ സംഭരണം സംബന്ധിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോഗ്യവകുപ്പിനും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നു പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾ, മരുന്നു സംഭരണ-വിതരണത്തിനായി ഉപയോഗിക്കുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ്. (ഡ്രഗ്സ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം) മുഖേന ബന്ധപ്പെട്ട മേലധികാരികൾക്ക് സമർപ്പിക്കേണ്ടതും ആയത് ബന്ധപ്പെട്ട മേലധികാരികൾ സാക്ഷ്യപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമാക്കേണ്ടതുമാണ്.

2. ഇത്തരത്തിൽ ലഭിക്കുന്ന മരുന്നുകളുടെ വാർഷിക ഇൻഡന്റുകൾ ക്രോഡീകരിച്ച് ദേശീയതലത്തിൽ മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ

ക്ഷണിക്കുന്നു.

3. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇ-ടെണ്ടർ പോർട്ടൽ മുഖേന ഓൺലൈനായി ലഭിക്കുന്ന സാങ്കേതിക ബിഡിന്റെ സൂക്ഷ്മപരിശോധന നടത്തുന്നത് സംസ്ഥാന ഡ്രഗ്സ് കൺട്രോളറും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയും, ആരോഗ്യവകുപ്പ് ഡയറക്ടറും നിയോഗിക്കുന്ന ഉദ്യോഗസ്ഥരാണ്.

4. സാങ്കേതിക ബിഡ് പരിശോധനയിൽ യോഗ്യത നേടുന്ന കമ്പനികളുടെ പ്രൈസ് ബിഡുകൾ തുറന്നു പരിശോധിച്ച് അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന കമ്പനികൾക്കാണ് വിതരണോത്തരവുകൾ നൽകി മരുന്നുകൾ സംഭരിക്കുന്നത്.

ആരോഗ്യവകുപ്പിനുകീഴിലുള്ള ആശുപത്രികൾക്ക് ആവശ്യമുള്ള ഉപകരണങ്ങളും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലുള്ള ആശുപത്രികൾക്ക് ആവശ്യമുള്ള 5 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള ഉപകരണങ്ങളും, ദേശീയ ആരോഗ്യ ദൗത്യം, എം.പി./എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് വാങ്ങി വിതരണം ചെയ്യേണ്ട ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. നിലവിലുള്ള മാനദണ്ഡപ്രകാരം ദർഘാസ്/ക്വട്ടേഷൻ മുഖാന്തിരം വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ കോവിഡിന്റെ മറവിൽ പർച്ചേസുമായി ബന്ധപ്പെട്ട് കോടികളുടെ അഴിമതി നടന്നുവെന്ന ആരോപണം സംബന്ധിച്ച ഫയലുകൾ കാണാതായ സംഭവം അന്വേഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പിൽ നിന്ന് കോവിഡുമായി ബന്ധപ്പെട്ട പർച്ചേസ് ഫയലുകൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല.

## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി

242(243) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്രപേർക്ക് സർജറി നടത്തിയിട്ടുണ്ട്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിപ്രകാരം മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 1264 പേർക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയിട്ടുണ്ട്. നാളിതുവരെ 187 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(ബി) കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ?

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുവേണ്ടി നിലവിൽ 45 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിൽ 36 കുട്ടികളെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി സർജറി നടത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി കുട്ടികൾക്ക് സർജറി നടത്തുന്നതിനായി മുൻഗണന ലിസ്റ്റ് ആശുപത്രികൾക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. പുതുതായി ലഭിച്ച 9 അപേക്ഷകൾ അടുത്ത സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

(സി) വിദഗ്ദ്ധർ നടത്തിയാൽ നൂറ് ശതമാനം വിജയമാകുന്ന പ്രസ്തുത സർജറിക്കുള്ള അപേക്ഷകൾ സമീപകാലത്ത് നിസ്സാര കാര്യങ്ങൾ ചൂണ്ടിക്കാട്ടി നിരസിക്കുന്ന പ്രവണത വർദ്ധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അർഹമായ അപേക്ഷകൾ നിരസിക്കാറില്ല. ഈ രംഗത്തെ വിദഗ്ദ്ധർ അടങ്ങുന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയാണ് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നത്. ശ്രുതിതരംഗം പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും അർഹതയുള്ളവരെ കണ്ടെത്തുന്നതിനുമായി വിദഗ്ദ്ധർ അടങ്ങുന്ന ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) അപേക്ഷിക്കുന്ന എല്ലാവർക്കും കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്ക് ധനസഹായം അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയാൽ കുട്ടിക്ക് കേൾവിശക്തി ലഭ്യമാകുമെന്നുറപ്പുള്ള അപേക്ഷകർക്കാണ് നിലവിൽ സർജറിക്കായി അനുമതി നൽകുന്നത്. ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നത് സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം

243(244) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2022 ജൂൺ 20 വരെ ദിനംപ്രതിയുള്ള റിപ്പോർട്ടിംഗിലൂടെയുള്ളതും അപ്പീൽ മുഖേന ഉൾപ്പെടുത്തിയതും ചേർത്ത് ആകെ 69,897 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 8425 |
| കൊല്ലം | 6523 |
| പത്തനംതിട്ട | 2521 |
| ആലപ്പുഴ | 5250 |
| കോട്ടയം | 4543 |
| ഇടുക്കി | 1517 |
| എറണാകുളം | 8276 |
| തൃശ്ശൂർ | 7452 |
| പാലക്കാട് | 5805 |
| മലപ്പുറം | 6442 |

| | |
|---|---|
| കോഴിക്കോട് | 6348 |
| വയനാട് | 974 |
| കണ്ണൂർ | 4430 |
| കാസർഗോഡ് | 1391 |
| **ആകെ** | **69897** |

(ബി) തിരൂർ നിയോജകമണ്ഡലത്തിൽ കോവിഡുമൂലം എത്രപേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ 2022 ജൂൺ 20 വരെ കോവിഡ് ബാധിച്ച് 429 പേരാണ് മരണപ്പെട്ടിട്ടുള്ളത്.

<u>സംസ്ഥാനത്തെ കോവിഡ് വ്യാപനം</u>

244 (245) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെയായി കോവിഡ് വ്യാപന നിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഒമിക്രോൺ വകഭേദംമൂലമുണ്ടായ മൂന്നാം തരംഗത്തിനുശേഷം ദിനംപ്രതിയുള്ള കോവിഡ് കേസുകൾ കുറഞ്ഞുവരികയും മാർച്ച്

പകുതിയോടെ ആയിരത്തിൽ താഴെ എത്തുകയും ചെയ്തിരുന്നു. തുടർന്ന് മേയ് രണ്ടാംവാരം വരെ തൽസ്ഥിതി തുടരുകയും അതിനുശേഷം കേസുകളിൽ നേരിയ വർദ്ധനവുണ്ടാകുകയും ചെയ്തു.

(ബി) കോവിഡ് വ്യാപനം നിയന്ത്രിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങൾ ഉള്ളവരെയും വീടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്രലക്ഷണങ്ങളുള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലി രോഗങ്ങളുള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ, വാർഡുതല ദ്രുതകർമ്മസേന ഗൃഹസന്ദർശനം നടത്തി വീടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സഹായങ്ങളും നൽകുകയും ചെയ്യുന്നു. മാനസികാരോഗ്യ

പിന്തുണയ്ക്കുവേണ്ടി കൗൺസിലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഗൃഹനിരീക്ഷണത്തിലിരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്ന പക്ഷം DPMSU വഴി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. കാൻസർ, വൃക്കരോഗം, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡി ലഭ്യമാക്കുകയും ചെയ്യുന്നു.

12 മുതൽ 15 വരെ പ്രായമുള്ള കുട്ടികളും 16 മുതൽ 18 വരെ പ്രായമുള്ള കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ നൽകി വരുന്നു. സ്കൂളുകളിൽ വാക്സിൻ നൽകുന്നതിനും 60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്കും മൂന്നാം ഡോസ് വാക്സിൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18-59 വയസ്സ് പ്രായമുള്ളവരിൽ 2-ാം ഡോസ് വാക്സിൻ ലഭിച്ച് 9 മാസം കഴിഞ്ഞവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി നൽകുന്നതിനുള്ള നടപടികളും

സ്വീകരിച്ചു. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യസ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് അണുനശീകരണ പ്രവർത്തനങ്ങളും അത് സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. കൂടാതെ, എല്ലാ പൊതുസ്ഥലങ്ങളിലും ഒത്തുചേരലുകളിലും ജോലി സ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ധരിക്കണമെന്നും കോവിഡ് ഉചിത പെരുമാറ്റം പാലിക്കണമെന്നും ദുരന്ത നിവാരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് രോഗം സ്ഥിരീകരിക്കുന്നവർക്ക് ഐ.പി. കെയർ, ഐ.സി.യു. കെയർ, വെന്റിലേറ്റർ കെയർ, ഓക്സിജൻ ബെഡ് മുതലായ ചികിത്സാ സൗകര്യങ്ങൾ രോഗാവസ്ഥയ്ക്കനുസരിച്ച് നൽകിവരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും കോവിഡ് പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമാവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന രോഗികൾക്ക് വേണ്ട ചികിത്സ ലഭ്യമാക്കുന്നുമുണ്ട്.

## കോവിഡ് ഉൾപ്പെടെയുള്ള പകർച്ചവ്യാധികളുടെ വ്യാപനം

245(246) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വീണ്ടും വർദ്ധിക്കുന്ന സാഹചര്യം ഉണ്ടോ; വെളിപ്പെടുത്തുമോ?

2022 ജനവരി, ഫെബ്രുവരി മാസങ്ങളിൽ ഒമിക്രോൺ വകഭേദംമൂലമുണ്ടായ മൂന്നാം തരംഗത്തിന് ശേഷം ദിനം പ്രതിയുള്ള കോവിഡ് കേസുകൾ കുറഞ്ഞുവരുകയും മാർച്ച് പകുതിയോടെ ആയിരത്തിൽ താഴെ എത്തുകയും ചെയ്തിരുന്നു. തുടർന്ന് 2022 മേയ് രണ്ടാം വാരം വരെ തൽസ്ഥിതി തുടരുകയും അതിനുശേഷം കേസുകളിൽ നേരിയ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) കോവിഡിന്റെ ഏതെല്ലാം വകഭേദങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള കോവിഡിന്റെ വകഭേദങ്ങൾ താഴെപ്പറയുന്നു.

1) B.1.1.7 (ആൽഫ) – യു.കെ. വേരിയന്റ്
2) B.1.351-സൗത്ത് ആഫ്രിക്കൻ വേരിയന്റ്

3) P.1 (ഗാമ വേരിയന്റ്) - ബ്രസീൽ

4) B.1.617.2 - (ഡെൽറ്റ വേരിയന്റ്) - ഇന്ത്യ

5) AY.1 (B.1.617.2 -+ K417N) (ഡെൽറ്റ പ്ലസ്)

6) ഒമിക്രോൺ

7) ഒമിക്രോൺ -BA.5

8) XE

9) XH

10) HQ

11) B.1.617.2 + K417 N (Delta Plus Variant)

(സി) സംസ്ഥാനത്ത് കോവിഡിനൊപ്പം ചെള്ള് പനി, എലിപ്പനി, തക്കാളി പനി എന്നിവ ബാധിച്ച് ആളുകൾ മരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ വർഷം ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് ചെള്ളുപനി ബാധിച്ച് രണ്ട് പേരും എലിപ്പനി ബാധിച്ച് 19 പേരും മരണപ്പെട്ടിട്ടുണ്ട്.

(ഡി) ചെള്ള് പനി, എലിപ്പനി, തക്കാളി പനി എന്നിവ ഉണ്ടാകാൻ കാരണമായ രോഗകാരി എന്താണെന്നും ആളുകൾ മരിക്കാനിടയായ സാഹചര്യമെന്താണെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ചെള്ളുപ്പനി, ഒറെൻഷിയ ഷുഷുഗാമുഷി എന്ന പേരിൽ അറിയപ്പെടുന്ന ഒരു തരം ബാക്ടീരിയമൂലവും, എലിപ്പനി ലെപ്റ്റോസ്പൈറ എന്ന പേരിൽ

അറിയപ്പെടുന്ന മറ്റൊരു തരം ബാക്ടീരിയമൂലവും, തക്കാളിപ്പനി അഥവാ 'ഹാന്റ്- ഫൂട്ട് - മൗത്ത് ഡിസീസ് കോക്സാക്കി /എന്ററോവൈറസ് വഴിയും ആണ് ഉണ്ടാകുന്നത്.

പലപ്പോഴും രോഗം തിരിച്ചറിയുന്നത് വൈകുന്നതും, അതുമൂലം രോഗത്തിന് ഫലപ്രദമായ ചികിത്സ വൈകുന്നതും മരണകാരണമായി കണ്ടെത്തിയിട്ടുണ്ട്. ആദ്യ രോഗലക്ഷണമായ പനിക്ക് രോഗി സ്വയം ചികിത്സ നടത്തുന്നത് രോഗം മൂർച്ഛിക്കുന്നതിനും, ശരിയായ രോഗനിർണയവും ചികിത്സയും വൈകുന്നതിനും കാരണമാകാറുണ്ട്.

(ഇ) പ്രസ്തുത രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗനിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. രോഗപരിശോധനയ്ക്കുവേണ്ട സംവിധാനം ജില്ലകളിൽ സജ്ജമാക്കിയിട്ടുണ്ട്. ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ പ്രതിരോധ/ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീട്ടുപരിസരത്തുള്ള പാഴ്ച്ചെടികളും മറ്റും വെട്ടി നശിപ്പിച്ച് അവയിൽ താവളമടിച്ച് കാണാറുള്ള

ചെള്ളുകൾ മനുഷ്യരിലേയ്ക്ക് എത്താനുള്ള സാഹചര്യം ഇല്ലാതാകുന്ന പ്രവർത്തനം നടത്തിവരുന്നു.

ചെള്ളുകളെ നശിപ്പിക്കാനായി 1 ശതമാനം വീര്യമുള്ള സിന്തറ്റിക് പൈറിത്രോയ്ഡ് എന്ന കീടനാശിനി കുറ്റിച്ചെടികളിലും, വീടിന് ചുറ്റും, എലിയുടെ സഞ്ചാരപഥത്തിലും സ്പ്രേ ചെയുന്ന പ്രവർത്തിയും ചെയ്തുവരുന്നു. വീട്ടിലും പരിസരത്തും ആഹാരാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് എലികളെയും മറ്റും വീട്ടിലേയ്ക്ക് എത്താൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കാൻ പൊതുജനത്തിന് ബോധവൽക്കരണം നടത്തി വരുന്നു.

ചെള്ളുകളുടെ സാന്നിദ്ധ്യം ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇടങ്ങളിൽ പ്രവേശിക്കുന്നവർ വ്യക്തിഗത സുരക്ഷയ്ക്കായി കാലുറകൾ ധരിക്കുന്നതിനും, ചെള്ളിനെ അകറ്റുന്നതിനുള്ള ലേപനങ്ങൾ ഉപയോഗിക്കുന്നതിനും, ശരീരം സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കിയശേഷം വീട്ടിലേയ്ക്ക് പ്രവേശിക്കുന്നതിനും ഉള്ള ബോധവത്കരണം നൽകിവരുന്നു. തുണികൾ കഴുകി വൃത്തിയാക്കിയശേഷം പുല്ലിലും ചെടികളിന്മേലും ഇട്ട് ഉണക്കുന്ന ശീലത്തിനെതിരെയും ബോധവൽക്കരണം നൽകിവരുന്നു.

രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ അദ്ധ്യക്ഷതയിൽ ഇന്റർസെക്ടറൽ

മീറ്റിംഗ് കൂടി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തി വരുന്നു. ബോധവത്കരണത്തിനായി സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളും, പ്രിന്റഡ് മെറ്റീരിയലും ഉപയോഗിച്ചുവരുന്നു. ഓരോ ആഴ്ചയിലും IDSP മീറ്റിംഗുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

ഏപ്രിൽ 13 മുതൽ 'മൃത്യുഞ്ജയം' എന്ന എലിപ്പനി നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടത്തിവരുന്നതിന്റെ ഭാഗമായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സിസൈക്ലിൻ ഉണ്ടെന്നുറപ്പുവരുത്തുകയും രോഗലക്ഷണമുള്ളവർക്ക് യഥാസമയം ഡോക്സിസൈക്ലിൻ നൽകുകയും എലിപ്പനി രോഗം കണ്ടുപിടിക്കുന്നതിനായി ലബോറട്ടറി സംവിധാനം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. എലിപ്പനി നിർണ്ണയത്തിൽ വിദഗ്ധ പരിശീലനം ലഭിച്ച മൈക്രോബയോളജിസ്റ്റുകളേയും പാത്തോളജിസ്റ്റുകളേയും RTPCR സംവിധാനമുള്ള ലബോറട്ടറികളിൽ സംശയമുള്ള രോഗികളിൽ RTPCR നടത്തുന്നതിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ ആരോഗ്യ പദ്ധതിയിലെ പി.ഐ.പി. സംസ്ഥാന പ്ലാൻഫണ്ട് ഇവ ഉപയോഗിച്ച് തീവ്ര IEC പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ രോഗസാധ്യത കൂടുതലുള്ള തീര പ്രദേശങ്ങൾ, ഗിരിവർഗ്ഗ മേഖലകൾ,

ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, നഗര-ഗ്രാമീണ ചേരികൾ, നഗരവൽകൃത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തിവരുന്നു. വളരെ വേഗം രോഗനിർണ്ണയം നടത്തി ചികിത്സ ഉറപ്പാക്കാൻ ലെപ്റ്റോസ്പൈറോസിസ് RTPCR പരിശോധന നടത്തി വരുന്നു. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തൃശ്ശൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഈ സംവിധാനം ലഭ്യമാണ്. കൂടാതെ, നിലവിൽ എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന സർക്കാർ ആശുപത്രികളിലും പബ്ലിക് ഹെൽത്ത് ലാബുകളിലും എലിപ്പനി രോഗനിർണ്ണയത്തിനുള്ള ഐ.ജി.എം. എലൈസ പരിശോധന നടത്തുന്നുണ്ട്.

## കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സഹായം

246(247) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 2022 ജൂൺ 20 വരെ ആകെ 69,897 പേർ (ദിനംപ്രതിയുള്ള റിപ്പോർട്ടിംഗിലൂടെയുള്ളതും അപ്പീൽ മുഖേന ഉൾപ്പെടുത്തിയതും ചേർത്ത്) കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ആനുകൂല്യങ്ങൾ തരംതിരിച്ച് അറിയിക്കുമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ കൊടുക്കുന്നു.

<u>കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾ</u>

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 50,000/- രൂപ (അൻപതിനായിരം രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP) എന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ പിഎം കെയേഴ്സ് (PM CARES) പദ്ധതിയിലൂടെ കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട 18 വയസ്സുവരെയുള്ള കുട്ടികൾക്ക് 10 ലക്ഷം രൂപ 23 വയസ്സാകുമ്പോൾ ലഭിക്കുന്ന വിധത്തിൽ പോസ്റ്റോഫീസ് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കൂടാതെ CPS (Child Protection Services) സ്കീമിലൂടെ മാസം തോറും 2000/- രൂപ (രണ്ടായിരം രൂപ) വീതം ടി കുട്ടികൾക്ക് 18 വയസ്സുവരെ വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ സഹായം, ബോർഡിംഗ് താമസ സൗകര്യങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് എന്നിവ കൂടി ആവശ്യ ഘട്ടങ്ങളിൽ അനുവദിക്കുന്നുണ്ട്.

<u>സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ</u>

കോവിഡ് -19 ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ചുകഴിയുന്ന BPL കുടുംബങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ) വീതം 36 മാസത്തേയ്ക്ക് നൽകി വരുന്നു.

കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്കും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ

മരണപ്പെടുകയും ശേഷിച്ച ആൾ ഇപ്പോൾ കോവിഡുമൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000/- രൂപ (രണ്ടായിരം രൂപ) വീതം കുട്ടിയ്ക്ക് 18 വയസ്സ് ആകുന്നതുവരെ കുട്ടിയുടെയും ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് മാസംതോറും നിക്ഷേപിക്കുന്നു. കൂടാതെ അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും നൽകിവരുന്നു. കുട്ടികളുടെ ബിരുദതലം വരെയുള്ള പഠനചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം അനുവദിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട എത്ര ആളുകളുടെ കുടുംബാംഗങ്ങൾക്കാണ് നാളിതുവരെ ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇനി എത്ര പേർക്കാണ് ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ളത്; ഇവർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കോവിഡും വകഭേദങ്ങളും

247 (248) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജനതയെ കോവിഡ് ബാധയിൽ നിന്നും സംരക്ഷിക്കാനും യഥാസമയം ചികിത്സ ഉറപ്പുവരുത്താനുമായി വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരള ജനതയെ കോവിഡ്ബാധയിൽ നിന്നും സംരക്ഷിക്കാനും യഥാസമയം ചികിത്സ ഉറപ്പുവരുത്താനുമായി വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കി. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ CFLTC, CSLTC, DCC എന്നിവ സജ്ജീകരിക്കുകയും കൂടുതൽ കിടക്കകളും കൂടുതൽ ഓക്സിജൻ ബെഡുകളും ICU വെന്റിലേറ്ററുകളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സജ്ജീകരിക്കുകയും ചെയ്തു. ആശുപത്രികൾക്കാവശ്യമായ ഓക്സിജൻ വിതരണം ചെയ്യുന്നതിനുവേണ്ടി സംസ്ഥാന ജില്ലാ തലങ്ങളിൽ ഓക്സിജൻ വാർ റൂമുകൾ സജ്ജീകരിക്കുകയും ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ

കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു. കോവിഡിന്റെ മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനതല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു.

വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുകയെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിച്ചു. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്കാശുപത്രികൾ മുതൽ റഫറൽ ചികിത്സയും നൽകി വരുന്നു. താരതമ്യേന ഗുരുതരമായ കേസുകൾക്ക് ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾക്ക് മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കിവരുന്നു. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ആശുപത്രികളിലെ തിരക്ക് കുറയ്ക്കുന്നതിനായി ടെലി മെഡിസിൻ സംവിധാനം ഇ-സഞ്ജീവനി വഴി നടപ്പിലാക്കി. അന്താരാഷ്ട്ര വിമാനത്താവളത്തിൽവച്ചുതന്നെ അന്തർദേശീയ യാത്രക്കാരെ പരിശോധനയ്ക്ക് വിധേയമാക്കുകയും രോഗം സ്ഥിരീകരിച്ചവർക്ക് പ്രത്യേകം സജ്ജമാക്കിയ ചികിത്സാ കേന്ദ്രത്തിൽ വച്ച് ചികിത്സ ഉറപ്പാക്കുകയും

അവരുമായി അടുത്ത സമ്പർക്കം പുലർത്തിയവരെ കണ്ടെത്തി നിരീക്ഷിക്കുകയും ടെസ്റ്റ് ചെയ്യുകയും രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ പ്രത്യേകമായി തന്നെ ഉറപ്പാക്കുകയും ചെയ്തിരുന്നു. ജനിതകമാറ്റം സംഭവിച്ച വൈറസുകളുടെ ട്രാൻസ്മിഷൻ കണ്ടെത്തുന്നതിനായി സെന്റിനൽ സർവെയ്‌ലൻസ് ആരംഭിച്ചു. ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി Break the Chain, Crush the Curve, Back to Basics, SMS തുടങ്ങിയ കാമ്പയിനുകൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. എല്ലാ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ബോധവത്ക്കരണ സന്ദേശങ്ങൾ തുടർച്ചയായി നൽകി വരുന്നു. പ്രായം ചെന്നവർ, ഗർഭിണികൾ, കുട്ടികൾ, ഹൃദ്രോഗം/കാൻസർ/ കിഡ്നി രോഗം എന്നിവ ബാധിച്ചവരെ കൊറോണ ബാധിതരിൽ നിന്നും പൂർണ്ണമായി അകറ്റി നിർത്തുന്നതിനും സമ്പർക്കം ഒഴിവാക്കുന്നതിനും റിവേഴ്സ് ക്വാറന്റൈൻ സൗകര്യം ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മരുന്നുകളും മറ്റ് സൗകര്യങ്ങളും എത്തിച്ച് കൊടുക്കുന്നതിനും വേണ്ട മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' എന്ന പദ്ധതി

ആരോഗ്യവകുപ്പിന്റെ മാനസികാരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. കോവിഡ് ക്ലസ്റ്ററുകൾ പ്രത്യേകം കണ്ടെത്തുകയും അവിടെ കണ്ടെയ്ൻമെന്റ് സോൺ തിരിച്ച് വ്യാപനം തടയുന്നതിനുവേണ്ട കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) പ്രസ്തുത പകർച്ച വ്യാധിയുടെ പുതിയ വകഭേദം സംസ്ഥാനത്ത് കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് പകർച്ചവ്യാധിയുടെ പുതിയ വകഭേദങ്ങളായ ഒമിക്രോൺ, XE, XH, HQ എന്നിവയും ഒമിക്രോണിന്റെ തന്നെ വകഭേദമായ BA.5-ഉം സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് വകഭേദങ്ങളും സ്ഥിരീകരിച്ച കേസുകളും സംബന്ധിച്ച് 7-12-2021 മുതൽ 23-06-2022 വരെയുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഒമിക്രോൺ | 6728 |
| XE | 7 |
| XH | 1 |
| HQ | 8 |
| ഒമിക്രോൺ BA.5 | 1 |
| **ആകെ** | **6745** |

(സി) ആയതിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും ആയത് തുടച്ചുനീക്കുന്നതിനും മികച്ച ചികിത്സാസൗകര്യം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2022 ജനുവരി മുതൽ കോവിഡ് പരിശോധനാ സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ ഉള്ളവരെയും രോഗം സങ്കീർണ്ണമാകാൻ സാധ്യതയുള്ളവരെയും പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവരിൽ പറയത്തക്ക രോഗലക്ഷണം ഇല്ലാത്തവരെയും ചെറിയ തോതിൽ ലക്ഷണങ്ങൾ ഉള്ളവരെയും വീട്ടുകളിൽ തന്നെ നിരീക്ഷിച്ച് ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും തീവ്രലക്ഷണങ്ങൾ ഉള്ളവർക്കും പ്രതിരോധശേഷി കുറഞ്ഞവർക്കും മറ്റ് ദീർഘകാല ജീവിതശൈലി രോഗങ്ങൾ ഉള്ളവർക്കും സ്ഥാപനതല ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ, വാർഡുതല ദ്രുതകർമ്മസേന ഗൃഹസന്ദർശനം നടത്തി വീട്ടുകളിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്നുകളും മറ്റ് സഹായങ്ങളും നൽകുകയും ചെയ്യുന്നു. മാനസികാരോഗ്യ

പിന്തുണയ്ക്കുവേണ്ടി കൗൺസിലിംഗും സംശയ നിവാരണത്തിനായി ദിശയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ഗൃഹനിരീക്ഷണത്തിലിരിക്കുന്നവരിൽ അപായ സൂചനകൾ കാണുന്ന പക്ഷം DPMSU വഴി ചികിത്സാ കേന്ദ്രങ്ങളിൽ എത്തിച്ച് ആവശ്യമായ വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നുണ്ട്. കാൻസർ, വൃക്കരോഗം, അവയവ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ തുടങ്ങിയ പ്രതിരോധശേഷി കുറഞ്ഞ രോഗികൾക്ക് ചികിത്സയുടെ ഭാഗമായി മോണോക്ലോണൽ ആന്റിബോഡി ലഭ്യമാക്കുകയും ചെയ്യുന്നു.

12 മുതൽ 15 വരെ പ്രായമുള്ള കുട്ടികളും 16 മുതൽ 18 വരെ പ്രായമുള്ള കുട്ടികളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും വാക്സിൻ നൽകി വരുന്നു. സ്കൂളുകളിൽ വാക്സിൻ നൽകുന്നതിനും 60 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള മുന്നണി പോരാളികൾക്കും മൂന്നാം ഡോസ് വാക്സിൻ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18-59 വയസ്സ് പ്രായമുള്ളവരിൽ 2-ാം ഡോസ് വാക്സിൻ ലഭിച്ച് 9 മാസം കഴിഞ്ഞവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി നൽകുന്നതിനുള്ള നടപടികളും

സ്വീകരിച്ചു. സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും പരിശീലന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാർക്ക് ചികിത്സാ മാർഗ്ഗങ്ങൾ സംബന്ധിച്ച പരിശീലനവും ആരോഗ്യസ്ഥാപനങ്ങളിൽ ആരോഗ്യ പ്രവർത്തകർക്ക് അണുനശീകരണ പ്രവർത്തനങ്ങളും അത് സംബന്ധിച്ച പരിശീലനങ്ങളും നൽകുകയുണ്ടായി. കൂടാതെ, എല്ലാ പൊതുസ്ഥലങ്ങളിലും ഒത്തുചേരലുകളിലും ജോലി സ്ഥലങ്ങളിലും മാസ്ക് നിർബന്ധമായും ധരിക്കണമെന്നും കോവിഡ് ഉചിത പെരുമാറ്റം പാലിക്കണമെന്നും ദുരന്ത നിവാരണ വകുപ്പിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് രോഗം സ്ഥിരീകരിക്കുന്നവർക്ക് ഐ.പി. കെയർ, ഐ.സി.യു. കെയർ, വെന്റിലേറ്റർ കെയർ, ഓക്സിജൻ ബെഡ് മുതലായ ചികിത്സാ സൗകര്യങ്ങൾ രോഗാവസ്ഥയ്ക്കനുസരിച്ച് നൽകിവരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും കോവിഡ് പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനുമാവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. മറ്റ്

ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന രോഗികൾക്ക് വേണ്ട ചികിത്സ ലഭ്യമാക്കുന്നുമുണ്ട്.

## കോവിഡ് മരണങ്ങളുടെ കണക്ക്

248(249) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ നാളിതുവരെ എത്ര പേർക്ക് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചിട്ടുണ്ടെന്നും എത്ര കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഉള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 2022 ജനുവരി 1 മുതൽ ജൂൺ 20 വരെ 13,57,316 പേർക്ക് കോവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. ദിനംപ്രതിയുള്ള റിപ്പോർട്ടിംഗിലൂടെയുള്ള 5,574 മരണങ്ങളും 16,529 അപ്പീൽ മുഖേന ഉൾപ്പെടുത്തിയ മരണങ്ങളും ഉൾപ്പെടെ ഈ കാലയളവിൽ 22,103 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം ലഭിക്കുന്നതിനായി നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്നും ഉള്ള കണക്ക് ലഭ്യമാക്കുമോ?

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് 21/06/2022 വരെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നിലവിൽ സംസ്ഥാനത്തെ കോവിഡ് ടി.പി.ആർ. ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ; ആണെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10-01-2022 മുതൽ പർപ്പസീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കി വരുന്നത്. പർപ്പസീവ് ടെസ്റ്റിംഗ് പ്രകാരം രോഗലക്ഷണങ്ങൾ ഉള്ളവരെയും അവരുടെ സമ്പർക്കപ്പട്ടികയിൽ പ്രമേഹം, ഹൈപ്പർ ടെൻഷൻ, വൃക്കരോഗങ്ങൾ, കാൻസർ, 60 വയസ്സിനുമുകളിലുള്ളവർ എന്നിങ്ങനെ രോഗം വരാൻ സാദ്ധ്യത കൂടിയവരെയും അന്താരാഷ്ട്ര യാത്ര നടത്തുന്നവരെയുമാണ് പരിശോധിക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇതുകൂടാതെ അത്യാവശ്യഘട്ടങ്ങളിൽ

+

മാത്രം ആശുപത്രിയിൽ അഡ്മിറ്റ് ആയവരെയും പരിശോധനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി രോഗമുള്ളവരെ വളരെ നേരത്തേ കണ്ടെത്തി അവർക്ക് കൃത്യമായ ചികിത്സ നൽകുവാനും മരണവും മറ്റു സങ്കീർണ്ണതകളും ഒരു പരിധിവരെ കുറയ്ക്കുവാനും സാധിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കോവിഡിന്റെ ഓരോ ഘട്ടങ്ങളിലും കേരളത്തിലെ 14 ജില്ലകളിലും കൃത്യമായ ആരോഗ്യ, ഭൗതിക സാഹചര്യം യഥാസമയം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോഴും കേരളത്തിന്റെ ആരോഗ്യ സംവിധാനം ഒരു ഘട്ടത്തിലും സമ്മർദ്ദത്തിലായിട്ടില്ല.

<u>കോവിഡ് രോഗനിർണ്ണയവും വാക്സിനേഷനും</u>

249(250) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഏവരേയും വാക്സിനെടുപ്പിച്ച് സുരക്ഷിതരാക്കുക" എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടത്തിവരുന്ന കോവിഡ് വാക്സിനേഷൻ യജ്ഞത്തിലൂടെ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായിയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വാക്സിനേഷൻ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ആദ്യ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ച് 9 മാസം കഴിഞ്ഞ 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴിയും 18-59 വയസ്സ് പ്രായമുള്ളവർക്ക് സ്വകാര്യ കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴിയും മുൻകരുതൽ ഡോസ് വാക്സിൻ നൽകിവരുന്നുണ്ട്. കൂടാതെ, കുട്ടികളുടെ വാക്സിനേഷനും 60 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ മുൻകരുതൽ ഡോസ് വാക്സിനേഷനും വേണ്ടി പ്രത്യേകം ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും 60 വയസ്സിനു മുകളിൽ പ്രായമുള്ള പാലിയേറ്റീവ് കെയർ രോഗികൾ, കിടപ്പുരോഗികൾ, വയോജന മന്ദിരങ്ങളിലുള്ളവർ എന്നിവർക്ക് മുൻകരുതൽ ഡോസ് വാക്സിൻ വീട്ടിൽ എത്തിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകരുതൽ ഡോസ് വാക്സിൻ നൽകുന്നതിനായി ജൂൺ 16 മുതൽ 6 ദിവസങ്ങളിൽ പ്രത്യേക യജ്ഞം സംഘടിപ്പിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് 21-06-2022 വരെ വാക്സിൻ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോവിഡ് രോഗനിർണ്ണയത്തിന് ആരോഗ്യവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ നടപടികൾ എന്തെല്ലാമാണെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ; ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ രോഗനിർണ്ണയത്തിൽ കേരളത്തിന്റെ ശരാശരി എത്രയെന്ന് വ്യക്തമാക്കാമോ?

കോവിഡ് പരിശോധനയുമായി ബന്ധപ്പെട്ട ഐ.സി.എം.ആർ.- ന്റെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും 2022 ജനവരി 10-ലെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ആരോഗ്യ വകുപ്പും പ്രസ്തുത മാനദണ്ഡങ്ങൾ നടപ്പിൽ വരുത്താൻവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം രോഗലക്ഷണമുള്ളവരെയും രോഗം സ്ഥിരീകരിക്കപ്പെട്ടവരുടെ സമ്പർക്കത്തിലുള്ള പ്രമേഹം, ഹൈപ്പർടെൻഷൻ, കിഡ്നി രോഗങ്ങളുള്ളവരെയും യാത്രാ സംബന്ധമായി പരിശോധന നടത്തുന്നവരെയുമാണ് സമൂഹത്തിൽ നിന്നും പരിശോധനയിൽ ഉൾപ്പെടുത്തേണ്ടത്. ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളിൽ ആവശ്യഘട്ടങ്ങളിൽ മാത്രം കോവിഡ് പരിശോധന നടത്തിയാൽ മതിയാകും. RTPCR, Rapid Antigen Test, CBNAAT, Truenat, Point of care, PCR Test, RT Lamp എന്നീ പരിശോധനകളാണ് കേരളത്തിൽ കോവിഡ് രോഗ നിർണ്ണയത്തിന് അനുവർത്തിച്ചുപോരുന്നത്. ഇതുകൂടാതെ

കോവിഡ് ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ ഊർജ്ജിതമാക്കാൻ ആരോഗ്യവകുപ്പ് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കേരളത്തിൽ ഐ.സി.എം.ആർ.-ന്റെ നിർദ്ദേശാനുസരണം 10-01-2022 മുതൽ പർപ്പസീവ് ടെസ്റ്റിംഗ് എന്ന സ്ട്രാറ്റജിയാണ് നടപ്പിലാക്കിവരുന്നത്.

## കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ഐസൊലേഷൻ വാർഡുകൾ

250(251) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ പത്ത് കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ആയതിന്റെ നിർമ്മാണ പ്രവർത്തനമാരംഭിച്ച ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

26-07-2021-ലെ സ.ഉ(ആർ.റ്റി) നം. 1555/2021/ ആ.കു.വ പ്രകാരം 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ 14 മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ 6 സ്ഥാപനങ്ങൾ പദ്ധതി പ്രകാരം നിർമ്മാണ

പ്രവർത്തനങ്ങൾക്ക് തയ്യാറാകുകയും അതിൽ 3 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയ സ്ഥാപനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ തടസ്സമുള്ള ആശുപത്രികൾ ഏതെല്ലാമാണ്; അവയ്ക്ക് പകരം ആശുപത്രികൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ തടസ്സമുള്ള ആശുപത്രികൾക്കുപകരം ആശുപത്രികൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തടസ്സമുള്ള സ്ഥാപനങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## കോന്നിയിലെ ഡ്രഗ്സ് കൺട്രോൾ ലബോറട്ടറി

251(252) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോന്നിയിൽ നിർമ്മാണം പൂർത്തീകരിച്ച ഡ്രഗ്സ് കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

കോന്നിയിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുള്ള 14 തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ തസ്തികകളിലെ നിയമന നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ലബോറട്ടറിയുടെ പ്രവർത്തനം താമസംവിന ആരംഭിക്കുന്നതാണ്.

## പാരാമെഡിക്കൽ വിദ്യാഭ്യാസം

252 (253) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്

(ബി) എങ്കിൽ ആയതിന്റെ കീഴിൽ കേരളത്തിന് പുറത്ത് പോയി പഠിച്ച വിദ്യാർത്ഥികളുടെ പാരാമെഡിക്കൽ കോഴ്സ് രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

കേരളാ പാരാമെഡിക്കൽ കൗൺസിലിന്റെ 08-12-2021-ൽ കൂടിയ യോഗത്തിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വിദ്യാർത്ഥികൾക്ക് അവർ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അല്ലെങ്കിൽ അതത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നുള്ള പാരാമെഡിക്കൽ സർട്ടിഫിക്കറ്റുള്ളവരും അതത് സംസ്ഥാനത്തിന്റെ റെഗുലേറ്ററി ബോഡിയുടെ രജിസ്ട്രേഷനുള്ളവരും ആണെങ്കിൽ കേരളാ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാവുന്നതാണെന്നൊരു തീരുമാനം കൈക്കൊണ്ടിരുന്നു. 08-03-2022 -ലെ ജി.ഒ(എം.എസ്) 52/2022/ആകുവ. പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജിലെ വിവിധ തസ്തികകൾ

253(254) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ വിവിധ തസ്തികകൾ മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. ഇടുക്കി, മഞ്ചേരി മെഡിക്കൽ കോളേജുകളുടെ രൂപീകരണവും, വിപുലീകരണവുമായി ബന്ധപ്പെട്ട് 19-01-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.163/2015/ആ.കു.വ പ്രകാരം ചില തസ്തികകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇങ്ങനെ മാറ്റപ്പെട്ട തസ്തികകൾ മെഡിക്കൽ കോളേജിൽ പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാറ്റപ്പെട്ട തസ്തികകൾ ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിലെ ആവശ്യകത അനുസരിച്ച് പുനഃസ്ഥാപിക്കുന്നതാണ്.

<u>ഉക്രൈനിൽ നിന്നും പൂർത്തിയാക്കാൻ കഴിയാത്ത മെഡിക്കൽ വിദ്യാഭ്യാസം</u>

254(255) <u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉക്രൈനിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ സംസ്ഥാനത്ത് തിരിച്ചെത്തിയ വിദ്യാർത്ഥികളുടെ

തുടർപഠനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനായി നാഷണൽ മെഡിക്കൽ കമ്മീഷനുമായോ ഇൻഡ്യൻ എംബസിയുമായോ ബന്ധപ്പെടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ നഷ്ടപ്പെട്ട വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കുക, ബാങ്ക് വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിനായി സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം, കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം, ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ,

ദേശീയ മെഡിക്കൽ കമ്മീഷൻ എന്നിവിടങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനത്തിന് ആവശ്യമായ നിയമഭേദഗതികൾ നടപ്പാക്കുന്നതിന് നാഷണൽ മെഡിക്കൽ കമ്മീഷന് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ നൽകിയതായി സംസ്ഥാനത്തിന് അറിവ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉക്രൈൻ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം ഏത് സംസ്ഥാനത്തും സാധ്യമാകത്തക്ക തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

## <u>ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കാൻ നടപടി</u>

255(256) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പിൽ HEART (Homoeopathic Evidence-based Advanced Research & Training) പ്രോഗ്രാം 12-04-2022-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗവേഷണങ്ങൾക്കായി ഒരു റിസർച്ച് വിഭാഗം 2017-18 സാമ്പത്തിക വർഷം മുതൽ പ്രവർത്തിച്ചുവരുന്നു. 2019-20 സാമ്പത്തികവർഷം മുതൽ ഹോമിയോപ്പതിയിലെ ഗവേഷണങ്ങളെന്ന പേരിൽ പ്രത്യേക ശീർഷകവും അനുവദിച്ചിട്ടുണ്ട്.

(ബി) എങ്കിൽ നടപ്പിലാക്കിയ പദ്ധതികളും അവ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ?

ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് റിസർച്ച് വിംഗിന്റെ സഹായത്തോടെ പി.ജി. വിദ്യാർത്ഥികൾക്ക് റിസർച്ച് മെത്തഡോളജിയെ കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആയുഷ്

കോൺക്ലേവിലും, സെന്റ് തോമസ്, പാലായിൽ നടന്ന ഇന്റർനാഷണൽ കോൺഫറൻസിലും ഹോമിയോപ്പതി മരുന്നുകളുടെ ഫലപ്രാപ്തി സംബന്ധിച്ച് പേപ്പറുകൾ അവതരിപ്പിച്ചു. ഹോമിയോ മരുന്നിലെ വിവിധ പൊട്ടൻസികളിലെ നാനോ പാർട്ടിക്കിൾ അനലൈസ് നടത്തി. ആസ്തമരോഗത്തിന് പ്രത്യേക റിസർച്ച് ഒ.പി. ആരംഭിച്ചു.

<u>കരിന്തളം നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട്</u>

256 (257) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ കരിന്തളം നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) സ്ഥാപനം ആരംഭിക്കുന്നതിന് ഭൂമി വിട്ടുനല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

(എ-സി) പ്രസ്തുത സ്ഥാപനം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആൻഡ് നാച്ചുറോപ്പതിയുടെ നിയന്ത്രണത്തിലാണ്. 12-10-2018-ന് ജില്ലാകളക്ടർ, സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യോഗ ആൻഡ് നാച്ചുറോപ്പതി ഡയറക്ടർക്ക് ഭൂമി കൈമാറിയിട്ടുണ്ട്.

## നെടുങ്കുന്നം ആയുർവേദ ഡിസ്പെൻസറി

257(258) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ഡിസ്പെൻസറികളെ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികളാക്കി മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഒൻപത് പഞ്ചായത്തുകൾ ഉൾപ്പെട്ട കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ നെടുങ്കുന്നം ആയുർവേദ ഡിസ്പെൻസറിയെ കിടത്തി ചികിത്സാസൗകര്യമുള്ള ആശുപത്രിയാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ?

(എ&ബി) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ നെടുങ്കുന്നം സർക്കാർ ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളോടുകൂടിയ ബ്ലോക്കുതല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കീഴ് വായ്പൂര് ആയുർവേദ ഡിസ്പെൻസറി

258(259) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മല്ലപ്പള്ളി കീഴ്വായ്പൂര് ആയുർവേദ ഡിസ്പെൻസറി ആയുർവേദ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കീഴ്വായ്പൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ ആയുർവേദ ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. സർക്കാർ ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളോടുകൂടിയ ബ്ലോക്കുതല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാവകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ

കീഴ്വായ്പൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി ഉൾപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ആയുഷ് വെൽനെസ് സെന്ററുകൾ

259(260) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് മേഖലയിൽ ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കാൻ ആരംഭിച്ച ആയുഷ് വെൽനസ്സ് സെന്ററുകൾ നിലവിൽ എത്ര സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ആയുഷ് വെൽനസ്സ് സെന്ററുകൾ (AWC) സംസ്ഥാനത്ത് ആകെ 14 സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ യോഗ അധിഷ്ഠിത വെൽനസ്സ് പ്രവർത്തനങ്ങളാണ് പദ്ധതി വഴി നടക്കുന്നത്. കൂടാതെ 240 സ്ഥാപനങ്ങൾ ആയുഷ്മാൻ ഭാരത് സ്കീമിൽ ഉൾപ്പെടുത്തി ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകൾ (AHWC) ആയി ഉയർത്തപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാസർഗോഡ് ജില്ലയിലെ ജില്ലാ ആയുർവേദ ആശുപത്രി 100 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തി ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലാ ആയുർവേദ ആശുപത്രി 100 ബെഡ്ഡുള്ള ആശുപത്രിയായി ഉയർത്തി ഉത്തരവായിട്ടില്ല.

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ

260(261) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ്, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ചികിത്സകൾക്ക് വേണ്ട ഉപകരണങ്ങളുടെയും രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ എന്നീ രോഗങ്ങൾക്കുൾപ്പെടെയുള്ള അവശ്യമരുന്നുകളുടേയും വില 10.76 ശതമാനം വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയത് ദരിദ്രരെ കൂടുതൽ ദുരിതത്തിലാക്കുമെന്നതിനാൽ വില വർദ്ധനവിനുള്ള അനുമതി പിൻവലിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്ത് എല്ലാവർക്കും സൗജന്യമായോ കുറഞ്ഞ ചെലവിലോ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സർക്കാർ ആശുപത്രികളിൽ പൊതുവെ സൗജന്യമായാണ് ചികിത്സ ജനങ്ങൾക്ക് നൽകി വരുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി അഥവാ കെ.എ.എസ്.പി., കാരുണ്യ ബെനവലന്റ് ഫണ്ട് അഥവാ കെ.ബി.എഫ്. എന്നിങ്ങനെ രണ്ട് ചികിത്സാസഹായ പദ്ധതികൾ നിലവിൽ സംസ്ഥാന ആരോഗ്യ ഏജൻസി വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ വരാത്ത കുടുംബങ്ങൾക്ക് വാർഷിക വരുമാനം 3 ലക്ഷം രൂപയിൽത്താഴെ ആണെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക്-3 ലക്ഷം രൂപ വരെ) കുടുംബത്തിനു മുഴുവനായി നൽകിവരുന്നുണ്ട്.

(സി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വർദ്ധിപ്പിച്ചുകൊണ്ടും ജനറിക് മരുന്നുകൾ നൽകണമെന്ന് ആശുപത്രികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബ്രാൻഡഡ് മരുന്നുകളിൻമേലുള്ള അമിത ലാഭം നിയന്ത്രിക്കാൻ നടപടിയെടുക്കുമോ?

നിലവിൽ ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ എല്ലാ മരുന്നുകളുടെയും ഉപയോഗം രാസനാമത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി വാർഷിക ഇൻഡന്റ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ മരുന്നു സംഭരണ വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ന് സംഭരണ വിതരണത്തിനായി നൽകിവരുന്നു. ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ബ്രാൻഡഡ്, ജനറിക് എന്ന വേർതിരിവില്ലാതെ രാസനാമത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ.- ൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തുവരുന്നു. ജനപ്രതിനിധികളുടെയോ, ആശുപത്രി അധികൃതരുടെയോ, പൊതുപ്രവർത്തകരുടെയോ ആവശ്യകത പ്രകാരം, ആരോഗ്യ കേന്ദ്രങ്ങളിലെ സ്ഥലലഭ്യതയ്ക്കുവിധേയമായാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നത്.

## ജനറിക് മരുന്നുകളുടെ ഉപയോഗം

261(262) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളുടെയും ജനറിക് മരുന്നുകളുടെയും ഉപയോഗം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും വിൽക്കപ്പെടുന്നുണ്ട്. സംസ്ഥാനത്ത് ബ്രാൻഡഡ് മരുന്നുകൾ ഔഷധ നിർമ്മാതാക്കളുടെ വിപണന മാർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ അതത് ബ്രാൻഡ് നാമങ്ങളിലാണ് വിറ്റഴിക്കപ്പെടുന്നത്. സർക്കാർ ആശുപത്രികളിലൂടെയും സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ ഷോപ്പുകൾ, എന്നിവ വഴിയും ജനറിക് മരുന്നുകളും ബ്രാൻഡഡ് മരുന്നുകളുമാണ് പൊതുജനങ്ങൾക്ക് വിതരണം ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ജനറിക് മരുന്നുകളാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത് ആരോഗ്യമേഖലയിലെ ചികിൽസാർത്ഥം 2020-21 സാമ്പത്തിക

വർഷത്തിൽ 3726 കോടി രൂപയുടെ അലോപ്പതി മരുന്നുകൾ വിൽക്കപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ കണക്കനുസരിച്ച് പ്രതിമാസം 310 കോടിയുടെ അലോപ്പതി മരുന്നുകളാണ് വിപണനം ചെയ്യുന്നത്. പ്രസ്തുത മരുന്നുകളിൽ ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും ഉൾപ്പെടുന്നു. നിലവിൽ ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകൾ മുഖേന മരുന്നുകളുടെ വാർഷിക ആവശ്യകത (ഉപയോഗം, നീക്കിയിരുപ്പ്, ആവശ്യകത) കണക്കാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിശ്ചയിച്ച് നൽകുന്ന Financial Cap പ്രകാരം അവരവരുടെ കീഴ്സ്ഥാപനങ്ങൾ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുന്ന ഇൻഡന്റ് (മരുന്നുകളുടെ രാസനാമ പ്രകാരം തയ്യാറാക്കിയത്) ജില്ലാതലത്തിൽ പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വിതരണത്തിനായി കൈമാറുകയും ചെയ്യുന്നു. ഇതുപ്രകാരം എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ. പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തു വരുന്നു.

(ബി) ജനറിക് മരുന്നുകൾ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ജനറിക് മരുന്നുകൾ ഡോക്ടർമാർ നിർദ്ദേശിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രാസനാമത്തിൽ വലിയ അക്ഷരത്തിൽ മാത്രമെ മരുന്നുകൾക്ക് കുറിപ്പടി നൽകാവൂയെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജനറിക് മരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ജനറിക് മരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതായി വാർഷിക ഇൻഡന്റ് പ്രകാരം മനസിലാകുന്നു. ബ്രാൻഡഡ്, ജനറിക് എന്ന വേർതിരിവില്ലാതെ ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ മരുന്ന് സംഭരണ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

(ഡി) ജനറിക് മരുന്നുകളുടെ സ്വീകാര്യതയ്ക്കനുസൃതമായി അവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നത് പൂർണ്ണമായും ജനറിക് മരുന്നുകളാണ്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി ബ്രാൻഡഡ് മരുന്നുകളും ജനറിക് മരുന്നുകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ സർക്കാർ ആശുപത്രികളോട് ചേർന്ന് 73 കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ ആരോഗ്യവകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസുകൾ മുഖേന മരുന്നുകളുടെ വാർഷിക ആവശ്യകത (ഉപയോഗം, നീക്കിയിരുപ്പ്) കണക്കാക്കി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിശ്ചയിച്ച് നൽകുന്ന Financial Cap പ്രകാരം അവരവരുടെ കീഴ്സ്ഥാപനങ്ങൾ തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കുന്ന ഇൻഡന്റ് (മരുന്നുകളുടെ രാസനാമ പ്രകാരം തയ്യാറാക്കിയത്) ജില്ലാ തലത്തിൽ

പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വിതരണത്തിനായി കൈമാറുന്നു. ഇതുപ്രകാരം എല്ലാ മരുന്നുകളും രാസനാമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ മരുന്ന് സംഭരണ വിതരണ ഏജൻസിയായ കെ.എം.എസ്.സി.എൽ.-ൽ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയിൽ ഗുണനിലവാരം ഉറപ്പാക്കി സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

ഓരോ സാമ്പത്തിക വർഷവും സർക്കാർ ബഡ്ജറ്റിലൂടെ അനുവദിച്ച് നൽകുന്ന തുകയ്ക്ക് അനുസൃതമായി ലഭ്യമാക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെയാണ് കെ.എം.എസ്.സി.എൽ. ജനറിക് മരുന്നുകൾ ലഭ്യമാക്കി വരുന്നത്. മരുന്നുകൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ സ്ഥാപനങ്ങൾ നേരിട്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും ലോക്കൽ പർച്ചേസ് മുഖാന്തരം ആവശ്യത്തിന് വാങ്ങി നിലവിൽ രോഗികൾക്ക് ലഭ്യമാക്കിവരുന്നു.

## രജിസ്റ്റർ ചെയ്ത രോഗികൾക്ക് എൻ.സി.ഡി. മരുന്നുകൾ

262 (263) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത രോഗികൾക്ക് എൻ.സി.ഡി. (നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ്) മരുന്നുകൾ അവർ താമസിക്കുന്ന തദ്ദേശസ്വയംഭരണ പരിധിയിൽ ഉൾപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് മാത്രമാണ് ഒരു മാസക്കാലയളവിലേക്ക് ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ വഴിയായിരുന്നു ജനങ്ങൾക്ക് വിതരണം ചെയ്തിരുന്നത്. ഓരോ പ്രദേശത്തെയും രോഗികളുടെ കണക്കുകൾ സൂക്ഷിക്കുന്നതിനും അവരുടെ ഫോളോഅപ്പ് ഉറപ്പാക്കുന്നതിനുമാണ് ഇത്തരത്തിൽ അതത് തദ്ദേശസ്വയംഭരണ പ്രദേശത്തിനുകീഴിലുള്ള രോഗികൾക്ക് അവരുടെ സ്ഥാപനത്തിൽ മാത്രം മരുന്നുകൾ നൽകി വന്നിരുന്നത്. രോഗികളുടെ എണ്ണത്തിനാനുപാതികമായി മരുന്നുകൾ സംഭരിക്കുന്നതിന് ഇത് ഏറെ പ്രയോജനം ചെയ്തിരുന്നു. എന്നാൽ ഒരു ആരോഗ്യ കേന്ദ്രത്തിന്റെ

ചുറ്റളവിൽപെട്ടതും യാത്രാസൗകര്യം കൂടുതലുമായുള്ള ഇതര തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജനങ്ങൾക്ക് കൂടുതൽ പ്രാപ്യമായ സേവനം ലഭിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നു വിതരണം നൽകണമെന്ന ആവശ്യം പരിഗണിച്ചുകൊണ്ട് ഏത് ആരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗികൾക്ക് മരുന്ന് സ്വീകരിക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖ ആരോഗ്യവകുപ്പ് 2017-18-ൽ പുറത്തിറക്കുകയുണ്ടായി. എന്നാൽ ഒരു രോഗിക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ആരോഗ്യ കേന്ദ്രത്തിൽ നിന്നുമാത്രമേ മരുന്ന് സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) താമസസ്ഥലത്തിന് സമീപത്തുള്ള മറ്റേതെങ്കിലും ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും എൻ.സി.ഡി. മരുന്നുകൾ വാങ്ങിയാൽ പത്ത് ദിവസത്തേക്ക് മാത്രം നൽകുന്നുവെന്നതിനാൽ രജിസ്റ്റർ ചെയ്ത രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇത് ഒരു മാസക്കാലയളവിലേക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

എല്ലാ രോഗികൾക്കും തദ്ദേശസ്വയംഭരണസ്ഥാപന ഭേദമന്യേ ഏറ്റവും അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ നിന്നും എൻ.സി.ഡി. മരുന്നുകൾ വാങ്ങുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇപ്രകാരം

രജിസ്റ്റർ ചെയ്യപ്പെടുന്ന രോഗികൾക്ക് ഒരു പാസ് ബുക്ക് നൽകുകയും ഒരു മാസത്തേക്കുള്ള മരുന്ന് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ ഒരു സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗിക്ക് മറ്റൊരു ആരോഗ്യകേന്ദ്രത്തിൽ അത്യാവശ്യഘട്ടങ്ങളിൽ പോകേണ്ടി വരുകയാണെങ്കിൽ പത്ത് ദിവസത്തേയ്ക്കുള്ള മരുന്നുകളാവും അവിടെ നിന്ന് നൽകുന്നത്. മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അതിന്റെ ദുരുപയോഗം തടയുന്നതിനുമാണ് ഇത്തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ താമസസ്ഥലത്തിന് സമീപത്തുള്ള ഏത് ആരോഗ്യകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്താലും അവർക്ക് ഒരു മാസത്തേയ്ക്കുള്ള മരുന്നുകൾ നിർബന്ധമായും നൽകുന്നതാണ്.

## ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിയമനം, 'കനൽ' പദ്ധതി പ്രവർത്തനം

263(264) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 14 ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) സ്ത്രീ സുരക്ഷയ്ക്കായി നടപ്പിലാക്കിയ കനൽ പദ്ധതിയുടെ പ്രവർത്തനം വ്യക്തമാക്കാമോ?

സ്ത്രീ സുരക്ഷയ്ക്കായി നടപ്പിലാക്കിയ കനൽ പദ്ധതിയുടെ പ്രവർത്തനം അനുബന്ധമായി ചേർത്തിരിക്കുന്നു+.

<u>പേരാമ്പ്ര മണ്ഡലത്തിലെ വനിതാവികസന കോർപ്പറേഷൻ ഓഫീസ്</u>

264(265) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാവികസന കോർപ്പറേഷന്റെ ഏതെങ്കിലും ഓഫീസ് പേരാമ്പ്ര മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

വനിതാ വികസന കോർപ്പറേഷന്റെ പേരാമ്പ്ര സബ് ഓഫീസ് 2020 നവംബർ 3-ന് പ്രവർത്തനം ആരംഭിച്ചു.

(ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ഇവർ കോർപ്പറേഷന്റെ ജീവനക്കാരോ താൽക്കാലിക ജീവനക്കാരോയെന്നും ജീവനക്കാരുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ചക്കിട്ടപ്പാറ വനമിത്ര പ്രോജക്ടിലെ രണ്ട് ഉദ്യോഗസ്ഥർക്കാണ് പേരാമ്പ്ര സബ് ഓഫീസിന്റെയും ചുമതല നല്കിയിരിക്കുന്നത്. ഇവർ താൽക്കാലിക കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരാണ്. ശ്രീമതി രശ്മി പി. സി., (കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര), ശ്രീമതി പ്രിൻസി പാപ്പൻ, (കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര).

(സി) പ്രസ്തുത ഓഫീസിലേയ്ക്ക് ജീവനക്കാരെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് റീജിയണൽ ഓഫീസിൽ നിന്നും എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ?

കോഴിക്കോട് മേഖലാ ഓഫീസിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) എന്തൊക്കെ കാര്യങ്ങളാണ് ഈ ഓഫീസ് കൈകാര്യം ചെയ്യുന്നതെന്നും ഓഫീസിലെ ചുമതല ആർക്കാണെന്നും വിശദമാക്കാമോ?

പേരാമ്പ്രയിലെയും സമീപപ്രദേശങ്ങളിലെയും വായ്പാ വിതരണവും തിരിച്ചടവുമായി ബന്ധപ്പെട്ട ജോലികൾ, വനമിത്ര പദ്ധതി ഏകോപനം, കോർപ്പറേഷന്റെ മറ്റ് പദ്ധതികളുടെ പ്രദേശവുമായി ബന്ധപ്പെട്ട ജോലികൾ

എന്നീ കാര്യങ്ങളാണ് ഈ ഓഫീസിൽ കൈകാര്യം ചെയ്തുവരുന്നത്. പേരാമ്പ്ര സബ് ഓഫീസിന്റെ ചുമതല ശ്രീമതി രശ്മി പി. സി.(കമ്മിറ്റഡ് സോഷ്യൽ വർക്കർ, വനമിത്ര) -യ്ക്കാണ് നൽകിയിരിക്കുന്നത്.

## പാലത്തര അങ്കണവാടിയെ സ്മാർട്ട് അങ്കണവാടിയാക്കുന്നതിന് നടപടി

265(266) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിൽ വരുന്ന പാലത്തര അങ്കണവാടിയെ സ്മാർട്ട് അങ്കണൻവാടിയാക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നോ; നൽകിയെങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണ്?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്തിലെ 20-ാം നമ്പർ പാലത്തര അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടിയുടെ 3 സെന്റ് പ്ലാൻ പ്രകാരം 789.75 Sq.ft. വിസ്തൃതിയിൽ 27,64,952/- രൂപ വിനിയോഗിച്ച് കെട്ടിടനിർമ്മാണത്തിന് 2020-21-ൽ അനുമതി നൽകിയിട്ടുണ്ട്. ടി അങ്കണവാടിക്ക് ലഭ്യമായ സ്ഥലത്തിന്റെ ഘടനയും രൂപവും കാരണം അംഗീകൃത പ്ലാനിൽ കെട്ടിടനിർമ്മാണം സാദ്ധ്യമല്ലാത്തതിനാൽ പ്രസ്തുത അങ്കണവാടിക്ക് LSGD തയ്യാറാക്കിയ പ്ലാൻ

പ്രകാരം വകുപ്പ് വിഹിതമായി 15,00,000/- രൂപയും, LSGD വിഹിതമായി 9,00,000/- രൂപയും ചേർത്ത് ആകെ 24,00,000/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ഭരണാനുമതി പുതുക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിലെ 20-ാം നമ്പർ പാലത്തര അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടിയുടെ 3 സെന്റ് പ്ലാൻ പ്രകാരം 789.75 Sq.ft. വിസ്തൃതിയിൽ 27,64,952/- രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് 2020-21-ൽ അനുമതി നൽകിയിട്ടുണ്ട്. ടി അങ്കണവാടിക്ക് ലഭ്യമായ സ്ഥലത്തിന്റെ ഘടനയും രൂപവും കാരണം അംഗീകൃത പ്ലാനിൽ കെട്ടിടനിർമ്മാണം സാധ്യമല്ലാത്തതിനാൽ പ്രസ്തുത അങ്കണവാടിക്ക് LSGD തയ്യാറാക്കിയ പ്ലാൻ പ്രകാരം വകുപ്പ് വിഹിതമായി 15,00,000/- രൂപയും, LSGD വിഹിതമായി 9,00,000/- രൂപയും ചേർത്ത് ആകെ 24,00,000/- രൂപ വിനിയോഗിച്ച്

കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## നീലേശ്വരത്തെ അങ്കണവാടി ട്രെയിനിംഗ് സെന്റർ

266 (267) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് നല്ല നിലയിൽ പ്രവർത്തിച്ച് വന്നിരുന്ന അങ്കണവാടി ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 15 വർഷത്തോളമായി പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അങ്കണവാടി പരിശീലന പദ്ധതി 60 ശതമാനം കേന്ദ്ര ധനസഹായത്തോടെ നടത്തിവന്നിരുന്ന പദ്ധതിയാണ്. ആയതുകൊണ്ടുതന്നെ പൂർണ്ണമായും കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായാണ് പരിശീലന പരിപാടികൾ നടപ്പാക്കിയിരുന്നത്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടി വർക്കർ, ഹെൽപ്പർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ എന്നിവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി

ജോബ്/ഓറിയന്റേഷൻ/ റിഫ്രഷർ ട്രെയിനിംഗുകൾ നല്കുന്നതിനാണ് പദ്ധതി നടപ്പാക്കിവന്നിരുന്നത്. ആയതിൻപ്രകാരം കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പ്രസ്തുത ട്രെയിനിംഗുകൾ തെരഞ്ഞെടുക്കപ്പെട്ട 11 ട്രെയിനിംഗ് സെന്ററുകൾ വഴി (10 അങ്കണവാടി ട്രെയിനിംഗ് സെന്ററുകളും 1 മിഡിൽ ലെവൽ ട്രെയിനിംഗ് സെന്ററും) നടത്തിവന്നിരുന്നു. ഇവയിൽ ഒരു ട്രെയിനിംഗ് സെന്ററാണ് നീലേശ്വരം അങ്കണവാടി ട്രെയിനിംഗ് സെന്റർ.

എന്നാൽ 2018-19 വർഷം മുതൽ റിഫ്രഷർ ട്രെയിനിംഗിന് കേന്ദ്രം അനുമതി നൽകുന്നില്ല. 2019-20 വർഷം ജോബ് ട്രെയിനിംഗിന് അനുമതി നൽകിയെങ്കിലും NGO-കൾ മുഖേന ട്രെയിനിംഗ് നടത്തുന്നതിന് ഫണ്ട് നൽകുകയില്ലെന്നും, സർക്കാർ ഉടമസ്ഥതയിലുള്ള ട്രെയിനിംഗ് സെന്ററുകൾക്ക് മാത്രമെ ട്രെയിനിംഗ് നടത്തുന്നതിന് അനുമതി നല്കുകയുള്ളൂവെന്നും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

ഇത്തരത്തിൽ 2019-20 വർഷത്തിനുശേഷം സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾ മുഖേന ICDS ട്രെയിനിംഗ് നടത്തുന്നതിന് അനുമതി നല്കുകയില്ലെന്ന കേന്ദ്രസർക്കാർ നിർദ്ദേശം ഉണ്ടായിരുന്ന സാഹചര്യത്തിൽ, തുടർന്നുള്ള വർഷങ്ങളിൽ വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തരം അങ്കണവാടി പരിശീലന പദ്ധതി

നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. അക്കാരണത്താലാണ് നീലേശ്വരം ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള NGO ട്രെയിനിംഗ് സെന്ററുകൾ മുഖാന്തരം ട്രെയിനിംഗ് നടത്തുന്നത് നിർത്തിവച്ചിട്ടുള്ളത്. എന്നിരുന്നാലും അങ്കണവാടി പരിശീലനം ജില്ലാതല ഓഫീസർമാർ മുഖാന്തരം നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രെയിനർമാരുടെ ടീമിൽ നിലവിലെ അങ്കണവാടി ട്രെയിനിംഗ് സെന്ററുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഇൻസ്ട്രക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരെ ട്രെയിനിംഗ് നടത്തുന്നവേളയിൽ റിസോഴ്സ് പേഴ്സൺസായി ആവശ്യാനുസരണം ഉൾപ്പെടുത്തിവരുന്നു. നിലവിൽ അങ്കണവാടി പരിശീലന പദ്ധതി നിർത്തലാക്കുന്നതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

<u>ദത്ത് നടപടികളിന്മേലുള്ള കാലതാമസം</u>

267 (268) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ എത്ര അംഗീകൃത അഡോപ്ഷൻ സെന്ററുകളുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ നിലവിൽ 6 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 2022 മേയ് 31-ലെ കണക്കനുസരിച്ച് നിലവിൽ എത്ര ശിശുക്കളെ സംരക്ഷിച്ചുവരുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 14 ജില്ലകളിലെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ ആറ് വയസ്സിൽ താഴെയുള്ള 260 കുട്ടികളെയാണ് സംരക്ഷിച്ചുവരുന്നത്. ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന 6 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ 141 കുട്ടികളെ പാർപ്പിക്കുന്നു.

(സി) ശിശുക്ഷേമസമിതിയുടെ അഡോപ്ഷൻ കേന്ദ്രത്തിലുള്ള കുട്ടികളെ ദത്തെടുക്കാൻ നിലവിൽ എത്ര അപേക്ഷകരുണ്ട്; വിശദമാക്കാമോ?

ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ദത്തെടുക്കലിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 472 |
| കൊല്ലം | 183 |

| | |
|---|---|
| പത്തനംതിട്ട | 13 |
| മലപ്പുറം | 74 |
| കാസർഗോഡ് | 33 |

(ഡി) നിലവിലുള്ള നിയമപ്രകാരം ഏത് പ്രായം വരെയുള്ള കുട്ടികളെയാണ് ദത്ത് നൽകാൻ കഴിയുന്നത്; വിശദമാക്കാമോ?

2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം 2 മാസം പ്രായമുള്ള കുട്ടികൾ മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാവുന്നതാണ്.

(ഇ) ദത്ത് നടപടികളിന്മേൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ രജിസ്റ്റർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോരിറ്റി ക്രമം അനുസരിച്ചും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളുടെ ലഭ്യത അനുസരിച്ചും ടി അപേക്ഷകർ കുട്ടിയെ ലഭിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന ഓപ്ഷൻസ് (From Anywhere in India/ Any three States/ Only one State) കാരണവും കാലതാമസം നേരിടുന്നു. കൂടാതെ ദത്തെടുക്കലിന്

അനുയോജ്യരായ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളുടെ എണ്ണത്തിലുള്ള കുറവും ദത്തെടുക്കലിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും ദത്ത് നടപടികളിൽ കാലതാമസമുണ്ടാകാൻ കാരണമാകുന്നു.

## മാതൃകാ അങ്കണവാടികൾ

268 (269) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുവാൻ വനിതാ-ശിശുവികസന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര മാതൃകാ അങ്കണവാടികളാണ് സ്ഥാപിക്കുന്നതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ഉണ്ട്. 2012-13 സാമ്പത്തികവർഷം മുതൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 120 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ മാതൃകാ അങ്കണവാടിയിലും എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കാമോ; ഓരോ അങ്കണവാടിക്കും എത്ര രൂപ ചെലവഴിച്ചാണ് നവീകരണം നടത്തുന്നതെന്ന് വിശദമാക്കാമോ?

ഓരോ മാതൃക അങ്കണവാടികളിലും ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ. വിഹിതവുമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) സാധാരണ അങ്കണവാടികളിൽ ലഭ്യമല്ലാത്ത എന്തെല്ലാം അധിക സൗകര്യങ്ങളാണ് മാതൃകാ അങ്കണവാടികളിൽ ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒരു അങ്കണവാടിയെങ്കിലും മുതിർന്ന സ്ത്രീകൾക്ക് വേണ്ടിയുള്ള പരിപാലന കേന്ദ്രം

കുടിയായി ഉയർത്തുന്നതിനാണ് 2012-13 വർഷത്തിൽ മാതൃക അങ്കണവാടി പദ്ധതി ആരംഭിച്ചത്. മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് തുടങ്ങിയ അധിക സൗകര്യങ്ങളാണ് മാതൃക അങ്കണവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

ചങ്ങനാശ്ശേരിയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ

269 (270) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആകെ 103 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

തൃക്കൊടിത്താനം പഞ്ചായത്തിലെ അങ്കണവാടി സെന്റർ നം 67, പായിപ്പാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നം. 11,5,6,9,21,23 ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ അങ്കണവാടി സെന്റർ നം. 81, കുറിച്ചി പഞ്ചായത്തിലെ സെന്റർ നം 166, 170 എന്നീ സെന്ററുകൾക്ക് സർക്കാരിന്റെ 100 ദിനപരിപാടിയിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നൽകി. മാടപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ്സ്.-ലെ പായിപ്പാട് പഞ്ചായത്തിലെ അങ്കണവാടി സെന്റർ നം 19, വാഴപ്പള്ളി പഞ്ചായത്തിലെ അങ്കണവാടി സെന്റർ നം. 52 എന്നിവയ്ക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് 10,000/- രൂപ വീതം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പായിപ്പാട് പഞ്ചായത്തിലെ സെന്റർ നം. 7-ന് Baby friendly Toilet നിർമ്മിക്കുന്നതിനായി 12000/- രൂപ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർകോട് ജില്ലയിലെ അങ്കണവാടികൾ

270 (271) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര അങ്കണവാടികളാണുള്ളതെന്ന് മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ 1348 അങ്കണവാടികളാണുള്ളത്.

മുൻസിപ്പാലിറ്റി - 141 അങ്കണവാടികൾ

പഞ്ചായത്ത് - 1207 അങ്കണവാടികൾ

(ബി) ഇതിൽ സ്വന്തമായി കെട്ടിടം ഇല്ലാത്തതും കാലപ്പഴക്കമുള്ളതും അപകടാവസ്ഥയിലായതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അങ്കണവാടികൾ എത്രയെന്ന് മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ

മുൻസിപ്പാലിറ്റി - 27 അങ്കണവാടികൾ

പഞ്ചായത്ത് - 91 അങ്കണവാടികൾ

<u>കാലപ്പഴക്കമുള്ള അങ്കണവാടികൾ</u>

മുൻസിപ്പാലിറ്റി - 0

പഞ്ചായത്ത് - 1 അങ്കണവാടി (മഞ്ചേശ്വരം പഞ്ചായത്തിലെ സെന്റർ നമ്പർ 9 മച്ചമ്പാടി അങ്കണവാടി)

(സി) ജില്ലയിലെ അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന എല്ലാവർഷവും നടത്താറുണ്ടോയെന്ന് വിശദമാക്കുമോ?

അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന എല്ലാവർഷവും നടത്താറുണ്ട്.

(ഡി) ജില്ലയിൽ ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പ്രവർത്തിക്കുന്നുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുവാനുള്ള അങ്കണവാടികൾ - 185. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി അപേക്ഷ നല്കിയിരുന്നെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫിറ്റ്നസ് ലഭിക്കാനുള്ള കാലതാമസംമൂലമാണ് ഇത്തരത്തിൽ അങ്കണവാടികൾ പ്രവർത്തിക്കേണ്ടിവരുന്നത്. 185 അങ്കണവാടികൾ സി.ഡി.പി.ഒ., സൂപ്പർവൈസർമാർ പരിശോധിച്ച് നിലവിൽ കെട്ടിടങ്ങൾക്ക് ഭീഷണിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച

മഞ്ചേശ്വരം പഞ്ചായത്തിലെ സെന്റർ നമ്പർ 9 മച്ചമ്പാടി അങ്കണവാടി തൊട്ടടുത്തുള്ള മദ്രസ്സയിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുവരെ പ്രീ സ്കൂൾ ക്ലാസുകൾ താത്ക്കാലികമായി നടത്തുന്നില്ല.

(ഇ) കാസർഗോഡ് ജില്ലയിൽ പുതിയ അങ്കണവാടികൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

അങ്കണവാടി ഓൺ ഡിമാന്റ് പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള നടപടി സർക്കാർ പരിഗണനയിലാണ്.

<u>കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള പദ്ധതികൾ</u>

271 (272) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനിത-ശിശുവികസന വകുപ്പ് കൗമാരക്കാരായ പെൺകുട്ടികൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്തെ 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ തുക ചെലവഴിച്ച് സ്കീം ഫോർ അഡോളസെന്റ് ഗേൾസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2022 മാർച്ച് മാസത്തോടെ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി പുനരാവിഷ്കരിച്ച് പുതിയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളിൽ പോകാത്ത പെൺകുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിനായി 'കന്യാശിക്ഷ പ്രവേശ് ഉത്സവ്' എന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ 1012 സ്കൂളുകളിൽ നിയമിച്ച സ്കൂൾ കൗൺസിലർമാർ ടി സ്കൂളുകളിൽ കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നു.

സംസ്ഥാനത്തെ അങ്കണവാടികളിൽ പ്രവർത്തിച്ചിരുന്ന കുമാരിക്ലബുകൾ 'വർണ്ണക്കൂട്ട്' എന്ന പേര് നൽകി പുനർജ്ജീവിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ആരോഗ്യ-പോഷണ വിദ്യാഭ്യാസം, നിയമസാക്ഷരത,

ജീവിതനൈപുണ്യ വിദ്യാഭ്യാസം, നേതൃത്വപാടവം വർധിപ്പിക്കാനുള്ള ക്ലാസുകൾ, മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം എന്നിവ നൽകി സംസ്ഥാനത്തെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും ശാരീരികവും മാനസികവുമായ ഉന്നമനവും വകുപ്പ് ലക്ഷ്യമിടുന്നു.

## സുഭിക്ഷ ഹോട്ടലുകൾ

272 (273) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

3 എണ്ണം.

(ബി) ദേവികുളം മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഹോട്ടൽ നടത്തുന്നതിനുള്ള കെട്ടിടം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>സ്കൂളുകൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുവാൻ നടപടി</u>

273 (274) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരി എഫ്.സി.ഐ. ഡിപ്പോകളിൽ നിന്ന് വിട്ടെടുക്കുന്നതിന് മുമ്പ് സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരും, എഫ്.സി.ഐ. ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. തുടർന്ന് സപ്ലൈകോ ഗോഡൗണുകളിൽ സംഭരിക്കുന്ന അരിയുടെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ കാര്യത്തിൽ സപ്ലൈകോ കർശനമായ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

## സർക്കാർ സ്കൂളുകൾക്ക് നൽകുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

274 (275) ശ്രീ. എം. വിൻസെൻറ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെങ്ങാനൂർ സർക്കാർ സ്കൂളിൽ സൂക്ഷിച്ചിരുന്ന അരിയിൽ പുഴുവിനെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

മേൽവിഷയം ശ്രദ്ധയിൽപ്പെടുകയും ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തെത്തുടർന്ന് അരി മാറ്റി നൽകുകയും ചെയ്തിട്ടുള്ളതാണ്.

(ബി) കൊട്ടാരക്കരയിൽ അങ്കണവാടിയിലെ കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റതിനെത്തുടർന്ന് അങ്കണവാടിയിൽ നടത്തിയ പരിശോധനയിൽ പുഴുവരിച്ച അരി കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊട്ടാരക്കര മുൻസിപ്പാലിറ്റിയിലെ നീലേശ്വരം കല്ലുവാതുക്കൽ അങ്കണവാടിയിൽ ഭക്ഷ്യവിഷബാധ ഉണ്ടായതായും, മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെടുകയും ചെയ്തതിനെത്തുടർന്ന് നടത്തിയ പരിശോധനയിൽ 26-02-2022-ൽ 2110440 നമ്പർ GIS പ്രകാരം കൊട്ടാരക്കര സപ്ലൈകോയിൽ നിന്നും അരി നൽകിയിട്ടുള്ളതും ആയത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും 15-02-2022-ൽ വിട്ടെടുത്താണെന്നും ഫെബ്രുവരി 26-ന് സപ്ലൈകോയിൽനിന്നും കൊണ്ടുപോയ അരി അലക്ഷ്യമായി സൂക്ഷിക്കുകയും ആയത് ജൂൺ 3-ന് കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിച്ചതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സപ്ലൈകോയുടെ ഭാഗത്ത് നിന്ന് ഈ വിഷയത്തിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(സി) സംസ്ഥാനത്തെ മൂന്ന് സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷ്യവിഷബാധയേറ്റ പശ്ചാത്തലത്തിൽ സ്കൂളുകളിലേയ്ക്ക് നൽകുന്ന അരിയുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എഫ്.സി.ഐ.-യുടെയും സപ്ലൈകോയുടെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ സംയുക്ത ഗുണമേന്മാ പരിശോധനയ്ക്ക് ശേഷമാണ് ഉച്ചഭക്ഷണ

പദ്ധതിക്കായി കേന്ദ്ര സർക്കാർ നൽകുന്ന അരി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും ലിഫ്റ്റ് ചെയ്ത് മാവേലി സ്റ്റോറുകൾ വഴി സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തെ മൂന്ന് സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷ്യവിഷബാധയേറ്റ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സപ്ലൈകോയുടെ എല്ലാ ഗോഡൗണുകളിലും സൂക്ഷിച്ചിരിക്കുന്ന സ്റ്റോക്കുകൾ അടിയന്തരമായി പരിശോധിക്കുന്നതിനും ആവശ്യമായ ലാബ് പരിശോധനകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സപ്ലൈകോയുടെ എല്ലാ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന അരിയിൽ ഏതെങ്കിലും വിധത്തിലുള്ള പരാതി സ്കൂളുകൾ റിപ്പോർട്ട് ചെയ്താൽ പ്രസ്തുത അരി മാറ്റി നൽകുന്നതിനുള്ള നിർദ്ദേശം എല്ലാ സപ്ലൈകോ ഡിപ്പോ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ഭക്ഷ്യസുരക്ഷക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

275 (276) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഭക്ഷ്യസുരക്ഷയ്ക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് MDMS പദ്ധതി പ്രകാരമായുള്ള അരി FCI-ൽ നിന്നും വിട്ടെടുത്ത് ഗോഡൗണുകളിലെത്തിച്ച്, അവിടെ നിന്നും സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി സ്കൂളുകൾക്ക് വിതരണം ചെയ്തുവരുന്നു. ഭക്ഷ്യ സുരക്ഷാ നിയമം (FSSAI -2016) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ ലാബ് പരിശോധനയിലൂടെ ഉറപ്പുവരുത്തിയാണ് ഉച്ചഭക്ഷണത്തിനാവശ്യമായ അരി സപ്ലൈകോ വിതരണം ചെയ്തുവരുന്നത്.

(ബി) സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ നൽകുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

എഫ്.സി.ഐ. ഗോഡൗണുകളിൽ എഫ്.സി.ഐ. ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥരും സംയുക്തമായി സ്റ്റോക്കുകൾ പരിശോധന നടത്തി "mark" ചെയ്യുന്ന അരിയാണ് ഉച്ചഭക്ഷണ പദ്ധതിയിലേയ്ക്ക് വിട്ടെടുക്കുന്നത്. ഇത് സപ്ലൈകോ ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നു.

(സി) ഭക്ഷ്യസാധനങ്ങൾ ഗുണമേന്മയുള്ളതാണോയെന്ന് പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തി വരുന്നത്; വ്യക്തമാക്കാമോ?

സപ്ലൈകോ ക്വാളിറ്റി ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളമുള്ള സപ്ലൈകോ ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ നിശ്ചിത ഇടവേളകളിൽ ഗുണനിലവാര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് കോന്നി സി.എഫ്.ആർ.ഡി. ലാബിൽ പരിശോധന നടത്തി ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് വിതരണം ചെയ്തുവരുന്നത്.

## സുഭിക്ഷ ഹോട്ടലുകൾ

276 (277) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പ് രഹിത കേരളം പദ്ധതിയിലൂടെ ഇതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

46 എണ്ണം ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 06 |
| 2 | കൊല്ലം | 02 |
| 3 | പത്തനംത്തിട്ട | 05 |
| 4 | ആലപ്പുഴ | 07 |
| 5 | കോട്ടയം | 02 |
| 6 | ഇടുക്കി | 03 |
| 7 | എറണാകുളം | 02 |
| 8 | തൃശ്ശൂർ | 08 |
| 9 | പാലക്കാട് | 02 |
| 10 | മലപ്പുറം | 01 |
| 11 | കോഴിക്കോട് | 02 |
| 12 | വയനാട് | 02 |
| 13 | കണ്ണൂർ | 02 |
| 14 | കാസർഗോഡ് | 02 |
| | ആകെ | 46 |

## മുൻഗണന റേഷൻ കാർഡുകൾ

277 (278) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മണലൂർ നിയോജകമണ്ഡലത്തിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

2487 എണ്ണം.

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്ന് ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തീർപ്പാക്കിയിട്ടുണ്ട്.

## കൊല്ലം താലൂക്കിലെ റേഷൻ കാർഡുകൾ

278 (279) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിലവിലുള്ള എ.എ.വൈ., മുൻഗണന, പൊതുവിഭാഗം സബ്സിഡി, പൊതുവിഭാഗം എന്നീ വിവിധ വിഭാഗം റേഷൻ കാർഡുകളിൽ ഓരോന്നിന്റെയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

| ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 17258 |
| മുൻഗണന | 120824 |
| പൊതുവിഭാഗം സബ്സിഡി | 66095 |
| പൊതുവിഭാഗം നോൺ സബ്സിഡി | 80739 |

(ബി) പൊതുവിഭാഗം സബ്സിഡി, പൊതുവിഭാഗം എന്നീ റേഷൻ കാർഡുകളിൽ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രത്യേക

അനുമതി ഓരോ വിഭാഗത്തിലും എത്ര റേഷൻ കാർഡുകൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

472 റേഷൻകാർഡുകൾക്ക് ചികിത്സാ ആനുകൂല്യത്തിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ഇനം | എണ്ണം |
|---|---|
| പൊതുവിഭാഗം സബ്സിഡി | 62 |
| പൊതുവിഭാഗം നോൺസബ്സിഡി | 410 |
| ആകെ | 472 |

ബി. പി. എൽ. കാർഡിനുള്ള മാനദണ്ഡങ്ങൾ

279 (280) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ബി.പി.എൽ. കാർഡിനായി സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലാവധി എത്രയെന്ന് വിശദമാക്കുമോ?

മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

## പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

280 (281) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും റേഷൻ കാർഡ് വിതരണം വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അക്ഷയ സെന്റർ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ ആധാർ സഹിതം റേഷൻ കാർഡിനുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയതു പരിശോധിച്ച് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർ 24 മണിക്കൂറിനകം അപേക്ഷകന് പുതിയ റേഷൻ കാർഡിന്റെ പകർപ്പ് അക്ഷയ സെന്റർ മുഖേന ലഭ്യമാക്കുന്നതാണ്.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പുതുതായി റേഷൻ കാർഡിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ?

പുതിയ റേഷൻ കാർഡിനായുള്ള 22 അപേക്ഷകൾ നിലവിൽ തീർപ്പാക്കാനുണ്ട്.

## നിലമ്പൂർ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ

281 (282) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻകാർഡ് അനുവദിക്കുന്നതിനായി നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച ആകെ അപേക്ഷകളുടേയും അവയിൽ അനുവദിച്ചവ, നിരസിച്ചവ, ഇനിയും തീരുമാനമെടുക്കാത്തവ എന്നിവയുടെയും എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

മുൻഗണനാ റേഷൻകാർഡ് അനുവദിക്കുന്നതിനായി നിലമ്പൂർ താലൂക്കിൽ നാളിതുവരെ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലഭ്യമായ അപേക്ഷകൾ | 24531 |
| അനുവദിച്ചവ | 11672 |
| നിരസിച്ചവ | 689 |

| | |
|---|---|
| മുപ്പത് മാർക്കിൽ താഴെ ലഭിച്ചവ | 12170 |
| തീർപ്പാക്കാൻ ശേഷിക്കുന്നവ | ഇല്ല |

(ബി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ റേഷൻ കാർഡുകളുടെ എണ്ണവും ഇവയുടെ ശതമാനവും ഗ്രാമം, നഗരം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

| | |
|---|---|
| മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം | 37023 |
| മുൻഗണനാ റേഷൻകാർഡുകളുടെ ശതമാനം | 38.12 |
| ഗ്രാമതലത്തിലെ ആകെ മുൻഗണനാ കാർഡുകളുടെ എണ്ണം | 31715 |
| ശതമാനം | 39.17 |
| നഗരത്തിലെ ആകെ മുൻഗണനാ കാർഡുകളുടെ എണ്ണം | 5308 |
| ശതമാനം | 33 |

(സി) ഗ്രാമജനസംഖ്യയുടെ 52.63 ശതമാനവും നഗര ജനസംഖ്യയുടെ 39.5 ശതമാനവും മാത്രമെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവൂവെന്ന മാനദണ്ഡം താലൂക്ക്, വില്ലേജ്/പഞ്ചായത്ത് തലങ്ങളിൽ ബാധകമാണോ;

എങ്കിൽ പ്രസ്തുത മാനദണ്ഡം നിലമ്പൂർ താലൂക്കിൽ പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ബാധകമാണ്. പ്രസ്തുത മാനദണ്ഡം പാലിച്ചിട്ടുണ്ട്.

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നൽകുന്ന വെയിറ്റേജ് മാർക്കിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏത് വർഷത്തെ ബി.പി.എൽ. പട്ടികയാണ് പരിഗണിക്കുന്നത്; പ്രസ്തുത പട്ടിക അവസാനമായി പരിഷ്കരിച്ചത് ഏത് വർഷത്തിലാണ് എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ബി.പി.എൽ. പട്ടിക അവസാനമായി പരിഷ്കരിച്ച 2009-ലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ മുൻഗണനാ വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നത്.

(ഇ) പ്രസ്തുത പട്ടിക പത്ത് വർഷത്തോളം മുമ്പ് തയ്യാറാക്കിയതായതിനാൽ നിലവിലെ അപാകതകൾ പരിഹരിക്കുന്നതിനും കൂടുതൽ അർഹരെ ഉൾപ്പെടുത്തുന്നതിനുമായി പട്ടിക പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ?

ഭ.പൊ.വി.വ-ബി3/102/2022-ഭ.പൊ.വി.വ ഫയൽ പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21)-യുടെ 43-ാമത്

റിപ്പോർട്ടിൽ ഖണ്ഡിക 31-ലെ ശിപാർശ പ്രകാരം താഴെത്തട്ടിലുള്ള അർഹരെ കണ്ടെത്തി ഉൾപ്പെടുത്തുന്നതിനായി പുതിയ ബി.പി.എൽ. പട്ടിക തയ്യാറാക്കി സമയബന്ധിതമായി ആയത് പുതുക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകണമെന്നും അതിനായുള്ള തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് 2 വകുപ്പുകളും സംയുക്തമായി പ്രവർത്തിച്ച് പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ പ്രാപ്തമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് നിർദ്ദേശത്തിൻമേൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട് മുൻഗണനാ റേഷൻ കാർഡ് ലഭിച്ച കുടുംബത്തിലെ ഒരംഗത്തിന് പുതുതായി റേഷൻകാർഡ് അനുവദിക്കുമ്പോൾ മാതൃറേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടതായതിനാൽ അർഹതയുണ്ടായിട്ടും മുൻഗണനാ റേഷൻകാർഡ് നിഷേധിക്കപ്പെടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) പുതിയ അപേക്ഷകന്റെ മാതൃകാർഡിലെ സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ അപേക്ഷകൻ മുൻഗണനാ റേഷൻകാർഡിന് അനർഹനാകുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

സേവനാവകാശ നിയമപ്രകാരം ഒരാൾക്കും റേഷൻകാർഡ് ഇല്ലാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി അപേക്ഷ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ പുതിയ കാർഡ് അനുവദിക്കുകയാണ് ചെയ്തുവരുന്നത്. അപ്രകാരം ചെയ്യുമ്പോൾ അർഹതാ പരിശോധന നടത്തുന്നതിന് മതിയായ സമയം ലഭിക്കാത്തതിനാൽ പൊതുവിഭാഗം നോൺ സബ്സിഡിയിൽ ഉൾപ്പെടുത്തി കാർഡ് അനുവദിക്കുകയാണ് ചെയ്യുന്നത്. പുതിയ കാർഡിന്മേലുള്ള ആക്ഷേപം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ മുമ്പാകെ അപേക്ഷ നൽകിയാൽ അർഹത പരിശോധിച്ച് യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തും.

## മുൻഗണന വിഭാഗം റേഷൻ കാർഡുകൾ

282 (283) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണന വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മുൻഗണന വിഭാഗം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## മുൻഗണന റേഷൻ കാർഡുകൾ

283 (284) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എ.എ.വൈ., പി.എച്ച്.എച്ച്. പട്ടിക പ്രകാരം സംസ്ഥാനത്ത് മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയ റേഷൻ കാർഡ് ഉടമകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി)ഓരോ ജില്ലയിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഓരോ ജില്ലയിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ആദിവാസി വിഭാഗങ്ങൾക്ക് റേഷൻ കാർഡ് വിതരണം

284 (285) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

2905 ആദിവാസി കുടുംബങ്ങൾക്ക്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ റേഷൻ കാർഡ് അടിയന്തരമായി അനുവദിച്ച് നൽകുന്നതിനും ഇവർക്ക് ആവശ്യമായ ഭക്ഷ്യോല്പന്നങ്ങൾ റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ അപേക്ഷ ലഭ്യമാകുമ്പോൾ തന്നെ പരിശോധനയ്ക്ക് വിധേയമായി റേഷൻ കാർഡ് ഉടൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റേഷൻ കാർഡ് RCMS-ൽ അപ്ഡേറ്റ് ചെയ്തതിനുശേഷം ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്തുവരുന്നുണ്ട്. അതോടൊപ്പം സഞ്ചരിക്കുന്ന റേഷൻ കടകൾ മുഖേന ആദിവാസി ഊരുകളിലെ ഉൾപ്രദേശങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. ജില്ലയിലെ ചുരുളി, ഭൂദാനം, മീൻകൊല്ലി പ്രദേശങ്ങളിൽ നിലവിൽ സഞ്ചരിക്കുന്ന റേഷൻ കട പ്രവർത്തിച്ചുവരുന്നു.

(സി) റേഷൻ വ്യാപാരികൾ പ്രസ്തുത വിഭാഗം ജനങ്ങൾക്ക് ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>മുൻഗണനാ റേഷൻകാർഡിൽ നിന്നും സ്വമേധയാ ഒഴിഞ്ഞുപോയവർ</u>

285 (286) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി അനർഹരായ എത്രപേർ മുൻഗണന റേഷൻ കാർഡ് വിഭാഗത്തിൽ നിന്ന് സ്വമേധയാ ഒഴിഞ്ഞുപോയിട്ടുണ്ടെന്ന് അറിയിക്കാമോ?

943 പേർ.

(ബി) ഇത്തരത്തിൽ മുൻഗണനാ റേഷൻകാർഡ് വിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ട എത്രപേർ പ്രസ്തുത മണ്ഡലത്തിൽ ഉണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ?

ഇല്ല. ഒഴിവാക്കപ്പെടേണ്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നമുറയ്ക്ക് പിഴ ഈടാക്കി പൊതുവിഭാഗം കാർഡുകളിലേക്ക് മാറ്റി വരുന്നുണ്ട്.

(സി) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി എ.പി.എൽ. കാർഡ് ബി.പി.എൽ കാർഡായി മാറ്റി നൽകണമെന്നാവശ്യപ്പെട്ട് ലഭിച്ച ആകെ അപേക്ഷകൾ എത്ര; അവയിൽ അനുവദിച്ചത്, നിരസിച്ചത്, ഇനിയും തീരുമാനം എടുക്കാത്തത് എന്നിവയുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

| | |
|---|---|
| ആകെ അപേക്ഷകൾ | 4909 |
| അനുവദിച്ചവ | 3351 |
| നിരസിച്ചവ | 1383 |
| ശേഷിക്കുന്ന 175 എണ്ണം പരിശോധിച്ചുവരുന്നു. | |

## വയനാട് ജില്ലയിലെ മുൻഗണന റേഷൻ കാർഡുകൾ

286 (287) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എത്ര മുൻഗണന റേഷൻ കാർഡുകളുണ്ടെന്ന് വ്യക്തമാക്കാമോ?

106722 കാർഡുകൾ.

(ബി) ജില്ലയിൽ എത്ര റേഷൻ കടകൾ ഉണ്ടെന്ന വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

| | |
|---|---|
| സുൽത്താൻ ബത്തേരി | 122 |
| വൈത്തിരി | 92 |
| മാനന്തവാടി | 99 |
| ആകെ | 313 |

(സി) ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡുടമകളുണ്ടെന്ന് വ്യക്തമാക്കാമോ?

43647 കാർഡുടമകൾ.

(ഡി) 2016 മുതൽ കഴിഞ്ഞ ഓരോ വർഷവും ആദിവാസി വിഭാഗത്തിൽപ്പെട്ട റേഷൻകാർഡുടമകളുടെ എണ്ണത്തിലെ വർദ്ധനവിന്റെ വിവരം ലഭ്യമാക്കാമോ?

2017-ൽ റേഷൻകാർഡ് പുതുക്കലിനുശേഷം 2018 മുതൽ റേഷൻകാർഡ് സംബന്ധമായ സേവനങ്ങൾ ചെയ്യുന്നത് ആർ.സി.എം.എസ്. മുഖാന്തരമാണ്. 2019 മുതൽ ഓരോ വർഷവും ആദിവാസി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകളുടെ എണ്ണവും വർദ്ധനവും താഴെപ്പറയും പ്രകാരമാണ്.

| തീയതി | റേഷൻ കാർഡ് ഉടമകളുടെ എണ്ണം | വർദ്ധന |
|---|---|---|
| 01-01-2019 | 38186 | - |
| 01-01-2020 | 40039 | 1853 |
| 01-01-2021 | 42384 | 1325 |
| 01-01-2022 | 43392 | 1008 |

## റേഷൻ കാർഡ് വിതരണം

287 (288) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡ് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1302 എണ്ണം.

(ബി) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും മുൻഗണനാ റേഷൻ കാർഡ് ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

ആകെ 1857 എണ്ണം.

| പഞ്ചായത്ത് | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| ഐക്കരനാട് | 223 |
| കുന്നത്തുനാട് | 274 |
| കിഴക്കമ്പലം | 196 |
| മഴുവന്നൂർ | 157 |
| പൂതൃക്ക | 89 |
| തിരുവാണിയൂർ | 112 |
| വടവുകോട് പുത്തൻകുരിശ് | 311 |
| വാഴക്കുളം | 495 |
| ആകെ | 1857 |

(സി) പ്രസ്തുത അപേക്ഷകളിൽ അനുവദിച്ചത്, നിരസിച്ചത്, പരിഗണനയിലുള്ളത് എന്നിവയുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ?

| പഞ്ചായത്ത് | അനുവദിച്ചത് | നിരസിച്ചത് | പരിഗണനയിലുള്ളത് |
|---|---|---|---|
| ഐക്കരനാട് | 102 | 113 | 8 |
| കുന്നത്തുനാട് | 146 | 121 | 7 |
| കിഴക്കമ്പലം | 104 | 88 | 4 |
| മഴുവന്നൂർ | 86 | 66 | 5 |
| പൂതൃക്ക | 36 | 49 | 4 |
| തിരുവാണിയൂർ | 59 | 51 | 2 |
| വടവുകോട് പുത്തൻകുരിശ് | 150 | 157 | 4 |
| വാഴക്കുളം | 309 | 178 | 8 |
| ആകെ | 992 | 823 | 42 |

റേഷൻ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ

288 (289) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനത്തിന് റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം 15480040 ആണ്.

(ബി) ഈ ലിസ്റ്റിലെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാർ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെ സമീപനമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനുശേഷമെ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂവെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ മുൻഗണന റേഷൻ കാർഡുകൾ

289 (290) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര റേഷൻ കാർഡുകൾ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയെന്ന കണക്ക് മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

| മണ്ഡലം | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയ കാർഡുകൾ |
|---|---|
| കാഞ്ഞങ്ങാട് | 2526 |
| ഉദുമ | 1392 |
| തൃക്കരിപ്പൂർ | 1914 |
| കാസർഗോഡ് | 755 |
| മഞ്ചേശ്വരം | 2830 |
| ആകെ | 9417 |

(ബി) അനർഹമായി മുൻഗണന കാർഡുകൾ കൈവശം വച്ചവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

ഫീൽഡ് പരിശോധന നടത്തി അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ കണ്ടെത്തി പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 വരെ അവസരം നൽകിയിരുന്നു. എന്നാൽ 2022 മാർച്ച് 31 വരെയും ഒട്ടേറെ അനർഹർ കാർഡുകൾ സറണ്ടർ ചെയ്തിരുന്നു. 31-03-2022-നുശേഷം സറണ്ടർ ചെയ്തവരിൽ നിന്നും പിഴ ഈടാക്കുന്നതിനും ഫീൽഡ് പരിശോധന നടത്തി അനർഹരെ കണ്ടെത്തി പ്രസ്തുത കാർഡുകൾ പൊതുവിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതിനും കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇത്തരത്തിൽ എത്ര കാർഡുകളാണ് മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

| മണ്ഡലം | മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയ കാർഡുകൾ |
|---|---|
| കാഞ്ഞങ്ങാട് | 1256 |
| ഉദുമ | 736 |
| തൃക്കരിപ്പൂർ | 885 |
| കാസർഗോഡ് | 1012 |
| മഞ്ചേശ്വരം | 899 |
| ആകെ | 4788 |

## പെരിന്തൽമണ്ണ മണ്ഡലത്തിലെ റേഷൻ കടകൾ

290 (291) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ആകെ എത്ര റേഷൻ കടകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

76 എണ്ണം.

(ബി) പെരിന്തൽമണ്ണ മണ്ഡലത്തിൽ ആകെ എത്ര റേഷൻ കാർഡ് ഉടമകളാണുള്ളതെന്ന് വിശദമാക്കുമോ?

83704 പേർ.

(സി) റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റുന്നതിനുവേണ്ടി എത്ര അപേക്ഷകളാണ് പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിൽ നിലവിലുള്ളതെന്ന് വിശദമാക്കുമോ?

മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകളൊന്നും നിലവിൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ച

124 അപേക്ഷകളിൽ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

മേൽ പ്രസ്താവിച്ച ലിസ്റ്റ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് താമസംവിനാ പൂർത്തിയാക്കുന്നതാണ്.

(ഇ) പെരിന്തൽമണ്ണ മണ്ഡലത്തിൽ പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## പൂഞ്ഞാർ മണ്ഡലത്തിൽ കെ-സ്റ്റോറുകളാക്കി മാറ്റുന്ന റേഷൻ കടകൾ

291 (292) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) പ്രസ്തുത മണ്ഡലത്തിലെ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കാഞ്ഞിരപ്പള്ളി താലൂക്കിലെ 103-ാം നമ്പർ റേഷൻകടയെയാണ് കെ-സ്റ്റോർ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിനായി തെരഞ്ഞെടുത്തിരിക്കുന്നത്. കെ-സ്റ്റോർ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള റേഷൻകടകളെ തെരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

<u>പുതുതായി അനുവദിച്ച റേഷൻകടകൾ</u>

292 (293) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട് ദ്വീപിൽ റേഷൻകട അനുവദിക്കുന്നതിന് ജില്ലാ കളക്ടറും സിവിൽ സപ്ലൈസ് ജില്ലാ ഓഫീസറും തീരുമാനമെടുത്ത് ഒരു വർഷം കഴിഞ്ഞിട്ടും റേഷൻകട അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്, ഹോസ്ദുർഗ്ഗ് താലൂക്കിൽ ഇടയിലക്കാട് പ്രവർത്തിക്കുന്ന 73-ാം നമ്പർ റേഷൻ കട നിലനിർത്താനും വെള്ളാപ്പിൽ ഒരു റേഷൻകട കൂടി അനുവദിച്ച് നൽകാനായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ നൽകിയ അപേക്ഷ പരിശോധിച്ച് ഭ.പൊ.വി.വ.-ബി2/215/2021- ഭ.പൊ.വി.വ പ്രകാരം 73-ാം നമ്പർ റേഷൻ കട വെള്ളാപ്പ് എന്ന സ്ഥലത്ത് സൗകര്യപ്രദമായ കെട്ടിടം കണ്ടെത്തി നിലനിർത്താനും ഇടയിലക്കാട് എന്ന സ്ഥലത്ത് പുതിയ ഒരു റേഷൻകട ആരംഭിക്കുന്നതിനുമായി ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് ജില്ലാ കളക്ടറുടെ സാക്ഷ്യപ്പെടുത്തിയ പ്രൊഫോർമ, ചെക്ക്‌ലിസ്റ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ സഹിതം വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര റേഷൻകടകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

14 എണ്ണം. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

റേഷൻകട ലൈസൻസുകൾ

293 (294) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റേഷൻ കടകൾക്കാണ് പുതുതായി അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

14 റേഷൻ കടകൾക്ക്.

(ബി) പുതുതായി ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

1) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് പൂർത്തിയായിരിക്കണം.

2) ലൈസൻസി മരിച്ചതിനുശേഷം അനന്തരാവകാശിക്ക് ലൈസൻസ് അനുവദിക്കാൻ അപേക്ഷ സമർപ്പിക്കുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയായിരിക്കണം.

3) അപേക്ഷ നൽകുന്ന വർഷം ജനുവരി ഒന്നിന് 62 വയസ്സിൽ കൂടാൻ പാടില്ല.

4) കേരള ബോർഡ് ഓഫ് എക്സാമിനേഷന്റെ 10ാം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.

5) റേഷൻ കട നടത്തുന്നതിന് ലൈസൻസിക്ക് ശാരീരിക, മാനസികാരോഗ്യം ഉണ്ടായിരിക്കണം.

6) അപേക്ഷ നൽകുന്ന തീയതിക്കുമുമ്പ് റേഷൻകട സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ /വാർഡിൽ 3 വർഷം സ്ഥിരതാമസമുണ്ടായിരിക്കണം. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് റേഷൻകട സ്ഥിതി ചെയ്യുന്ന താലൂക്കിൽ സ്ഥിരതാമസം ഉണ്ടായിരിക്കണം.

7) വ്യക്തിഗത അപേക്ഷകളിൽ യോഗ്യതാ മാനദണ്ഡങ്ങൾ കണക്കാക്കുമ്പോൾ പ്രായത്തിൽ മുതിർന്ന അപേക്ഷകർക്കും, 10 വർഷം പരിചയ സമ്പന്നരായ സെയിൽസ്മാൻമാർക്കും മുൻഗണന നൽകുന്നതാണ്.

(സി) എത്ര റേഷൻകടകളുടെ ലൈസൻസുകളാണ് ഈ കാലയളവിൽ റദ്ദ് ചെയ്തതെന്ന് വ്യക്തമാക്കാമോ?

198 എണ്ണം.

(ഡി) ലൈസൻസുകൾ റദ്ദ് ചെയ്യാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1) ലൈസൻസികൾ മരണപ്പെടുക.

2) പ്രായാധിക്യംമൂലം റേഷൻകട തുടർന്ന് നടത്തുവാൻ കഴിയാതാവുക.

3) അനന്തരാവകാശികൾക്ക് റേഷൻകട തുടർന്ന് നടത്താൻ താൽപ്പര്യമില്ലാത്തതും, താൽപ്പര്യമുള്ളവർക്ക് എല്ലാ അനന്തരാവകാശികളും സമ്മതപത്രം നൽകാതിരിക്കുകയും ചെയ്യുക.

4) ലൈസൻസി രാജിവച്ച കടകൾ.

5) ഗുരുതരമായ ക്രമക്കേടുകളിൽ ശിക്ഷിക്കപ്പെടുക.

പുതിയ റേഷൻ കടകൾ

294 (295) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ വിതരണം വിപുലപ്പെടുത്തുന്നതിനായി പുതുതായി റേഷൻ കടകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല. എന്നാൽ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച്, ആവശ്യകതയുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്നതാണ്.

(ബി) പുതുതായി റേഷൻകടകൾ അനുവദിക്കുമ്പോൾ അപേക്ഷകർക്ക് യോഗ്യതയിൽ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

<u>റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ</u>

295 (296) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി) നിലവിൽ വിഭാവനം ചെയ്യുന്ന പരിഷ്കാരനടപടികളെക്കുറിച്ച് വിശദീകരിക്കാമോ?

(എ&ബി) ഒന്നാം LDF സർക്കാരിന്റെ കാലഘട്ടത്തിൽ തുടങ്ങിവച്ച ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുകയും ഭക്ഷ്യധാന്യവിതരണം കൂടുതൽ കൃത്യതയും സുതാര്യവുമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. 99.9 ശതമാനം റേഷൻകാർഡുകളും ആധാറുമായി ബന്ധിപ്പിക്കുകയും ആയതിലൂടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും മുൻഗണനാ പട്ടികയിലേയ്ക്ക് കൂടുതൽ അർഹരെ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിന്റെയും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻകടകളെ വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായി ആവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തികൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള സേവനങ്ങൾക്കുപുറമെ മിനി അക്ഷയ സേവനങ്ങളും സപ്ലൈകോ സബ്സിഡി ഉത്പന്നങ്ങളുടെ വിപണനവും 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവയുടെ വിപണനവും നടപ്പാക്കുന്നത്

വഴി റേഷൻകട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തികവർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>പദ്ധതിയിൽ റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്</u>.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

<u>മണ്ണെണ്ണ, ഗോതമ്പ് വിതരണ പ്രതിസന്ധി</u>

296(297) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതം കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷത്തിലും കുറച്ചുകൊണ്ട് വരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 9264 Kl. മണ്ണെണ്ണ ലഭിച്ചുകൊണ്ടിരുന്നതിൽനിന്നും 2021-22 സാമ്പത്തികവർഷത്തിൽ 6480 Kl. മണ്ണെണ്ണയായും 2022-23 സാമ്പത്തികവർഷത്തിൽ 3888 Kl. ആയും കുറച്ചിട്ടുണ്ട്. ടി മണ്ണെണ്ണയുടെ കുറവ് കണക്കിലെടുത്ത് 2021-22 സാമ്പത്തികവർഷം മുതൽ മൂന്ന് മാസത്തിൽ ഒരിക്കലാണ് സംസ്ഥാനത്ത് മണ്ണെണ്ണ വിതരണം നടത്തുന്നത്. 2021-22 സാമ്പത്തികവർഷത്തിൽ എല്ലാ AAY, PHH കാർഡുകൾക്കും മൂന്ന് മാസത്തിൽ ഒരിക്കൽ 1 ലിറ്റർ മണ്ണെണ്ണയും NPS, NPNS കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും NE കാർഡുകൾക്ക് മൂന്നു മാസത്തിലൊരിക്കൽ 8 ലിറ്റർ മണ്ണെണ്ണയുമാണ് നൽകിവന്നത്. മണ്ണെണ്ണയുടെ വിഹിതം ടി സാമ്പത്തികവർഷത്തിൽ വീണ്ടും കുറവ്

വരുത്തിയ അവസരത്തിൽ വിതരണ രീതി വീണ്ടും മാറ്റം വരുത്തുകയും AAY, PHH, NPS, NPNS എന്നീ നാലുവിഭാഗം കാർഡുകൾക്കും മൂന്ന് മാസത്തിലൊരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും NE കാർഡുകൾക്ക് 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണം ക്രമീകരിക്കുകയാണുണ്ടായത്. സംസ്ഥാനത്തിനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. (05-04-2022-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ ഡി.3/22/2022/ഭ.പൊ.വി.വ & 18-05-2022-ലെ ഡി.3/45/2022/ഭ.പൊ.വി.വ). ഇപ്പോൾ ഭക്ഷ്യ ഭദ്രതാനിയമപ്രകാരം അനുവദിച്ചുകൊണ്ടിരുന്ന ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ്, പ്രതിമാസം 6459.074 മെട്രിക് ടൺ കുറവുചെയ്ത് ടൈഡ് ഓവർ അരി 6459.074 മെട്രിക് ടൺ കൂടുതലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്ന് ഗോതമ്പ് പൂർണ്ണമായി കുറവുചെയ്ത് പകരം അരി അനുവദിച്ചിട്ടുണ്ട്. അതായത് പ്രതിമാസം 61670.451 മെട്രിക് ടൺ അരിയും 15729.609 മെട്രിക് ടൺ ഗോതമ്പുമുൾപ്പടെ ആകെ 77400.06 മെട്രിക് ടൺ ധാന്യമനുവദിച്ചിരുന്ന സ്ഥാനത്ത് 77400.06 മെ.ടൺ അരിയാണ് 2022 മെയ് മുതൽ 2022

സെപ്റ്റംബർ വരെയുള്ള മാസങ്ങളിലേക്ക് അനുവദിച്ചിട്ടുള്ളത്. ഗോതമ്പ് കുറവു വരുത്തിയെങ്കിലും പകരം അരി കൂടുതലായനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവ് വന്നിട്ടില്ല. ടൈഡ് ഓവർ വിഹിതം ഗോതമ്പ് പുനഃസ്ഥാപിച്ച് നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. (20.05.2022-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 76/ഡി.2/2022/ ഭ.പൊ.വി.വ)

ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിശപ്പുരഹിത കേരളം പദ്ധതി

297 (298) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ഹോട്ടലിനായി ലഭ്യമാക്കിയ കെട്ടിടത്തിൽ പാചകം ചെയ്യുന്നതിനുള്ള സൗകര്യമോ കുടിവെള്ള കണക്ഷനോ ഇല്ല. അടിസ്ഥാന

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നമുറയ്ക്കോ അല്ലെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥലം ലഭ്യമാകുന്നമുറയ്ക്കോ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് എത്ര പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ഒരു നിയോജകമണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ എന്ന നിലയിലാണ് സുഭിക്ഷ ഹോട്ടലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റ്, ഐ.സി.ഡി.എസ്. ജില്ലാ പ്രോഗ്രാം ഓഫീസർ, ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ എന്നിവരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ നിന്നും അന്വേഷണം നടത്തി ജില്ലാ സുഭിക്ഷാ കമ്മിറ്റിയാണ് സൗജന്യഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക തയ്യാറാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നൽകുകവഴി സമൂഹത്തിൽ നിന്ന് വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

നിരാലംബരും, കിടപ്പ് രോഗികളും ഒരു നേരത്തെ ഭക്ഷണംപോലും പാചകം ചെയ്ത് കഴിയ്ക്കാൻ ബുദ്ധിമുട്ടുന്നവർ, നിരാശ്രയർ തുടങ്ങിയവരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള സർക്കാർ/സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## റേഷൻ കടകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികൾ

298 (299) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ റേഷൻ കടകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തന റിപ്പോർട്ട് താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ തലപ്പിള്ളി, തൃശ്ശൂർ എന്നീ താലൂക്കുകളാണ് വരുന്നത്. ആയതിൽ തലപ്പിള്ളി താലൂക്കിൽ താലൂക്ക് തല വിജിലൻസ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 22.03.2022-ന് ഉത്തരവായിട്ടുണ്ട്. ടി വിജിലൻസ് സമിതിയുടെ യോഗം വിളിച്ച് ചേർക്കുന്നതിനായി തൃശ്ശൂർ ആർ.ഡി.ഒ.-ക്ക് കത്ത് നൽകിയിട്ടുണ്ട്. തൃശ്ശൂർ

താലൂക്കിലെ വിജിലൻസ് സമിതിയുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്.

## മലപ്പുറം ജില്ലയിലെ റേഷൻ വിതരണം

299(300) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് റേഷൻ വിതരണത്തിനുള്ള അരി അങ്ങാടിപ്പുറത്ത് നിലവിലുള്ള ഗോഡൗണിൽ നിന്നും എത്തിക്കുന്നതിനുപകരം ഒലവക്കോട് ഗോഡൗണിനെ ആശ്രയിക്കുന്നത് സപ്ലൈകോയ്ക്ക് പ്രതിമാസം ഭീമമായ നഷ്ടം ഉണ്ടാക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുറഞ്ഞ നിരക്കിൽ അങ്ങാടിപ്പുറം ഗോഡൗണിൽ നിന്നും അരി എത്തിക്കാമെന്നിരിക്കെ മറ്റ് ജില്ലയിലെ ഗോഡൗണിനെ ആശ്രയിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?ു

(എ&ബി) ഉണ്ട്. അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ നിന്ന് ലഭിക്കേണ്ട ധാന്യങ്ങൾ ഒലവക്കോട് എഫ്.സി.ഐ. ഡിപ്പോയിലേയ്ക്ക് ഡൈവേർട്ട് ചെയ്തുവരുന്ന നടപടി എഫ്.സി.ഐ.-യുടെ മാത്രം തീരുമാനപ്രകാരമുള്ളതാണ്. കടത്തുകൂലിയിനത്തിൽ നഷ്ടമുള്ളതിനാലും

സമയബന്ധിതമായി ലോഡുകൾ വിട്ടുകിട്ടാത്ത സാഹചര്യമുള്ളതിനാലും പ്രസ്തുത ഡൈവേർഷൻ ഒഴിവാക്കുന്നതിന് എഫ്.സി.ഐ.-യോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല.

(സി) ഇത്തരത്തിൽ ഒലവക്കോട് നിന്നും എത്തിക്കുന്ന അരി പഴകിയതും ദ്രവിച്ച ചാക്കുകളിൽ സംഭരിച്ചതും ആയതിനാൽ പലപ്പോഴും വിതരണത്തിന് നൽകാൻ കഴിയാത്ത സാഹചര്യമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഒലവക്കോട് നിന്നും വരുന്ന ചില ലോഡുകളിൽ മോശം ചാക്കുകളിൽ ഭക്ഷ്യധാന്യങ്ങൾ വരുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ എഫ്.സി.ഐ.-യുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ അരി വിതരണം ചെയ്യുന്നതിന് ഒലവക്കോട് ഗോഡൗണിനെയും അങ്ങാടിപ്പുറത്ത് നിലവിലുള്ള ഗോഡൗണിനെയും ആശ്രയിക്കുമ്പോൾ ഉള്ള ചെലവിലെ വ്യത്യാസം താരതമ്യം ചെയ്ത് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, നിലമ്പൂർ, ഏറനാട് എന്നീ താലൂക്കുകളിലേയ്ക്കുള്ള ധാന്യമാണ് അങ്ങാടിപ്പുറത്തുനിന്ന് ലഭിക്കേണ്ടത്. നോർമൽ NFSA വിഭാഗത്തിൽ ഒരു മാസം 150 ലോഡുകളാണ് പാലക്കാട് ഡിവിഷണൽ മാനേജർ ഇത്തരത്തിൽ ഒലവക്കോട് ഡിപ്പോയിലേയ്ക്ക് ഡൈവേർട്ട് ചെയ്തുവരുന്നത്.

മേൽ പറയപ്പെട്ട താലൂക്കുകളിലേയ്ക്ക് അങ്ങാടിപ്പുറത്തുനിന്നും, ഒലവക്കോട്ടുനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോഴുള്ള ചെലവിലെ താരതമ്യം അനുബന്ധമായി ചേർക്കുന്നു+.

<u>ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം</u>

300(301) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഓരോ മാസവും വിതരണത്തിനുമുമ്പ് എഫ്.സി.ഐ.-യിൽ നിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17-12-2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും, എഫ്.സി.ഐ. ജനറൽ മാനേജരും ചേർന്ന് ഒപ്പുവച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 20-04-2022-ലെ സർക്കുലർ നം.8/2022 പ്രകാരം പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് ഗുണനിലവാരമില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല

## സബ്സിഡി നിരക്കിൽ റേഷൻവിതരണം

301(302) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കാർഡ് ഉടമകൾക്ക് സബ്സിഡി നിരക്കിൽ റേഷൻവിതരണം നടത്തിയശേഷം കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ സബ്സിഡിരഹിതമായി എ.പി.എൽ. വിഭാഗങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗത്തിനനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നീക്കിയിരിപ്പ് കേന്ദ്രസർക്കാർ ഉത്തരവിനുവിധേയമായി പിന്നീടുള്ള ഏതെങ്കിലും മാസത്തെ അലോട്ട്മെന്റിൽ നിന്ന് കുറവ് ചെയ്യുകയാണ് ചെയ്യുന്നത്. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം അനുവദിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നീക്കിയിരിപ്പ് ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള അലോട്ട്മെന്റിലേയ്ക്ക് ക്രമീകരിക്കുകയും ചെയ്യുന്നു. മുൻഗണനാ വിഭാഗത്തിലെ ധാന്യ നീക്കിയിരിപ്പ് മുൻഗണനേതര

വിഭാഗങ്ങൾക്കായി ഉപയോഗിക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) റേഷൻ വിതരണത്തിൽ കൃത്യമായ അളവും തൂക്കവും ഗുണനിലവാരവും ഉറപ്പുവരുത്തിയശേഷം വിതരണക്കാർക്ക് 2 ശതമാനം ഷോർട്ടേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിച്ചുവരുന്നു.

(സി) റേഷനിതര ഉൽപ്പന്നങ്ങൾ അനുവദിച്ച് റേഷൻ കടകളെ ആകർഷകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുവിതരണ രംഗം ശാക്തീകരിക്കുന്നതിന്റെയും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യഘട്ടമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള സേവനങ്ങൾക്കുപുറമെ മിനി അക്ഷയ സേവനങ്ങളും സപ്ലൈകോ സബ്സിഡി ഉത്പന്നങ്ങളുടെ വിപണനവും 5000/- രൂപ വരെയുള്ള പണമിടപാടുകൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ

എന്നിവയുടെ വിപണനവും നടപ്പാക്കുന്നതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ സേവനവും റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) സ്റ്റോക്ക് നിലവാരമനുസരിച്ച് ആട്ട വിതരണവും യഥാവസരം സപ്പോർട്ടിംഗ് മണിയും കമ്മീഷനും അനുവദിക്കുമോ?

ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ടൈഡ് ഓവർ വിഹിതത്തിലെ മൊത്തം ഗോതമ്പും (6459.074 മെട്രിക് ടൺ) ആട്ടയാക്കി വിതരണം ചെയ്തുവന്നിരുന്നു. എന്നാൽ 2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള അലോട്ട്മെന്റിൽ നിന്ന് ടി ഗോതമ്പ് നിർത്തലാക്കി പകരം അരി അനുവദിച്ചതിനാൽ ടി കാലയളവിൽ മുൻഗണനേതര വിഭാഗത്തിനുള്ള ആട്ടയുടെ അലോട്ട്മെന്റ് നിർത്തലാക്കി. മുൻഗണനാ വിഭാഗത്തിന് നീക്കിയിരിപ്പുകൂടി കണക്കിലെടുത്താണ് നിലവിൽ ആട്ട അനുവദിച്ചുവരുന്നത്. നിലവിൽ ആട്ടയ്ക്കും സപ്പോർട്ടിംഗ് മണി ഉൾപ്പെടെയുള്ള കമ്മീഷൻ അനുവദിച്ചുവരുന്നു. അതതുമാസത്തെ കമ്മീഷൻ തുക തൊട്ടടുത്ത മാസം തന്നെ അനുവദിക്കുന്നുമുണ്ട്.

(ഇ) ലൈസൻസിക്ക് കട നടത്തുവാൻ താല്പര്യമില്ലാത്ത സാഹചര്യത്തിൽ സെയിൽസ്മാൻ കട നടത്തുവാനുള്ള അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ലൈസൻസിക്ക് കട നടത്തുവാൻ താല്പര്യമില്ലെന്ന സമ്മതപത്രം സമർപ്പിക്കേണ്ടതാണ്. ഒരേ കടയിൽ തന്നെ 10 വർഷം പരിചയസമ്പത്തുള്ള

സെയിൽസ്മാൻമാർക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുൻഗണന നൽകിവരുന്നു.

(എഫ്) കോട്ടയം ജില്ലയിൽ എ.ആർ.ഡി.366 നടത്തുന്ന അതിരമ്പുഴ വില്ലേജിൽ പടിഞ്ഞാറ്റുംകര പൂവം വീട്ടിൽ മോളി മാത്യൂ, സെയിൽസ് മാനായ റോയിക്ക് കടയുടെ ലൈസൻസ് നൽകണമെന്ന് കാണിച്ച് ഇ-ഫയൽ നമ്പർ. 5839035 പ്രകാരം 31-12-2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോട്ടയം ജില്ല കോട്ടയം താലൂക്കിലെ ARD 366-ന്റെ നിലവിലെ ലൈസൻസിയായ ശ്രീമതി മോളി മാതൃവിന്റെ അടുത്ത ബന്ധുവും സെയിൽസ്മാനുമായ ശ്രീ. റോയ് തോമസിന് ഡിപ്പോ നടത്തുന്നതിന് അനുവാദം നൽകണമെന്ന് അഡ്വ.മോൻസ് ജോസഫ് എം.എൽ.എ. അപേക്ഷ സമർപ്പിച്ചിരുന്നു. ARD 366-ന്റെ ലൈസൻസി നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് സെയിൽസ്മാനായ ശ്രീ. റോയ് തോമസിന് നിർദ്ദേശം നൽകുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും കോട്ടയം താലൂക്ക് സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ലൈസൻസി നിയമനത്തിനുള്ള അപേക്ഷ ശ്രീ. റോയ് തോമസ് സമർപ്പിച്ചിട്ടില്ല.

## വിലക്കയറ്റം തടയാൻ നടപടി

302 (303) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, ഗാർഹികാവശ്യത്തിനുള്ള പാചകവാതക സിലിണ്ടർ എന്നിവയുടെ അടിക്കടിയുള്ള വില വർദ്ധനവും കേന്ദ്രനയത്തിന്റെ ഫലമായി ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യയെണ്ണ, മരുന്നുകൾ, നിർമ്മിത ഉല്പന്നങ്ങൾ എന്നിവയ്ക്ക് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ ജനങ്ങളുടെ പൊതുജീവിതത്തെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) രാജ്യത്താകെ ജനജീവിതം ദുസ്സഹമാവുകയും വൻവിലക്കയറ്റം അനുഭവപ്പെടുകയും ചെയ്യുമ്പോൾ ഇത് തടഞ്ഞുനിർത്തുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുമായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഉണ്ട്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും സപ്ലൈകോ ഉത്സവസീസണുകളിൽ സംഘടിപ്പിക്കുന്ന മാർക്കറ്റുകളും ഫെയറുകളും റേഷൻകട വഴി PMGKAY പ്രകാരം ലഭിച്ച അധിക ഭക്ഷ്യധാന്യങ്ങളും വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിതരണം നടത്തുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് വില 2016-നുശേഷം വർദ്ധിപ്പിച്ചിട്ടില്ല. 2021-ലെ ക്രിസ്തുമസ്-ബക്രീദ് ഉത്സവകാലയളവിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി 14 ജില്ലകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ എത്തിച്ചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ഉല്പന്നങ്ങൾ വിതരണം ചെയ്തിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. പൊതുവിപണിയിൽ സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും ആയതുവഴി വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും

വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും 'സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വില വർദ്ധനവിനെക്കുറിച്ച് പഠനം നടത്തി ശിപാർശ സർക്കാരിന് നൽകുന്നതിനുവേണ്ടി ഒരു റിസർച്ച് അസിസ്റ്റന്റിനേയും ഒരു റിസർച്ച് ഓഫീസറേയും നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റത്തെ പ്രതിരോധിക്കാൻ നടപടി

303 (304) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റത്തെ പ്രതിരോധിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം

അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-യിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി എല്ലാ റേഷൻകാർഡുടമകൾക്കും 5,600 കോടി രൂപ ചെലവഴിച്ച് 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവസീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത്

തീരുമാനിക്കുന്നതിനും സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്തവ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്, ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്തിവരുന്നു.

## വിലക്കയറ്റം തടയാനുള്ള പ്രവർത്തനങ്ങൾ

304 (305) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി പ്രസ്തുത മേഖലയിലെ സ്വകാര്യ കച്ചവടക്കാരുടെകടന്നുകയറ്റവും അമിതവില ഈടാക്കലും നിയന്ത്രിക്കുന്നതിനും അതോടൊപ്പം ഗുണനിലവാരമുള്ള സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനുമായി കഴിഞ്ഞ സർക്കാർ നടപ്പാക്കിയതും ഈ സർക്കാർ നടത്തിവരുന്നതുമായ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകി പ്രസ്തുത മേഖലയിലെ സ്വകാര്യ കച്ചവടക്കാരുടെകടന്നുകയറ്റവും അമിത വില ഈടാക്കലും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ 13 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ എല്ലാ വിഭാഗം റേഷൻകാർഡുടമകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ ഓണം, ക്രിസ്തുമസ്, റംസാൻ മുതലായ ഉത്സവകാലങ്ങളിലും പുതിയ അദ്ധ്യയന വർഷാരംഭത്തിലും പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഫെയറുകൾ സംഘടിപ്പിക്കാറുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1630 ഔട്ട്ലെറ്റുകളിലേയ്ക്ക് രണ്ടുമാസത്തേയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഡിപ്പോകളിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥലസൗകര്യം, ഫണ്ടിന്റെ ലഭ്യത, കമ്പോള നിലവാരം എന്നിവ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ/ഇ-ഓക്ഷൻ/NAFED മുഖേന അരി ഉൾപ്പെടെയുള്ള പലവ്യഞ്ജന സാധനങ്ങൾ വാങ്ങി വില്പനശാലകളിലൂടെ വില്പന നടത്തുന്നുണ്ട്. സപ്ലൈകോ കൈകാര്യം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്കെല്ലാം ഗുണനിലവാര മാനദണ്ഡം

നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ, അഗ്മാർക്ക്, ഇൻഡ്യൻ Standards (BIS), FCI Standards എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഡിപ്പോകളിൽ വിതരണത്തിനെത്തിക്കുന്ന ഭക്ഷ്യവസ്തുക്കൾക്ക് നിശ്ചയിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോവെന്ന് പരിശോധിച്ചാണ് സ്വീകരിക്കുന്നത്. ക്വാളിറ്റി സംബന്ധിച്ച പരാതി ലഭിക്കുന്ന അവസരങ്ങളിൽ വസ്തുതകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും Quality Assurance Officer-മാർ സപ്ലൈകോ വില്പന ശാലകളിൽനിന്നും ഭക്ഷ്യവസ്തുക്കളുടെ Sample-കൾ പരിശോധിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണ സംവിധാനവും നിലവിലുണ്ട്.

(ബി) സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വിപണനം നടത്തുന്നതോടൊപ്പം കാർഷികോല്പന്നങ്ങളും ശേഖരിച്ച് കുറഞ്ഞ വിലയിൽ ജനങ്ങൾക്കുനൽകുവാനും അതുവഴി സ്വകാര്യ കുത്തകകളുടെ കടന്നുകയറ്റം ഒഴിവാക്കാനും കർഷകർക്ക് ന്യായവില ഉറപ്പാക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിബന്ധനകൾക്കുവിധേയമായി

കർഷകർക്ക് ന്യായവില ഉറപ്പാക്കി കർഷകരിൽനിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) പൊതുവിപണിയിലെ വിലക്കയറ്റം തടയുവാൻ നടത്തിവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളക്

പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-യിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും 13 തവണകളിലായി 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവസീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിനും സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്തവ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ

വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്, ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

305 (306) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം രൂക്ഷമാകുന്ന സാഹചര്യത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ സംസ്ഥാന സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ചുനിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80

കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതിനുപുറമെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി'-യിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും 5,600 കോടി രൂപ ചെലവഴിച്ച് 11.5 കോടി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവസീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്.

വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിനും സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്, ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

<u>ഭക്ഷ്യധാന്യ വിഹിതം</u>

306 (307) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന് ഭക്ഷ്യഭദ്രതാ നിയമ പ്രകാരം പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാവിഭാഗങ്ങൾക്കുവേണ്ടി വരുന്ന 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന നാല് ലക്ഷം മെട്രിക് ടൺ വിഹിതത്തിൽനിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തേണ്ടത്. എ.എ.വൈ./മുൻഗണനാവിഭാഗങ്ങളുടെ എണ്ണത്തിനും ടി വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിതരണത്തോതിനും ആനുപാതികമായി ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ് ഓവർ വിഹിതം, മുൻകാലങ്ങളിൽ അധിക വിഹിതമുൾപ്പടെ എ.പി.എൽ. വിഭാഗത്തിനുലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ അളവിനേക്കാൾ 27958 മെട്രിക് ടൺ കുറവാണ്. മുൻഗണനേതര വിഭാഗത്തിന് റേഷൻ വിഹിതം തൃപ്തികരമാംവിധം നൽകുന്നതിന് ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂലമായ സമീപനം ഇതുവരെ ഉണ്ടായിട്ടില്ല.

(ബി) നിലവിൽ കേരളത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമപ്രകാരം 26835.124 മെട്രിക്ടൺ അരിയും 6459.074 മെട്രിക്ടൺ ഗോതമ്പുമുൾപ്പെടെ 33294.198 മെട്രിക്ടൺ ഭക്ഷ്യധാന്യം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 2022 ജൂൺ മുതൽ ഗോതമ്പ് കുറവുചെയ്ത് അരി വിഹിതം വർദ്ധിപ്പിച്ച്, 33294.198 മെട്രിക്ടൺ അരിയാണ് ലഭിച്ചുവരുന്നത്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാവിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽനിന്ന് ഗോതമ്പ് പൂർണ്ണമായി കുറവുചെയ്ത് പകരം അരി അനുവദിച്ചിട്ടുണ്ട്. അതായത് പ്രതിമാസം 61670.451 മെട്രിക്ടൺ അരിയും 15729.609 മെട്രിക്ടൺ ഗോതമ്പുമുൾപ്പെടെ ആകെ 77400.06 മെട്രിക്ടൺ ധാന്യമനുവദിച്ചിരുന്ന സ്ഥാനത്ത് 77400.06 മെട്രിക്ടൺ അരിയാണ് 2022 മെയ് മുതൽ 2022 സെപ്റ്റംബർ വരെയുള്ള മാസങ്ങളിലേക്ക് അനുവദിച്ചിട്ടുള്ളത്. ഗോതമ്പ് കുറവുവരുത്തിയെങ്കിലും പകരം അരി കൂടുതലായനുവദിച്ചിട്ടുള്ളതിനാൽ മൊത്തം അലോട്ട്മെന്റിൽ കുറവുവന്നിട്ടില്ല.

(സി) പൊതുവിപണിയിലെ വിലക്കയറ്റം തടഞ്ഞുനിർത്താൻ പൊതുവിതരണ രംഗത്ത് 2021-22 സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 3278.015 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>നെല്ല് സംഭരണ വിലയിലുണ്ടായിട്ടുള്ള വ്യത്യാസം</u>

307 (308) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരിൽനിന്നും കിലോയ്ക്ക് എത്ര രൂപ നിരക്കിൽ നെല്ല് സംഭരിക്കുന്നതിനാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-22 സീസണിൽ കിലോയ്ക്ക് 19.40 രൂപ നിരക്കിലാണ് നെല്ലിന്റെ അടിസ്ഥാന താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ചിട്ടുള്ളത് കിലോയ്ക്ക് എത്ര രൂപ വീതം ആണ്; എന്ന് മുതലാണ് ഈ നിരക്ക് പ്രകാരം കർഷകരിൽനിന്ന് സർക്കാർ നെല്ല് സംഭരിച്ചുതുടങ്ങിയതെന്ന് വെളിപ്പെടുത്താമോ?

2021-22 സീസണിലെ 2021 സെപ്റ്റംബർ മാസം മുതൽ സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ കിലോയ്ക്ക് 8.60 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2022-

23 സീസൺ മുതൽ സംസ്ഥാന പ്രോത്സാഹന ബോണസ് 8.80 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ അവസാന നാളുകളിൽ അന്നത്തെ ധനകാര്യമന്ത്രി പ്രഖ്യാപിച്ചിരുന്ന നെല്ല് സംഭരണ വിലയിലെ 52 പൈസയുടെ വർദ്ധനവ് കർഷകർക്ക് ലഭ്യമാക്കുകയുണ്ടായോവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2020-21 സീസണിൽ നെല്ലിന്റെ സംഭരണ വില 10-04-2021-ലെ സ.ഉ.(കൈ)നം.16/2021/ഭ.പൊ.വി.വ. പ്രകാരം 52 പൈസ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 28 രൂപയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നെല്ല് സംഭരണ വിലയിൽ വീണ്ടും 20 പൈസയുടെ വർദ്ധനവ് പ്രഖ്യാപിക്കുകയുണ്ടായോ; എങ്കിൽ ഈ വർദ്ധനവിന്റെ ആനുകൂല്യം കർഷകർക്ക് ലഭിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ?

2022-23 സീസൺ മുതൽ 19-04-2022-ലെ സ.ഉ.(കൈ)നം. 9/2022/ഭ.പൊ.വി.വ. പ്രകാരം നെല്ലിന്റെ സംഭരണ വില 20 പൈസ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 28.20 രൂപയായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സീസൺ മുതൽ ഇത് കർഷകർക്ക് ലഭിക്കും.

(ഇ) നിലവിൽ സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന് കിലോയ്ക്ക് എത്ര രൂപ വീതമാണ് കർഷകർക്ക് നൽകിയതെന്ന് അറിയിക്കാമോ?

2021-22 സീസണിൽ കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില കിലോഗ്രാമിന് 28/- രൂപ നിരക്കിലാണ് നൽകിവരുന്നത്.

(എഫ്) കർഷകർക്ക് നൽകിയ വില മുൻപ്രഖ്യാപനങ്ങൾ പ്രകാരമുള്ള ആകെ വിലയേക്കാൾ കുറവായിരുന്നോ; എങ്കിൽ ഈ കുറവുണ്ടായത് എന്തുകൊണ്ടാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അല്ല. 2021-22 സീസണിലെ നെല്ലിന്റെ സംഭരണ വിലയായ 28/- രൂപയിൽനിന്നും 20 പൈസ വർദ്ധിപ്പിച്ച് 2022-23 സീസൺ മുതൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.20/- രൂപയായി 19-04-2022-ലെ സ.ഉ.(കൈ)നം.9/2022/ഭ.പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റം</u>

308 (309) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ പ്രകാരവും 21-10-2021-ലെ സ.ഉ.(സാധാ)നം.55/2021/ഉ.ഭ.പ.വ പ്രകാരവും സർക്കാർ

ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ വഴി മാത്രമെ ആകാവൂവെന്ന് നിർദ്ദേശമുണ്ടെങ്കിലും ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഇത് നടപ്പിലാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകപ്പിൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി Human Resource Management സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് 12,86,200/- രൂപയുടെ (പന്ത്രണ്ട് ലക്ഷത്തി എൺപത്തിയാറായിരത്തി ഇരുനൂറ് രൂപ) ഭരണാനുമതി 11-05-2022-ലെ ജി.ഒ.(ആർ.ടി.)നം.166/2022/F&CS പ്രകാരം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ Human Resource Management സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് 02-06-2022-ൽ C-Dit-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ പൊതുസ്ഥലം മാറ്റത്തിനുള്ള ഇലക്ട്രോണിക്സ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പ്രകാരമാണോ സ്ഥലം മാറ്റം നടക്കുന്നത്?

ഇലക്ട്രോണിക് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഓൺലൈൻ സ്ഥലം മാറ്റം എന്നുമുതൽ നടപ്പാക്കാനാകുമെന്ന് വിശദീകരിക്കാമോ?

സോഫ്റ്റ്‌വെയർ രൂപീകരിച്ച് പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് വകപ്പിൽ ഓൺലൈൻ സ്ഥലം മാറ്റം നടപ്പിലാക്കുന്നതാണ്.

<u>ഭക്ഷ്യയോഗ്യമല്ലാത്ത അരിവിതരണം</u>

309 (310) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി അടുത്തകാലത്ത് വ്യാജ മട്ടയരി വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യയോഗ്യമല്ലാത്ത അരി എണ്ണയും നിറവും ചേർത്ത് പോളീഷ് ചെയ്ത് എത്തിക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ?

കോന്നി CFRD-യിൽ പരിശോധന നടത്തുകയും പരാതിയിൽ കഴമ്പില്ലായെന്ന് കണ്ടെത്തുകയും വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനുമായി എല്ലാ മേഖലാ/ജില്ലാ/താലൂക്കുതല ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുകൂടാതെ എല്ലാ താലൂക്കിലും ഓരോ ഫ്ലൈയിംഗ് സ്ക്വാഡ് രൂപീകരിച്ച് തുടർച്ചയായി മിന്നൽ പരിശോധനകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ അളവും ഗുണനിലവാരവും ഉറപ്പാക്കാൻ നടപടി

310 (311) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പെട്രോൾ പമ്പുകളും ഗ്യാസ് വിതരണ കമ്പനികളും അളവ്-തൂക്കവും ഗുണമേന്മയും കൃത്യമായി പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്. പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ജനങ്ങൾക്ക് ഗുണമേന്മയുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നുവെന്ന് ഉറപ്പ്

വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കൃത്യമായ ഇടവേളകളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും പെട്രോളിയം ഉൽപ്പന്നങ്ങളുടെ അളവ്-ത്തുക്കവും ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി, ലോക ഉപഭോക്തൃദിനാചരണത്തോട് അനുബന്ധിച്ച് ഉദ്ഘാടനം ചെയ്ത 'ക്ഷമത' പരിപാടിയുടെ ഭാഗമായി മാർച്ച് 15 മുതൽ മേയ് 20 വരെ സംസ്ഥാനത്തുടനീളം 1145 പെട്രോൾ പമ്പുകൾ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയ 124 പമ്പുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പ്രസ്തുത പരിശോധന തുടരാനും ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാർഡ് പുനർനിർണ്ണയം

311 (312) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ,

ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം നടത്തുന്നതിനായി എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം നടത്തുന്നതിനായി നടപടികളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല. വാർഡ് അതിർത്തികളുടെ പുനർനിർണ്ണയം സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

## വാതിൽപ്പടി സേവന പദ്ധതി

312 (313) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കുന്ന സന്നദ്ധ സേവന അംഗങ്ങൾക്ക് വേതനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

22-09-2021-ലെ സ.ഉ.(സാധാ)നം.1821/2021/തസ്വഭവ. പ്രകാരം പദ്ധതി നടത്തിപ്പിനാവശ്യമായ ചെലവുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം രൂപ വീതവും കോർപ്പറേഷനുകളിൽ അഞ്ച് ലക്ഷം രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽനിന്നോ വികസനഫണ്ടിൽനിന്നോ വകയിരുത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത തുക പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കും തയ്യാറെടുപ്പുകൾക്കുമായി പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത തുക കൂടാതെ വ്യക്തികളിൽനിന്നുള്ള സംഭാവന, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം പ്രത്യേക അക്കൗണ്ടിൽ സ്വരൂപിച്ച് ചെലവ് ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിനായി ഒരു വർഷം ശരാശരി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ശരാശരി വാർഷികച്ചെലവ് കണക്കാക്കിയിട്ടില്ല. പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം, നൽകേണ്ടിവരുന്ന സേവനങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ ജനസംഖ്യ, ഭൂമിശാസ്ത്രപരമായ ഘടനയും വ്യാപ്തിയും തുടങ്ങിയ വിവിധ കാരണങ്ങളാൽ പദ്ധതി നടത്തിപ്പിന് ചെലവാകുന്ന തുകയിൽ വ്യാപകമായ ഏറ്റക്കുറച്ചിൽ ഉണ്ടായേക്കും.

(ഇ) സ്പോൺസർഷിപ്പിലൂടെയും മറ്റും അധിക ധനസമാഹരണം നടത്തി പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം ദീർഘകാലത്തേയ്ക്ക് പ്രായോഗികമാണോയെന്നും പദ്ധതി നിന്നുപോകാനിടയാക്കില്ലെയെന്നും വിശദീകരിക്കുമോ?

പൊതുജനങ്ങൾക്കും സർക്കാർ ഇതര സംവിധനങ്ങൾക്കും സാമൂഹികസേവന പ്രവൃത്തികളിൽ സഹകരിക്കുവാൻ അവസരം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെയും മറ്റും തുടർച്ചയായി അധിക സമാഹരണം നടത്താൻ കഴിയുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ

313 (314) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽവരുന്ന റോഡുകൾ, തോടുകൾ, ആറുകൾ, പുറമ്പോക്കുകൾ, തരിശുനിലങ്ങൾ എന്നിവയുടെ രേഖകളടങ്ങിയ ആസ്തി രജിസ്റ്റർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരള അക്കൗണ്ട്സ് റൂൾ 2011, റൂൾ 80 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൈമാറിയതുമായ സ്ഥാവരജംഗമ ആസ്തി വിവരങ്ങൾ ഉചിതമായ ആസ്തി രജിസ്റ്ററുകളിൽ സെക്രട്ടറി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡുതല സർവ്വേ നടത്തി,

ആസ്തികളുടെ വിവര ശേഖരണം നടത്തി, നിശ്ചിത പ്രൊഫോർമയിലുള്ള രജിസ്റ്ററുകളിൽ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ രജിസ്റ്ററുകൾ IKM തയ്യാറാക്കിയ 'സചിത്ര' സോഫ്റ്റ്‌വെയറിലൂടെ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുകയുണ്ടായി. തുടർന്ന്, ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും പൂർണ്ണമായും കുറ്റമറ്റതാക്കുന്നതിനും ഡിജിറ്റൽ രജിസ്റ്ററായി സൂക്ഷിക്കുന്നതും സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ വിവരങ്ങൾ 'M-Asset' ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്നതിന് മൊബൈൽ ഫോൺ വാങ്ങുന്നതിനും ഡാറ്റാകണക്ഷൻ ചാർജ്ജ് അനുവദിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥപനങ്ങളിൽ കെ.എസ്.ആർ.ഇ.സി. തയ്യാറാക്കിയിട്ടുള്ള ആർ-ട്രാക്ക് മൊബൈൽ ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വിവിധ ഇനം ആസ്തികളുടെ ഡിജിറ്റലൈസേഷൻ എട്ട് ജില്ലകളിൽ നടന്നുവരികയാണ്.

<u>തദ്ദേശ പൊതുസർവ്വീസ് രൂപീകരണം</u>

314 (315) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വകുപ്പുകളെ ഏകോപിപ്പിച്ച് രൂപീകരിച്ച തദ്ദേശ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ പ്രാബല്യത്തിൽ നിലവിൽവന്നു. തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽവരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയും ചെയ്തു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകളുൾപ്പെടെ സ്വരാജ് ഭവനിലേക്കുമാറ്റി അഞ്ച് വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.

വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുൻസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട്

എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022-ലെ തദ്ദേശസ്വയംഭരണ പൊതുസർവീസ് ഓർഡിനൻസ് (2022-ലെ അഞ്ചാം നമ്പർ) 31-03-2022 പുറപ്പെടുവിച്ചു.

ഏകീകൃത വകുപ്പിന്റെയും സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സർവ്വീസ് രൂപീകരണത്തിനുശേഷം പൊതുജനങ്ങൾക്കും ജീവനക്കാർക്കും ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾക്കിടയിലും ഇവ തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനമാവശ്യമാണ്. ഏകീകൃത വകുപ്പ് ഇത് സാധ്യമാക്കുന്നു. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് അത്യന്താപേക്ഷിതമാണ്.

വകുപ്പുതല ഏകോപനവും പദ്ധതി സംയോജനവും നിർവ്വഹണവും മികച്ച രീതിയിൽ നടപ്പിലാക്കുവാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്തുലിത പങ്കാളിത്തത്തിലൂടെ വികേന്ദ്രീകരണ പ്രസ്ഥാനത്തെ മുന്നോട്ടുനയിക്കാനുള്ള ഒരു ഭരണനിർവ്വഹണ സഹായക സംവിധാനമായിരിക്കും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്.

വ്യത്യസ്ത തലങ്ങളിലായി നിൽക്കുന്ന അഞ്ച് വകുപ്പുകൾ ഏകീകരിക്കുന്നതോടുകൂടി ഭരണ രംഗത്ത് ആസൂത്രണത്തിലുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുവാൻ സഹായിക്കുന്നതാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമതയും വികസന നേട്ടങ്ങളും ഉയർത്തുന്നതിനും പ്രാദേശിക വികസനത്തിൽ ഏകോപനവും സംയോജനവും ഉറപ്പാക്കുന്നതിനും കഴിയും. ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലുമുള്ള ജീവനക്കാർ ഒരേ വകുപ്പിനുകീഴിൽ ആകുന്നതോടെ സേവന, വികസന പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റം ജനങ്ങൾക്ക് അനുഭവവേദ്യമാകും. വിവിധ തട്ടുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം

ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് അനിവാര്യമാണ്.

(സി) തദ്ദേശ പൊതുസർവ്വീസ് പ്രാവർത്തികമായതിനുശേഷം അഞ്ച് വകുപ്പുകളിലെ സമാന തസ്തികകളിൽനിന്നും പരസ്പരം ട്രാൻസ്ഫർ നടത്തിയിട്ടുണ്ടോ; അത്തരത്തിൽ ട്രാൻസ്ഫറുകൾ നടത്തുമ്പോൾ ജീവനക്കാരുടെ പ്രൊമോഷൻ അടക്കമുള്ള കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ സമാന തസ്തികകളിൽനിന്നും പരസ്പരം സ്ഥലംമാറ്റം നടത്തിയിട്ടില്ല.

(ഡി) തദ്ദേശ പൊതുസർവ്വീസിലെ സമാന തസ്തികകളിൽനിന്നും പരസ്പരം ട്രാൻസ്ഫറുകൾ നടത്തുന്നതിന് പൊതുവായ നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് എസ്.ആർ.ഒ. നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഈ സർവ്വീസ് പ്രാവർത്തികമായതിനുശേഷം പ്രസ്തുത

വകുപ്പുകളിലെ ജീവനക്കാരെ സംയോജിപ്പിച്ച് പെൻ നമ്പർ, ജി.പി.എഫ്. എന്നീ കാര്യങ്ങളിൽ എകോപനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; വകുപ്പിലെ സ്ഥിരം ജീവനക്കാർക്ക് ഏകീകൃത എസ്റ്റാബ്ലിഷ്മെന്റ് പ്രോസെസ് നടപ്പാക്കുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## മൈക്രോ പ്ലാനുകൾ

315(316) ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്രരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അത്തരത്തിൽപ്പെട്ടവരെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായോ; അതിദാരിദ്ര്യത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടപടികൾ പൂർത്തിയായിട്ടുണ്ട്. 64006 അതിദരിദ്ര കുടുംബങ്ങളാണ് ടി പ്രക്രിയയിലൂടെ

കണ്ടെത്തിയിട്ടുള്ളത്.

(ബി) ഇവർക്കായി അതിജീവന പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഏതുരീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്; ഇവരുടെ ആരോഗ്യരക്ഷ, ജീവനോപാധികൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ ദൗത്യങ്ങൾക്കായി മൈക്രോ പ്ലാനുകൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഇവരുടെ ഉന്നമനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. കുടുംബാധിഷ്ഠിത സാഹചര്യങ്ങൾക്കനുസൃതമായിട്ടുള്ള, മൈക്രോപ്ലാൻ മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൈക്രോപ്ലാനുകൾ ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതാണ്.

(സി) നഗര ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിൽ കേരളത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കാനായിട്ടുണ്ടോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉണ്ട്. ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി (എൻ.യു.എൽ.എം.) നടത്തിപ്പിൽ മികച്ച പ്രവർത്തനം വിലയിരുത്തുന്നതിന് SPARK (Systematic Progressive Analytical Real-Time Ranking)

ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റേറ്റിംഗിൽ 2020-2021 സാമ്പത്തികവർഷം കേരളത്തിന് ഒന്നാം റാങ്ക് ലഭ്യമായിട്ടുണ്ട്. എൻ.യു.എൽ.എം. പദ്ധതിയിൽ പ്രധാനമായും ആറ് ഘടകങ്ങളാണുള്ളത്.

1) സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും

വ്യക്തികളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങളെ രൂപീകരിക്കുകയും ഇവർക്ക് ബാങ്ക് അക്കൗണ്ട് എടുക്കുന്നതിനുമാവശ്യമായ സഹായം ലഭ്യമാക്കി ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ഘടകത്തിന്റെ ഉദ്ദേശലക്ഷ്യം. സ്വയം സഹായ സംഘടനകളെ വാർഡുതലത്തിൽ സംഘടിപ്പിച്ച് ഏരിയ ലെവൽ ഫെഡറേഷനുകളും നഗരസഭാതലത്തിൽ ഏരിയ ലെവൽ ഫെഡറേഷനുകളെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ലെവൽ ഫെഡറേഷനുകളും രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത് കുടുംബശ്രീ സംവിധാനത്തിലുൾപ്പെടുത്തി അയൽക്കൂട്ട-എ.ഡി.എസ്.-സി.ഡി.എസ്. ത്രിതല സംഘടനാ സംവിധാനമാണ്. അയൽക്കൂട്ട-എ.ഡി.എസ്.-സി.ഡി.എസ്. രൂപീകരണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, നിർജ്ജീവമായതോ/പ്രവർത്തനം മന്ദീഭവിച്ചതോ ആയ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കൽ എന്നിവ

പ്രസ്തുത ഘടകത്തിലുൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപയും എ.ഡി.എസ്.-കൾക്ക് 50,000/- രൂപയും റിവോൾവിംഗ് ഫണ്ട് (ഒറ്റത്തവണ) ലഭ്യമാക്കും. 2020-21 കാലയളിൽ 1992 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 3123 അയൽക്കൂട്ടങ്ങൾക്ക് RF ലഭ്യമാക്കുകയും 172 ADS-കൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയും ചെയ്തു.

2) <u>നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ</u>

നഗരപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളിൽനിന്നുള്ള യുവതീ-യുവാക്കൾക്ക് (18-35 വയസ്സ് പ്രായപരിധി) നൈപുണ്യ പരിശീലനം ലഭ്യമാക്കി വേതനാധിഷ്ഠിത തൊഴിലോ (കുറഞ്ഞത് 8000/- രൂപ മാസ വരുമാനം) സ്വയംതൊഴിലോ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന ഘടകമാണിത്. നാഷണൽ സെക്ടർ സ്കിൽ കൗൺസിൽ അംഗീകാരമുള്ള സെക്ടർ സ്കിൽ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. 2020-21 കാലയളവിൽ 2363 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുകയും 1583 പേർ പൂർത്തിയാക്കുകയും 774 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

3) <u>സ്വയം തൊഴിൽ പദ്ധതി</u>

നഗര ദരിദ്രർക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഒറ്റയ്ക്കായോ കൂട്ടായോ (3 മുതൽ 10 അംഗങ്ങൾ) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ടി ഘടകം. വ്യക്തിഗത സംരംഭങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയും ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഇതിന് ഏഴ് ശതമാനത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി നൽകുന്നതാണ്. കൂടാതെ, അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ലിങ്കേജ് വായ്പകൾക്കും ഏഴ് ശതമാനത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി ലഭ്യമാക്കും. 2020-21 കാലയളവിൽ 995 സംരംഭകങ്ങൾ ആരംഭിച്ചതുവഴി 1341 പേർക്ക് തൊഴിലവസരം നൽകി.

4) <u>നഗരത്തിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി</u>

തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് താൽക്കാലിക താമസത്തിന് അവസരമൊരുക്കുകയാണ് ലക്ഷ്യം. പുതിയ ഷെൽട്ടറുടെ നിർമ്മാണം നിലവിലുള്ളവയുടെ നവീകരണം (refurbishment) നടത്തി താമസസൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. നഗരപ്രദേശങ്ങളിൽ ഇപ്രകാരം തെരുവിൽ കഴിയുന്ന വ്യക്തികളെ സർവ്വേയിലൂടെ കണ്ടെത്തി ആവശ്യാനുസരണം ഷെൽട്ടർ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. 2020-21 കാലയളവിൽ രണ്ട് പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം

പൂർത്തീകരിച്ചു, രണ്ട് എണ്ണം നവീകരിച്ച് പ്രവർത്തനമാരംഭിച്ചു.

5) <u>നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ</u>

നഗരപ്രദേശങ്ങളിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്ന വ്യക്തികളുടെ സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികളിലുൾപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. 24643 തെരുവുകച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തുകയും 7235 പേർക്ക് PM Svanidhi പദ്ധതി പ്രകാരം ലോൺ ലഭ്യമാക്കുകയും ചെയ്തു.

6) <u>കാര്യശേഷി വികസനവും പരിശീലനവും</u>

എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്, വിവിധ സ്റ്റേറ്റ്ഹോൾഡർമാർ, ത്രിതല സംഘടനാ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുകയാണ് ഈ ഘടകത്തിലൂടെ ചെയ്യുന്നത്. ഓരോ സാമ്പത്തിക വർഷവും മേൽപ്പറഞ്ഞ ഘടകങ്ങൾക്കുള്ള ടാർഗറ്റ് നഗര-പാർപ്പിട ഭവനകാര്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. ആയത് സംബന്ധിച്ചിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടാണ് റാങ്കിംഗ് പരിഗണിക്കുന്നത്.

## മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

316(317) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം CMLRRP പദ്ധതിയിൽ പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ മുൻസർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത താഴെ കൊടുത്ത റോഡുകളുടെ പ്രവൃത്തി പൂർത്തീകരണം ഇപ്പോൾ നടന്നുവരുന്നുണ്ട്.

| ജില്ല | റോഡുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 357 |
| കൊല്ലം | 274 |
| പത്തനംതിട്ട | 318 |
| ആലപ്പുഴ | 308 |
| കോട്ടയം | 360 |
| ഇടുക്കി | 222 |
| എർണാകുളം | 376 |
| തൃശ്ശൂർ | 413 |
| പാലക്കാട് | 419 |

| | |
|---|---|
| മലപ്പുറം | 744 |
| കോഴിക്കോട് | 684 |
| വയനാട് | 126 |
| കണ്ണൂർ | 430 |
| കാസർഗോഡ് | 84 |
| **ആകെ** | **5115** |

## ലൈഫ് മിഷൻ പദ്ധതി

317(318) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻസർക്കാറിന്റെ കാലത്തും നിലവിൽ നാളിതുവരെയായും എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിലൂടെ മുൻസർക്കാരിന്റെ കാലത്തും നിലവിൽ നാളിതുവരെയായും 296487 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 41187 |
| കൊല്ലം | 24853 |
| പത്തനംതിട്ട | 8065 |

| | |
|---|---|
| ആലപ്പുഴ | 21479 |
| കോട്ടയം | 11751 |
| ഇടുക്കി | 18836 |
| എറണാകുളം | 22064 |
| തൃശ്ശൂർ | 21773 |
| പാലക്കാട് | 33494 |
| മലപ്പുറം | 27150 |
| കോഴിക്കോട് | 21638 |
| വയനാട് | 20124 |
| കണ്ണൂർ | 13241 |
| കാസർഗോഡ് | 10832 |
| ആകെ | 296487 |

(ബി) പാർപ്പിട സൗകര്യം ഉറപ്പാക്കുവാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കുവാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലമാണെന്നും വ്യക്തമാക്കുമോ?

2016-21 കാലയളവിൽ അർഹരായി കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന 70800 ഗുണഭോക്താക്കളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 38809 കുടുംബങ്ങൾക്ക് ധനസഹായം നൽകി ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

അവശേഷിക്കുന്ന 31991 ഗുണഭോക്താക്കളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ വയ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ഇതിനുപുറമെ ലൈഫ് 2020 പ്രകാരം ഫീൽഡുതല പുന:പരിശോധനയ്ക്ക് ശേഷം 514381 ഗുണഭോക്താക്കൾ കരട് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്.

ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാരനടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സർക്കാർ നടത്തിയ അതിദാരിദ്ര്യ സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത കുടുംബങ്ങളുടെ ഉന്നമനത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന അടിയന്തര പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അതിദാരിദ്ര നിർണ്ണയ പ്രക്രിയ നടപടികൾ 2022 ഫെബ്രുവരി മാസം പൂർത്തിയായിട്ടുണ്ട്. 64006 അതിദാരിദ്ര്യ കുടുംബങ്ങളെയാണ് ടി പ്രക്രിയയിലൂടെ കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ ഉന്നമനത്തിനായി മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്ന പ്രവർത്തനം

അന്തിമഘട്ടത്തിലാണ്. മൈക്രോപ്ലാൻ മാർഗ്ഗരേഖ അംഗീകരിക്കുന്നതുപ്രകാരം തദ്ദേശസ്ഥാപനങ്ങൾ മൈക്രോപ്ലാനുകൾ ആവിഷ്കരിച്ച് പ്രവർത്തനം നടത്തുന്നതാണ്.

ലൈഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി

318 (319) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാപേർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഭവനരഹിതരായ എല്ലാപേർക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി സമയബന്ധിതമായി വിലയിരുത്താറുണ്ട്. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ഭവന പദ്ധതി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സംസ്ഥാന/

കേന്ദ്ര സർക്കാർ ഭവന പദ്ധതികളും ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. 296487 വീടുകളുടെ നിർമ്മാണം 20-06-2022 വരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം സംബന്ധിച്ച വിശദാംശം നൽകാമോ; നടപ്പുസാമ്പത്തിക വർഷം ഒരു ലക്ഷത്തി ആറായിരം വീടുകളും രണ്ടായിരത്തിതൊള്ളായിരത്തിയൻപത് ഫ്ലാറ്റുകളും നിർമ്മിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിലുൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 920260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 647092 അപേക്ഷകളും ഭൂരഹിത-ഭവനരഹിതരുടെ 273168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 379069 ഭൂമിയുള്ള ഭവനരഹിതരും 202620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃപട്ടികയിലുൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ

ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 328041 ഭൂമിയുള്ള ഭവനരഹിതരും 186340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 514381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നുംരണ്ടുംഘട്ട അപ്പീലുകൾക്കുശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ലൈഫ് സമ്പൂർണ്ണ പദ്ധതിയുടെ മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി നിർമ്മാണം പുരോഗമിക്കുന്ന 39 ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിലൂടെ 1021 കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

(സി) ഈ സർക്കാരിന്റെ കാലയളവിൽ നഗരം ലൈഫ് പദ്ധതിയിലൂടെ പൂർത്തീകരിക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്കായുള്ള ഗുണഭോക്തൃ കേന്ദ്രീകൃത ഭവനനിർമ്മാണ ഘടകത്തിൽ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 50678 ഗുണഭോക്താക്കളുടെ

ഭവനനിർമ്മാണം ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കും. കൂടാതെ 20000 ഗുണഭോക്താക്കൾക്കുകൂടി അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അംഗീകാരം ലഭ്യമാക്കുന്നമുറയ്ക്ക് മേൽ ഗുണഭോക്താക്കളുടെ കൂടി ഭവനങ്ങൾ പൂർത്തിയാക്കുന്നതാണ്. ഭൂരഹിത-ഭവനരഹിതർക്കായി 11 നഗരസഭകളിൽ ഭവന സമുച്ചയ നിർമ്മാണത്തിന് അംഗീകാരം ലഭ്യമാക്കിയ 970 യൂണിറ്റുകളിൽ പൂർത്തിയായ 288 യൂണിറ്റുകൾ കഴിഞ്ഞ് ബാക്കിയുള്ള 682 യൂണിറ്റുകളുടെ നിർമ്മാണവും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ലൈഫ് മിഷൻ പദ്ധതി

319(320) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.പി.എൽ. റേഷൻ കാർഡുടമകളായ എല്ലാ ഭവനരഹിതരെയും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

27-07-2020-ലെ സ.ഉ.(എം.എസ്.)നം.112/2020/ത.സ്വ.ഭ.വ

ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ് ലൈഫ് 2020 ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടി ഉത്തരവിലെ അർഹതാമാനദണ്ഡങ്ങളും ക്ലേശഘടകങ്ങളുമാണ് ലൈഫ് ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനാധാരം.

(ബി) നിലവിൽ പ്രസിദ്ധീകരിച്ച പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ മാനദണ്ഡപ്രകാരം അർഹരായവരുമായ ഗുണഭോക്താക്കൾക്ക് എന്നത്തേയ്ക്ക് അവസരം ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ ലൈഫ് മാനദണ്ഡപ്രകാരം അർഹരായ കുടുംബങ്ങളെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി ലിസ്റ്റിലുൾപ്പെടാത്ത അർഹരായവരുടെ അപേക്ഷ ക്ഷണിക്കുന്നതിന് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) ഏത് വർഷം വരെ റേഷൻ കാർഡ് അനുവദിക്കപ്പെട്ടവർക്കാണ് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് അപേക്ഷിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

13-02-2021-ലെ സ.ഉ.(ആർ.ടി.)നം.4189/2021/ത.സ്വ.ഭ.വ. പ്രകാരം

20-02-2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭ്യമാക്കിയിരുന്നു.

(ഡി) പുതിയതായി റേഷൻ കാർഡ് ലഭിച്ചവർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ?

സർക്കാരിന്റെ 13-02-2021-ലെ സ.ഉ.(ആർ.ടി.)നം.4189/2021/ ത.സ്വ.ഭ.വ. പ്രകാരം 20-02-2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസരം നൽകിയിരുന്നു. ടി തീയതിക്ക് ശേഷം പുതിയ റേഷൻ കാർഡ് ലഭിച്ചവർക്ക് പുതിയ റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷ ലൈഫ് മിഷൻ ക്ഷണിച്ചിട്ടില്ല.

## റീ ബിൽഡ് കേരള-കുന്നത്തുനാട് തിരുവാണിയൂർ-മേപ്പാടം റോഡ് നിർമ്മാണം

320 (321) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 2.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തിരുവാണിയൂർ-മേപ്പാടം റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെങ്കിലും പ്രസ്തുത റോഡ് നിർമ്മാണം

ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചപ്പോൾ തിരുവാണിയൂർ-മേപ്പാടം റോഡ് എന്ന പ്രവൃത്തിക്ക് ടെണ്ടർ എക്സസ് അനുമതി ആവശ്യമുള്ളതായിവന്നു. അധിക നിരക്കിൽ പ്രവൃത്തി നിർവ്വഹിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

<u>കിഫ്ബി - ദേവികുളം മണ്ഡലത്തിലെ സ്കൂൾ നിർമ്മാണം</u>

321 (322) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നും തുക അനുവദിച്ചതും കിലയെ നിർവ്വഹണ ചുമതല ഏൽപ്പിച്ചതുമായ ദേവികുളം മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബിയുടെ ഒരു കോടി രൂപാ പദ്ധതി പ്രകാരം ദേവികുളം

മണ്ഡലത്തിലെ മൂന്ന് സ്കൂൾ പ്രവൃത്തികൾ കില ഏറ്റെടുത്തിട്ടുണ്ട്.

GHVSS, Deviyar Colony

GVHSS, Munnar

GHSS, Marayur

മേൽ പറഞ്ഞ മൂന്ന് പ്രവൃത്തികളിൽ ആദ്യത്തെ രണ്ട് പ്രവൃത്തികളും റീ-ടെണ്ടർ ചെയ്യാനുണ്ട്. മൂന്നാമത്തെ പ്രവൃത്തിയായ "GHSS, Marayur" സ്കൂൾ കെട്ടിട നിർമ്മാണം പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

GHSS, Marayur സ്കൂളിന്റെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പ്രവൃത്തികളും റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വയനാട് ജില്ലയിലെ ലൈഫ് മിഷൻ പദ്ധതി</u>

322 (323) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കഴിഞ്ഞ ആറരവർഷത്തിനിടയിൽ വയനാട് ജില്ലയിൽ എത്ര വീട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലായി കഴിഞ്ഞ ആറരവർഷത്തിനിടയിൽ വയനാട് ജില്ലയിൽ 16192 വീട് അനുവദിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | - 8784 |
| രണ്ടാം ഘട്ടം (ഭൂമിയുള്ള ഭവനരഹിതർ) | - 4123 |
| മൂന്നാം ഘട്ടം (ഭൂരഹിത ഭവനരഹിതർ) | - 896 |
| അഡീഷണൽ ലിസ്റ്റ് (എസ്.സി./എസ്.ടി./ഫിഷറീസ് വകുപ്പ് നൽകിയ ലിസ്റ്റ്) | - 2389 |
| ആകെ | - 16192 |

(ബി) എത്ര വീടിന്റെ പണിപൂർത്തിയായെന്നും ഇനി പൂർത്തിയാക്കാൻ എത്ര വീടുകളുണ്ടെന്നും വ്യക്തമാക്കാമോ?

13566 വീടുകളുടെ പണിപൂർത്തിയായിട്ടുണ്ട്. 2626 വീടുകൾ പണി പൂർത്തിയാക്കാനായി അവശേഷിക്കുന്നു.

(സി) വീടുകളുടെ എണ്ണം താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വീടുകളുടെ എണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാനന്തവാടി താലൂക്ക് | - 5499 |
| സുൽത്താൻ ബത്തേരി താലൂക്ക് | - 4471 |
| വൈത്തിരി താലൂക്ക് | - 6222 |

ആകെ - 16192

## പാറശ്ശാല മണ്ഡലത്തിലെ ലൈഫ് പദ്ധതി

323 (324) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഭൂരഹിതരായ ഭവനരഹിതർക്ക് ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടില്ല.

(ബി) ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽനിന്നായി ഭൂരഹിതരായ ഭവനരഹിതരുടെ എത്ര അപേക്ഷകൾ ലഭ്യമായെന്നും നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ?

ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽനിന്നായി 2016-21

കാലയളവിൽ 904 ഗുണഭോക്താക്കളാണ് ഭൂരഹിത വിഭാഗത്തിൽ അർഹരായത്. ഇതിൽ 159 പേർ ഭൂമി ആർജ്ജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈഫ് ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാനാകാതെപോയ ഭൂരഹിത ഭവനരഹിതർ സമർപ്പിച്ച ഓൺലൈൻ അപേക്ഷകൾ ലൈഫ് 2020 മാനദണ്ഡപ്രകാരം ഫീൽഡുതല പുന:പരിശോധന നടത്തിയതിൽ നിലവിലുള്ള കരട് പട്ടികയിൽ 2031 ഭൂരഹിത ഭവനരഹിതർ ഉൾപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകളുടെ തുടർനടപടികൾ പൂർത്തിയാക്കി 2022 ആഗസ്റ്റ് 16-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(സി) എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ അഞ്ച് വർഷം കൊണ്ട് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ അർഹരായ എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനത്തിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ യോഗതീരുമാനങ്ങൾ

324 (325) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 31-03-2022-ലെ മുപ്പത്തിരണ്ടാമത് ജനറൽ കൗൺസിൽ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 31-03-2022-ലെ മുപ്പത്തിരണ്ടാമത് ജനറൽ കൗൺസിൽ യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>പിഴല - ചെന്നൂർ-ചരിയംതുരുത്ത് - 9 മീറ്റർ റോഡ് പദ്ധതി</u>

(a) മൂലമ്പിള്ളി-പിഴല കണക്റ്റിവിറ്റി പാലം മുതൽ പിഴല റോഡ് വരെയുള്ള 350 m റോഡ്. ഈ പദ്ധതിക്ക് LSGD ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. CRZ അനുമതിക്കായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കടമക്കുടി പഞ്ചായത്തിലെ അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(b) 350 m റോഡ് മുതൽ പുതുശ്ശേരി വരെയുള്ള 2 Km റോഡ് വീതി കൂട്ടുന്ന പദ്ധതി - ഈ പദ്ധതിയുടെ ആദ്യത്തെ റീച്ചായ പിഴല 350 m റോഡ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള അലൈൻമെന്റ് അന്തിമമാക്കിയിട്ടുണ്ട്. PWD റോഡ്സ് വിഭാഗം പ്രാഥമിക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.

(c) പിഴല - ചെന്നൂർ പാലം നിർമ്മാണം

(d) ചെന്നൂർ-ചരിയംതുരുത്ത് പാലം നിർമ്മാണം - രണ്ടാമത്തെ റീച്ചിൽ പെടുന്ന പിഴല-ചെന്നൂർ, ചെന്നൂർ-ചരിയംതുരുത്ത് എന്നീ രണ്ട് പാലങ്ങൾക്ക് പകരം പിഴല-ചരിയംതുരുത്ത് ഒറ്റ പാലമായി നിർമ്മിച്ചാൽ ഏകദേശം 225 മീറ്ററോളം സ്ഥലം ലാഭിക്കാവുന്നതും ആയതിന്റെ ലാൻഡ് അക്വിസിഷൻ കോസ്റ്റും നിർമ്മാണചെലവും ഗണ്യമായി കുറയുന്നതുമായിരിക്കും. കൂടാതെ ഇത് കൂടുതൽ പ്രകൃതി സൗഹാർദ്ദപരമായിരിക്കും. ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങളും കുറക്കാൻ സാധിക്കും. ഇപ്രകാരം പുതിയ ഡിസൈൻ തയ്യാറാക്കുന്നതിന് PWD ബ്രിഡ്ജസ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. <u>ചെന്നൂർ - കോതാട് പാലം നിർമ്മാണം</u>

IWA മാനദണ്ഡങ്ങൾ പ്രകാരം പാലത്തിന്റെ ഉയരം മാക്സിമം ഫ്ലഡ് ലെവലിൽനിന്നും 6 m ആക്കി വർദ്ധിപ്പിക്കേണ്ടിവന്നതിനാൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നീളം വർദ്ധിക്കുകയും കോതാട് സേക്രഡ് ഹാർട്ട് പള്ളിയുടെ നേരെ മുമ്പിൽ ലാൻഡിംഗ് പോയിന്റ് വരുന്ന അവസ്ഥയിൽ ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം വരുമ്പോൾ സമീപത്തുള്ള കോൺവെന്റ് റോഡിലേയ്ക്ക് ഏകദേശം 2.5 m ഉയരത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിൽനിന്നും ഒരു റാമ്പ് നിർമ്മിച്ച് അക്സസ്സ് നൽകേണ്ടിവരുകയോ അതല്ലെങ്കിൽ പള്ളി കോമ്പൗണ്ടിലെ സ്ഥലം അക്വയർ ചെയ്ത് പുതിയ സർവ്വീസ് റോഡ് നിർമ്മിക്കേണ്ടതോ ചെയ്യേണ്ടിവരുന്നതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം പള്ളി കമ്മിറ്റി ഭാരവാഹികൾ, PWD ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അലൈൻമെന്റ് കുറച്ച് കിഴക്കോട്ട് മാറി പള്ളിയുടെ സെമിത്തേരിയുടെ സ്ഥലം അക്വയർ ചെയ്തുകൊണ്ട് നിർമ്മിച്ചാൽ നിലവിലുള്ള PWD റോഡ് തന്നെ സർവ്വീസ് റോഡായി ഉപയോഗപ്പെടുത്താമെന്നും കോൺവെന്റ് റോഡിലേക്ക് സുഗമമായ അക്സസ്സ് ലഭ്യമാക്കേണ്ടതാണെന്നും ദേവാലയത്തിനുള്ളിലെ അക്വിസിഷൻ

നടപടികൾ ഒഴിവാക്കാവുന്നതാണെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്നതിന് PWD ബ്രിഡ്ജസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. മൂലമ്പിള്ളി-ചാത്തനാട് റോഡ് പദ്ധതി-വലിയകടമക്കുടി-ചാത്തനാട് പാലം & അപ്രോച്ച് റോഡ് (ഫേസ് II): ചാത്തനാട് ഭാഗം പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് പൂർത്തിയാക്കിയിട്ടുണ്ട്.

4. കടമക്കുടി-ചാത്തനാട് പാലം, അപ്രോച്ച് റോഡ്-ലാൻഡ് അക്വിസിഷൻ-ഭൂമി നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പാക്കേജ്: മേൽ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

5. വല്ലാർപ്പാടം ദ്വീപിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും: ഇറിഗേഷൻ വകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ ആരംഭിക്കുന്നതാണ്.

6. താന്തോന്നിതുരുത്തിലെ സംരക്ഷണഭിത്തി

7. 87 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ സമർപ്പിച്ചത് പ്രകാരം ഭരണാനുമതി നല്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഗ്രൗണ്ട്

വാട്ടർ വകുപ്പിൽനിന്നും അനുമതികൾ ആവശ്യപ്പെടുകയും അതിനായി ആവശ്യപ്പെട്ട 1,935/- രൂപ ഭൂജലവകുപ്പിനുനൽകുകയും ലഭ്യമായ മേൽ രണ്ട് അനുമതികളും കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള അനുമതിക്ക് സമർപ്പിച്ചപ്പോൾ LBS ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പുതിയ സാങ്കേതികവിദ്യ പ്രകാരം പരിശോധന നടത്തണമെന്ന് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയും അതിനുള്ള പഠനത്തിനായി 2.36 ലക്ഷം രൂപ നല്കണമെന്നും അറിയിച്ച വിഷയം ജിഡ കൗൺസിലിൽ ചർച്ചചെയ്ത് അംഗീകരിക്കുകയും ചെയ്തതിനനുസരിച്ച് 50 ശതമാനം തുകയായ 1,18,000/- എൽ.ബി.എസ്-ന് 'ജിഡ' നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിദഗ്ദ്ധർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതും റിപ്പോർട്ട് തയ്യാറാക്കി വരുന്നതുമാണെന്നും 2022 ജൂൺ 30-ന് ഡിസൈൻ നൽകുമെന്നും ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. CRZ അനുമതിക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ആവശ്യപ്പെട്ട രേഖകൾ കൊച്ചി കോർപ്പറേഷൻ മുഖേന ലഭ്യമാക്കിയിട്ടുമുണ്ട്.

7. 'ജിഡ' പൂർത്തീകരിച്ച് പരിപാലിച്ചുവരുന്ന എറണാകുളം-ബോൾഗാട്ടി, ബോൾഗാട്ടി-വല്ലാർപാടം, വല്ലാർപാടം-വൈപ്പിൻ എന്നീ മൂന്ന് പാലങ്ങളുടെ (ഗോശ്രീ പാലങ്ങൾ എന്ന് അറിയപ്പെടുന്ന) കാര്യക്ഷമവും

സാങ്കേതിക മികവോടെയുമുള്ള പരിപാലനം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

8. ജിഡയുടെ പരിധിയിൽവരുന്ന പഞ്ചായത്തുകളിൽ ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ (United Nations Sustainable Development Goals (UNSDGs) നടപ്പിലാക്കുന്നത് സംബന്ധിച്ച് ഗോശ്രീ പഞ്ചായത്തുകളിൽ UNSDGs @ goshree എന്ന പേരിൽ ഐക്യരാഷ്ട്രസഭയുടെ UNSDGs നടപ്പിലാക്കുന്നതിനും ഈ പദ്ധതിയുടെ മുഖ്യകാര്യനിർവ്വാഹകനായി ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

9. ജിഡ-ചാത്യാത്ത് റോഡും അതിനോട് അനുബന്ധിച്ചുള്ള വാക്-വേകളും സൗന്ദര്യവൽക്കരിക്കുന്നതിനും വരുമാനം സൃഷ്ടിക്കുന്നതിനുമായി മൂന്ന് വർഷത്തേയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്. ജിഡ-ചാത്യാത്ത് റോഡും ഇരുവശങ്ങളിലുമുള്ള വാക്‌വേയും അന്താരാഷ്ട്ര നിലവാരത്തിൽ ലൈറ്റിംഗ്, ലാൻഡ് സ്കേപിംഗ് നടത്തുകയും ജനങ്ങൾക്കുള്ള ഒരു ആക്ടിവിറ്റി ഷോപ്പിംഗ് സോണാക്കി മാറ്റുകയും കുട്ടികൾക്കായുള്ള ഒരു ചിൽഡ്രൻസ് പാർക്ക് വികസിപ്പിക്കുകയും ചെയ്തുകൊണ്ട് ജിഡ സ്മാർട്ട് സോൺ പദ്ധതി

നടപ്പിലാക്കുന്നതിനുമായി ടെണ്ടർ വിളിക്കുകയും ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത M/s. KHL, ശ്രീ. കെ. എച്ച്. ലത്തീഫിനെ തെരഞ്ഞെടുക്കുകയും 20-06-22-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വർക്ക് തുടങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

10. ഗോശ്രീ പാലത്തിൽ തെരുവ് വിളക്കുകളും പരസ്യ ബോർഡുകളും M/s.BAAMA സ്ഥാപിച്ചത്- സംബന്ധിച്ച്: മൂന്ന് ഗോശ്രീ പാലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് തെരുവുവിളക്കുകൾ സ്ഥാപിച്ച് മൂന്ന് വർഷത്തേയ്ക്ക് പരിപാലിക്കുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത M/s.THIRD IRIS-ന്റെ bid അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകുകയും ജൂലൈ 1-ന് വർക്ക് തുടങ്ങുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

11. കടമക്കുടി വില്ലേജിൽ പിഴല ദ്വീപിലുള്ള പാലിയംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതുശ്മശാനം സഞ്ചാര യോഗ്യമാക്കുന്നത് സംബന്ധിച്ച്: നടപടികൾ സ്വീകരിച്ചുവരുന്നു.

12. കടമക്കുടി വില്ലേജിൽ പിഴല-ചെറിയ കടമക്കുടി ലിങ്ക് റോഡ് വീതി കൂട്ടി സൗന്ദര്യവൽക്കരിക്കുന്നതിന് പഞ്ചായത്ത് സമർപ്പിച്ച പദ്ധതി: നടപടികൾ സ്വീകരിച്ചുവരുന്നു.

13. വൈപ്പിൻ മേഖലയിലെ രൂക്ഷമായ കടൽക്ഷോഭത്തിന് പരിഹാരമായി ഉചിതമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി കടൽക്ഷോഭ ആഘാതം ലഘൂകരിക്കുവാനുള്ള വിശദ പദ്ധതി രേഖ തയ്യാറാക്കുവാൻ പഠനം നടത്തുന്നതിനുള്ള പദ്ധതി:- കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. മദ്രാസ് IIT ആണ് ഇതിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കുന്നത്.

14. എളംകുന്നപ്പുഴ-ഞാറക്കൽ-നായരമ്പലം കുടിവെള്ള പദ്ധതി: മുരിക്കുംപാടം ഉപരിതലസംഭരണിയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. ഞാറക്കൽ ഉപരിതലസംഭരണിയുടെ നിർമ്മാണം നടന്നുവരുന്നു.

15. മുളവുകാട് റോഡ് വികസന പദ്ധതി-എൽ.എ.ജോലികൾ ഉൾപ്പെടെ - മൂന്നാം ഘട്ടം -1.5 km :- കിറ്റ്കോ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്നുവരുന്നു.

16. ഞാറക്കൽ താലൂക്കാശുപത്രി വികസനം:- നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

17. അടിയന്തര ഘട്ടങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ സാധൂകരണത്തിന്:-

സാധൂകരിച്ചു.

18. പതിനൊന്നാം ശമ്പള പരിഷ്കരണം ജിഡയിലെ സ്ഥിരപ്പെടുത്തിയ ആറ് ജീവനക്കാർക്ക് നൽകിയത് സംബന്ധിച്ച്:- സാധൂകരിച്ചു.

19. ജിഡയിൽ സ്ഥിരപ്പെടുത്തിയ ആറ് ജീവനക്കാർക്ക് 01-01-2019 മുതൽ 01-07-2020 വരെ (16 ശതമാനം) ക്ഷാമബത്ത കുടിശിക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ഇല്ലാത്തതിനാൽ പണമായി നൽകിയത് സംബന്ധിച്ച്:- സാധൂകരിച്ചു.

20. ശ്രീ. എ. ജെ. തോമസ്, ഫീൽഡ് ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറെ ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറായി താൽക്കാലികമായി നിയമിക്കുന്നത് സംബന്ധിച്ച്: ജിഡ സെക്രട്ടറിയുടെ 22-06-2022-ലെ 701/2020/GIDA നമ്പർ ഉത്തരവുപ്രകാരം 01-04-2022 മുതൽ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാകുന്നതുവരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

21. സ്റ്റാൻഡിംഗ് കൗൺസൽ നിയമനം സംബന്ധിച്ച്: പാനലിലെ അംഗങ്ങളെ ഒഴിവാക്കി മുൻ ജിഡ കൗൺസിൽ അഡ്വക്കേറ്റ് വർഗീസ് കെ. പോളിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

22. ജിഡയിൽ സ്ഥിരപ്പെടുത്തിയ ആറ് ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി

പെൻഷൻ പദ്ധതിയിലുൾപ്പെടുത്തുന്നത് സംബന്ധിച്ച്:- ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

23. സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജിഡയിൽ സ്ഥിരപ്പെടുത്തിയ ആറ് ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് :- സർക്കാരിന്റെ പരിഗണനയിലാണ്.

24. ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തുവരുന്ന ശ്രീ. പി. ഡി. സുനിൽകുമാറിനെ തസ്തികമാറ്റം മുഖേന ജൂനിയർ ക്ലാർക്കായി നിയമനം നൽകുന്നത് സംബന്ധിച്ച് :- സർക്കാരിന്റെ പരിഗണനയിലാണ്.

25. ജിഡ ആഫീസിൽ നിലവിലുള്ള ടൗൺ പ്ലാനർക്ക് പകരം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച് :- സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

26. ജിഡയിലെ ലാൻഡ് സൂപ്പർവൈസറായ ശ്രീ. പ്രദീപ് സി. കെ.-യെ തസ്തിക മാറ്റം മുഖേന സീനിയർ അക്കൗണ്ടന്റായി നിയമിക്കുന്നത് സംബന്ധിച്ച്:- സർക്കാരിന്റെ പരിഗണനയിലാണ്.

27. 2020-21 വർഷത്തെ ഇന്റേർണൽ ഓഡിറ്റ് റിപ്പോർട്ട് & ഓഡിറ്റ് ഫീ നൽകുന്നത് സംബന്ധിച്ച്:- ജനറൽ കൗൺസിൽ തീരുമാനപ്രകാരം ജിഡയുടെ 2020-21 വർഷത്തെ ഓഡിറ്റ് അംഗീകരിച്ച് ഓഡിറ്റ് ഫീയായ

1,16,820/- രൂപ ചാർട്ടേർഡ് അക്കൗണ്ടന്റായ M/s. എം. വി. ടോമി & കമ്പനിക്ക് നല്കിയിട്ടുണ്ട്.

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്താമോ?

ജിഡയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക വിഭാഗം ഇല്ലാത്തതിനാൽ അതത് പദ്ധതികൾ PWD, KITCO, KSCC, Irrigation എന്നീ വകുപ്പുകൾ/ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ CRZ അനുമതിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. മേൽ കാരണങ്ങളാലുണ്ടാകുന്ന കാലതാമസമാണ് പദ്ധതി നടത്തിപ്പിൽ നിലവിലുള്ളത്.

## പയ്യന്നൂർ മണ്ഡലത്തിലെ മുളപ്ര പാലം നിർമ്മാണം

325 (326) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട മുളപ്ര പാലത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ മുളപ്ര പാലത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിലെ ഡി.ബി.3/116/2022 എന്ന ഫയലിൽ സ്വീകരിച്ചുവരുന്നു. ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## <u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ അഗതി രഹിത കേരളം പദ്ധതി</u>

326 (327) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി, കുറിച്ചി, മാടപ്പള്ളി, പായിപ്പാട്, തൃക്കോതമംഗലം, വാഴപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി തദ്ദേശസ്ഥാപനങ്ങളിലെ അഗതിരഹിത ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശ സ്ഥാപനത്തിന്റെ പേര് | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി | 199 |
| 2 | കുറിച്ചി | 139 |
| 3 | മാടപ്പള്ളി | 152 |
| 4 | പായിപ്പാട് | 145 |
| 5 | തൃക്കോതമംഗലം | 112 |
| 6 | വാഴപ്പള്ളി | 145 |
| | ആകെ | 892 |

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഗുണഭോക്തൃ കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

<u>ഗുണഭോക്താക്കളെ കണ്ടെത്തൽ</u>

അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർണ്ണമായും ചുവടെ ചേർത്തിരിക്കുന്ന ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഒൻപത് ക്ലേശഘടകങ്ങളാണുള്ളത്. ഇവയിൽ ഏഴ് ക്ലേശഘടകങ്ങൾ ബാധകമാകുന്ന കുടുംബത്തെ മാത്രമേ പരിഗണിക്കു. എന്നാൽ ഈ കുടുംബത്തെ അഗതി കുടുംബങ്ങളായി പരിഗണിക്കണമെങ്കിൽ പ്രത്യേക ക്ലേശഘടകങ്ങളിൽ ഒരെണ്ണമെങ്കിലും കൂടി ബാധകമാകേണ്ടതുണ്ട്.

<u>കുടുംബത്തിന് ബാധകമായ ക്ലേശഘടകങ്ങൾ</u>

| ക്രമ നം. | ഗ്രാമപ്രദേശങ്ങൾ | നഗരപ്രദേശങ്ങൾ |
|---|---|---|
| 1 | ഭൂരഹിതർ/10 സെന്റിൽ താഴെ ഭൂമിയുള്ളവർ | ഭൂരഹിതർ/5 സെന്റിൽ താഴെ ഭൂമിയുള്ളവർ |
| 2 | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ | ഭവനരഹിതർ/ജീർണ്ണിച്ച വീട്ടിൽ |

| | | |
|---|---|---|
| | താമസിക്കുന്നവർ | താമസിക്കുന്നവർ |
| 3 | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല | 150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല |
| 4 | ശുചിത്വ കക്കൂസ് ഇല്ല | ശുചിത്വ കക്കൂസ് ഇല്ല |
| 5 | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം) | ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം) |
| 6 | വനിത കുടുംബനാഥയായുള്ള കുടുംബം | വനിത കുടുംബനാഥയായുള്ള കുടുംബം |
| 7 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോയുള്ള കുടുംബം | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോയുള്ള കുടുംബം |
| 8 | പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം | പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം |
| 9 | പ്രായപൂർത്തിയായ നിരക്ഷരരുള്ള കുടുംബം | പ്രായപൂർത്തിയായ നിരക്ഷരരുള്ള കുടുംബം |

കുടുംബത്തിന് ബാധകമായ അധിക ക്ലേശ ഘടകങ്ങൾ

എ) ഗ്രാമപ്രദേശങ്ങൾ

1) ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറംമ്പോക്ക് ഭൂമി, വന ഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ)

2) രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

3) അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞുംമാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതം അനുഭവിക്കുന്നവരുമായ വനിതകൾ

4) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടിവന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

5) തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും

6) കുടുംബത്തിൽ ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിനുതാഴെ പ്രായമുള്ള ആരും തന്നെ ഇല്ലാത്ത കുടുംബം

7) ഭിക്ഷാടനം നടത്തി നിത്യവൃത്തികഴിക്കുന്നവർ

8) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

ബി) <u>നഗരപ്രദേശങ്ങൾ</u>

1) രാത്രികാലം പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

2) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടിവന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

3) ഭിക്ഷാടനം നടത്തി നിത്യവൃത്തികഴിക്കുന്നവർ

4) കുടുംബത്തിൽ ഭക്ഷണത്തിന് വക കണ്ടെത്താൻ കഴിവുള്ള 60

വയസ്സിനുതാഴെ പ്രായമുള്ള ആരും തന്നെ ഇല്ലാത്ത കുടുംബം

5) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

6) തെരുവുകുട്ടികൾ, ദുർഗുണ പരിഹാര പാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികളുള്ള കുടുംബങ്ങൾ

7) കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം

8) ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം

9) അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായുള്ള കുടുംബം

10) ചേരി പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം

(സി) പദ്ധതിയിലുൾപ്പെട്ട കുടുംബങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഭക്ഷണം, ആരോഗ്യം, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം, കിടപ്പാടം-ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം, വികസന ആവശ്യങ്ങൾ, തൊഴിൽ പരിശീലനം, മാനസിക ആവശ്യങ്ങൾ എന്നീ സേവനങ്ങളാണ് അഗതിരഹിത കേരളം പദ്ധതിയിലൂടെ നല്കിവരുന്നത്.

## റീബിൽഡ് കേരള മണലൂർ മണ്ഡലത്തിലെ-ചോട്ടിലപ്പാറ പാലം പുനർനിർമ്മാണം

327(328) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ചോട്ടിലപ്പാറ പാലം പുനർനിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ചോട്ടിലപ്പാറ പാലം നിർമ്മാണ പ്രവൃത്തിക്ക് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കടുത്തുരുത്തി സർക്കാർ പോളി ടെക്നിക്ക്

328 (329) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സർക്കാർ പോളിടെക്നിക്കിനായി കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ

സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നൽകിയിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർപ്രിന്റിലുള്ള സർവ്വെ സ്കെച്ച് വൈക്കം താലൂക്ക് സർവ്വേയർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

നൽകിയിട്ടില്ല. കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണം സംബന്ധിച്ച അപാകതപരിഹരിക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണം കൃത്യമായി രേഖപ്പെടുത്തിയ കളർപ്രിന്റിലുള്ള സർവ്വേ സ്കെച്ച് തയ്യാറാക്കി നൽകുന്നതിനും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽനിന്നും വൈക്കം താലൂക്ക് സർവ്വെയർക്ക് 25-05-2021-ൽ കത്തും തുടർന്ന് 22-07-2021-ൽ ഓർമ്മക്കുറിപ്പും

നൽകിയിട്ടുള്ളതാണ്. മാത്രമല്ല കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ 2022 ഏപ്രിലിൽ വൈക്കം താലൂക്ക് സർവ്വെ ഓഫീസിൽ നേരിട്ടെത്തി വിഷയത്തിന്റെ അടിയന്തര പ്രാധാന്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത സ്കെച്ച് നാളിതുവരെ ലഭ്യമായിട്ടില്ല. കൂടാതെ റീസർവ്വെ പ്രകാരമുള്ള സ്കെച്ചിന്റെ പകർപ്പിനായി നിശ്ചിത ഫീസ് അടവാക്കി വിവരം വൈക്കം തഹസീൽദാരെ അറിയിച്ചിട്ടുള്ളതുമാകുന്നു.

## നെന്മാറ നിയോജകമണ്ഡലത്തിലെ തദ്ദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ

329 (330) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ റോഡുകളുടെ പ്രവൃത്തികളാണ് ഇനി നടത്താനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ റോഡുകളുടെ പ്രവൃത്തികൾ നടത്തുന്നതിന് എന്നാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തത്

സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) ഈ പ്രവൃത്തികളെന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-ഡി) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

ദേവികുളം മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

330(331) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ദേവികുളം മണ്ഡലത്തിലെ റോഡുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിക്കുവാനുള്ള റോഡുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## വടക്കാഞ്ചേരി മണ്ഡലത്തിലെ തെളിനീരൊഴുകും നവകേരളം പദ്ധതി

331 (332) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

## സി. എച്ച്. മെമ്മോറിയൽ കോട്ടക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിയുടെ ഓഹരി പിരിക്കൽ

332 (333) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ LSGD-FM2/38/2022-LSGD നമ്പർ ഫയലിൽ സർക്കാർ പരിശോധനകളുടെ ഭാഗമായി 30-03-2022-ലെ തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് മുഖാന്തരം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എന്നിവരോട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമ വികസന കമ്മീഷണർ എന്നീ ഓഫീസുകളിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച് പ്രസ്തുത ഓഫീസുകളിലുള്ള ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പഞ്ചായത്ത് ഡയറക്ടർ

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ഫണ്ട് സ്വരൂപിക്കുന്നതിനായി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശ സ്ഥാപനങ്ങളിൽനിന്നും ഓഹരിപിരിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘം ചെയർമാൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ File No.PAN/9296/2022-G2(DP)-യി ഫയൽ നടപടികൾ ആരംഭിച്ചിരുന്നു. മേൽ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 25-05-2022-ൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകുകയും ആയതിന് 21-06-2022-ൽ 1194/2022-D12 ആയി മറുപടി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടുപ്രകാരം ലഭ്യമായ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് നല്കുന്നതിനായി പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്ക് 06-06-2022-ന് DDP/MPM/1194/2022 നമ്പറായി കത്ത് നൽകിയിട്ടുണ്ട്.

2. 21-06-2022-ന് ഇതേ നമ്പർ കത്തുപ്രകാരം ടി സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങളും അവസാന ഓഡിറ്റ് ക്ളാസിഫിക്കേഷൻ സർട്ടിഫിക്കറ്റും ആരാഞ്ഞുകൊണ്ട് സഹകരണ സംഘം ജോയിന്റ് രജിസ്റ്റാർക്ക് കത്ത് നല്കി.

3. ടി സ്ഥാപനത്തിൽ നേരിട്ട് പോയി അന്വേഷണം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസറെ (യൂണിറ്റ് 4) ചുമതലപ്പെടുത്തി കത്ത് നൽകി.

4. മേൽ വിവരം അറിയിച്ചുകൊണ്ട് മലപ്പുറം സി.എച്ച്. മെമ്മോറിയൽ സഹകരണ ആശുപത്രി ചെയർമാന് കത്ത് നൽകിയിട്ടുള്ളതാണ്.

(ഫയലിന്റെ പകർപ്പും കത്തുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.)+

<u>ഗ്രാമവികസന കമ്മീഷണർ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റിവ് ആശുപത്രി സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരിപിരിക്കുന്നതിന് അനുമതി തേടി കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനം മലപ്പുറം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)-ക്ക് അയക്കുകയും ആയതുതിരികെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേങ്ങര, മലപ്പുറം, ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ട് നൽകാമെന്നും തിരൂർ, വണ്ടൂർ, താനൂർ, പെരിന്തൽമണ്ണ, മങ്കട, കുറ്റിപ്പുറം എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ടി ഫണ്ടുമായി ബന്ധപ്പെട്ട വിഷയം ഭരണസമിതിയിൽ വച്ചിട്ടുള്ളതാണെന്നും എന്നാൽ തീരുമാനം ആയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കൊണ്ടോട്ടി, പൊന്നാനി, പെരുമ്പടപ്പ്, അരീക്കോട്, കാളികാവ്, നിലമ്പൂർ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തുകൾ ഈ വിഷയത്തിൽ ഇതേവരെ തീരുമാനമെടുത്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലെ വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം സഹകരണ സ്ഥാപനത്തിന്റെ ഓഹരി സ്വന്തമാക്കുന്നതിന് ബ്ലോക്കുപഞ്ചായത്തുകൾക്ക് പദ്ധതി തുക വിനിയോഗിക്കാൻ കഴിയുകയില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ

സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് സമാഹരിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന റിപ്പോർട്ട് 22-06-2022-ലെ കത്ത് മുഖാന്തരം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. (ടി വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.)+

<u>നഗരകാര്യ ഡയറക്ടർ</u>

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ ഈ ഓഫീസിൽനിന്നും 28-04-2022-ലെ DUA-1022-2022-DC4 നമ്പർ പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനി ഒഴികെയുള്ള നഗരസഭകളിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. (ടി വിഷയവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു.)+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>വിളപ്പിൽ പോളിടെക്നിക്കിലേയ്ക്കുള്ള ഗതാഗത സൗകര്യം</u>

333 (334) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്കിലെ വിളപ്പിൽ പോളിടെക്നിക്കിലേയ്ക്കുള്ള സുഗമമായ ഗതാഗതത്തിനായി സ്വകാര്യവ്യക്തി വിട്ടുനൽകിയിട്ടുള്ള ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾക്കൊള്ളിക്കുന്നതിനും റവന്യൂ വകുപ്പിന് കൈമാറുന്നതിനുമായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട തുടർനടപടികൾ സംബന്ധിച്ച് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

<u>കായംകുളം മണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി</u>

334 (335) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത

പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയുമടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## ഐ.എൽ.ജി.എം.എസ്. മുഖേനയുള്ള സേവനങ്ങൾ

335 (336) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങൾക്കായി ഐ.എൽ.ജി.എം.എസ്.-ലൂടെ ഏതൊക്കെ തരത്തിലുള്ള സേവനങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഐ.എൽ.ജി.എം.എസ്.-ന്റെ ഭാഗമായുള്ള സിറ്റിസൺ സർവ്വീസ് പോർട്ടൽ വഴിയുള്ള 263 സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിവരുന്നു. സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ഐ.എൽ.ജി.എം.എസ്. മുഖേന സേവനങ്ങൾ ലഭ്യമാക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങിയിട്ടുള്ളത്?

01-04-2022 മുതൽ കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐ.എൽ.ജി.എം.എസ്. മുഖേനയാണ് സേവനങ്ങൾ നൽകിവരുന്നത്.

(സി) പ്രസ്തുത ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഈ സേവനങ്ങൾ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

നഗരസഭകളിലുൾപ്പെടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം.എസ്.-ന്റെ വേർഷൻ 2.0 മുഖേനയുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

## മാലിന്യ നിർമ്മാർജന പദ്ധതികൾ

336 (337) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; വിശദാംശം നൽകുമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെത്തനേഷൻ, സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നത്. നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. സ്ഥാപനതലത്തിൽ രൂപപ്പെടുന്ന ജൈവമാലിന്യങ്ങൾ എയറോബിക് ബിൻ മോഡൽ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമൂഴി) ബയോബിന്നുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ തുടങ്ങിയവ സ്ഥാപിച്ച് സംസ്കരിച്ചുവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. പുനഃചംക്രമണ മൂല്യമുള്ളവയെ തരംതിരിച്ച് ബെയിൽ ചെയ്ത് റീസൈക്ലിംഗ് പ്ലാന്റുകളിലേയ്ക്കും പുനചംക്രമണം ചെയ്യാൻ സാധിക്കാത്തവ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിനും ക്ലീൻ കേരള കമ്പനിക്കും നൽകിവരുന്നു.

അജൈവമാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനവും നടന്നുവരുന്നുണ്ട്.

(ബി) പ്ലാസ്റ്റിക് കവറുകളും കുപ്പികളും ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിന് എന്ത് പദ്ധതിയാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ എന്നിവയുടെ ശേഖരണം ഹരിതകർമ്മ സേനകൾ വഴിയാണ് നടത്തുന്നത്. ഇപ്രകാരം ശേഖരിക്കുന്നത് കൃത്യമായി തരംതിരിച്ച് ബെയിലിംഗ് മെഷീനുകൾ ഉപയോഗിച്ച് ബണ്ടിലാക്കി പുനഃചംക്രമണ ഏജൻസികൾക്ക് കൈമാറുന്നു. ക്ലീൻ കേരള കമ്പനി നേരിട്ട് പുനഃചംക്രമണ യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>കോങ്ങാട് മണ്ഡലത്തിലെ പഞ്ചായത്ത് വികസന ഫണ്ട്</u>

337 (338) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പഞ്ചായത്ത് വികസന ഫണ്ടിൽനിന്നും വാഹനം വാങ്ങുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് നൽകിയിട്ടുള്ള കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) മലയോര മേഖലയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത പഞ്ചായത്തിന്റെ യാത്രാസൗകര്യങ്ങളുടെ കാര്യത്തിൽ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇക്കാര്യത്തിൽ പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്ന പ്രവൃത്തികൾ

338 (339) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

വഴി നടപ്പാക്കിവരുന്ന സി.എം.എൽ.ആർ.ആർ.പി., ഫ്ലഡ് ഫണ്ട്, റീ ബിൽഡ് കേരള പ്രവൃത്തികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ CMLRRP പദ്ധതിയിൽ 33 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 26 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. വട്ടിയൂർക്കാവ് മണ്ഡലത്തിലെ ഫ്ലഡ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 21 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. വട്ടിയൂർക്കാവ് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 20 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 6 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2019-20, 2020-21, 2021-22, 2022-23 സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കേണ്ടതുമായ പ്രസ്തുത നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അടങ്ങിയ പട്ടിക അനുബന്ധമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.+

(സി) ഈ മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ-ഫണ്ട്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## അഴീക്കോട് നിയോജകമണ്ഡലം - ലൈഫ് പദ്ധതി

339 (340) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ട ഗുണഭോക്തൃ ലിസ്റ്റിന്റെ പ്രാഥമിക പരിശോധന പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ അഴീക്കോട് നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഴീക്കോട് നിയോജകമണ്ഡലത്തിൽ ലൈഫ് 2020 പ്രകാരം ലഭ്യമായ അപേക്ഷകളിൽ ഫീൽഡുതല/പുന:പരിശോധന പൂർത്തിയാക്കി പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ |
|---|---|---|
| പാപ്പിനിശ്ശേരി | 116 | 110 |
| നാറാത്ത് | 114 | 130 |
| ചിറയ്ക്കൽ | 147 | 224 |
| പുഴാതി | 65 | 213 |
| പള്ളിക്കുന്ന് | 5 | 15 |
| വളപട്ടണം | 13 | 33 |
| ആകെ | 460 | 725 |

ഒന്നംരണ്ടുംഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അംഗീകാരത്തിന് വിധേയമായിട്ടാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നത്.

## മലപ്പുറം നിയോജക മണ്ഡലം-ലൈഫ് ഭവന പദ്ധതി

340 (341) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ പുതുക്കിയ ഗുണഭോക്തൃ

പട്ടികയനുസരിച്ച് സംസ്ഥാനത്ത് ഭൂമിയും വീടുമില്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഓൺലൈനായി ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ച പുതിയ അപേക്ഷകരുടെ കരട് പട്ടിക പ്രകാരം സംസ്ഥാനത്ത് 328041 ഭൂമിയുള്ള ഭവനരഹിതരും 186340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 514381 കുടുംബങ്ങൾ കരട് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട അപ്പീലുകളും ഗ്രാമസഭാ പരിശോധനയും കൂടി നടത്തി അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കും. അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മാത്രമെ കൃത്യമായ എണ്ണം വ്യക്തമാകുകയുള്ളൂ.

(ബി) പട്ടികജാതി വിഭാഗത്തിൽ ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്നും വീടില്ലാത്ത കുടുംബങ്ങൾ എത്രയെന്നും അറിയിക്കാമോ?

ലൈഫ് 2020 പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഭൂരഹിത ഭവനരഹിതരായി 43213 ഗുണഭോക്താക്കളും ഭൂമിയുള്ള ഭവനരഹിതരായി 60744 ഗുണഭോക്താക്കളും കരട് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്.

(സി) ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം

നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; പ്രസ്തുത അപേക്ഷകളുടെ വിശദവിവരം നഗരസഭ/ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കുമോ?

ലൈഫ് പദ്ധതിയുടെ ലൈഫ് 2020 പ്രകാരം മലപ്പുറം നിയോജകമണ്ഡലത്തിലെ കരട് ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയം ഭരണസ്ഥാപനം | ഭൂരഹിത ഭവനരഹിതർ | ഭവനരഹിതർ |
|---|---|---|
| ആനക്കയം | 116 | 174 |
| കോഡൂർ | 103 | 192 |
| മലപ്പുറം നഗരസഭ | 149 | 74 |
| മൊറയൂർ | 77 | 204 |
| പൂക്കോട്ടൂർ | 71 | 163 |
| പുൽപ്പറ്റ | 66 | 399 |
| ആകെ | 582 | 1206 |

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട്</u>

341 (342) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻഫണ്ട്

അനുവദിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2022-23 മുതൽ ഫണ്ട് വിതരണം നടത്തേണ്ടുന്ന മാനദണ്ഡം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനം കൈക്കൊണ്ടുവരികയാണ്. ആകയാൽ 2021-22 സാമ്പത്തികവർഷത്തെ മാനദണ്ഡപ്രകാരമാണ് നിലവിൽ ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം സർക്കാർ തീരുമാനമെടുക്കുമ്പോൾ ഫണ്ട് പുനർവിതരണം നടത്തുന്നതായിരിക്കും. നിലവിലെ ഫണ്ട് വിതരണം നടത്തിയിരിക്കുന്ന മാനദണ്ഡം താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസന ഫണ്ടിന്റെ പൊതുവിഭാഗം ഫണ്ട് അഞ്ച് തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് താഴെപ്പറയുംപ്രകാരം വിഭജിച്ചിരിക്കുന്നു.

| ക്രമ നം. | മാനദണ്ഡം | ഗ്രാമ പഞ്ചായത്ത് | ബ്ളോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|---|
| വെയിറ്റേജ് (ശതമാനത്തിൽ) | | | | | | |
| 1 | പട്ടികജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ് പ്രകാരം ) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ചതു.കി.മീ) | 10 | 10 | 10 | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental Vulnerability)<br>1. വെള്ളപ്പൊക്ക സമതല പ്രദേശം (Ha)<br>2. തീരദേശ മേഖലയുടെ നീളം (Km)<br>3. ഉയർന്ന അപകട സാധ്യതയുള്ള മേഖല (Ha) | 10 | 10 | 10 | 10 | 10 |
| 4 | ഇല്ലായ്മയുടെതോത് (Deprivation Index)<br>1. LPG കണക്ഷൻ ഇല്ലാത്ത വീടുകൾ<br>2. വൈദ്യുതി ഇല്ലാത്ത വീടുകൾ<br>3. ജലകണക്ഷൻ ഇല്ലാത്ത വീടുകൾ<br>4. അന്ത്യോദയ അന്നയോജന മുൻഗണനയുള്ള വീടുകൾ<br>5. ആളോഹരി തനതുവരുമാന വ്യത്യാസവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം | 25 | 30 | 30 | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം | 15 | | | 15 | 15 |
| | ആകെ | 100 | 100 | 100 | 100 | 100 |

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും UFC ഗ്രാന്റ് ഒഴികെയുള്ള പൊതുവിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15 ശതമാനമായും പരമാവധി വർദ്ധനവ്

75 ശതമാനമായും നിജപ്പെടുത്തുന്നതാണ്.

SCSP ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം. (അതായത്, 2011-ലെ സെൻസസ് പ്രകാരം 83.25:10.25:6.50 എന്ന അനുപാതത്തിൽ). ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. ജനസംഖ്യക്കും ഇല്ലായ്മയുടെ തോതിനും (deprivation index) 60:40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തുകൊണ്ടാണ് പട്ടികജാതി ഉപപദ്ധതി (SCSP) ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വിതരണം നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പട്ടികജാതി ഉപപദ്ധതിഫണ്ട് അനുവദിക്കുമ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് പരമാവധി കുറവ് 15 ശതമാനമായും പരമാവധി വർദ്ധനവ് 40 ശതമാനമായും നിജപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ

എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ ഗ്രാമ പ്രദേശങ്ങൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവർക്കായി വിഭജിച്ചിരിക്കുന്നു. (അതായത് 91.96:6.08:1.96). ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചിരിക്കുന്നു. എല്ലാ ശ്രേണികളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ജനസംഖ്യ 60 ശതമാനം, ഇല്ലായ്മയുടെ തോത് (Index of Deprivation) 40 ശതമാനമെന്ന് വെയിറ്റേജ് പ്രകാരം വിതരണം നടത്തുന്നു. 2011-ലെ സെൻസസ് പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ 50 എങ്കിലുമുള്ള പ്രാദേശിക സർക്കാരുകൾക്ക് മാത്രമെ TSP ഫണ്ടുകൾ വിതരണം നടത്തിയിട്ടുള്ളൂ.

(ബി) പ്ലാൻ ഫണ്ടിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതങ്ങൾ എത്ര വീതമെന്ന് അറിയിക്കുമോ?

ആകെ പ്ലാൻഫണ്ട് 8,048 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം 5,630.02 കോടി രൂപയും കേന്ദ്ര വിഹിതം 2,417.98 കോടി രൂപയുമാണ്.

(സി) ആകെ ലഭിക്കേണ്ട പ്ലാൻഫണ്ടിന്റെ മൂന്ന് ശതമാനം മാത്രമാണോ

തദ്ദേശസ്ഥാപനങ്ങൾക്ക് നിലവിൽ അനുവദിച്ച് നൽകിയിട്ടുള്ളത്?

അല്ല. ആകെയുള്ളതിന്റെ (15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള) 1/3 ഭാഗമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ളത് മൊത്തമായും വിതരണം നടത്തിയിട്ടുണ്ട്.

(ഡി) പ്ലാൻഫണ്ട് അലോട്ട്മെന്റ് ക്രമത്തിൽ വ്യത്യാസം വരുത്തുന്നത് സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവച്ച ശിപാർശ സർക്കാർ അംഗീകരിക്കുകയുണ്ടായോ; എങ്കിൽ അതുപ്രകാരമുള്ള വ്യത്യാസം ഈ സാമ്പത്തിക വർഷത്തിൽതന്നെ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയുണ്ടായോ; അറിയിക്കുമോ?

പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ കേന്ദ്ര സർക്കാരാണ് തീരുമാനമെടുത്തിട്ടുള്ളത്. നടപ്പുസാമ്പത്തിക വർഷം പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് തുക പ്ലാൻഫണ്ടിൽ ഉൾപ്പെടുന്നില്ല.

(ഇ) എങ്കിൽ ഇതുമൂലം ഓരോ വർഷവും പ്ലാൻഫണ്ടിൽ ലഭിക്കേണ്ടിയിരുന്ന വർദ്ധനവ് ഈ വർഷം നഷ്ടമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇതുപരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ

കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ബാധകമല്ല.

## മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

342 (343) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മാവേലിക്കര മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020-21 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മാവേലിക്കര മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020-21 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## തൊഴിൽ നികുതി നിരക്ക്

343 (344) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിരക്ക് എത്രയാണെന്നും ഇത് നിശ്ചയിച്ചത് ഏത് വർഷമാണെന്നും വിശദമാക്കാമോ?

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിവരുന്നത്. നിരക്ക് ചുവടെ ചേർക്കുന്നു.

| സ്ളാബ് | അർദ്ധവാർഷിക വരുമാനം (രൂപയിൽ) | പരമാവധി അർദ്ധവാർഷിക തൊഴിൽ നികുതി നിരക്ക് (രൂപയിൽ) |
|---|---|---|
| I | 12,000 - 17,999 | 120 |
| II | 18,000 - 29,999 | 180 |
| III | 30,000 - 44,999 | 300 |
| IV | 45,000 - 59,999 | 450 |
| V | 60,000 - 74,999 | 600 |
| VI | 75,000 - 99,999 | 750 |
| VII | 1,00,000 - 1,24,999 | 1,000 |
| VIII | 1,25,000 മുതൽ | 1,250 |

(ബി) ശമ്പള വർദ്ധനവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രയാസം എന്നിവ കണക്കിലെടുത്ത് തൊഴിൽ നികുതി നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## തദ്ദേശ പൊതുസർവ്വീസ് സ്പെഷ്യൽ റൂൾ

344 (345) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് സ്പെഷ്യൽ റൂളുകൾ അന്തിമമായി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൊതുസർവ്വീസിന്റെ ഭാഗമായുള്ള ജില്ലാ ഓഫീസുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടോ?

ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസുകൾ 2022 ഫെബ്രുവരി 19-ാം തീയതി മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ പി.എം.ജി.എസ്.വൈ. പദ്ധതി

345 (346) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റോഡുകൾ നവീകരിക്കുന്നതിന് എത്ര തുകയാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വിഹിതമായി 150 കോടിയും സംസ്ഥാന വിഹിതമായി 100 കോടിയും ചേർത്ത് ആകെ 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ കോഴിക്കോട് ജില്ലയിൽനിന്നും ഉൾപ്പെടുത്തിയ റോഡുകൾ ഏതെല്ലാമാണെന്നും അനുവദിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ?

1. ബാലുശ്ശേരി ബ്ലോക്കിൽ പനായി-നന്മണ്ട 14 റോഡ് (3.818 കി.മി.) PAC-345.20 ലക്ഷം രൂപ

2. പേരാമ്പ്ര ബ്ലോക്കിൽ ചവറമൂഴി-അഞ്ജനമുക്ക്-പിള്ളപ്പെരുമണ്ണ കുവൻ പൊയിൽ റോഡ് (5.722 കി.മി.) PAC-495.96 ലക്ഷം രൂപ

(സി) കോഴിക്കോട് ജില്ലയിൽനിന്നും അടുത്ത വർഷം ഏതെല്ലാം റോഡുകൾ ഉൾപ്പെടുത്തിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്?

കോഴിക്കോട് ജില്ലയിൽനിന്നും അടുത്ത വർഷം DPR തയ്യാറാക്കുന്ന പാക്കേജുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നേരത്തെ തയ്യാറാക്കിയതും അനുവദിച്ചതുമായ എസ്റ്റിമേറ്റുകളിൽ പൊതുമരാമത്ത് നിരക്കുകൾ മാറിയതുകാരണം ഉണ്ടായ കുറവ് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ.-3-ൽ അനുമതി ലഭിച്ച പ്രവൃത്തികൾക്ക് 2016 DSoR പ്രകാരമായിരുന്നു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നത്. എന്നാൽ ടി പ്രവൃത്തികൾക്ക് കരാറുകാരൻ ടെണ്ടർ സമർപ്പിച്ച തുകയോ, 2018 DSoR-ൽ നിന്നും 10 ശതമാനം അധികരിച്ച് നിരക്കോ അല്ലെങ്കിൽ നിലവിലുള്ള മാർക്കറ്റ് റേറ്റോ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ

346 (347) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്കൂളുകളിൽ വാർഷിക പദ്ധതികളിലും മറ്റും ഉൾപ്പെടുത്തി എന്തൊക്കെ സൗകര്യങ്ങളാണ് നടപ്പാക്കുവാൻ കഴിയുന്നതെന്ന് വിശദീകരിക്കുമോ?

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്കൂളുകളിൽ വാർഷിക പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(ബി) കമ്പ്യൂട്ടറും അനുബന്ധ സാധനസാമഗ്രികളും വാങ്ങിനൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണുള്ളതെന്ന് വിശദമാക്കുമോ?

സ്കൂളുകൾക്കാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. 14-02-2022-ലെ സ.ഉ.(സാധാ)നം.830/2022/ജി.ഇ.ഡി.എൻ. എന്ന ഉത്തരവുപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

(സി) കമ്പ്യൂട്ടറൈസേഷന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നതിനായി സ്ഥാപിച്ച ഇൻഫർമേഷൻ കേരള മിഷൻ തീരുമാനിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് കമ്പ്യൂട്ടറും അനുബന്ധ സാധനസാമഗ്രികളും സ്കൂളുകൾക്ക് വാങ്ങി നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തനത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങേണ്ടതാണ്.

(ഡി) ഐ.കെ.എം. നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് നടത്തിയ വാങ്ങലുകൾ ആഡിറ്റ് വകുപ്പ് അംഗീകരിക്കാതെ വന്നതിനെത്തുടർന്ന് സ്കൂൾ മേധാവികളുടെയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരിൽ വൻതുക ബാദ്ധ്യതയാക്കുന്ന വിവരം അന്വേഷിക്കുമോ?

ഐ.കെ.എം. നൽകിയ സ്പെസിഫിക്കേഷനനുസരിച്ച് നടത്തിയ വാങ്ങലുകൾ ആഡിറ്റ് വകുപ്പ് അംഗീകരിക്കാതെവന്നതിനെത്തുടർന്ന് സ്കൂൾ മേധാവികളുടെയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരിൽ വൻതുക ബാദ്ധ്യതയാകുന്നത് സംബന്ധിച്ച് വിവരം ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ഇ) വിദ്യാഭ്യാസ വകുപ്പ് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച സ്പെസിഫിക്കേഷനും നൽകാവുന്ന പരമാവധി വിലയും തദ്ദേശസ്ഥാപനങ്ങൾക്കുകൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

സ്കൂളുകൾക്കാവശ്യമായ കമ്പ്യൂട്ടറുകളുടെ സ്പെസിഫിക്കേഷൻ

പൊതുവിദ്യാഭ്യാസ വകുപ്പാണ് നിശ്ചയിക്കുന്നത്.

(എഫ്) സ്വകാര്യ സ്കൂളുകൾ ഉപയോഗിക്കുന്നതുപോലെ ഉയർന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധനസാമഗ്രികൾ വാങ്ങി സ്കൂളുകളുടെ നിലവാരം ഉയർത്തണമെന്ന ശിപാർശകൾ അംഗീകരിക്കുവാൻ ഭരണഘടനാ സ്ഥാപനങ്ങളായ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ടോയെന്ന് വിശദീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ പൊതുഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ?

മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്.

<u>അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ</u>

347 (348) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്രരെ കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന സർവ്വേ നടപടികൾ ഏതുവരെയായിയെന്ന് വിശദമാക്കുമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടപടികൾ പൂർത്തീകരിച്ചു. മൈക്രോപ്ലാൻ മാർഗ്ഗരേഖ തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പരിശീലനത്തിന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്, വികസന ഫണ്ടുകൾ എത്രയെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

അതിദരിദ്രരെ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് പരിശീലക പരിശീലനം, നോഡൽ ഓഫീസർമാർക്കുള്ള പരിശീലനം, അസിസ്റ്റന്റ് നോഡൽ ഓഫീസർമാർക്കുള്ള പരിശീലനം, തദ്ദേശസ്വയംഭരണ സ്ഥാപനതലവൻമാർക്കുള്ള പരിശീലനം, ബ്ലോക്കുതല ഓഫീസർമാർക്കുള്ള പരിശീലനം, ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കുള്ള പരിശീലക പരിശീലനം, തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾക്കുള്ള പരിശീലനം, ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം, ജനകീയ സമിതി, വാർഡ് സമിതി അംഗങ്ങൾക്കും എന്യൂമറേറ്റർമാർക്കുള്ള പരിശീലനം എന്നിങ്ങനെ വിവിധ തലങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. ദാരിദ്ര്യ ലഘൂകരണ വിഭാഗം ജില്ലാ പ്രോജക്ട് ഡയറക്ടർമാർ മുഖാന്തരമാണ് പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. മേൽ പരിശീലന പരിപാടികൾക്കായി ആകെ 254.15 ലക്ഷം രൂപയാണ് നാളിതുവരെ കിലയ്ക്ക് ചെലവുവന്നിട്ടുള്ളത്.

(സി) സർവ്വേയിൽ കണ്ടെത്തിയ അതിദരിദ്രരുടെ ഉന്നമനത്തിന് ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

കണ്ടെത്തിയിട്ടുള്ള അതിദരിദ്രരുടെ ഉന്നമനത്തിനായി വാസസ്ഥലം, ആരോഗ്യം, ഭക്ഷണം, വരുമാനം എന്നിവ ലഭ്യമാക്കുന്നതിന് ഊന്നൽ നൽകിയുള്ള മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. അംഗീകരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി തുടർപ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ഡി) തദ്ദേശ സ്ഥാപനങ്ങൾ ഇതിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഓരോ കുടുംബങ്ങൾക്കുമായി തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾ പ്രകാരമായിരിക്കും പദ്ധതി നടത്തിപ്പിനാവശ്യമായ തുക വകയിരുത്തുക. അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഇ) സർക്കാരിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി തനതുഫണ്ട് വലിയ തോതിൽ ചെലവഴിച്ചതുമൂലം പ്രതിസന്ധിയിലായ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക സഹായം അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഓരോ കുടുംബങ്ങൾക്കുമായി തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾ പ്രകാരമായിരിക്കും പദ്ധതി നടത്തിപ്പിനാവശ്യമായ തുക വകയിരുത്തുക. അതിദരിദ്രരുടെ ഉന്നമനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ റിസോഴ്സ് റിക്കവറി സെന്റർ

348 (349) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര ബ്ലോക്കുപഞ്ചായത്തുകളിൽ റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്?

ആറ് ബ്ലോക്കുപഞ്ചായത്തുകളിൽ റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാത്ത

ബ്ലോക്കുപഞ്ചായത്തുകളിൽ ആയതുസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കാത്ത ബ്ലോക്കുപഞ്ചായത്തുകളിൽ, ആയത് സ്ഥാപിക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റിസോഴ്സ് റിക്കവറി സെന്ററുകളുടെ നിർമ്മാണം പൂർത്തിയായതിനുശേഷവും പ്രവർത്തനക്ഷമമാകാത്തതായ ഏതെങ്കിലും യൂണിറ്റുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലുണ്ട്. പന്തലായനി ബ്ലോക്കിലെ പൊതുജന പ്രക്ഷോഭം കാരണം പ്രവർത്തനക്ഷമമാകാത്ത റിസോഴ്സ് റിക്കവറി സെന്ററിന്റെ പ്രവർത്തനം, എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനായി ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുന്നതിനായി വർക്ക് ഓർഡർ നൽകുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മാലിന്യനിർമ്മാർജ്ജനം

349 (350) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ആധുനിക മാലിന്യസംസ്കരണ നിർമ്മാർജ്ജന സംവിധാനങ്ങളൊരുക്കുവാൻ എന്തെല്ലാം പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിലേയ്ക്കായി ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യസംസ്കരണ പ്ലാന്റുകൾ എട്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാഥമിക ഘട്ടത്തിലാണ്.

കൂടാതെ എല്ലാ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നഗരസഭാ പരിധിയോടുചേർന്നുള്ള തെരഞ്ഞെടുത്ത പഞ്ചായത്തുകളിലും ഖരമാലിന്യസംസ്കരണശേഷി കൈവരിക്കാൻ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ ലോക ബാങ്ക് സഹായത്തോടെ കേരള ഖരമാലിന്യസംസ്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശേഖരിക്കപ്പെടുന്ന ജൈവമാലിന്യങ്ങളെ പല വിധത്തിലുള്ള സംസ്കരണ

ഉപാധികളിലൂടെ ഉപയോഗപ്രദമാക്കുകയും അജൈവമാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മാലിന്യനിർമ്മാർജ്ജനത്തിന് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

മാലിന്യനിർമ്മാർജ്ജനത്തിന് സ്വകാര്യ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിന് KSIDC വഴി പി.പി.പി. മാതൃകയിൽ മാലിന്യത്തിൽനിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രാഥമികഘട്ടത്തിലാണ്.

മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി വീടുകളിൽ/ സ്ഥാപനങ്ങളിൽനിന്നും ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യം പുനഃചംക്രമണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിയുമായോ മറ്റ് അംഗീകൃത ഏജൻസികളുമായോ കരാർ ഉടമ്പടിയിലും ഏർപ്പെട്ടിട്ടുണ്ട്.

(സി) മാലിന്യനിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് കേന്ദ്രീകൃത പുനഃചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മാലിന്യങ്ങൾ വൻതോതിൽ ജലസ്രോതസ്സുകളിലേയ്ക്ക് തള്ളിവിടുന്നത്

തടയുന്നതിന് നടപടി കൈക്കൊള്ളുമോ?

ജില്ലകളിൽ പുനഃചംക്രമണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ക്ലീൻ കേരള കമ്പനി മുഖേന നടന്നുവരുന്നു. മാലിന്യനിർമ്മാർജ്ജനത്തിനായി കേന്ദ്രീകൃത പുനഃചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നത് കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി പരിശോധിച്ചുവരുന്നു.

ഖരമാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് തള്ളിവിടുന്നത് നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽനിന്നും തരംതരിച്ചുശേഖരിക്കുന്നതിനും തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ/റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ മുഖേന ശാസ്ത്രീയ പുനഃചംക്രമണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം തള്ളിവിടുന്നത് തടയുന്നതിന് നിരന്തരപരിശോധനകൾ ഹരിതകർമ്മസേന, തൊഴിലുറപ്പുപദ്ധതിയിലെ അംഗങ്ങൾ, ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ ആരോഗ്യ പ്രവർത്തകർ മുഖേന നടത്തിവരികയും ഇത്തരത്തിൽ ചട്ടലംഘനം

നടത്തുന്നവർക്കെതിരെ പിഴ ഈടാക്കുന്ന നടപടികളും സ്വീകരിച്ചുപോരുന്നു. കൂടാതെ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം ഒഴുക്കിവിടുന്ന ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുകയും അവിടെ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

350 (351) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി പരമാവധി സംരംഭക സാദ്ധ്യതകൾ ഹരിതകർമ്മസേനക്കായി തുറന്നുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. വാതിൽപ്പടി പാഴ്‌വസ്തു ശേഖരണം വീടുകളിലും സ്ഥാപനങ്ങളിലും നൂറ് ശതമാനത്തിൽ എത്തിക്കുവാനുള്ള പരിപാടികളും നടപ്പാക്കിവരുന്നുണ്ട്.

(ബി) ഹരിത കർമ്മസേനകൾ സജീവമല്ലാത്ത തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി സജീവമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രവർത്തനാവസ്ഥ വിലയിരുത്തി. നിരന്തര അവലോകനങ്ങളിലൂടെ ഹരിത കർമ്മസേനയുടെ പ്രവർത്തനം മികച്ച അവസ്ഥയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ വിഷയത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

351(352) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി.ആർ.ഇസഡ്. ബാധകമായ പ്രദേശങ്ങളിലെ വീടുകൾക്ക് യു.എ. നമ്പർ നൽകി കെട്ടിടനികുതിയായി വലിയ തുക നിശ്ചയിച്ചിട്ടുള്ളത് സാധാരണക്കാർക്ക് അടയ്ക്കുവാൻ കഴിയാത്തതുമൂലം തീരദേശ പഞ്ചായത്തുകളിൽ ഉണ്ടാകുന്ന കുടിശ്ശിക എഴുതിതള്ളുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമാണ് നികുതി ഈടാക്കിവരുന്നത്. കുടിശ്ശിക എഴുതിതള്ളുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

<u>ഐ.കെ.എം. ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

352 (353) <u>ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റി ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഐ.കെ.എം. സൊസൈറ്റി ജീവനക്കാർക്കുവേണ്ടിയുള്ള കരട് സ്പെഷ്യൽ റൂൾസ് ഐ.കെ.എം. തയ്യാറാക്കിവരികയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഐ.കെ.എം.-ലെ ജീവനക്കാർക്ക് ഏറ്റവും അവസാനം ശമ്പള പരിഷ്കരണം നടപ്പിലാക്കിയ തീയതി വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോവെന്ന് അറിയിക്കുമോ?

ഐ.കെ.എം. സൊസൈറ്റി ജീവനക്കാർക്കുവേണ്ടി ഏറ്റവും അവസാനം ശമ്പളപരിഷ്കരണം നടപ്പിലാക്കിയത് 31-08-2017-ലെ സ.ഉ(കൈ)നം.176/2017/തസ്വഭവ പ്രകാരമാണ്. ഐ.കെ.എം. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലുണ്ട്.

## ലൈഫ് മിഷൻ പദ്ധതി

353 (354) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിൽ എത്ര ആളുകൾക്ക് വീട് അനുവദിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലൂടെ 66145 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 5605 |
| കൊല്ലം | 6710 |
| പത്തനംതിട്ട | 2688 |
| ആലപ്പുഴ | 4411 |
| കോട്ടയം | 3554 |
| ഇടുക്കി | 5142 |
| എറണാകുളം | 5100 |
| തൃശ്ശൂർ | 4249 |
| പാലക്കാട് | 6682 |
| മലപ്പുറം | 8536 |
| കോഴിക്കോട് | 3403 |
| വയനാട് | 4633 |
| കണ്ണൂർ | 2332 |

| | |
|---|---|
| കാസർഗോഡ് | 3100 |
| ആകെ | 66145 |

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും ആയത് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതിക്കായി 2,645.80 കോടി രൂപ ആവശ്യമായി വരും. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും സംസ്ഥാന ബഡ്ജറ്റ് വിഹിതവും ഹഡ്കോ വായ്പയുമാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്കായി സർക്കാർ ഏതെങ്കിലും വായ്പകൾ എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തിരിച്ചടവ്, പലിശ ഇവ സംബന്ധിച്ച പൂർണ്ണ വിശദാംശം നൽകുമോ?

ഹഡ്കോ വായ്പ എടുത്തിട്ടുണ്ട്. വായ്പ തുകയുടെ പലിശ സർക്കാർ ബഡ്ജറ്റ് തുകയിൽനിന്നും മുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നുമാണ് തിരിച്ചടയ്ക്കുന്നത്. വായ്പാ കാലാവധി 15 വർഷമാണ്.

(ഡി) ഓരോ കാറ്റഗറിയിലും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽനിന്നും എത്ര അപേക്ഷകളാണ് അന്തിമമായി പരിഗണിച്ചതെന്നും

അറിയിക്കുമോ?

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 920260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 647092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 273168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 379069 ഭൂമിയുള്ള ഭവനരഹിതരും 202620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുനപരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 328041 ഭൂമിയുള്ള ഭവനരഹിതരും 186340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 514381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

പുനപരിശോധനയ്ക്കും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കുശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാരനടപടികൾ പൂർത്തിയാക്കി ലൈഫ് 2020

പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ടേക്ക് എ ബ്രേക്ക് പദ്ധതി

354 (355) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; ഇതിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദാംശം നൽകുമോ?

കണ്ണൂർ ജില്ലയിൽ 173 ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഇതിൽ 62 വിശ്രമ കേന്ദ്രങ്ങൾ പൂർത്തിയായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു:+

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; എത്രയെണ്ണം പൂർത്തീകരിച്ചു; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 20 വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ എട്ട് വിശ്രമകേന്ദ്രങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ഏറ്റെടുത്ത പ്രവൃത്തികൾ | പൂർത്തിയായവ |
|---|---|---|
| ചെറുതാഴം | 2 | 1 |
| ഏഴോം | 2 | 1 |
| ചെറുകുന്ന് | 2 | 1 |
| കടന്നപ്പള്ളി-പാണപ്പുഴ | 2 | 1 |
| കല്ല്യാശ്ശേരി | 2 | 2 |
| കണ്ണപുരം | 2 | 0 |
| കുഞ്ഞിമംഗലം | 2 | 1 |
| മാടായി | 2 | 0 |
| മാട്ടൂൽ | 2 | 0 |
| പട്ടുവം | 2 | 1 |
| ആകെ | 20 | 8 |

## വിധവാ പെൻഷൻ

355 (356) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായി വിവാഹമോചനം നേടിയവരും ഭർത്താവ് ഉപേക്ഷിച്ച് പോയവരും 50 വയസ്സിൽ താഴെയുള്ളവരുമായ നിർധനകുടുംബത്തിലെ സ്ത്രീകൾക്ക് നൽകിയിരുന്ന വിധവാപെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

അർഹരായവർക്കുമാത്രം വിധവാപെൻഷൻ ലഭിക്കുന്നതിനായി

പുറപ്പെടുവിച്ച 25-04-2019-ലെ നം.35/2019/ധന. സർക്കുലർ പ്രകാരം ഭർത്താവ് മരണപ്പെടുകയോ ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലാത്തതോ ആയവർക്കുമാത്രമെ വിധവാപെൻഷൻ ലഭിക്കുവാൻ അർഹതയുള്ളൂവെന്നും (ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ഏഴ് വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലെന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽമാത്രം) നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ലാത്തതിനാൽ അവർക്ക് വിധവാപെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ലെന്നും വിധവയല്ലാത്ത എന്നാൽ ഭർത്താവിൽനിന്ന് അകന്നുകഴിയുന്ന വ്യക്തികൾക്ക് ചട്ടവിരുദ്ധമായി വിധവാപെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ വിധവകൾക്കായുള്ള പെൻഷൻ ധാരാളം അനർഹർ കൈപ്പറ്റുന്നുവെന്നുള്ള നിരവധി പരാതികൾ ലഭിച്ചതിനെത്തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചട്ടവിരുദ്ധമായി മുമ്പ് കൈപ്പറ്റിയിരുന്ന അനർഹരായവർക്ക് പെൻഷൻ തുടർന്നും ലഭിക്കുകയും പുതിയ അപേക്ഷകർക്ക് മാത്രം നിബന്ധനകൾ നടപ്പാക്കുകയും ചെയ്യുന്നത് രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കാൻ ഇടയാക്കുമെന്നതിനാലും പെൻഷൻ

ഗുണഭോക്തൃലിസ്റ്റിൽ അനർഹരായവർ കയറിക്കൂടുവാനും വിധവാപെൻഷൻ അനധികൃതമായി കൈക്കലാക്കാനും തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുവാനും ഇടവരുത്തുമെന്നതിനാലും മേൽനിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ ലഭിച്ചുവന്നിരുന്നവർക്കുകൂടി ബാധകമാക്കിക്കൊണ്ട് 11-12-2019-ൽ 97/2019/ധന.നം.സർക്കുലർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 50 വയസ്സുകഴിയുമ്പോൾ പുനർവിവാഹ സാദ്ധ്യത കുറവായതിനാലും ആരോഗ്യപരമായി ദുർബലരാകുന്ന സാഹചര്യവും കണക്കിലെടുത്ത് ഭർത്താവ് ഉപേക്ഷിച്ച് ഏഴ് വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് കൂടി മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാപെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുമെന്ന് 31-03-2020-ലെ സർക്കുലർ നം.17/2020/ധന. പ്രകാരം ഉത്തരവായിരുന്നു. നിലവിലെ ഉത്തരവുകൾ പ്രകാരം മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി അർഹതയുള്ളവർക്കെല്ലാം വിധവാപെൻഷൻ ലഭിക്കുന്നുണ്ട് വിവാഹമോചിതരെയും ഭർത്താവുപേക്ഷിച്ച എല്ലാ പ്രായത്തിലുള്ളവരെയും

വിധവകളായി കണക്കാക്കാൻ കഴിയാത്തതിനാൽ അത്തരക്കാരുടെ പെൻഷൻ റദ്ദുചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പെൻഷൻ നിഷേധിക്കപ്പെടുന്ന വനിതകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇത്തരത്തിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിക്കുകയും അവയ്ക്ക് ഉചിതമായ മറുപടികൾ നല്കുകയും ചെയ്തുവരുന്നു.

(സി) പ്രസ്തുത പെൻഷൻ വിതരണം പുനരാരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിഗണനയിലില്ല.

ഡയാലിസിസ് ചെയ്യുന്ന രോഗികൾക്കുള്ള ധനസഹായ പദ്ധതി

356 (357) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക സംബന്ധമായ അസുഖം ബാധിച്ച് ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മാസം 4,000 രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28-05-2022-ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 7.6.7-ൽ വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനുള്ള വിശദമായ മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1,000 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 4,000 രൂപ വരെ അനുവദിക്കാവുന്നതാണ്. ഈ തുക ഗുണഭോക്താവിന് നേരിട്ട് നൽകുന്നതല്ല. ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേനയാണ് കൈമാറുന്നത്. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഡയാലിസിസിന് ധനസഹായം അനുവദിക്കാം. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനായി പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്.

(ബി) പരിഷ്കരിച്ച പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

2022-23 വാർഷിക പദ്ധതി മുതൽ ഇതുസംബന്ധിച്ച പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽനിന്നും നഗരസഭകളിൽനിന്നും വാർഷിക പദ്ധതിയുടെ ഭാഗമായി സബ്സിഡി ധനസഹായം നൽകുന്നതിനുള്ള പൊതുമാനദണ്ഡമെന്ന നിലയിൽ നിശ്ചയിക്കപ്പെട്ട വരുമാനപരിധിയാണ് ഈ പദ്ധതിക്കും ബാധകമാക്കിയിട്ടുള്ളത്. പൊതുവിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയിൽ താഴെയും ആയിരിക്കണം കുടുംബ വാർഷിക വരുമാനം. ഈ പരിധിയിൽ കൂടുതൽ വാർഷികവരുമാനമുള്ള കുടുംബങ്ങൾ ധനസഹായത്തിന് അർഹരല്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്. പ്രോജക്ട് ഏറ്റെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുമ്പോൾ

അർഹരായവർക്ക് അപേക്ഷിക്കാവുന്നതാണ്. ഡയാലിസിസ് സംബന്ധമായ രേഖകളും ഹാജരാക്കണം. ലഭിക്കുന്ന അപേക്ഷകളുടെ അർഹത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പരിശോധിച്ച്, നിലവിലുള്ള മാനദണ്ഡപ്രകാരം ഗുണഭോക്തൃപട്ടിക അന്തിമമാക്കുകയും ഇങ്ങനെ അന്തിമമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പ്രോജക്ടിലെ വ്യവസ്ഥകൾ പ്രകാരം സഹായം ലഭിക്കുന്നതുമാണ്.

<u>വൃക്കരോഗികൾക്കുള്ള ധനസഹായം</u>

357 (358) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മാസംതോറും ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൃക്കരോഗികൾക്കുള്ള ധനസഹായ

പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട സബ്സിഡി, ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28-05-2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 7.6.7-ൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി മുതൽ ഇതുസംബന്ധിച്ച പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1,000 രൂപ എന്ന ക്രമത്തിൽ പ്രതിമാസം പരമാവധി 4,000 രൂപ വരെ അനുവദിക്കാവുന്നതാണ്.

(ബി) പതിനാലാം പഞ്ചവത്സര പദ്ധതി പ്രകാരം വൃക്കരോഗികൾക്ക് നൽകുന്ന സബ്സിഡിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പദ്ധതി ഗുണഭോക്താവാകുന്നതിന്, പൊതുവിഭാഗത്തിൽപ്പെട്ട വൃക്ക

രോഗികൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്ന് ലക്ഷം രൂപയിൽ താഴെയുമായിരിക്കണം കുടുംബ വാർഷിക വരുമാനം. ഈ പരിധിയിൽ കൂടുതൽ വാർഷികവരുമാനമുള്ള കുടുംബങ്ങൾ ധനസഹായത്തിന് അർഹരല്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകാവുന്നതാണ്. എല്ലാവിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ ആയിരം രൂപ ക്രമത്തിൽ ഒരുമാസം പരമാവധി നാലായിരം രൂപ വരെ അനുവദിക്കാവുന്നതാണ്. ഈ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് അതത് നിർവ്വഹണ ഉദ്യോഗസ്ഥൻ (മെഡിക്കൽ ഓഫീസർ) മുഖേനയാണ് കൈമാറുന്നത്. സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഡയാലിസിസിന് ധനസഹായം അനുവദിക്കാം. ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഇതിനായി പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഗ്രാമ പ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതംകൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്.

(സി) വൃക്കരോഗികളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മാർഗ്ഗരേഖയിൽ ഇളവുകൾ നൽകിയും വരുമാനം പരിഗണിക്കാതെയും എല്ലാ വൃക്കരോഗികൾക്കും ഡയാലിസിസിന് ധനസഹായം നൽകുവാൻ നടപടി

സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## തൊഴിലുറപ്പ് പദ്ധതി

358 (359) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ ഇനത്തിലും ഭരണ ചെലവിനത്തിലും ലഭിക്കേണ്ടുന്ന തുക ഒരു വർഷത്തോളമായി ലഭിച്ചിട്ടില്ല. 2021-22 സാമ്പത്തികവർഷത്തെ ഏകദേശം 700 കോടി രൂപയോളം കുടിശ്ശികയാണ്. മെറ്റീരിയൽ/ ഭരണച്ചെലവിനത്തിൽ 24-05-2021-ന് ശേഷം കേന്ദ്രസർക്കാർ തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തികവർഷം തൊഴിലാളികളുടെ വേതന വിതരണത്തിനും കാലതാമസമുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നിരന്തരം ഇടപെടുകയും സമ്മർദ്ദം

ചെലുത്തിയതിന്റെയും ഫലമായി ഈ സാമ്പത്തിക വർഷം ഇതേവരെ തൊഴിലാളികൾക്കുള്ള അവിദഗ്ദ്ധ വേതനത്തിൽ നിലവിൽ കാലതാമസം വന്നിട്ടില്ല.

(ബി) കഴിഞ്ഞ സാമ്പത്തികവർഷത്തെ കേന്ദ്രവിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; കുടിശ്ശികയുണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തികവർഷം (2021-22) മെറ്റീരിയൽ ഇനത്തിൽ 403.03 കോടി രൂപയുടെ കേന്ദ്രവിഹിതം കുടിശ്ശികയാണ്. ഭരണച്ചെലവിനത്തിൽ 141 കോടി രൂപയും കുടിശ്ശികയുണ്ട്.

(സി) നടപ്പുസാമ്പത്തികവർഷം തൊഴിലുറപ്പ് പദ്ധതിക്ക് കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തികവർഷത്തിൽ (2022-23) മാത്രമായി മെറ്റീരിയൽ ഇനത്തിൽ 532.27 കോടി രൂപയാണ് കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിക്കേണ്ടത്. ഇതിൽ ആദ്യഗഡു ലഭിക്കുന്നതിനായി 01-04-2022-ന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതേവരെ ലഭിച്ചിട്ടില്ല. മുൻവർഷത്തേതുകൂടി ചേർത്താൽ 700 കോടി രൂപയോളം സംസ്ഥാനത്തിന് ലഭിക്കാനുണ്ട്.

## മലമ്പുഴ മണ്ഡലം - തദ്ദേശസ്വയംഭരണ വകുപ്പിലെ ഒഴിവുകൾ

359 (360) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിനുകീഴിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

മൂന്ന് ഒഴിവുകൾ.

(ബി) ഒഴിവുള്ള തസ്തികയുടെ പേര്, ഒഴിവ് നിലവിൽ വന്ന തീയതി, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ വിശദമാക്കാമോ?

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 01-02-2022 മുതലും എലപ്പുള്ളി, അകത്തേത്തറ ഗ്രാമപഞ്ചായത്തുകളിൽ മൂന്നാം തരം ഓവർസിയർ തസ്തികയിൽ യഥാക്രമം 28-10-2021, 18-09-2021 തീയതികൾ മുതലും ഒഴിവുകൾ നിലവിലുണ്ട്.

## അഴീക്കോട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

360 (361) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണവും, നിലവിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണവും പഞ്ചായത്തുതിരിച്ച് വിശദമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി. നിയമനശിപാർശ ലഭിക്കുന്നമുറയ്ക്കും സ്ഥാനക്കയറ്റം/സ്ഥലംമാറ്റം മുഖേനയും നികത്തുന്നതിനുള്ള നടപടികൾ വകുപ്പദ്ധ്യക്ഷന്മാർ സ്വീകരിച്ചുവരുന്നു.

## എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സേവന വ്യവസ്ഥകൾ

361 (362) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ വരുന്ന വകുപ്പുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന് സ്പെഷ്യൽ റൂൾ, മിനിസ്റ്റീരിയൽ കേഡർ, 1985-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലെ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ എന്നിവ ഇല്ലാത്ത വകുപ്പുകളുണ്ടോ; എങ്കിൽ അത് ഏതുവകുപ്പെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്, തദ്ദേശസ്വയംഭരണ വകുപ്പ്.

(ബി) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം രൂപീകരണ വേളയിൽ, സർക്കാർ ഉത്തരവുപ്രകാരം ഓപ്ഷൻ വഴി മിനിസ്റ്റീരിയൽ കേഡർ തസ്തികയിലേക്ക് വന്ന ജലസേചനം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലെയും കൂടാതെ പി.എസ്.സി. വഴി നിയമിതരായ മിനിസ്റ്റീരിയൽ ജീവനക്കാർക്കും ബാധകമായ സ്പെഷ്യൽ റൂൾ, മിനിസ്റ്റീരിയൽ കേഡർ, 1985-ലെ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ എന്നിവ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ 1985-ലെ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള സ്റ്റാഫ് പാറ്റേണും സ്പെഷ്യൽ റൂളും നടപ്പിലാക്കിയിട്ടില്ല.

(സി) 1985-ലെ ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, മിനിസ്റ്റീരിയൽ കേഡർ, സ്പെഷ്യൽ റൂൾ എന്നിവ നിലവിലില്ലാത്ത

വകുപ്പുകളെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ കൊണ്ടുവരുമ്പോൾ പ്രസ്തുത വിഭാഗം ജീവനക്കാരോടുള്ള അനീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൊതുസർവ്വീസ് വരുന്നതിനുമുമ്പ് ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് & സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ നിലവിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വന്നശേഷം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.

<u>നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ്</u>

362 (363) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നഗരസഭകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ 01-09-2021 അടിസ്ഥാനമാക്കിയിട്ടുള്ള കരട് സീനിയോരിറ്റി ലിസ്റ്റ് 25-10-2021-ന്

പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിച്ച് ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതുമാണ്.

(ബി) 2022 ജൂൺ മുതൽ 2023 മാർച്ച് വരെ നഗരസഭകളിലെ റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ ഗ്രേഡ് 1 & 2, ഡെപ്യൂട്ടി സെക്രട്ടറി, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽനിന്നുള്ള റിട്ടയർമെന്റ് ഒഴിവുകളും മറ്റ് ഒഴിവുകളും എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

റവന്യൂ ഓഫീസർ ഗ്രേഡ്-II

| | |
|---|---|
| തിരുവനന്തപുരം | - 1 |

അക്കൗണ്ട്സ് ഓഫീസർ

| | |
|---|---|
| പാലക്കാട് | - 1 |
| തൃശ്ശൂർ | - 1 |
| എറണാകുളം | - 1 |

ഡെപ്യൂട്ടി സെക്രട്ടറി

| | |
|---|---|
| കോഴിക്കോട് | - 1 |

സൂപ്രണ്ട്

| | |
|---|---|
| കോട്ടയം | - 1 |
| കണ്ണൂർ | - 1 |
| തൃശ്ശൂർ | - 1 |
| എറണാകുളം | - 1 |

റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക്

| | |
|---|---|
| തൃശ്ശൂർ | - 1 |
| എറണാകുളം | - 1 |
| ആലപ്പുഴ | - 1 |
| കോഴിക്കോട് | - 1 |
| കണ്ണൂർ | - 2 |
| വയനാട് | - 1 |

(സി) 2022 ജൂണിൽ എത്ര റവന്യൂ ഇൻസ്പെക്ടർ/ഹെഡ്ക്ലാർക്ക് ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക്

| | |
|---|---|
| കൊല്ലം | - 1 |
| തൃശ്ശൂർ | - 3 |
| എറണാകുളം | - 3 |
| ആലപ്പുഴ | - 1 |
| കോഴിക്കോട് | - 2 |
| കണ്ണൂർ | - 1 |
| പാലക്കാട് | - 2 |
| മലപ്പുറം | - 2 |
| കാസർഗോഡ് | - 1 |

(ഡി) തിരുവനന്തപുരം നഗരസഭയിൽ പ്രൊഫഷണൽ ടാക്സ് ഓൺലൈൻ സംവിധാനം പൂർണ്ണമായും ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പൂർണ്ണമായും ആരംഭിച്ചിട്ടില്ല. സർക്കാർ സ്ഥാപനമായ IIITM-K എന്ന സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ 2022-23 ഒന്നാം അർദ്ധവർഷം മുതൽ

ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്നതിന്റെ പോസ്റ്റിംഗ് കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ തന്നെ സജ്ജമാക്കാൻ തിരുവനന്തപുരം നഗരസഭയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

IIITM-K സോഫ്റ്റ്‌വെയറിലൂടെ ഡാറ്റാ എൻട്രിയ്ക്കായി 'Data purification' നടപടികൾ നടന്നുവരുന്നു.

2022-23 ഒന്നാം അർദ്ധവർഷം മുതൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിവരുന്നു.

## കാസർഗോഡ് ജില്ല-എഞ്ചിനീയർമാരുടെ ഒഴിവുകൾ

363 (364) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ

വിവിധ തസ്തികകളിലായി എത്ര എഞ്ചിനീയർമാരുടെ ഒഴിവുകളാണുള്ളതെന്ന് ഓഫീസുകൾ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 18 ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നം. | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|
| 1 | ബെല്ലൂർ ഗ്രാമപഞ്ചായത്ത് |
| 2 | കുമ്പഡ്ജെ ഗ്രാമപഞ്ചായത്ത് |
| 3 | ദേലംപാടി ഗ്രാമപഞ്ചായത്ത് |
| 4 | കാറഡുക്ക ഗ്രാമപഞ്ചായത്ത് |
| 5 | മൂളിയാർ ഗ്രാമപഞ്ചായത്ത് |
| 6 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| 7 | വോർക്കാഡി ഗ്രാമപഞ്ചായത്ത് |
| 8 | പുതിഗെ ഗ്രാമപഞ്ചായത്ത് |
| 9 | പൈവളിഗെ ഗ്രാമപഞ്ചായത്ത് |
| 10 | ഈസ്റ്റ് ഏലേരി ഗ്രാമപഞ്ചായത്ത് |
| 11 | വെസ്റ്റ് ഏലേരി ഗ്രാമപഞ്ചായത്ത് |
| 12 | കല്ലാർ ഗ്രാമപഞ്ചായത്ത് |
| 13 | ബലാൽ ഗ്രാമപഞ്ചായത്ത് |
| 14 | ചെങ്ങള ഗ്രാമപഞ്ചായത്ത് |
| 15 | ചെംനാട് ഗ്രാമപഞ്ചായത്ത് |
| 16 | ബഡിയഡുക്ക ഗ്രാമപഞ്ചായത്ത് |
| 17 | മൊഗ്രാൾ പുത്തൂർ ഗ്രാമപഞ്ചായത്ത് |
| 18 | മധൂർ ഗ്രാമപഞ്ചായത്ത് |

(ബി) സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അഭാവംമൂലം എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അധിക ചാർജ്ജ് വഴിയും ഒഴിവുകളിൽ നിയമനം നൽകാറുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പടെയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ നിയമനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതിനാൽ നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ

364 (365) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടേയും മറ്റ് ജീവനക്കാരുടേയും നിലവിലെ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തി നിയമിതരാകുന്നവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് കില, ഐ.എം.ജി. എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകിവരുന്നുണ്ട്.

## നഗരസഭകളിലെ ഉദ്യോഗസ്ഥ തസ്തിക പുനർനിർണയം

365 (366) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ ആവശ്യത്തിന് ഉദ്യോഗസ്ഥ തസ്തികകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില നഗരസഭകളിൽ ഉദ്യോഗസ്ഥരുടെ എണ്ണം ആവശ്യത്തിൽ കൂടുതലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) ഉദ്യോഗസ്ഥ തസ്തികകൾ പുനർനിർണ്ണയിച്ച് നഗരസഭകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനം സുഗമമാക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. നഗരസഭകളിൽ അധികമുള്ള തസ്തികകൾ പുനർനിർണ്ണയിക്കുന്നത്/പുതുതായ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൊല്ലം, കൊച്ചി, കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തരൂർ മണ്ഡലത്തിലെ കല്ലിംഗൽപ്പാടം ജി.എച്ച്.എസ്. കെട്ടിട നിർമ്മാണം

366 (367) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയിലെ ഉദ്യോഗസ്ഥരുടെ അഭാവംമൂലം തരൂർ മണ്ഡലത്തിലെ കല്ലിംഗൽപ്പാടം ജി.എച്ച്.എസ്. കെട്ടിടനിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കല്ലിംഗൽപ്പാടം ജി.എച്ച്.എസ്. കെട്ടിട നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടിരുന്നുവെങ്കിലും നിർമ്മാണകരാർ ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ പ്രവൃത്തി ആരംഭിക്കുവാനോ സൈറ്റ് ഏറ്റെടുക്കുന്നതിനോ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ

നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനായി കരാർ റദ്ദ് ചെയ്ത് ടിയാന്റെ സെക്യൂരിറ്റി തുക മെയ് മാസം കിലയിലേയ്ക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയെന്ന് ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിലുണ്ടായിരുന്ന കരാർ നഷ്ടോത്തരവാദിത്വത്തിൽ റദ്ദാക്കിയതിനാൽ കിഫ്ബിയിൽനിന്നും പുതുക്കിയ പാക്കേജ് അംഗീകരിച്ച് നൽകുന്നമുറയ്ക്ക് പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കിലയിലൂടെ നടത്താൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയതെന്ന് പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രൈസ് 3 സോഫ്റ്റ്‌വെയർ മുഖാന്തരം ഇലക്ട്രിക്കൽ പ്രവൃത്തിയുൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിലവിൽ ചില സാങ്കേതിക തടസ്സങ്ങളുണ്ട്. ആയത് അടിയന്തരമായി പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തരം എൻ.ഐ.സി.-

യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റണ്ണിംഗ് കോൺട്രാക്ട് സംവിധാനം

367 (368) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ പരിപാലനത്തിന് ബാധകമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനെ അപേക്ഷിച്ച് താരതമ്യേന നീളവും വീതിയും കുറഞ്ഞ റോഡുകളുടെ പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നത്. കൂടാതെ, സാമ്പത്തികശേഷി കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതിനാൽ പൈലറ്റ് പ്രോജക്ടായി, തെരഞ്ഞെടുത്ത സാമ്പത്തികശേഷി കൂടിയ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് എന്നിവകളിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതോടെ

അറ്റകുറ്റപ്പണികൾക്കായുള്ള പ്രത്യേക എസ്റ്റിമേറ്റ്, ടെണ്ടർ തുടങ്ങിയവയുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുവാനും റോഡ് തകർച്ചയുടെ വ്യാപ്തി കുറയ്ക്കുന്നതിനും സാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പൊതുമരാമത്ത് വകുപ്പിലും റോഡിൽ ഉണ്ടാകുന്ന കുഴികൾ അടയ്ക്കുന്നതിന് മാത്രമാണ് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഉപയോഗിക്കുന്നത്. ആയത് തദ്ദേശസ്വയംഭരണ വകുപ്പിലും അനുവർത്തിക്കുന്നത് പരിശോധിക്കുന്നതാണ്.

(സി) ഇതിനായി നിലവിലെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ഭേദഗതി വരുത്തുന്നതിനും അറ്റകുറ്റപ്പണികൾ ആവശ്യമുള്ള തദ്ദേശ റോഡുകളുടെ പരിശോധന നടത്തി പട്ടിക തയ്യാറാക്കുന്നതിനും സന്നദ്ധമാകുമോയെന്ന് അറിയിക്കാമോ?

വിശദമായി പരിശോധിച്ച് തീരുമാനം കൈകൊള്ളുന്നതാണ്.

<u>കിഫ്ബി - ചവറ ഗവൺമെന്റ് വി.എച്ച്.എസ്.എസ്.-ന്റെ കെട്ടിട നിർമ്മാണം</u>

368 (369) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയിലുൾപ്പെടുത്തി കെട്ടിട

നിർമ്മാണത്തിനായി മൂന്ന് കോടി രൂപ അനുവദിച്ച ചവറ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. കൊറ്റൻകുളങ്ങരയിൽ ഇനിയും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉണ്ട്, 13-05-2022-ലെ പുതുക്കിയ ഭരണാനുമതി ഉത്തരവുപ്രകാരമുള്ള Revised Estimate തയ്യാറാക്കലും അനുബന്ധ പ്രവൃത്തികളും നടന്നുവരുന്നു.

ഈരാറ്റുപേട്ട നഗരസഭയിൽപ്പെട്ട റോഡുകളുടെ നിർമ്മാണം

369 (370) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ഈരാറ്റുപേട്ട നഗരസഭ വാർഡ് 11-ലെ കാരക്കാട് റോഡ്, വാർഡ് 8-ലെ മുണ്ടയ്ക്കപ്പറമ്പ് റോഡ്, വാർഡ് 21-ലെ തടവനാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ തകർന്ന പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) റീബിൽഡ് കേരള പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖാന്തരം നിർവ്വഹിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളാണ് ഈരാറ്റുപേട്ട നഗരസഭ വാർഡ് 11-ലെ കാരക്കാട് റോഡ്, വാർഡ് 8-ലെ മുണ്ടയ്ക്കപ്പറമ്പ് റോഡ്, വാർഡ് 21-ലെ തടവനാൽ റോഡ് എന്നിവ. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ പ്രസ്തുത റോഡുകളുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

<u>പുതുക്കാട് എക്സൈസ് റെയ്ഞ്ച് ഓഫീസ്</u>

370 (371) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട എക്സൈസ് റെയ്ഞ്ച് ഓഫീസ് പരിധി വിഭജിച്ച് പുതുക്കാട് കേന്ദ്രീകരിച്ച് പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വരന്തരപ്പിള്ളി, മറ്റത്തൂർ ഉൾപ്പെടെയുള്ള മലയോര, ആദിവാസി മേഖലകൾ ഉൾക്കൊള്ളുന്ന വിസ്തൃതമായ മേഖലയിൽ എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി പുതുക്കാട് പുതിയ എക്സൈസ്

റെയ്ഞ്ച് ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട റേഞ്ച് ഓഫീസ് വിഭജിച്ച് പുതുക്കാട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി ലഭ്യമാക്കിയിരുന്ന എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ആയതുപരിഗണിക്കുവാൻ കഴിയുകയില്ലെന്ന വിവരം എക്സൈസ് കമ്മീഷണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>കുട്ടമ്പുഴയിൽ ജനമൈത്രി എക്സൈസ് സ്റ്റേഷൻ</u>

371 (372) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂരിപക്ഷ പ്രദേശമായ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ ജനമൈത്രി എക്സൈസ് സ്റ്റേഷൻ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച്

സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത എക്സൈസ് സ്റ്റേഷൻ ആരംഭിക്കുമ്പോൾ പുതുതായി ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കുട്ടമ്പുഴയിൽ പ്രസ്തുത എക്സൈസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ; വിശദാംശം നൽകുമോ?

(എ - സി) എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ കേന്ദ്രീകരിച്ച് 23 തസ്തികകൾ ഉൾപ്പെടുത്തി ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ടി പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയുകയില്ലെന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ച് തീർപ്പാക്കിയിട്ടുമുണ്ട്.

<u>കിളിമാനൂർ എക്സൈസ് ഓഫീസ്</u>

372 (373) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ എക്സൈസ് ഓഫീസിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കിളിമാനൂർ എക്സൈസ്റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി DSR 2018 പ്രകാരമുള്ള 120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാരിൽ എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിരുന്നു. എന്നാൽ പ്രസ്തുത റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 4059-01-051-94 എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുവാൻ നിലവിൽ കഴിയില്ലെന്ന വിവരം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

## കള്ള്, ബിയർ തുടങ്ങിയവ നിർമ്മിക്കുന്നതിന് ലൈസൻസ് അനുവദിക്കാൻ നടപടി

373 (374) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പന്നങ്ങൾ ഉണ്ടാക്കിയശേഷം അവശേഷിക്കുന്ന നീരിൽനിന്ന് കള്ള്, ബിയർ തുടങ്ങിയവ നിർമ്മിക്കുന്ന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ലൈസൻസ് അനുവദിക്കൽ സാധ്യമാണോ; അറിയിക്കാമോ?

പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കിയശേഷം അവശേഷിക്കുന്ന നീരിൽനിന്ന് കള്ള്, ബിയർ തുടങ്ങിയവ നിർമ്മിക്കുന്നതിന് അനുവാദം നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സാദ്ധ്യമല്ല.

(ബി) പ്രസ്തുത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സർക്കാർ/പൊതുമേഖലയിൽ വ്യവസായം ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ?

ബാധകമല്ല.

<u>ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ</u>

374 (375) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. പി. കെ. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജ്ജനം യാഥാർത്ഥ്യമാക്കുന്നതിനുള്ള

ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ചും ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി രൂപം നൽകിയിട്ടുള്ള ലഹരി വർജ്ജനമിഷൻ വിമുക്തിയുടെ കീഴിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) സ്കൂൾ കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുവാനും ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുള്ള പ്രചരണം ശക്തിപ്പെടുത്തുവാനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സ്കൂൾ കോളേജുതലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ മുഖാന്തരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക

പരിപാടികളും സംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ക്രിയാത്മക ഇടപെടലുകൾ നടത്തി സ്കൂൾ വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നാല് സ്കൂളുകളിൽ പൈലറ്റ് പ്രൊജക്ട് എന്ന രീതിയിൽ നടപ്പിലാക്കിയിട്ടുള്ള 'ഉണർവ്' എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) വാർഡുതല ജാഗ്രതാകമ്മിറ്റികൾ ശക്തിപ്പെടുത്തി ജനപങ്കാളിത്തത്തോടെയുള്ള ലഹരിവിരുദ്ധ പ്രവർത്തനം, ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്നും മോചിതരായവർക്ക് പുനഃരധിവാസ കേന്ദ്രങ്ങൾ എന്നിവ ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിമുക്തി വാർഡുതല കമ്മിറ്റികൾ വഴി

ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ/കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽനിന്നും മോചിതരായവരെ പുനരധിവസിപ്പിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ

375 (376) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയമനുസരിച്ച് സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കുന്നതിനും കൂടുതൽ വിദേശ മദ്യശാലകൾ തുടങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

പുതിയ മദ്യനയമനുസരിച്ച് സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കുന്നതിനും മുൻകാലങ്ങളിൽ അടച്ചുപൂട്ടിയ വിദേശമദ്യശാലകൾ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നമുറയ്ക്ക് walk-in സൗകര്യത്തോടെ പ്രീമിയം ഷോപ്പുകളായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും

തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നയം മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ?

മദ്യശാലകളുടെ എണ്ണം കുറയ്ക്കുന്നതുകൊണ്ട് മാത്രം മദ്യ ഉപയോഗം കുറയ്ക്കാനോ, കൂടുതൽ ലൈസൻസുകൾ അനുവദിക്കുന്നതിലൂടെ മദ്യ ഉപയോഗം വർദ്ധിപ്പിക്കുവാനോ സാദ്ധ്യമല്ലെന്ന് കഴിഞ്ഞ 10 വർഷത്തെ മദ്യ വില്പനയുടെ കണക്ക് പരിശോധിച്ചതിൽനിന്നും സർക്കാരിന് ബോദ്ധ്യമായിട്ടുള്ളതാണ്. ആയതുകൂടി കണക്കിലെടുത്താണ് മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.

മദ്യ ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്കരണം നടത്തി മദ്യ ഉപയോഗം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുള്ളത്. വിമുക്തിയുടെ പ്രവർത്തനം മദ്യ വർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായ രീതിയിലാണ് മുമ്പോട്ട് പോകുന്നത്.

(സി) മദ്യലഭ്യത കുറച്ച് മദ്യ ഉപയോഗം കുറയ്ക്കുന്നതിന് അനുസൃതമായി മദ്യനയത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

മുൻകാലങ്ങളിലെ അനുഭവങ്ങളിൽനിന്നും മദ്യത്തിന്റെ ആവശ്യം കുറയ്ക്കാതെ മദ്യലഭ്യതകുറയ്ക്കുന്നത് സംസ്ഥാനത്ത് വ്യാജമദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം വ്യാപകമാക്കുവാനേ സഹായിക്കുകയുള്ളൂവെന്ന് ബോദ്ധ്യമായിട്ടുണ്ട്. ആയതിനാലാണ് മദ്യവർജ്ജനമെന്ന ആശയത്തിലൂന്നിയ മദ്യനയം പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നത്.

## ഐ.ടി.പാർക്കുകളിൽ മദ്യശാലകൾ

376 (377) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ മദ്യശാലകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് അനുവാദം നൽകുമെന്നും ഇത്തരത്തിൽ മദ്യം നൽകുന്നതിന്റെ മാനദണ്ഡം ചട്ടങ്ങളിൽ

ഉൾപ്പെടുത്തുമെന്നും 2022-23 വർഷത്തെ അബ്കാരി നയത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം മദ്യശാലകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി. പാർക്കുകളിൽ മദ്യശാല ആരംഭിക്കുന്നതുവഴി വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുവാൻ അനുമതി നൽകുമ്പോൾ ലൈസൻസ് ഫീസ് ഇനത്തിൽ ഒരു നിശ്ചിത തുക സർക്കാരിന് വരുമാനമായി ലഭിക്കും. മദ്യവില്പനയിലൂടെയുള്ള നികുതികളും ലഭിക്കും.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി ഉപയോഗം

377 (378) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് തലങ്ങളിലെ ലഹരി ഉപയോഗസാദ്ധ്യതകൾ ഇല്ലാതാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സ്കൂൾ, കോളേജ് തലങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ മുഖാന്തരം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ ക്ലാസുകളും മറ്റ് കലാകായിക പരിപാടികളും സംഘടിപ്പിച്ചുവരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റ് മേഖലകളിൽ കൂടി വിനിയോഗിക്കുന്നതിനുമായി കലാകായിക പരിശീലനത്തിനുള്ള മികച്ച അടിസ്ഥാന സൗകര്യങ്ങളും സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ

പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് "ഉണർവ്" എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത രംഗത്ത് സേവനമനുഷ്ഠിക്കുന്ന സർക്കാർ അംഗീകരിച്ചിട്ടുള്ളതും സർക്കാർ പ്രോത്സാഹിപ്പിക്കുന്നതുമായ സന്നദ്ധ സംഘടനകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് എക്സൈസ് വകുപ്പ് പ്രത്യേകമായി അംഗീകാരം നൽകുന്നില്ല. എന്നിരുന്നാലും ഈ മേഖലയിൽ നല്ല ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്.

## മയക്കുമരുന്ന് - അബ്ക്കാരി കേസുകളുടെ വർദ്ധന

378 (379) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന്, അബ്കാരി കേസുകൾ വർദ്ധിച്ചുവരുന്നുവെന്ന സ്റ്റേറ്റ് പോലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ

കണക്ക് ശ്രദ്ധയിൽപ്പെട്ടിണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉണ്ട്. സ്റ്റേറ്റ് പോലീസ് ക്രൈം റെക്കോർഡ്സ് ബ്യൂറോ എക്സൈസ് വകുപ്പിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2020-ൽ 9569 അബ്കാരി കേസുകളും 4968 എൻ.ഡി.പി.എസ്. കേസുകളും 2021-ൽ 12109 അബ്കാരി കേസുകളും 5680 എൻ.ഡി.പി.എസ് കേസുകളും 2022 ഏപ്രിൽ മാസം വരെ 9917 അബ്കാരി കേസുകളും 8294 എൻ.ഡി.പി.എസ്. കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത മയക്കമരുന്ന് കേസുകളെക്കാൾ കൂടുതൽ മയക്കമരുന്ന് കേസുകൾ ഈ വർഷം ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2021-ൽ 3922 എൻ.ഡി.പി.എസ്. കേസുകളും 2022 മെയ് മാസം വരെ 1910 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മയക്കമരുന്ന് മാഫിയയുടെ ഒരു പ്രധാന കേന്ദ്രമായി കേരളം മാറുന്ന അവസ്ഥ ഒഴിവാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

മയക്കമരുന്ന് മാഫിയയുടെ പ്രധാന കേന്ദ്രമായി കേരളം മാറുന്ന അവസ്ഥയുള്ളതായി വിലയിരുത്തിയിട്ടില്ല. എന്നാൽ മയക്കമരുന്ന് വ്യാപനം തടയുന്നതിന് കർശന നടപടി സ്വീകരിക്കും.

## വയനാട് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ

379 (380) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ 2022 മെയ് 31 വരെ വയനാട് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളെത്രയെന്ന് വ്യക്തമാക്കാമോ?

1226 കേസുകൾ.

(ബി) ഇവയിൽ എത്ര നാർക്കോട്ടിക്ക് കേസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

261 കേസുകൾ.

(സി) പ്രസ്തുത നാർക്കോട്ടിക്ക് കേസുകളിൽ ഇരുപത്തിയഞ്ച് വയസ്സിന് താഴെയുള്ളവർ ഉൾപ്പെട്ടിട്ടുണ്ടോവെന്ന കാര്യം വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം നല്കാമോ?

ഉൾപ്പെട്ടിട്ടുണ്ട്. 144 പേർ.

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയൽ

380 (381) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലും യുവാക്കളിലും കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി കൈക്കൊണ്ടുവരുന്ന പരിപാടികൾ വിശദമാക്കാമോ?

വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം വഴി ഇവയുടെ ലഭ്യത കുറയ്ക്കുകയും ബോധവൽക്കരണത്തിലൂടെ ലഹരി വസ്തുക്കളുടെ ആവശ്യകത ഇല്ലാതാക്കുകയും ചെയ്യുന്ന ദ്വിമുഖ പ്രവർത്തനമാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്കും യുവാക്കൾക്കും പകർന്ന് നൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തിവരുന്നു. ഇതിനായി വിദ്യാലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി

വളർത്തുന്നതിനുമായി "ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുതലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അങ്കണവാടി, ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് സമൂഹത്തിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ പരിസരങ്ങളിലും മറ്റിടങ്ങളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും നിയന്ത്രിക്കുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിക്കാത്തവർ ലഹരിയിലേക്ക് വഴുതി

വീഴാതിരിക്കുവാനുള്ള ബോധവൽക്കരണം നൽകിയും ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും കൗൺസലിംഗും നൽകിയും ലഹരിവസ്തുക്കളുടെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നുണ്ട്.

(സി) ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ തലത്തിൽ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ?

സ്കൂൾ/കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് അവർക്ക് കൗൺസലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്ക് നൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി

വളർത്തുന്നതിനുമായി സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു.

## കാട്ടാക്കടയിൽ എക്സ്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം

381 (382) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഗ്രാമപഞ്ചായത്തുവക ഭൂമി എക്സ്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറുന്നതിനുള്ള നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട എക്സൈസ് റെയ്ഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തുവക കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ 245/10-ൽപ്പെട്ട 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

(ബി) പഞ്ചായത്ത് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള കരട് വിജ്ഞാപനമായിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പഞ്ചായത്ത് ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള

വിജ്ഞാപനമായിട്ടില്ല.

<u>കുന്ദമംഗലത്ത് എക്സൈസ് ഓഫീസ് കെട്ടിടം</u>

382 (383) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് എക്സൈസ് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തി വകുപ്പിന് കൈമാറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണത്തിനായി കോഴിക്കോട് താലൂക്കിൽ 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനെന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ 2,30,00,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും എക്സൈസ് കമ്മീഷണറേറ്റിൽ പരിശോധിച്ചുവരികയാണ്.

<u>ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ചികിത്സ</u>

383 (384) <u>ശ്രീ. വി ശശി</u>: താഴെ കാണുന്ന ചോദ്യത്തിന്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സ നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ലഹരിക്ക് അടിമപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ചികിത്സ നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായുള്ള ഡി-അഡിക്ഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഗവൺമെന്റ് ബീച്ച് ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലഹരി വസ്തുക്കളുടെ നിയന്ത്രണത്തിന് ജനകീയ കർമ്മപദ്ധതി

384(385) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ടോ?

എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന ലഹരി ഉൽപ്പന്നങ്ങളുടെ അളവിലും വർദ്ധനവുള്ളതായി കാണുന്നു. ഇക്കാര്യം ഗൗരവപൂർവ്വം കാണുന്നുണ്ട്.

(ബി) ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കും.

(സി) സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വ്യാപകമായി ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് ലഹരി വസ്തുക്കളുടെ നിയന്ത്രണത്തിനായി ഒരു ജനകീയ കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ലഹരി വസ്തുക്കൾ വ്യാപകമായി ലഭ്യമാകുന്ന സാഹചര്യം സംജാതമായിട്ടില്ല. എന്നാൽ കണ്ടെടുക്കുന്ന ലഹരി വസ്തുക്കളുടെ

അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയതിന്റെ ഫലമായാണ് പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ വാർഡുകളിൽ വാർഡ് മെമ്പർ, പൗരപ്രമുഖർ, കുടുംബശ്രീ പ്രവർത്തകർ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, അങ്കണവാടി-ആശാ പ്രവർത്തകർ, എക്സൈസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 202-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമല്ല.)

**[10.00 AM]**

(രാവിലെ 9.04-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

## II. ചരമോപചാരം

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ... മുൻ നിയമസഭാംഗങ്ങളായ പി. ജെ. തോമസ് 2022 മാർച്ച് 19-നും തലേക്കുന്നിൽ ബഷീർ 2022 മാർച്ച്

25-നം എം. പി. ഗോവിന്ദൻ നായർ 2022 ഏപ്രിൽ 13-നം കെ. ശങ്കരനാരായണൻ 2022 ഏപ്രിൽ 24-നം യു. എസ്. ശശി 2022 മേയ് 5-നം കെ. ജി. കുഞ്ഞുകൃഷ്ണപിള്ള 2022 മേയ് 7-നം എസ്. ത്യാഗരാജൻ 2022 ജൂൺ 02-നം പ്രയാർ ഗോപാലകൃഷ്ണൻ 2022 ജൂൺ 4-നം അന്തരിച്ചു.

## പി. ജെ. തോമസ്

കോന്നി നിയോജകമണ്ഡലത്തിന്റെ ആദ്യ എം.എൽ.എ.-യും റബ്ബർ ബോർഡ് മുൻ ചെയർമാനുമായിരുന്ന പി.ജെ. തോമസ് 2022 മാർച്ച് 19-ന് അന്തരിച്ചു.

പി. സി. ജേക്കബ്ബ്-മറിയാമ്മ ദമ്പതികളുടെ മകനായി 1925 ഏപ്രിൽ 17-ന് പി. ജെ. തോമസ് ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം സ്വാതന്ത്ര്യസമരകാലത്ത് ക്വിറ്റ് ഇൻഡ്യാ പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്ന അദ്ദേഹം ഡി.സി.സി. ഭാരവാഹി, കെ.പി.സി.സി. അംഗം, കോന്നി പഞ്ചായത്ത് പ്രസിഡന്റ്, റബ്ബർ ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. നാലാം കേരള നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലും കോന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. 22 വർഷത്തോളം കോന്നി പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ച പി. ജെ. തോമസിന്റെ വേർപാടിലൂടെ ജനപ്രതിനിധി എന്ന

നിലയിൽ തന്റെ ജീവിതംകൊണ്ട് സാധാരണക്കാർക്കിടയിൽ അടയാളപ്പെടുത്തിയ ഒരു വലിയ മനുഷ്യനെയാണ് നമുക്ക് നഷ്ടമായത്.

തലേക്കുന്നിൽ ബഷീർ

മുൻനിയമസഭാംഗവും പാർലമെന്റംഗവും കോൺഗ്രസ്സ് രാഷ്ട്രീയത്തിലെ സൗമ്യസാന്നിദ്ധ്യവുമായിരുന്ന തലേക്കുന്നിൽ ബഷീർ 2022 മാർച്ച് 25-ന് അന്തരിച്ചു.

വെമ്പായം-തേമ്പാമൂട് തലേക്കുന്നിൽ വീട്ടിൽ മീരാസാഹിബ്-ബീവിക്കുഞ്ഞ് ദമ്പതികളുടെ മകനായി 1945 മാർച്ച് 7-ന് ബഷീർ ജനിച്ചു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, ലാ കോളേജ് എന്നിവിടങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കിയ അദ്ദേഹം വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിലൂടെ രാഷ്ട്രീയരംഗത്തെത്തി. കെ.എസ്.യു. ജില്ലാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ച തലേക്കുന്നിൽ ബഷീർ കേരള സർവ്വകലാശാല യൂണിയന്റെ പ്രഥമ ചെയർമാനായി. 1977-ൽ കഴക്കൂട്ടം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അഞ്ചാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം, മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണിക്ക് ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സീറ്റ് ഒഴിഞ്ഞുകൊടുത്തു. വൈകാതെ രാജ്യസഭയിലെത്തിയ

അദ്ദേഹം രണ്ട് ടേമിലായി 8 വർഷം അവിടെ തുടർന്നു. 1984-ലും 1989-ലും ചിറയിൻകീഴിൽനിന്ന് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. ടിഡ ചെയർമാൻ, മലയാളം മിഷൻ ഡയറക്ടർ എന്നീ പദവികളും വഹിച്ചു. ദീർഘകാലം കെ.പി.സി.സി. ജനറൽ സെക്രട്ടറിയും വൈസ് പ്രസിഡന്റുമായിരുന്നു. 2011-ൽ കുറച്ചുനാൾ കെ.പി.സി.സി. ആക്ടിംഗ് പ്രസിഡന്റായും പ്രവർത്തിച്ചു. ലോക്സഭയിലും രാജ്യസഭയിലും നിയമസഭയിലും പാർട്ടിയെ പ്രതിനിധീകരിച്ച അപൂർവ്വം നേതാക്കളിൽ ഒരാളായ തലേക്കുന്നിൽ ബഷീർ വായനശാലയും എഴുത്തുകാരനുമായിരുന്നു. കലാ-സാംസ്കാരിക പ്രവർത്തനത്തിൽ പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്ന സഹൃദയനായിരുന്നു അദ്ദേഹം. പൊതുതാല്പര്യങ്ങൾക്കുവേണ്ടി നിലകൊണ്ട, രാഷ്ട്രീയത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ ഒരു ജനകീയ നേതാവിനെയാണ് തലേക്കുന്നിൽ ബഷീറിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## <u>എം. പി. ഗോവിന്ദൻ നായർ</u>

മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന എം. പി. ഗോവിന്ദൻ നായർ 2022 ഏപ്രിൽ 13-ന് അന്തരിച്ചു.

പാറമ്പുഴ പുത്തൻപുരയിൽ എം. പരമേശ്വരൻപിള്ള-കുഞ്ഞുകുട്ടിയമ്മ

ദമ്പതികളുടെ മകനായി 1928 ഏപ്രിൽ 28-ന് എം. പി. ഗോവിന്ദൻ നായർ ജനിച്ചു. കോട്ടയം സി.എം.എസ്. കോളേജ്, ആലുവ യു. സി. കോളേജ്, തിരുവനന്തപുരം ലാ കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം തുടർന്ന് കോട്ടയം ബാറിൽ അഭിഭാഷകനായി. 1953-ൽ 24-ാം വയസ്സിൽ വിജയപുരം പഞ്ചായത്ത് പ്രസിഡന്റായ എം. പി. ഗോവിന്ദൻ നായർ സംസ്ഥാനത്തെ ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് പ്രസിഡന്റ് എന്ന നേട്ടം സ്വന്തമാക്കി. ഇതോടെ കോൺഗ്രസ് നേതൃത്വനിരയിലേയ്ക്ക് ഉയർന്ന അദ്ദേഹം ഡി.സി.സി. പ്രസിഡന്റ് മുതൽ എ.ഐ.സി.സി. അംഗം വരെയായി. രണ്ടാം കേരള നിയമസഭയിൽ കോട്ടയം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച എം. പി. ഗോവിന്ദൻ നായർ 1962-ലെ ആർ. ശങ്കർ മന്ത്രിസഭയിൽ ആരോഗ്യം, ദേവസ്വം, വനം വകുപ്പുകളുടെ മന്ത്രിയായിരുന്നു. ആർപ്പൂക്കരയിൽ കോട്ടയം മെഡിക്കൽ കോളേജ് സാദ്ധ്യമാക്കാൻ മുൻകയ്യെടുത്തത് അദ്ദേഹമായിരുന്നു. അദ്ദേഹം 2012 മുതൽ മൂന്ന് വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നയിക്കുകയും കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെയും ചെയർമാനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അഭിഭാഷകനായി ജീവിച്ച രാഷ്ട്രീയക്കാരനായിരുന്ന അഡ്വ. എം. പി.

ഗോവിന്ദൻ നായർ. സർവ്വസമ്മതനായ പൊതുപ്രവർത്തകനെയും പരിശ്രമശാലിയായ നേതാവിനെയുമാണ് എം. പി. ഗോവിന്ദൻ നായരുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## കെ. ശങ്കരനാരായണൻ

മഹാരാഷ്ട്ര മുൻ ഗവർണറും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന കെ. ശങ്കരനാരായണൻ 2022 ഏപ്രിൽ 24-ന് അന്തരിച്ചു.

ഷൊർണ്ണൂർ അണിയത്ത് ശങ്കരൻ നായർ - കെ. ലക്ഷ്മിയമ്മ ദമ്പതികളുടെ മകനായി 1932 ഒക്ടോബർ 15-ന് കെ. ശങ്കരനാരായണൻ ജനിച്ചു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയരംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം പാലക്കാട് ഡി.സി.സി. പ്രസിഡന്റ്, സെക്രട്ടറി, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. (ഒ) പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചു. ദീർഘകാലം എ.ഐ.സി.സി. അംഗമായിരുന്നു. 1977-ൽ തൃത്താലയിൽനിന്ന് ആദ്യമായി അഞ്ചാം കേരള നിയമസഭയിൽ അംഗമായ അദ്ദേഹം പിന്നീട് ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം, പാലക്കാട് എന്നീ മണ്ഡലങ്ങളിൽനിന്നായി ആറ്, എട്ട്, പതിനൊന്ന് എന്നീ നിയമസഭകളിൽ അംഗമായി പ്രവർത്തിച്ചു. അടിയന്തരാവസ്ഥക്കാലത്ത് 6 മാസക്കാലത്തോളം ജയിലിലടയ്ക്കപ്പെട്ട കെ. ശങ്കരനാരായണൻ 1977-ലെ

കെ. കരുണാകരൻ മന്ത്രിസഭയിലും തുടർന്നുവന്ന ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിലും അംഗമായിരുന്നു. 1985 മുതൽ 2001 വരെ രണ്ട് ദശകത്തോളം യു.ഡി.എഫ്. കൺവീനറായിരുന്നു. 2001-ൽ ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിൽ ധനം, എക്സൈസ് വകുപ്പുകളുടെ ചുമതല വഹിച്ചിട്ടുണ്ട്. പിന്നീട് നാഗാലാൻഡ്, ജാർഖണ്ഡ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളുടെ ഗവർണറുമായി. 2014-ൽ അദ്ദേഹത്തെ മഹാരാഷ്ട്രയിൽനിന്ന് മിസോറാം ഗവർണറായി മാറ്റി നിയമിച്ചതിനെത്തുടർന്ന് രാജിവച്ചൊഴിഞ്ഞു. ആറ് പതിറ്റാണ്ടിന്റെ രാഷ്ട്രീയജീവിതത്തിൽനിന്ന് ഭിന്നമായ മറ്റൊരു ജീവിതം എളുപ്പത്തിൽ സാദ്ധ്യമല്ലാത്തതിനാലാവാം ഗവർണർ പദവിയെ ഭരണഘടനാപദവിക്കപ്പുറത്തേയ്ക്ക് ഉയർത്താൻ അദ്ദേഹത്തിന് സാദ്ധ്യമായത്. ഗവർണറായിരിക്കുമ്പോഴും പൊതുപ്രവർത്തകന്റെ ലാളിത്യമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. ഇന്നത്തെ തലമുറയ്ക്ക് ചിന്തിക്കാൻപോലും കഴിയാത്തത്ര കഷ്ടപ്പാടുകൾ നിറഞ്ഞ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഏറ്റവും മുതിർന്ന കണ്ണിയായ കെ. ശങ്കരനാരായണൻ യു.ഡി.എഫ്.-ലെ നേതാക്കളെയും അണികളെയും ദീർഘകാലം ഒരുമിപ്പിച്ചുകൊണ്ടുപോയ കൺവീനറായിരുന്നു. കേരളത്തിലെ

സഖ്യരാഷ്ട്രീയത്തിൽ ഏതെങ്കിലും ഒരു മുന്നണിയുടെ കൺവീനറായി ഏറ്റവും കൂടുതൽ കാലം വിവാദങ്ങളില്ലാതെ തിളങ്ങാനായ കെ. ശങ്കരനാരായണന്റെ നിര്യാണത്തോടെ നേതൃപാടവവും കർമ്മശേഷിയുമുള്ള കരുത്തുറ്റ ഒരു രാഷ്ട്രീയ കാരണവരെയാണ് കേരളത്തിന് നഷ്ടമായിരിക്കുന്നത്.

## യു. എസ്. ശശി

മുൻ എം.എൽ.എ-യും സി.പി.ഐ. നേതാവുമായിരുന്ന യു. എസ്. ശശി 2022 മേയ് 5-ന് അന്തരിച്ചു.

നെയ്യക്കുടി ഊർക്കോലിൽ വീട്ടിൽ സുബ്രമണ്യൻ -ഭൈമി ദമ്പതികളുടെ മകനായി 1950 ജൂലൈ 16-ന് യു. എസ്. ശശി ജനിച്ചു. ചെത്തുതൊഴിലാളിയായി ജീവിതം തുടങ്ങിയ അദ്ദേഹം, പിന്നീട് ആ പ്രസ്ഥാനത്തിന്റെ സംസ്ഥാന നേതൃത്വത്തിലെത്തി. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, എ.ഐ.ടി.യു.സി. സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം, സംസ്ഥാന ചെത്തുതൊഴിലാളി ഫെഡറേഷൻ വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം എം.എൽ.എ. ആയിരുന്ന വി. കെ. രാജന്റെ മരണത്തെത്തുടർന്ന് നടന്ന 1998-ലെ ഉപതെരഞ്ഞെടുപ്പിലൂടെയാണ് മാള നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് പത്താം കേരള നിയമസഭയിലെത്തിയത്.

സാധാരണക്കാരോട് തോളോടുതോൾ ചേർന്ന് പ്രവർത്തിച്ച ഒരു മികച്ച പൊതുപ്രവർത്തകനെയാണ് യു. എസ്. ശശിയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>കെ. ജി. കുഞ്ഞുകൃഷ്ണപിള്ള</u>

മുൻ എം.എൽ.എ.-യും സി.പി.ഐ. നേതാവുമായിരുന്ന കെ. ജി. കുഞ്ഞുകൃഷ്ണപിള്ള 2022 മേയ് 7-ന് അന്തരിച്ചു.

കൊഞ്ചിറ ഗോവിന്ദ കുറുപ്പ് - ഗൗരിയമ്മ ദമ്പതികളുടെ മകനായി 1927 സെപ്റ്റംബർ 26-ന് ജനിച്ച കെ. ജി. കുഞ്ഞുകൃഷ്ണപിള്ള മൂന്നും നാലും കേരള നിയമസഭകളിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു. ആദ്യ തവണ എം.എൽ.എ. ആയിരിക്കെ വെമ്പായം പഞ്ചായത്ത് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. പ്രായപൂർത്തി വോട്ടവകാശം 21-ൽ നിന്നും 18-ആയി കുറച്ചുകൊണ്ട് പാർലമെന്റ് നിയമനിർമ്മാണം നടത്തിയ 1988-ന് 17 വർഷം മുമ്പ് പ്രായപൂർത്തി വോട്ടവകാശം 18 വയസ്സ് ആക്കാൻ നിയമസഭയിൽ ആദ്യമായി ശബ്ദമുയർത്തിയ അദ്ദേഹം മികച്ച ഒരു സാമാജികനായിരുന്നു. വി.എസ്.എസ്.സി. തുമ്പയിൽനിന്ന് അയൽ സംസ്ഥാനത്തേയ്ക്ക് മാറ്റാനുള്ള നീക്കത്തിനെതിരെ 1972-ൽ അദ്ദേഹം ഒരു പ്രമേയം അവതരിപ്പിച്ചു. ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ ശക്തമായ

സാന്നിദ്ധ്യം ഉറപ്പിച്ച പൊതുപ്രവർത്തകനായിരുന്ന കെ. ജി. കുഞ്ഞുകൃഷ്ണപിള്ള. വാക്കുകളിലും പ്രവൃത്തികളിലും സത്യസന്ധത കാട്ടിയ ക്രാന്തദർശിയായ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് കെ. ജി. കുഞ്ഞുകൃഷ്ണപിള്ളയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എസ്. ത്യാഗരാജൻ

മുൻ എം.എൽ.എ.-യും ആദ്യകാല തൊഴിലാളി നേതാവുമായിരുന്ന എസ്. ത്യാഗരാജൻ 2022 ജൂൺ 2-ന് അന്തരിച്ചു. ശ്രീധരൻ-ഗൗരിക്കുട്ടി ദമ്പതികളുടെ മകനായി 1937 സെപ്തംബർ 12-നാണ് എസ്. ത്യാഗരാജൻ ജനിച്ചത്. തൊഴിലാളി പ്രസ്ഥാനമായ യു.ടി.യു.സി.-യിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം യു.ടി.യു.സി. കൊല്ലം ജില്ലാ സെക്രട്ടറി, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ, മിനിമം വേജസ് ബോർഡ് അംഗം എന്നീ സ്ഥാനങ്ങൾ വഹിച്ചു. കൊല്ലം മുനിസിപ്പൽ കൗൺസിലറായി പ്രവർത്തിച്ച എസ്. ത്യാഗരാജൻ കൊല്ലം നിയോജകമണ്ഡലത്തിൽനിന്നും ഐക്യമുന്നണി പ്രതിനിധിയായി 1977-ൽ അഞ്ചാം കേരള നിയമസഭയിലെത്തി. തുടർന്ന് ദീർഘകാലം ആർ.എസ്.പി. കൊല്ലം ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായി പ്രവർത്തിച്ച എസ്. ത്യാഗരാജൻ അവസാനകാലത്ത് ആർ.എസ്.പി.

സംസ്ഥാന കമ്മിറ്റി അംഗമായിരുന്നു. ട്രേഡ് യൂണിയൻ രംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യ സ്നേഹിയായ ഒരു നേതാവിനെയാണ് എസ്. ത്യാഗരാജന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>പ്രയാർ ഗോപാലകൃഷ്ണൻ</u>

മുൻ എം.എൽ.എ.-യും മിൽമ മുൻ ചെയർമാനും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുൻ പ്രസിഡന്റുമായിരുന്ന പ്രയാർ ഗോപാലകൃഷ്ണൻ 2022 ജൂൺ 4-ന് അന്തരിച്ചു. ആർ. കൃഷ്ണൻനായർ ജെ.-മീനാക്ഷിയമ്മ ദമ്പതികളുടെ മകനായി 1949 സെപ്തംബർ 20-ന് പ്രയാർ ഗോപാലകൃഷ്ണൻ ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്ന പ്രയാർ ഗോപാലകൃഷ്ണൻ നങ്ങ്യാർകുളങ്ങര കോളേജ് യൂണിയൻ ചെയർമാനായി; തുടർന്ന് കെ.എസ്.യു. യൂത്ത് കോൺഗ്രസ് കൊല്ലം ജില്ലാ പ്രസിഡന്റായി. അതിനുശേഷം മിൽമയുടെ ഡയറക്ടർ ബോർഡ് അംഗവും ചെയർമാനും നിയമസഭാ സാമാജികനും മുന്നോക്കക്ഷേമ കോർപ്പറേഷന്റെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും അദ്ധ്യക്ഷനമൊക്കെയായി പ്രയാർ ഗോപാലകൃഷ്ണൻ പ്രവർത്തിച്ചു. അദ്ദേഹം കെ.പി.സി.സി. അംഗമായിരിക്കെയാണ് മരണപ്പെട്ടത്. മിൽക്ക്

സൊസൈറ്റീസ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റായിരുന്ന പ്രയാർ ഗോപാലകൃഷ്ണൻ 1982-ൽ മിൽമ ഡയറക്ടർ ബോർഡ് അംഗമായി. ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ആൻഡ് മിൽക്ക് മാർക്കറ്റിംഗ് ബോർഡ് എന്ന ചെറിയ സ്ഥാപനത്തിൽനിന്നും മിൽമയിലേയ്ക്കുള്ള വളർച്ചയുടെ അരങ്ങിലും അണിയറയിലും അദ്ദേഹം നിർണ്ണായക പങ്കുവഹിച്ചു. വിപ്ലവകരമായ ആ നീക്കത്തിന്, മിൽമയെ കേരളം കണികണ്ടുണരുന്ന നന്മയാക്കിയ ചുവടുവയ്പ്പിന് അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന കെ. ആർ. ഗൗരിയമ്മയും പ്രയാർ ഗോപാലകൃഷ്ണനോടൊപ്പം നിന്നു. 1984 മുതൽ 2000 വരെ മിൽമയുടെ ചെർമാനായിരുന്നു. തുടർന്ന് പതിനൊന്നാം കേരള നിയമസഭയിൽ ചടയമംഗലം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം പ്രവർത്തിച്ചു. 2015-ൽ അദ്ദേഹം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി. വ്യത്യസ്ത മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രയാർ ഗോപാലകൃഷ്ണന്റെ നിര്യാണത്തിലൂടെ ക്ഷീര കർഷകരെ സംഘടിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും നിസ്വാർത്ഥമായ പ്രവർത്തനം നടത്തിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക്

അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

(പ്രതിപക്ഷം ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തി ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**[10.13 AM]**

## III. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സർവ്വശ്രീ. കെ. ഡി. പ്രസേനൻ, ഇ. കെ. വിജയൻ, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു. .......(ബഹളം)........

റൂൾ 50.... റൂൾ 50 എടുക്കണ്ടേ? (...........ബഹളം.........) ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോകണം. നിങ്ങൾ നൽകിയ നോട്ടീസാണ് പരിഗണിക്കുന്നത്. ശ്രീ. ടി. സിദ്ദിഖാണ് നോട്ടീസ് നൽകിയിരിക്കുന്നത്. അത് പരിഗണിക്കണമെന്ന്

താൽപ്പര്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിലിരുന്ന് സഭാനടപടികളുമായി സഹകരിക്കണം.

(അടിയന്തരപ്രമേയ നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണിച്ചില്ല.)

മി. സ്പീക്കർ: സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റ് നടപടികളിലേയ്ക്ക് കടക്കുന്നു. ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവ റദ്ദ് ചെയ്യുന്നു.

(തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്ത് കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

## [10.16 AM]

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 8 | ദി കേരള ലോക് ആയുക്ത (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 | അല്ല |
| 2 | 2022 | 13 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ | |

| | | | | |
|---|---|---|---|---|
| | | | ഫങ്ഷൻസ് അസ് റെസ്പെക്ട്സ് സെർട്ടൻ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2022 | അല്ല |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 5 | 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് | അല്ല |

III. വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 7 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിങ്ങ് ആന്റ് അസൈൻമെന്റ്) അമെന്റ്മെന്റ് | അല്ല |

| | | | | |
|---|---|---|---|---|
| | | | ഓർഡിനൻസ്, 2022 | |

IV. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 6 | 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2. | 2022 | 14 | ദി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്, 2022 | അല്ല |

V. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ.അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 9 | 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസ് | അല്ല |

VI. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 11 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 | അല്ല |

VII. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 4 | 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിൻസ് | അല്ല |

VIII. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 10 | 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് | അല്ല |

IX. ആരോഗ്യ- വനിത- ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2022 | 12 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2022 | അതെ |

**[10.18 AM]**

## V. റിപ്പോർട്ടുകളുടെ സമർപ്പണം

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ

ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-

ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അധ്യക്ഷയായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

സമർപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ഞാൻ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**[10.22 AM]**

## VI. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ

മി. സ്പീക്കർ: 2022-ലെ കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും

പതിച്ചുകൊടുക്കലും) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും മറ്റൊരവസരത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കുന്നു.

(ii) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂൺ 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.23-ന് പിരിഞ്ഞു.)

**അനുബന്ധം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*1)-ന്റെ '(ഡി)' പിരിവിന് ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ.</u>

സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്നപേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽവരുന്ന ക്യാമ്പസുകളിൽ 'നേർക്കൂട്ടം' എന്നപേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നപേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും 'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ലകളിൽ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്.

ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിനായി സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകിവരുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖല കൗൺസിലിംഗ് സെന്ററുകൾ മുഖേന കൗൺസിലിംഗ് നൽകിവരുന്നു.